Newspaper for Malayalees Worldwide ◆Estd.2020

# വാചകം VACHAKAM

CHICAGO
Vol.5 / Issue 12/ Pages32
15
ഒക്ടോബർ 2025
ബുധനാഴ്ച
1201 കന്നി 29

www.vachakam.com
news@vachakam.com

02America | 11Canada | 12Keralam | 18India | 20Socialmedia | 22Cinema | 26Sports | 28Technology | 30World



# ഗാസാ സമാധാന കരാർ എങ്ങനെയാണ് വിജയം എന്ന് പറയാൻ ആവുക!

വെറും 24 മണിക്കൂർ മാത്രമേ അതിന് ആയുസ് ഉണ്ടായിരുന്നുള്ളൂ. ട്രംപിന്റെ മിഡിൽ ഈസ്റ്റിലെ സമാധാനത്തിന്റെ യക്ഷിക്കഥയ്ക്ക് പിന്നീട് എന്ത് സംഭവിച്ചു. ഉത്തരമില്ലാത്ത ചില ചോദ്യങ്ങൾ ഗാസയിൽ സമാധാനം പുനസ്ഥാപിക്കപ്പെട്ടതായി പ്രഖ്യാപനങ്ങൾ വരുമ്പോഴും മേഖല ഇപ്പോഴും സംഘർഷത്തിന്റെ നിഴലിൽ തന്നെയാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. ഗാസയുടെ പുനരുജ്ജീവനത്തിനാവശ്യമായ സഹായ വിതരണം സുഗമമായി നടക്കണമെങ്കിൽ ഈജിപ്തുമായി പങ്കിടുന്ന നിർണായകമായ റാഫ അതിർത്തി തുറക്കണം. ഹമാസ് ഇപ്പോഴും കൈവശം വച്ചിരിക്കുന്ന ബന്ദികളുടെ മൃതദേഹങ്ങളും വിട്ടുകൊടുക്കാതെ റാഫ അതിർത്തി പൂർണമായി തുറക്കില്ലെന്നാണ് ഇസ്രയേൽ നിലപാട്.ചൊവ്വാഴ്ച രാത്രി ഹമാസ് നാല് ബന്ദികളുടെ മൃതദേഹങ്ങൾ അന്താരാഷ്ട്ര റെഡ്ക്രോസിന്റെ കമ്മിറ്റിക്ക് കൈമാറിയിരുന്നു. ഇതോടെ യുഎസ് മധ്യസ്ഥതയിൽ വെടിനിർത്തൽ നിലവിൽ വന്നതിനുശേഷം ആകെ എട്ടു മൃതദേഹങ്ങൾ കൈമാറിയിട്ടുണ്ട്. ഇനി 20 പേരുടെ മൃതദേഹങ്ങൾ കൂടി കണ്ടെത്താനുണ്ട്. ഇവരെ സംസ്കാരിച്ച സ്ഥലങ്ങൾ തിരിച്ചറിയുന്നതിലെ ബുദ്ധിമുട്ടാണ് മൃതദേഹങ്ങൾ വിട്ടുകൊടുക്കാനുള്ള തടസത്തിന് കാരണമെന്നാണ് ഹമാസ് പറയുന്നത്.മൃതദേഹങ്ങൾ കണ്ടെത്തുന്നത് വലിയ വെല്ലുവിളിയായിരിക്കുമെന്നാണ് റെഡ്ക്രോസും പറയുന്നത്. ഇസ്രയേൽ ആക്രമണത്തിൽ

ശേഷം പേജ് 8ൽ

ശരമൽ ഷെയ്ഖിലെ കാഴ്ചകൾ
(എൻ.പി. ചെക്കുട്ടി എഴുതുന്നു) ........ പേജ് 05

ശിരോവസ്ത്രത്തിൽ മുത്തമിട്ട് മന്ത്രി ശിവൻകുട്ടി ........ പേജ് 15

അധ്യായം 02 – സത്യമറിയാൻ ഭ്രാന്തിയായി..! ........ പേജ് 17

കണ്ണ് തുറന്നു കാണുമോ വൈകിയെത്തുന്ന നീതിയുടെ വാൾമുനയേറ്റ് പിടയുന്നവരെ? ........ പേജ് 24

തമിഴ്നാട്ടിൽ നടൻ വിജയിയുടെ രാഷ്ട്രീയം കൂനാങ്കുരുക്കിൽ..! ........ പേജ് 25

## എച്ച്–4 വിസാ ഉടമകൾക്ക് യു.എസ്സിൽ ജോലി തുടരാം; സുപ്രീംകോടതി കേസ് തള്ളിയതോടെ H-1B കുടുംബങ്ങൾക്ക് ആശ്വാസം

എച്ച്-1ബി വിസാ ഉടമകളുടെ ഭാര്യമാർക്കും ഭർത്താക്കന്മാർക്കും യു.എസ്സിൽ ജോലി ചെയ്യാൻ അനുവാദം നൽകി അമേരിക്കൻ സുപ്രീംകോടതി. ഒആ വിസാ ഉടമകളുടെ ഭാര്യമാർക്കും ഭർത്താക്കന്മാർക്കും (H-4 വിസ) ജോലി ചെയ്യാനുള്ള അവകാശം അനുവദിക്കുന്ന നിയമം റദ്ദാക്കണമെന്ന കേസ് കോടതി പരിഗണിച്ചില്ല. ഇതോടെ ആ നിയമം ഇപ്പോഴും പ്രാബല്യത്തിൽ തുടരും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.സുപ്രീംകോടതിയുടെ ഈ തീരുമാനത്തോടെ ആയിരക്കണക്കിന് കുടിയേറ്റ കുടുംബങ്ങൾക്കും അവരെ ആശ്രയിക്കുന്ന തൊഴിലുടമകൾക്കും ആണ് ആശ്വാസം ലഭിക്കുന്നത്. അമേരിക്കൻ ടെക് തൊഴിലാളികളുടെ ഒരു കൂട്ടായ്മയായ Save Jobs USA സമർപ്പിച്ച അപ്പീൽ സുപ്രീംകോടതി പരിഗണിക്കാതിരുന്നത്, സർക്കാർ H-4 വിസാ ഉടമകൾക്ക് ജോലി അനുമതി നൽകാനുള്ള അധികാരത്തെ പരോക്ഷമായി അംഗീകരിക്കുന്നതായാണ് വിലയിരുത്തപ്പെടുന്നത്.അതേസമയം ഇത് ഗ്രീൻ കാർഡ് പ്രശ്നങ്ങളിൽ കുടുങ്ങിയ

ശേഷം പേജ് 8ൽ




ഇ–പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# രണ്ടാഴ്ചത്തെ യു.എസ്. സർക്കാർ അടച്ചുപൂട്ടൽ: ദിവസേന 15 ബില്യൺ ഡോളറിന്റെ നഷ്ടം

**പ്രതിസന്ധിക്ക് ഉടൻ പരിഹാരം കാണണം; ഡെമോക്രാറ്റുകളോട് 'ഹീറോകളാകാൻ' ട്രഷറി സെക്രട്ടറി സ്കോട്ട് ബെസ്സന്റ്**



അമേരിക്കയിൽ രണ്ടാഴ്ചയായി തുടരുന്ന ഫെഡറൽ സർക്കാർ അടച്ചുപൂട്ടൽ രാജ്യത്തിന്റെ സാമ്പത്തികരംഗത്ത് കനത്ത പ്രഹരമേൽപ്പിക്കുന്നതായി റിപ്പോർട്ട്. പ്രതിദിനം ഏകദേശം 15 ബില്യൺ ഡോളറിന്റെ (ഏകദേശം 1,25,000 കോടിയിലധികം ഇന്ത്യൻ രൂപ) ഉത്പാദന നഷ്ടമാണ് അടച്ചുപൂട്ടൽ കാരണം അമേരിക്കൻ സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടാകുന്നതെന്ന് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസ്സന്റ് വ്യക്തമാക്കി.

ഒരു വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം സാമ്പത്തിക നഷ്ടത്തിന്റെ ഞെട്ടിക്കുന്ന ഈ കണക്കുകൾ പുറത്തുവിട്ടത്. രാജ്യത്തിന് വലിയ സാമ്പത്തിക ആഘാതമുണ്ടാക്കുന്ന ഈ പ്രതിസന്ധിക്ക് ഉടൻ പരിഹാരം കാണണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

അടച്ചുപൂട്ടൽ അവസാനിപ്പിക്കുന്നതിനായി റിപ്പബ്ലിക്കൻ പാർട്ടിയോട് ചേർന്ന് 'ഹീറോകളാകാൻ' ഡെമോക്രാറ്റുകളോട് ബെസ്സന്റ് ആഹ്വാനം ചെയ്തു. അമേരിക്കൻ ജനതയുടെ ഭാവി കണക്കിലെടുത്ത് രാഷ്ട്രീയപരമായ അഭിപ്രായവ്യത്യാസങ്ങൾ മാറ്റിവെച്ച്, രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും ട്രഷറി സെക്രട്ടറി അഭ്യർത്ഥിച്ചു. രണ്ട് പാർട്ടികളും തമ്മിലുള്ള ബജറ്റ് തർക്കങ്ങളാണ് ഫെഡറൽ സർക്കാർ അടച്ചുപൂട്ടലിലേക്ക് നയിച്ചത്. ഇത് സർക്കാരിന്റെ നിരവധി വകുപ്പുകളുടെ പ്രവർത്തനത്തെയും ജീവനക്കാരുടെയും ശമ്പളത്തെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

## American Diary — 61 Years Ago

### White Cane Safety Day

White Cane Safety Day is a national observance in the United States, celebrated on October 15 of each year since 1964. The date is set aside to celebrate the achievements of people who are blind or visually impaired and the important symbol of blindness and tool of independence, the white cane.




October 15, 1964



**റഷ്യൻ എണ്ണ വാങ്ങുന്നത് നിർത്തുമെന്ന് മോദി ഉറപ്പുനൽകി**

# റഷ്യയെ സാമ്പത്തികമായി ഒറ്റപ്പെടുത്താനുള്ള വലിയ ചുവടുവയ്പ്: ട്രംപ്

വാഷിങ്ടൺ: റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് ഇന്ത്യ നിർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പുനൽകിയെന്ന് യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇതിലൂടെ റഷ്യയെ സാമ്പത്തികമായി ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങളിലെ ഒരു വലിയ ചുവടുവയ്പ്പായിരിക്കുമതെന്ന് ട്രംപ് പറഞ്ഞു.

'റഷ്യയിൽ നിന്ന് ഇന്ത്യ എണ്ണ വാങ്ങുന്നതിൽ ഞാൻ സന്തുഷ്ടനായിരുന്നില്ല. റഷ്യയിൽ നിന്ന് എണ്ണ വാങ്ങില്ലെന്ന് നരേന്ദ്ര മോദി എനിക്ക് ഇന്ന് ഉറപ്പുനൽകി. അതൊരു വലിയ ചുവടുവയ്പ്പാണ്. ഇനി ചൈനയെയും ഇത് ചെയ്യാൻ ഞങ്ങൾ പ്രേരിപ്പിക്കും' വൈറ്റ് ഹൗസിൽ മാധ്യമങ്ങളോട് ട്രംപ് പറഞ്ഞു. കയറ്റുമതി ഉടനടി നിർത്താൻ ഇന്ത്യക്ക് കഴിയില്ലെന്നും ഇതിന് ചെറിയ പ്രക്രിയ ഉണ്ടെന്നും എന്നാൽ ആ പ്രക്രിയ ഉടൻ അവസാനിക്കുമെന്നും ട്രംപ് വ്യക്തമാക്കി.

യുക്രെയ്നുമായുള്ള യുദ്ധം തുടരുന്ന റഷ്യയുടെ എണ്ണയിൽ നിന്നുള്ള വരുമാനം തടയാൻ യുഎസ് ശ്രമങ്ങൾ ശക്തമാക്കിയ സാഹചര്യത്തിൽ റഷ്യൻ എണ്ണ വാങ്ങുന്നത് നിർത്താൻ ഇന്ത്യ തീരുമാനിച്ചാൽ ആഗോള ഊർജ നയതന്ത്രത്തിൽ ഒരു വഴിത്തിരിവാകും. റഷ്യൻ എണ്ണ ഇപ്പോഴും ഇറക്കുമതി ചെയ്യുന്ന മറ്റു രാജ്യങ്ങളെയും ഇതു സ്വാധീനിച്ചേക്കാം.

# സി.ഐ.എയ്ക്ക് വെനസ്വേലയിൽ പ്രത്യേക ഓപ്പറേഷനുകൾ നടത്താനുള്ള അനുമതി നൽകിയിട്ടുണ്ട്: ഡൊണാൾഡ് ട്രംപ്



സി.ഐ.എയ്ക്ക് വെനസ്വേലയിൽ പ്രത്യേക ഓപ്പറേഷനുകൾ നടത്താനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് സ്ഥിരീകരിച്ചു അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ബുധനാഴ്ച ആണ് അദ്ദേഹം ഇക്കാര്യം വെളിപ്പെടുത്തിയത്.

വാഷിംഗ്ടണിൽ നടന്ന വാർത്താ സമ്മേളനത്തിൽ ഒരു റിപ്പോർട്ടർ ചോദിച്ചതോടെയാണ് ട്രംപ് ഇത് സ്ഥിരീകരിച്ചത്. 'വെനസ്വേല അവരുടെ ജയിലുകളും മാനസികാരോഗ്യ കേന്ദ്രങ്ങളും ശൂന്യമാക്കി അവിടുത്തെ തടവുകാരെയും രോഗികളെയും യുഎസിലേക്കയച്ചു. അവരെ ഇപ്പോൾ തിരികെ അയക്കുകയാണ്' എന്നാണ് അദ്ദേഹം പറഞ്ഞത്.

വെനസ്വേല അമേരിക്കയിലേക്ക് മയക്കുമരുന്ന് കടത്തുന്ന പ്രധാന രാജ്യങ്ങളിൽ ഒന്നാണ് എന്നും കടലിലൂടെ വരുന്ന ഡ്രഗ് ട്രാഫിക്കിംഗിനെതിരെ അമേരിക്കൻ സൈന്യം നടപടിയെടുക്കുന്നുമുണ്ട് എന്നും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന രാജ്യങ്ങൾക്ക് ഇനി അമേരിക്കയിൽ സ്ഥലം ഇല്ല എന്നും ട്രംപ് കൂട്ടിച്ചേർത്തു.

അതേസമയം സി.ഐ.എ.ക്ക് വെനസ്വേല പ്രസിഡന്റ് നിക്കോളാസ് മഡുറോയെ ലക്ഷ്യമാക്കി നടപടി എടുക്കാൻ അനുമതിയുണ്ടോ എന്ന് ഒരു റിപ്പോർട്ടർ ചോദിച്ചപ്പോൾ 'ആ ചോദ്യം മോശമല്ല, പക്ഷേ അതിന് ഞാൻ മറുപടി പറയുന്നത് വിഡ്ഢിത്തമായിരിക്കും' എന്നാണ് ട്രംപ് പ്രതികരിച്ചത്.

വെനസ്വേല തീരത്ത് ഒരു മയക്കുമരുന്ന് കപ്പലിനെതിരേ അമേരിക്കൻ സൈന്യം നടത്തിയ ആക്രമണത്തിൽ ആറുപേർ കൊല്ലപ്പെട്ടു എന്നും അത് ഒരു നാർക്കോടെററിസ്റ്റ് സംഘവുമായി ബന്ധപ്പെട്ട കപ്പലായിരുന്നു എന്നും അമേരിക്കൻ സൈന്യത്തിന് നഷ്ടമൊന്നുമില്ല എന്നും ട്രംപ് വ്യക്തമാക്കി.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com

(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy

1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## റീ...പോളിംഗ്




ദേവസ്വം ബോർഡ് കറവപ്പശുവല്ലെന്ന് ചെന്നിത്തല.

# സീറോ മലബാർ യു.എസ്.എ കൺവെൻഷൻ രജിസ്ട്രേഷൻ ആരംഭിച്ചു

യു.എസ്.എ: അമേരിക്കയിൽ സീറോ മലബാർ രൂപത സ്ഥാപിതമായിട്ട് ഇരുപത്തിയഞ്ചു വർഷം പിന്നിട്ടതിന്റെയും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെ ജൂബിലിയുടെയും സമാപനം 2026 ജൂലൈ 9 മുതൽ 12 വരെ ഷിക്കാഗോയിലെ പ്രശസ്ത കൺവെൻഷൻ സെന്ററായ മക്കോർമിക് പ്ലെയ്സിൽ വച്ചു നടത്തപ്പെടുന്നു. ഇക്കഴിഞ്ഞ സെപ്തംബർ 28നു ഷിക്കാഗോ മാർത്തോമാ ശ്ലീഹ കത്തിഡ്രലിലെ പൊതുയോഗത്തിൽ വച്ച് കൺവെൻഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചതായി റവ. ഫാദർ തോമസ് കടുകപ്പിള്ളിൽ ഔദ്യോദികമായി അറിയിക്കുകയുണ്ടായി.



ഏകദേശം ആറായിരം പേരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിപാടികൾ നടത്താൻ സൗകര്യങ്ങളുള്ള വളരെ മനോഹരമായ സ്ഥലമാണ് ഈ കൺവെൻഷൻ സെന്റർ. ആത്മീയ നവീകരണവും, കലാസാംസ്കാരിക പരിപാടികളും സാമൂഹിക വികസന ചിന്തകളും കോർത്തിണക്കികൊണ്ടു ഈ ജൂബിലി കൺവെൻഷൻ അവിസ്മരണീയമാക്കാൻ മാസങ്ങളായി സംഘാടകർ പദ്ധതികൾ ഒരുക്കികൊണ്ടിരിക്കുകയാണ്.

2001 മാർച്ച് 13നാണ്, വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ, സെന്റ് തോമസ് സീറോ മലബാർ കത്തോലിക്കാ രൂപത ഷിക്കാഗോയിൽ സ്ഥാപിക്കുകയും രൂപതയുടെ ആദ്യ മെത്രാനായി മാർ ജേക്കബ് അങ്ങാടിത്ത് പിതാവിനെ നിയമിക്കുകയും ചെയ്തത്. അമ്പത്തിരണ്ട് ഇടവകകളും മുപ്പത്തിമൂന്ന് മിഷനുകളും ഉൾകൊണ്ടുകൊണ്ട് രൂപത വളർന്നു പന്തലിച്ചു നിൽക്കുന്ന ഈ വേളയിൽ ദൈവത്തിനു നന്ദി അർപ്പിക്കുകയും രൂപതയിലെ എല്ലാ ഇടവകകളിലെയും അംഗങ്ങളെ ഒരുമിച്ചു കൂട്ടി സന്തോഷം പങ്കുവെക്കുകയും ചെയ്യുകയും എന്ന ഉദ്ദേശ്യത്തോടെയാണ് ഈ കൺവെൻഷൻ പദ്ധതിയിട്ടിരിക്കുന്നത്.

രൂപതയുടെ വളർച്ചക്കുവേണ്ടി തുടക്കം മുതൽ ആത്മാർത്ഥയി സഹകരിച്ചവരോടുള്ള നന്ദിയും കടപ്പാടും പ്രകടിപ്പിക്കാനും ഈ കൺവെൻഷൻ അവസരമാകും. മുതിർന്നവർ, യുവജനങ്ങൾ, ഹൈസ്കൂൾ-കോളേജ് പ്രായക്കാർ, കുട്ടികൾ എന്നീ നാലു വ്യത്യസ്ത വിഭാഗങ്ങളിലായാണ് കൺവെൻഷൻ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വളരെയധികം പരിജ്ഞാനവും ആത്മീയ കാര്യങ്ങളിൽ പ്രാവീണ്യമുള്ള പ്രശസ്തരായ പ്രഭാഷകർ ഈ കൺവെൻഷനിൽ ക്ലാസുകൾ എടുക്കാൻ വരുന്നുണ്ട്.

സീറോ മലബാർ രൂപതയുടെ സഭാതലവനായ മേജർ ആർച്ചു ബിഷപ്പ് മാർ റഫയൽ തട്ടിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് ഈ കൺവെൻഷനുള്ള ഒരുക്കങ്ങൾക്ക് തുടക്കമിട്ടത്. അതോടൊപ്പം തന്നെ അമേരിക്കയിലെ സിറോമലബാർ സഭയുടെ അമരക്കാരനായ അഭിവന്ദ്യ മാർ ജോയ് ആലപ്പാട്ട് പിതാവിന്റെ പ്രാർത്ഥനയും ശക്തമായ നേതൃത്ത്വവും ഈ കൺവെൻഷന്റെ വിജയത്തിലേക്ക് നയിക്കുന്നു. ജൂബിലി ജനറൽ കൺവീനർമാരായി റവ. ഫാദർ ജോൺ മേലേപ്പുറവും റവ. ഫാദർ തോമസ് മുളവനാലും രൂപത തലത്തിൽ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകി പ്രവർത്തിച്ചു വരുന്നു.

മക്കോർമിക് പ്ലേസിൽ നടക്കുന്ന കൺവെൻഷന്റെ മുഘ്യ കൺവീനർ റവ. ഫാദർ തോമസ് കടുകപ്പിള്ളിലും ജോയിന്റ് കൺവീനർമാർ റവ. ഫാദർ ജോയൽ പയസും റവ. ഫാദർ യൂജിൻ ജോസഫുമാണ്. കൺവെൻഷന്റെ യൂത്ത് കൺവീനർ ആയി റവ. ഫാദർ മെൽവിൻ പോൾ പ്രവർത്തിക്കുന്നു. ജോസഫ് ചാമക്കാല (ജൂബിലി ചെയർമാൻ), ആൻഡ്രൂ പി. തോമസ് (ഫിനാൻസ്), ജോണി വടക്കുചേരി (ഫസിലിറ്റി), ബിജി സി മാണി(പ്രോഗ്രാം), സജി വർഗ്ഗീസ് (പബ്ലിക് റിലേഷൻസ്) എന്നിവർ അടങ്ങുന്ന കോർ കമ്മിറ്റി അംഗങ്ങൾ കൺവെൻഷന് വേണ്ടിയുള്ള ക്രമീകരങ്ങൾ നടത്തിവരുന്നു.

കൺവെൻഷൻ സെക്രട്ടറി ബീന വള്ളിക്കളം വളരെ സജീവമായി ഇവരോടൊപ്പം പ്രവർത്തിക്കുന്നു. ഇരുനൂറ്റിഅമ്പതോളം അംഗങ്ങൾ അടങ്ങുന്ന മുപ്പതോളം കമ്മിറ്റികൾ ഈ കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു.


ഷിക്കാഗോയുടെ ഹൃദയഭാഗത്തും കൺവെൻഷൻ സെന്ററിന് സമീപവുമുള്ള, വളരെ സൗകര്യങ്ങൾ ഉള്ള ഹോട്ടലുകളാണ് പങ്കെടുക്കുന്നവർക്ക് താമസത്തിനായി ഒരുക്കിയിരിക്കുന്നത്. കേരളത്തിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറി പാർത്ത സിറോ മലബാർ സഭാവിശ്വാസികൾ നമ്മുടെ വിശ്വാസപൈതൃകത്തിന്റെ വിത്ത് ഈ നാട്ടിലും വിതച്ചു. അത് ഒത്തിരി ചില്ലകളുള്ള മരമായി വളർന്നിരിക്കുന്നു. ഓരോരുത്തർക്കും അഭിമാനിക്കാനും ഒത്തൊരുമയോടെ

സന്തോഷിക്കാനുമുള്ള അപൂർവ്വവസരമാണിത്. ആയതിനാൽ എല്ലാവരും എത്രയും വേഗം രജിസ്റ്റർ ചെയ്തു പങ്കാളിത്ത്വം ഉറപ്പുവരുത്തൂ. രജിസ്ട്രേഷൻ ലിങ്ക് താഴെ കൊടുക്കുന്നു.

Link: https://register.syroconvention.org/syro-convention-2026

# കേരള ഫെസ്റ്റ് 2025 വിശ്വാസം, പൈതൃകം, ഐക്യം എന്നിവയുടെ മഹത്തായ സാംസ്കാരിക ആഘോഷം

ഷിക്കാഗോ, ഇല്ലിനോയിസ്: സാംസ്കാരിക മഹത്വത്തിന്റെയും സമൂഹ ആഘോഷത്തിന്റെയും ഗംഭീരമായ സായാഹ്നമായ കേരള ഫെസ്റ്റ് 2025, സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് അഭിമാനത്തോടെ സുസ്വാഗതം ചെയ്യുന്നു. 2025 നവംബർ 8 ശനിയാഴ്ച വൈകുന്നേരം 5:30 മുതൽ രാത്രി 9മണിവരെ ഇല്ലിനോയിസിലെ ബെൽവുഡിലുള്ള സീറോ മലബാർ പാരിഷ് ഹാളിൽ പരിപാടി നടക്കും.



പ്രശസ്ത ക്ലാസിക്കൽ നർത്തകി, ചലച്ചിത്ര നടി ദിവ്യ ഉണ്ണി, ഷിക്കാഗോയിലെ മലയാളി സമൂഹത്തിൽ നിന്നുള്ള പ്രതിഭാധനരായ പ്രാദേശിക കലാകാരന്മാർ കലാകാരികൾ എന്നിവർ പങ്കെടുക്കുന്ന ഈ

ഊർജ്ജസ്വലമായ ഉത്സവം, സംഗീതം, നൃത്തം, കലാ വൈഭവം എന്നിവയുടെ ആകർഷകമായ സംഗമമായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ താളം, നിറം, ആത്മാവ് എന്നിവ പാരമ്പര്യത്തെ ഐക്യത്തിന്റെ ചൈതന്യവുമായി സമന്വയിപ്പിക്കുന്ന സായാഹ്നം ആയിരിക്കും ഇത്.

കേരള ഫെസ്റ്റ് 2025 വെറുമൊരു ആഘോഷം മാത്രമല്ല ഒരു പുതിയ ഇടവക ക്രൈസ്റ്റ് ദേവാലയം സ്വന്തമാക്കുന്നതിനായി സമൂഹം അർത്ഥവത്തായ നടപടികൾ സ്വീകരിക്കുമ്പോൾ, ഷിക്കാഗോയിലെ സി.എസ്.ഐ ക്രൈസ്റ്റ് ചർച്ചിന് ഇത് ഒരു ചരിത്ര നാഴികക്കല്ലാണ്. കേരളത്തിന്റെ സംസ്കാരത്തിന്റെയും ആത്മീയതയുടെയും സമ്പന്നമായ പൈതൃകം നിലനിർത്തിക്കൊണ്ട്, ഷിക്കാഗോയെ തങ്ങളുടെ രണ്ടാമത്തെ വീടാക്കി മാറ്റിയ മലയാളികൾക്കിടയിലെ വിശ്വാസത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഐക്യത്തിന്റെയും വർഷങ്ങളുടെ പ്രതീകമായിരിക്കും ഈ മഹത്തായ സ്വപ്നം.

ഷിക്കാഗോ പ്രദേശത്തുടനീളമുള്ള എല്ലാ മലയാളികളെയും സുഹൃത്തുക്കളെയും ഒത്തുചേരാനും, ഈ സുപ്രധാന അവസരത്തിൽ പങ്കുചേരാനും, സഭയുടെ യാത്രയിലെ ഈ പരിവർത്തനാത്മക അധ്യായത്തിനായി പിന്തുണയും പ്രാർത്ഥനയും നൽകാനും സംഘാടകർ ഊഷ്മളവും ഹൃദയംഗമവുമായ ക്ഷണം നൽകുന്നു. ഇത് വെറുമൊരു സംഭവമല്ല; ഇത് നമ്മുടെ പങ്കിട്ട സ്വത്വത്തിന്റെയും പ്രതീക്ഷകളുടെയും വരും തലമുറകൾക്കായി പുതിയൊരു മാനം കെട്ടിപ്പടുക്കുന്നതിലുള്ള വിശ്വാസത്തിന്റെയും പ്രതീകമായിരിക്കും എന്ന് പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ ഷിബു കുര്യൻ പറഞ്ഞു.

രക്ഷാധികാരി വികാരി ഫാദർ ജോമലയിൽ, ജനറൽ കൺവീനർ സോമലുക്ലോസ്, ഇവന്റ് കോർഡിനേറ്റർ സുധ കുര്യൻ, ഫണ്ട് റൈസിംഗ് കോർഡിനേറ്റർ ബെൻ കുരിയൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘാടക സമിതി, കേരള ഫെസ്റ്റ് 2025നെ ന്തോഷം, ഐക്യം, പ്രചോദനം എന്നിവയാൽ നിറഞ്ഞ ഒരു അവിസ്മരണീയ സായാഹ്നമാക്കി മാറ്റാൻ എല്ലാവരെയും ക്ഷണിക്കുന്നു. നിങ്ങളുടെ സാന്നിധ്യവും അകമഴിഞ്ഞ പിന്തുണയും ഈ പ്രിയപ്പെട്ട സ്വപ്നത്തെ നമ്മുടെ പുതിയ ഇടവക ക്രൈസ്റ്റ് ദേവാലയത്തിന്റെ നിർമ്മാണത്തെ ഒരു യാഥാർത്ഥ്യമാക്കി മാറ്റാൻ സഹായിക്കും. ഒരിക്കൽ കൂടി നിങ്ങളെ ഓരോരുത്തരെയും ഈ സംരംഭം സാക്ഷാത്കരിക്കുവാൻ സവിനയം സ്നേഹാദരങ്ങളോടെ ക്ഷണിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്, ദയവായി ബന്ധപ്പെടുക: 630-708-0550, പി. ആർ ആൻഡ് പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ, സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് ഓഫ് ഷിക്കാഗോ.

◗ ശങ്കരൻകുട്ടി,



# ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തനോദ്ഘാടനവും വി. കൊച്ചുത്രേസ്യായുടെ തിരുനാളും

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനവും വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളും സമുചിതമായി ആഘോഷിച്ചു. വി.കുർബാനയെത്തുടർന്ന് മിഷൻലീഗ് അംഗങ്ങളും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും പ്രദക്ഷിണമായി ദേവാലയത്തിലെത്തി. ചെമ്മഞ്ഞക്കൊടികളും പുഷ്പങ്ങളുമേന്തിയ കുഞ്ഞു മിഷനറിമാർക്ക് ഇടവകവികാരി റവ. ഫാ. എബ്രഹാം കളരിക്കൽ മിഷൻ ലീഗിലേക്ക് സ്വാഗതമരുളി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അദ്ദേഹം അനുമോദിച്ചു. സഭയുടെ മിഷൻ ചൈതന്യം കുഞ്ഞുങ്ങളിലേക്ക് പകർന്നുനൽകാൻ പരിശ്രമിക്കുന്ന മിഷൻ ലീഗ് കോർഡിനേറ്റർമാരെയും അദ്ദേഹം അഭിനന്ദിച്ചു. ക്രമീകരണങ്ങൾക്ക് ഡി.ആർ.ഇ. കൊളീൻ കീഴങ്ങാട്ട്, മിഷൻലീഗ് ഡയറക്ടർ ആൻസി ചേലക്കൽ എന്നിവർ നേതൃത്വം നൽകി.

# ദീപാവലി ആഘോഷിക്കാൻ ഗീതാമണ്ഡലം തറവാട് തയ്യാറെടുത്തുകഴിഞ്ഞു

ഷിക്കാഗോ: ആഘോഷങ്ങൾ നമ്മുടെ ജീവിതത്തിനു കൂടുതൽ ഊർജ്ജസ്വലത നൽകുന്നു. പ്രത്യേകിച്ചു ആഘോഷങ്ങൾക്ക് ആത്മീയസാമീപ്യം ഉണ്ടാകുമ്പോൾ. ഹൈന്ദവ ആഘോഷങ്ങളിലെ ഒരു പ്രധാന വിശേഷദിനമാണ് ദീപാവലി. തിന്മയുടെ മേൽ നന്മ നേടിയ വിജയത്തിന്റെ പ്രതീകമായി ആണ് ദീപാവലി ആഘോഷിക്കുന്നത്.

ദീപാവലി നാളിലെ പ്രധാന വിശേഷങ്ങൾ ആണ്; മഹാലക്ഷി പൂജ, ദീപാലങ്കാരം (വിവിധതരം വിളക്കുകൾകൊണ്ട് വീടുംപരിസരവുംഅലങ്കരിക്കുക), രംഗോളിയും (പല വർണ്ണത്തിലുള്ള പൊടികൾ കൊണ്ട് കോലം വരക്കുക), അതിനോടൊപ്പം തന്നെ പൂത്തിരിയുംകമ്പിത്തിരിയുംമത്താപ്പുംതറച്ചക്രവുമൊക്കെയായിപടക്കങ്ങളുടെശബ്ദവും മേളവും. എന്താണ് രംഗോളി? രംഗോളി എന്നതുകൊണ്ടുദ്ദേശിക്കുന്നത് തറയിൽ വരക്കുന്ന രൂപങ്ങളെയാണ്. ഇത് മംഗളസൂചകവും ഐശ്വര്യപ്രദവുമായി




കരുതപ്പെടുന്നു. ഇതിന്റെ തമിഴ് വകഭേദം ആണ് 'കോലം'. തമിഴ് നാട്ടിലും കേരളത്തിലെ തമിഴ് ബ്രാഹ്മണർക്കിടയിലും കോലം വരയ്ക്കുന്നത് പ്രധാന ആചാരമാണ്. കോലം വരക്കുന്ന സ്ഥലം വെള്ളമൊഴിച്ചു വൃത്തിയാക്കിയ ശേഷം, ആദ്യം ഡിസൈന് വരച്ച് അതിനുമുകളിൽ അരിപ്പൊടിയും മറ്റ് കളർ പൊടികളും ഉപയോഗിച്ചാണ് രംഗോളി തയ്യാറാക്കുക. സാധാരണ ത്രികോണാകൃതിയിലോ സമചതുരത്തിലുള്ളതോ ആയ ഡിസൈൻ വരച്ച് അതിനുള്ളിൽ പൊടിയിട്ടാണ് രംഗോളി വരക്കുന്നത്.

അതുപോലെ ഓരോരുത്തരുടെയും വ്യത്യസ്തമായ കലാഭാവനക്കനുസരിച്ചും രംഗോളി വരക്കാം. രംഗോളി ഒരുക്കുന്നതിന് പിന്നിൽ ഉള്ള വിശ്വാസം ഐശ്വര്യദേവതയെ, വീട്ടിലേയ്ക്ക് സ്വാഗതമരുളുക എന്നതാണ്. നന്മ ആഗ്രഹിക്കുന്ന മനുഷ്യരുടെ ഒത്തുചേരലിന്റെ ദിനം കൂടിയായ ദീപാവലി, എല്ലാവർക്കും ശാന്തിയും സമാധാനവും നൽകി അനുഗ്രഹിക്കട്ടെ.

# ഫോമയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവകാരുണ്യ പദ്ധതികളുടെ ഉദ്ഘാടനം ഒക്ടോബർ 18 നു പിറവത്ത്




ന്യൂയോർക്ക്: ലോകത്തിലെ ഏറ്റവും വലിയ മലയാളി സംഘടനയായ 'ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കാസ് (ഫോമ) ഒരുക്കുന്ന ജീവ കാരുണ്യ ചികിത്സാ സഹായ പദ്ധതി ഒക്ടോബർ 18 ശനിയാഴ്ച രാവിലെ 10 മണിക്ക് എറണാകുളം ജില്ലയിലെ പിറവം കൊച്ചുപള്ളി പാരിഷ് ഹാളിൽ വച്ച് നടത്തുന്നതാണ്.

പിറവം നഗരസഭാ പരിധിയിൽ വരുന്ന ഏകദേശം 450 ഓളും കാൻസർ, കിഡ്നി, ഹൃദ്രോഗം, കിടപ്പു രോഗികൾ എന്നിവർക്കുള്ള ഭക്ഷ്യ ധാന്യ കിറ്റുകളുടെ വിതരണവും, ഫോമയുടെ നേതൃത്വത്തിൽ 2025 ജൂലൈ മാസം അമൃത ഹോസ്പിറ്റലിന്റെ സഹകരണത്തോടെ നടത്തിയ മെഗാ മെഡിക്കൽ ക്യാമ്പിൽ സഹകരിച്ച 'വെൽ കെയർ' നഴ്സിംഗ് കോളേജിലെ പതിനഞ്ചോളും വിദ്യാർത്ഥികൾക്ക് മികച്ച ആരോഗ്യ പ്രവർത്തകർക്കുള്ള അവാർഡുകളും, കൂടാതെ മെഡിക്കൽ ക്യാമ്പിൽ സഹകരിച്ച പിറവം നഗരസഭയിലെ ആശാ വർക്കേഴ്സിനെയും ഫോമ ഇതേ വേദിയിൽ വച്ചു ആദരിക്കുന്നു.

തദവസരത്തിൽ 2025 ലെ ഏറ്റവും മികച്ച കർഷകനായി സംസ്ഥാന സർക്കാർ തെരെഞ്ഞുടുത്ത മോനു വർഗീസ് മാമനെയും, മികച്ച ലഹരി വിരുദ്ധ പ്രവർത്തകൻ ബേബി കാളിയംപറമ്പലിനെയും ആദരിക്കുന്നതാണ്.

കേരള ഹൈകോർട്ട് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം നിർവഹിക്കുന്നയോഗത്തിൽ,പ്രശസ്ത കാർഡിയോളജിസ്റ്റ് ഡോ. പത്മശ്രീ ജോസ് ചാക്കോ പെരിയപ്പുറം മുഖ്യ പ്രഭാഷണം നടത്തുന്നതാണ്. ക്യാൻസർ രോഗികൾക്കുള്ള ധനസഹായം, ഡയാലിസിസ് രോഗികൾക്കുള്ള ഡയാലിസിസ് കിറ്റ് എന്നിവയുടെ വിതരണം 'കെ.എം. മാണി ബജറ്റ് റീസേർച്ച് സെന്റർ' ചെയർ പേഴ്സൺ നിഷ ജോസ് കെ. മാണി നിർവഹിക്കും. മുൻ എം.എൽ.എ മാരായ വി.ജെ പൗലോസ്, എം.ജെ. ജേക്കബ്, നഗരസഭാ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു, നഗരസഭാ വൈസ് ചെയർമാൻ കെ.പി. സലിം, കേരള ഹൈകോർട്ട് മീഡിയേറ്റർ അഡ്വ. ചിൻസി ഗോപകുമാർ, സംസ്ഥാന ഭഷ്യ സുരക്ഷ സമിതി അംഗം അഡ്വ. കെ.എൻ.സുഗതൻ, റോട്ടറി ഇന്റർനാഷണൽ ഗിഫ്റ്റ് ഓഫ് ലൈഫ് കോർഡിനേറ്റർ ഡോ. എ.സി. പീറ്റർ തുടങ്ങിയവർ ആശംസകൾ നേരും.

പരിപാടികൾക്ക് നേതൃത്വം നൽകുന്നത് 'ഫോമയുടെ' സുഹൃത്തും, പിറവം മുൻ നഗരസഭാ ചെയർമാനുമായ സാബു കെ. ജേക്കബ് ആണ്. 2026 ജനുവരിയിൽ കോട്ടയത്തുവച്ചു നടക്കുന്ന ഫോമയുടെ കേരളാ കൺവെൻഷനു മുന്നോടിയായി നടത്തപ്പെടുന്ന ഈ ജീവ കാരുണ്യ ചടങ്ങിലേക്ക് എല്ലാവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നതായി ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു.

ഫോമ നടത്തിവരുന്ന നിരവധിയായ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കു ഫോമാ അംഗസംഘടനകളും പൊതുസമൂഹവും നൽകി വരുന്ന സഹായ സഹകരണങ്ങൾക്ക് ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ നന്ദിയും കടപ്പാടും അറിയിച്ചു.

◗ ഷോളി കുമ്പിളുവേലി







നാഴികമണി

# ശരമൽ ഷെയ്ഖിലെ കാഴ്ചകൾ




എൻ.പി. ചെക്കുട്ടി

ഈജിപ്തിൽ കൈറോ നഗരത്തിനടുത്തുള്ള സുഖവാസ കേന്ദ്രമാണ് ശരമൽ ഷെയ്ഖ് എന്ന കടലോര പ്രദേശം. അത്യന്തം പ്രകൃതിസുന്ദരം. അവിടെയാണ് കഴിഞ്ഞ ദിവസം ഗാസ യുദ്ധം നിർത്തുന്നതിനുള്ള ഉടമ്പടിയിൽ വിവിധ രാജ്യങ്ങൾ ഒപ്പുവെച്ചത്. ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ ഗുട്ടെറാസും നാറ്റോ സെക്രട്ടറി ജനറലും ബ്രിട്ടീഷ് പ്രധാനമന്ത്രി സ്റ്റാർമറും ഫ്രഞ്ച് പ്രസിഡന്റ് മക്രോണും അടക്കം വിവിധലോകരാജ്യങ്ങളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും തലവന്മാർ വേദിയിലുണ്ടായിരുന്നു. അവരൊക്കെയും വേദിയിൽ വന്ന കാലിൽ നിന്നു. പിന്നെയാണ് നാടകത്തിലെ പ്രധാന നടൻ അതായതു ഹീറോ പ്രത്യക്ഷപ്പെടുന്നത്. പഴയ എംജിആർ സിനിമാമോഡലിൽ നായകൻ ട്രംപ് പ്രത്യക്ഷനായി. നേരെ പ്രസംഗം തുടങ്ങുകയും ചെയ്തു.

രണ്ടു വർഷമായി നടക്കുന്ന ഗാസയിലെ ഇസ്രായേലി ആക്രമണങ്ങൾക്കു അറുതിയുണ്ടാക്കുന്ന ഉടമ്പടിയുടെ ഒപ്പിടൽ ചടങ്ങിൽ ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പങ്കെടുക്കുകയുണ്ടായില്ല. ഹമാസിനെയോ പാലസ്തീൻ അതോറിറ്റിയെയോ പരിപാടിയിൽ പങ്കെടുപ്പിച്ചുമില്ല. രേഖകളിൽ ഒപ്പുവെച്ചത് യു.എസ്, തുർക്കി, ഈജിപ്ത്, ഖത്തർ എന്നീ രാജ്യങ്ങളുടെ ഭരണാധികാരികളാണ്. ചടങ്ങിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒഴികെ ആർക്കും ഒരു റോളും ഉണ്ടായിരുന്നുമില്ല. ഈജിപ്ത് പ്രസിഡന്റ് അൽ സിസി എല്ലാവരെയും സ്വാഗതം ചെയ്തു. വേദി ട്രംപിനു കൈമാറി. അത്രതന്നെ.

കരാർ ഒപ്പിടലും തുടർന്നു രാഷ്ട്രനേതാക്കളുടെ സമ്മേളനവും രണ്ടു പരിപാടികളായാണ് നടന്നത്. ഇരുവേദികളിലും ട്രംപ് ഒഴികെ ആർക്കും ഒരു റോളും ഉണ്ടായിരുന്നില്ല. അദ്ദേഹം എന്തൊക്കെയോ അവകാശവാദങ്ങൾ ഉന്നയിച്ചു. തുടർന്ന് നാലു രാഷ്ട്രനേതാക്കളും രേഖകളിൽ ഒപ്പുവെച്ചു. അതോടെ എല്ലാവരും പിരിഞ്ഞു. നേരെ ട്രംപിന്റെ പ്രസംഗവേദിയിലേക്ക് എത്തി.

അവിടെ യഥാർത്ഥത്തിൽ നടന്നത് ആഗോളനേതാക്കളെ അപമാനിക്കുന്ന ഒരു പരിപാടിയായിരുന്നു എന്നു അതു വീക്ഷിച്ച ആർക്കും കാണാവുന്നതായിരുന്നു. സാധാരണനിലയിൽ ഒരു വേദിയിൽ പ്രത്യക്ഷരാകുന്ന രാഷ്ട്രത്തലവന്മാർക്കു വലിപ്പച്ചെറുപ്പമില്ലാതെ ഒന്നോ രണ്ടോ വാക്കുകൾ എങ്കിലും പറയാൻ അവസരം ലഭിക്കും. എന്നാൽ ഈജിപ്തിലെ ചടങ്ങിൽ ഗാസ യുദ്ധവുമായി നേരിട്ടു ബന്ധപ്പെട്ട ഇരു വിഭാഗങ്ങളുടെയും നേതാക്കൾ ഉണ്ടായില്ലെന്നു മാത്രമല്ല, അതിനു ദൃക്സാക്ഷ്യം വഹിക്കാനായി ക്ഷണിച്ചു വരുത്തിയ രാഷ്ട്രത്തലവന്മാർ മരപ്പാവകളെപ്പോലെ വെറുതെ നിൽക്കേണ്ട അവസ്ഥയും വന്നു. ആകെ മൊത്തം ഒരു ട്രംപ് ഷോ എന്ന നിലയിലാണ് പരിപാടികൾ നടന്നത്. അതുകൊണ്ടു തന്നെ, തങ്ങൾ ഏതോ മാവിലായിക്കാരാണ് എന്നൊരു മട്ടിലാണ് എല്ലാ രാഷ്ട്രനേതാക്കളും പെരുമാറിയതും.



സമാധാന ചർച്ചകളിൽ പ്രധാന പങ്കു വഹിച്ച തുർക്കിയുടെയോ ഖത്തറിന്റെയോ നേതാക്കൾക്കുപോലും സംസാരിക്കാൻ അവസരം കിട്ടാത്ത ചടങ്ങിൽ അപ്രതീക്ഷിതമായി പാകിസ്ഥാൻ പ്രധാനമന്ത്രി ഷഹബാസ് ശരീഫിനെ ഏതാനും വാക്കുകൾ പറയാനായി ട്രംപ് ക്ഷണിച്ചത് അതിനേക്കാൾ കൗതുകകരമായ സംഗതിയായിരുന്നു. കാരണം ഗാസയുമായി ബന്ധപ്പെട്ട ചർച്ചകളിൽ പാകിസ്ഥാന് ഒരുറോളും ഉണ്ടായിരുന്നില്ല. അതിനാൽ പിൻനിരയിൽ ക്ഷണിക്കപ്പെട്ട മറ്റു ചില അതിഥികൾക്കൊപ്പം നിന്ന ശരീഫ് ട്രംപിന്റെ പെട്ടെന്നുള്ള ക്ഷണംകേട്ട് ശരിക്കും അത്ഭുതപ്പെട്ടുപോയി. പ്രസംഗത്തിനിടെ ട്രംപ് മൈക്കിനു മുമ്പിൽ നിന്ന് മാറി ശരീഫിനെ സംസാരിക്കാനായി ക്ഷണിക്കുകയായിരുന്നു. എന്താണ് പറയേണ്ടത് എന്നൊരു മുന്നാലോചനയും ഇല്ലാതെ സാധാരണനിലയിൽ അന്താരാഷ്ട്രവേദികളിൽ രാഷ്ട്രത്തലവന്മാരുടെ പ്രസംഗം പതിവില്ല. അതൊക്കെ വളരെ ശ്രദ്ധയോടെ നയതന്ത്രജ്ഞന്മാർ മുൻകൂട്ടി ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ്. എന്നാൽ ട്രംപിന് അത്തരം മര്യാദകളൊന്നും ബാധകമല്ല. അതിനാൽ അദ്ദേഹം വിളിച്ചപ്പോൾ അല്പം പകച്ചുപോയ നിലയിലാണ് ഷഹബാസ് ശരീഫ് മൈക്കിനു മുന്നിലെത്തിയത്. ഓർക്കാപ്പുറത്ത് ഹെഡ്മാസ്റ്റർ വേദിയിലേക്ക് വിളിച്ച നാലാം ക്ളാസ് വിദ്യാർത്ഥിയുടെ പരുങ്ങൽ ലോകം ശരിക്കും നോക്കിക്കണ്ടു.

എന്നാൽ ട്രംപ് തന്നെ വിളിച്ചത് എന്തിനെന്നു ഷരീഫ് ശരിക്കും തിരിച്ചറിഞ്ഞു. അദ്ദേഹത്തിനുവേണ്ടത് പുകഴ്ത്തലാണ്. പുകഴ്ത്തലിന്റെ ആഗോള ഏജൻസി എന്ന നിലയിലാണ് ട്രംപ് നോബൽ സമ്മാനസമിതിയെ കണ്ടത്. അതിനാൽ ഇത്തവണ സമാധാനത്തിനുള്ള നോബൽ സമ്മാനം തനിക്കു കിട്ടണം എന്നദ്ദേഹം പല തവണ ഒളിഞ്ഞും തെളിഞ്ഞും ആവശ്യപ്പെട്ടതാണ്. യു.എൻ ജനറൽ അസംബ്ലിയിൽ അദ്ദേഹം ഇത്തവണ ചെയ്ത പ്രസംഗം പ്രധാനമായും തനിക്കു എന്തുകൊണ്ട് നോബൽ സമ്മാനം ലഭിക്കണം എന്ന വിഷയത്തെക്കുറിച്ച് ഉള്ളതായിരുന്നു. ഇന്ത്യാപാകിസ്ഥാൻ യുദ്ധം അടക്കം ലോകത്തെ ഏഴു സംഘർഷങ്ങൾ താൻ ഇടപെട്ടു ഒഴിവാക്കി എന്നാണദ്ദേഹം പറഞ്ഞത്.

അടുത്ത സുഹൃത്താണ് എന്നൊക്കെ അവകാശപ്പെടുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ പരസ്യമായി കൈവിടും എന്ന് ട്രംപ് പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള തർക്കങ്ങളിൽ അമേരിക്കയടക്കം മൂന്നാമതൊരു കക്ഷിയുടെയും മധ്യസ്ഥത സ്വീകാര്യമല്ല എന്നത് ഇന്ത്യയുടെ ദീർഘകാല നയമാണ്. അതിൽ മാറ്റം വരുത്താൻ മോദി ഒറ്റയ്ക്ക് വിചാരിച്ചാൽ സാധ്യമല്ല. ട്രംപിന്റെ വിളിപ്പുറത്താണ് മോദി എന്നു വന്നാൽ ആർ.എസ്.എസ് പോലും അദ്ദേഹത്തോടു പൊറുക്കില്ല. അതിനാൽ ട്രംപിന്റെ ഇടപെടൽ അല്ല യുദ്ധം നിർത്താൻ കാരണമെന്നു മോദിക്കുപോലും പരസ്യമായി പറയേണ്ടി വന്നു.

അതിന്റെ ഫലമായാണ് ശരമൽ ഷെയ്ഖ് വേദിയിൽ പാകിസ്ഥാനു വലിയ സ്വീകരണം കിട്ടിയത്. ട്രംപിന്റെ ഉള്ളിലിരിപ്പു കണ്ടറിഞ്ഞ ഷെരീഫാകട്ടെ അദ്ദേഹത്തെ പുകഴ്ത്തുന്നതിൽ ഒരു പിശുക്കും കാണിച്ചതുമില്ല. ഗാസയിൽ സമാധാനം കൊണ്ടുവന്നതും ട്രംപ്, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ആണവയുദ്ധം തടഞ്ഞതും ട്രംപ്. സമാധാന നൊബേലിനു ലോകത്തു ആർക്കെങ്കിലും അർഹതയുണ്ടെങ്കിൽ അത് ഈ മഹാത്മാവിനാണ് എന്നാണ് ശരീഫ് തൊട്ടടുത്തു നിൽക്കുന്ന ട്രംപിനെ ചൂണ്ടിക്കൊണ്ടു ലോകത്തോടു പ്രഖ്യാപിച്ചത്. ട്രംപ് പരമാനന്ദതുന്ദിലനായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അദ്ദേഹത്തിനു നോബൽ കൊടുക്കണം എന്നു പാകിസ്ഥാൻ ശുപാർശ പറഞ്ഞ കാര്യവും അദ്ദേഹം എടുത്തുപറഞ്ഞു. അത് പരിഗണിക്കാതെ സമ്മാനം വെനസ്വേലയിലെ ഏതോ വനിതയ്ക്കു നൽകിയ നോബൽ സമ്മാന സമിതിയോടുള്ള ഈർഷ്യയും അദ്ദേഹം മറച്ചുവെച്ചില്ല.

സത്യത്തിൽ ശരമൽ ശരീഫിൽ നടന്ന സമാധാന സമ്മേളനം പോലെ രസകരമായ ഒരു കാഴ്ച ലോകം സമീപകാലത്തൊന്നും കണ്ടിട്ടുണ്ടാവില്ല. ഗാസയിലെ സമാധാനത്തെക്കുറിച്ചു ആർക്കും കാര്യമായി ഒന്നും പറയാനുണ്ടായിരുന്നില്ല. ട്രംപ് ഒഴിച്ച് ആകെ സംസാരിച്ച പാകിസ്ഥാൻ പ്രധാനമന്ത്രിയ്ക്കും ഗാസയെക്കുറിച്ചു ഒരക്ഷരം പറയാനുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഗാസയെക്കുറിച്ചു ആർക്കാണ് ചിന്ത? അവരുടെ ജീവിതം ആർക്കും ഒരു വിഷയമല്ല.

അതിന്റെപേരിൽ ട്രംപിന് നോബൽ സമ്മാനം കൊടുക്കാത്ത വിഷയം മാത്രമാണ് ലോകനേതാക്കളുടെ വേദിയിൽ ചർച്ചാവിഷയമായത്. ഇങ്ങനെയുള്ള നേതാക്കൾ ഉണ്ടായിട്ടു ലോകത്തിന് എന്തുകാര്യം എന്നൊരു ചോദ്യം മാത്രമാണ് ഈ പരിപാടികൾ കണ്ടശേഷം മനസ്സിൽ അവശേഷിച്ചത്.

# വിൻഡ്ഷീൽഡിൽ വിള്ളൽ: യു.എസ് പ്രതിരോധ സെക്രട്ടറി സഞ്ചരിച്ച വിമാനം യുകെയിൽ അടിയന്തിര ലാൻഡിംഗ് നടത്തി



വാഷിംഗ്ടൺ: വിമാനത്തിന്റെ വിൻഡ്ഷീൽഡിലെ വിള്ളൽ കാരണം ബുധനാഴ്ച യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് സഞ്ചരിച്ച വിമാനം യുകെയിൽ അടിയന്തിര ലാൻഡിംഗ് നടത്തി. പെന്റഗൺ മേധാവി സുരക്ഷിതനാണെന്ന് പെന്റഗൺ പറഞ്ഞു.

'സ്റ്റാൻഡേർഡ് നടപടിക്രമങ്ങൾ പാലിച്ചാണ് വിമാനം ലാൻഡ് ചെയ്തത്, സെക്രട്ടറി ഹെഗ്സെത്ത് ഉൾപ്പെടെ വിമാനത്തിലുണ്ടായിരുന്ന എല്ലാവരും സുരക്ഷിതരാണ്.' പെന്റഗൺ വക്താവ് ഷോൺപാർനെൽ എക്സിലെ ഒരു പോസ്റ്റിൽ പറഞ്ഞു.

ബ്രസ്സൽസിലേക്കുള്ള ഒരു ഹ്രസ്വ യാത്രയിൽ നിന്ന് ഹെഗ്സെത്ത് മടങ്ങുകയായിരുന്നു. മുതിർന്ന ഉദ്യോഗസ്ഥരെ വഹിച്ചുകൊണ്ടുള്ള യാത്രയിൽ യുഎസ് സൈനിക വിമാനത്തിന് മെക്കാനിക്കൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഇതാദ്യമല്ല.

ഈ വർഷം ആദ്യം, സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയെ മ്യൂണിക്കിലേക്ക് കൊണ്ടുപോയ യുഎസ് വ്യോമസേന വിമാനത്തിന് സാങ്കേതിക പ്രശ്നം നേരിട്ടതിനെത്തുടർന്ന് വാഷിംഗ്ടണിലേക്ക് മടങ്ങേണ്ടി വന്നിരുന്നു.







# കെ.എച്ച്.എൻ.എ. അധികാരക്കൈമാറ്റം വൻ ആഘോഷമാക്കി ഫ്ളോറിഡ ഹിന്ദു സംഘടനകൾ

കെ.എച്ച്.എൻ.എ.യുടെ പതിനാലാമതു പ്രസിഡന്റായി ചരിത്രവിജയം നേടിയ ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ഭരണസമിതിക്കുള്ള അധികാരക്കൈമാറ്റം വിവിധ ആഘോഷപരിപാടികളോടെറ്റാമ്പായിൽ പൂർണ്ണമായി. അവിട്ടം നക്ഷത്രവും ഏകാദശിവ്രതവും സംഗമിച്ച വെള്ളിയാഴ്ചയുടെ സായംസന്ധ്യയിൽ ടാമ്പാ അയ്യപ്പക്ഷേത്ര സന്നിധിയിൽ അനുഗ്രഹപൂജയും ആരതിയും അർപ്പിച്ചുകൊണ്ട് സംഗമത്തിനു തിരശ്ശീലയുയർന്നു. സമീപത്തുള്ള റമദാ വെസ്റ്റ്ഷോർ ബാൻകറ്റ് ഹാളിൽ അടുത്തദിവസം ഭാരവാഹികൾ ഭദ്രദീപം തെളിയിച്ചതോടെ കാര്യപരിപാടികൾക്കു തുടക്കമായി.

പുതിയ പ്രസിഡന്റ് ഉണ്ണികൃഷ്ണന്റെ ഹൃദ്യമായ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച കോൺക്ലേവിൽ മുൻ പ്രസിഡന്റ് സുരേന്ദ്രൻ നായർ മുഖ്യ പ്രഭാഷണം നടത്തി. രണ്ടായിരാമാണ്ടിൽ ഭാസി നായരുടെ അധ്യക്ഷതയിൽ ചേർന്ന കെ.എച്ച്.എസിന്റെ പൊതുയോഗം അടുത്തവർഷം നോർത്ത് അമേരിക്കൻ മലയാളി ഹിന്ദു അസോസിയേഷൻ എന്ന പേരിൽ ഒരു ദേശീയ സംഘടനാ രൂപീകരണവും ഒരു ഹിന്ദു സംഗമവും ലക്ഷ്യമിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് പതിനായിരം ഡോളറിന്റെ പ്രാരംഭഫണ്ടും നേതൃനിരയും രൂപീകരിച്ചു. സംഘടനാ സംസ്ഥാപനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത മന്മഥൻ നായർ (ചെയർമാൻ), ടി.എൻ. നായർ, ഗംഗാധരൻ ആല, ഗോപാല പിള്ള (വൈസ് ചെയർമാൻമാർ), സജി നായർ (സെക്രട്ടറി), ഹരിദാസൻ പിള്ള (ട്രഷറർ) എന്നിവർ നടത്തിയ നിസ്വാർത്ഥ പ്രവർത്തനത്തെയും തുടർന്ന് 2001 ഏപ്രിൽ 13 മുതൽ 15 വരെയുള്ള വിഷു ആഘോഷവേളയിൽ ഡാളസ്സിൽ ഒരു ദേശീയ ഹിന്ദു സമ്മേളനം സാധ്യമായി.

ഡാളസ്സിൽനിന്ന് ഹ്യൂസ്റ്റണിലേക്ക് ശശിധരൻ നായരുടെ നേതൃത്വത്തിൽ രണ്ടാം കൺവെൻഷൻ എത്തിയപ്പോൾ കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക എന്നപേരിൽ സംഘടന വ്യവസ്ഥാപിതമായി രജിസ്റ്റർ ചെയ്യപ്പെടുകയും തുടർച്ച ഉറപ്പാക്കുകയും ചെയ്തു. ഹ്യൂസ്റ്റനിൽനിന്ന് ഷിക്കാഗോയിലേക്കും തുടർന്ന് ഈ രാജ്യത്തിന്റെ വിവിധ പട്ടണങ്ങളിലേക്കും കൺവൻഷനുകളും ഹൈന്ദവ ശാക്തീകരണങ്ങളും വിജയകരമായി പൂർത്തീകരിച്ചു.

ഉച്ചക്കുശേഷം ട്രസ്റ്റിബോർഡിന്റെ നിയന്ത്രണത്തിൽ നടന്ന അധികാരക്കൈമാറ്റയോഗം കർണ്ണാടക സംഗീതരംഗത്ത് അമേരിക്കയിൽ ശ്രദ്ധേയനായ ഹരി കോയിപ്പള്ളിയുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചു. സുധ കർത്ത സ്വാഗതം ആശംസിച്ചു. ട്രസ്റ്റീ ബോർഡ് ചെയർമാൻ ഗോപിനാഥ കുറുപ്പ്, എക്സിക്യൂട്ടീവ് ചെയർ പേഴ്സൺ ഡോ: രഞ്ജിനി പിള്ള, പ്രസിഡന്റ് ഡോ: നിഷ പിള്ള ട്രസ്റ്റി സെക്രട്ടറി രതീഷ് നായർ, നിയുക്ത ചെയർ പേഴ്സൺ വനജ നായർ എന്നിവർ സംസാരിച്ചു.

നിയമാനുസൃതമായി പ്രസിഡന്റ് ഡോ: നിഷ പിള്ള പുതിയ പ്രസിഡന്റ് ഉണ്ണികൃഷ്ണന് സംഘടനയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കോർപറേറ്റ് രേഖകൾ കൈമാറി. സെക്രട്ടറി മധു ചെറിയേടത്ത് സംഘടനാ രജിസ്റ്ററുകൾ സിനു നായർക്കും ട്രഷറർ രഘുവരൻ നായർ ഫിനാൻഷ്യൽ രേഖകൾ നിയുക്ത ട്രഷറർ അശോക് മേനോനും കൈമാറി.

ട്രസ്റ്റി ബോർഡിന്റെ രേഖകൾ രതീഷ് നായരിൽ നിന്ന് സെക്രട്ടറി ഡോ: സുധിർ പ്രയാഗയും ട്രസ്റ്റി ബോർഡിന്റെ സഞ്ചിതനിധിയുടെ ബാങ്ക് വിവരങ്ങൾ ഗോപിനാഥക്കുറുപ്പിൽ നിന്ന് വനജ നായരും സ്വീകരിച്ചു.

അനന്തരം സംസാരിച്ച പ്രസിഡന്റ് ഉണ്ണികൃഷ്ണൻ തന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയെ വിജയിപ്പിച്ച അംഗങ്ങളോടും സ്ഥാനം ഒഴിഞ്ഞ ഭാരവാഹികളോടും നന്ദി പറഞ്ഞു.

വൈസ് പ്രഡിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ ജോയിന്റ് ട്രഷറർ അപ്പുകുട്ടൻ പിള്ള, തെരഞ്ഞെടുക്കപ്പെട്ട ബോർഡ് അംഗങ്ങൾ എന്നിവരെയും പിന്നാലെ പരിചയപ്പെടുത്തി. സെക്രട്ടറിസിനു നായരുടെ നന്ദി പ്രകടനത്തിനു ശേഷം ആത്മ കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളോടെ ചടങ്ങുകൾക്ക് തിരശീല വീണു.

*സുരേന്ദ്രൻ നായർ*

# ശ്രീ ഗുരുവായൂരപ്പൻക്ഷേത്രത്തിൽ ശ്രീമത് ഭഗവത സപ്താഹയജ്ഞം



ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ ഭക്തജനങ്ങളുടെ അഭിലാഷം അനുസരിച്ചു ഈ വർഷം ഒക്ടോബർ 12 മുതൽ 19വരെ (1201 കന്നി 26 മുതൽ തുലാം 3 വരെ) ശ്രീമത് ഭാഗവത സപ്താഹയജ്ഞം ഭഗവാന്റെ തിരുനടയിൽ നടത്തപ്പെടുകയാണ്. സാത്വിക ചിന്തകളാൽ മനസ്സും ശരീരവും പാകപ്പെടുത്തി ഭക്തി ജ്ഞാന വൈരാഗ്യങ്ങളുടെ പടികൾ കടന്നുമോചനത്തിന്റെ ബ്രഹ്മസമുദ്രമായ ബ്രഹ്മോഹം എന്നായിത്തീരുവാൻ ഭക്തിസുധാരസമൊഴുകുന്ന ശ്രീമത് ഭാഗവത സപ്താഹ യജ്ഞം കലിയുഗത്തിൽ എത്രമാത്രം സഹായിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഒക്ടോബർ പന്ത്രണ്ടാം തീയതി ഞായറാഴ്ച രാവിലെ 10.30 നു ഭാഗവത മാഹാത്മ്യ പ്രഭാഷണത്തോടുകൂടി ആരംഭിച്ച യജ്ഞം 18,000ശ്ലോകങ്ങളും 12 സ്കന്ദങ്ങളും അടങ്ങുന്ന കരചരണാദിയവയവങ്ങളോടു കൂടിയ ഭഗവാന്റെ പ്രത്യക്ഷ സ്വരൂപമാണ് ശ്രീമത് ഭാഗവതം. സംസ്കൃത പണ്ഡിതനും വേദേതിഹാസ പുരാണങ്ങളിൽ അഗാധപാണ്ഡിത്യവുമുള്ള കിഴക്കേടം ഹരിനാരായണൻ നമ്പൂതിരിയാണ് ഈ വർഷത്തെ സപ്താഹയജ്ഞത്തിന്റെ ആചാര്യൻ.

ഇത്തരം ഒരു സന്ദർഭം നമ്മുടെക്ഷേത്ര തിരുമുറ്റത്തു ലഭ്യമാകുമ്പോൾ ആദ്യാവസാനം പങ്കെടുത്തു ഭാഗവത പാരായണം ശ്രവിച്ചും നാമ ജപ പൂജാദികളിൽ സംബന്ധിച്ചും വിവിധസേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും യജ്ഞാനടത്തിപ്പിനു ഉദാരമായി സംഭാവന നൽകിയും ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകാനുമുള്ള ഈ അസുലഭ അവസരം പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം സവിനയം അറിയിക്കുന്നു.

*ശങ്കരൻകുട്ടി*



# വിശുദ്ധ മറിയം ത്രേസ്യാ സീറോ മലബാർ മിഷനിൽ തിയോളജി ഡിപ്ലോമ ഗ്രാജ്വേറ്റ്സിനെ ആദരിച്ചു

ഫ്രിസ്കോ: നോർത്ത് ഡാളസിലെ വിശുദ്ധ മറിയം ത്രേസ്യാ സീറോ മലബാർ മിഷനിൽ തിയോളജി ഡിപ്ലോമ ഗ്രാജ്വേറ്റ്സിനെ ആദരിച്ചു. മിഷനിൽ നിന്നുള്ള കിരൺ ജോർജ്, ഷീന അന്ന ജോൺ എന്നിവരാണ് രണ്ടു വർഷത്തെ ദൈവശാസ്ത്ര പഠനത്തിൽ ഡിപ്ലോമ നേടിയ ബിരുദധാരികൾ. ഇരുവരും മിഷനിലെ സജീവ ശുശ്രൂഷകരും മതബോധന അധ്യാപകരുമാണ്. കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിന്റെ കീഴിൽ ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയിലെ തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആണ് പഠനസൗകര്യം ഒരുക്കിയത്.

മിഷനിൽവിശുദ്ധകുർബാനക്ക്ശേഷംനടന്ന അനുമോദന ചടങ്ങിൽ, ബിഷപ്പ് എമരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, മിഷൻ ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ എന്നിവർ ബിരുദധാരികളെ അനുമോദിക്കുകയും ഡിപ്ലോമ സമ്മാനിക്കുകയും ചെയ്തു. ദൈവത്തെയും, സഭയുടെ പാരമ്പര്യത്തെയും, വിശ്വാസസത്യങ്ങളെയും കുറിച്ച് ആഴത്തിലുള്ള അറിവ് നേടുന്നതിലൂടെ, വിശ്വാസജീവിതം കൂടുതൽ അർത്ഥപൂർണവും ഫലദായകവുമാക്കാൻ ദൈവശാസ്ത്ര പഠനംസഹായിക്കും. അതിനാൽകൂടുതൽവിശ്വാസികൾഇത്തരംപഠനത്തിനായിമുന്നോട്ട്വരണംഎന്ന് ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ മിഷൻ അംഗങ്ങളോട്ആഹ്വാനംചെയ്തു. അല്മായർക്ക്വേണ്ടിദൈവശാസ്ത്രപഠനത്തിന്സൗകര്യംഒരുക്കിയ ഷിക്കാഗോ രൂപതയേയും വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തെയും മിഷൻ ഡയറക്ടർ അഭിനന്ദിച്ചു.

*മാർട്ടിൻ വിലങ്ങോലിൽ*



# സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ മാർ ഇഗ്നാത്തിയോസ് നൂറൊന്നൊയുടെ ഓർമ്മപെരുന്നാൾ



ഡാളസ് ഇഗ്നേഷ്യസ് ജാക്കോബൈറ്റ് സിറിയക് ക്രിസ്ത്യൻ കത്തീഡ്രലിൽ മാർ ഇഗ്നാത്തിയോസ് നൂറൊന്നൊയുടെ ഓർമ്മപെരുന്നാളും 48-ാമത് വാർഷികാഘോഷവും 2025 ഒക്ടോബർ 17,18,19 (വെള്ളി, ശനി, ഞായർ) എന്നീ ദിവസങ്ങളിൽ ഇടവക മെത്രാപോലീത്താ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപോലീത്തായുടെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്നു.

ഒക്ടോബർ 12 (ഞായർ) വി. കുർബ്ബാനാനന്തരം റവ. ഫാ. മാർട്ടിൻ ബാബു (അസോസിയേറ്റ് വികാരി), റവ. ഫാ. ഏലിയാസ് എരമത്ത് (മുൻ വികാരി) എന്നിവരുടേയും ഒട്ടനവധി വിശ്വാസികളുടേയും സാന്നിദ്ധ്യത്തിൽ ചെണ്ട, വാദ്യമേളങ്ങളുടെ അകമ്പടിയോടെ പ്രാർത്ഥനാ ഗാനാലാപനത്താൽ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ വികാരി റവ. ഫാ. ബേസിൽ അബ്രഹാം കൊടി ഉയർത്തിയതോടെ ഈ വർഷത്തെ പെരുന്നാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

17 (വെള്ളി) വൈകിട്ട് 6 മണിക്ക് സുറിയാനിയിലുള്ള ശീമൊ നമസ്കാരവും അതേ തുടർന്ന് ഭക്തസംഘടനകളുടെ വാർഷികാഘോഷവും നടക്കും. വാർഷികാഘോഷത്തോടനുബന്ധിച്ച് വിവിധ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കലാപരിപാടികളുടെ അവസാനഘട്ട പരിശീലനങ്ങൾ പൂർത്തിയായി വരുന്നു.

മാനവ ലോകത്തിന്റെ വിമോചനത്തിനായി, മനുഷ്യാവതാരം ചെയ്ത ലോക രക്ഷകനായ ക്രിസ്തുയേശുവിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും സമത്വത്തിന്റേയും സന്ദേശമടങ്ങുന്ന ആ ''രക്ഷാകര ശബ്ദം'' യുഗയുഗാന്തരങ്ങളായി ഇന്ന്, അഹന്തയും അസമാധാനവും, വ്യക്തി താല്പര്യങ്ങളും കൊടികുത്തിവാഴുന്ന ഇന്നത്തെ ആധുനിക ലോകം എങ്ങനെ ഉൾക്കൊള്ളുന്നുവെന്ന് ഒരു പുരാതന ക്രിസ്ത്യൻ കുടുംബത്തിന്റെ ജീവിതചര്യകളിലൂടെ അവതരിപ്പിക്കുന്ന ''മുന്നറിയിപ്പുകൾ'' എന്ന നാടക ആവിഷ്ക്കാരം ഈ വർഷത്തെ കൾച്ചറൽ പ്രോഗ്രാമിന് മാറ്റുകൂട്ടും.

അന്നേ ദിവസം വൈകിട്ട് 6.30മുതൽ ഏവരേയും ആകർഷിക്കുന്ന സ്വാദിഷ്ഠമായ വിഭവങ്ങൾ ഉൾക്കൊള്ളുന്ന ''നാടൻ ലൈവ് തട്ടുകട''യും ക്രമീകരിച്ചിട്ടുണ്ട്.

18 (ശനി) രാവിലെ 8 മണിക്ക് വി. കുർബ്ബാനയും വൈകിട്ട് 6.30ന് അഭിവന്ദ്യ മെത്രാപോലീത്തായ്ക്ക് സ്വീകരണവും തുടർന്ന് സന്ധ്യാപ്രാർത്ഥനക്കു ശേഷം പ്രദക്ഷിണവും നടത്തപ്പെടും. തുടർന്ന് പ്രഗൽഭ വചന പ്രഘോഷകനായ റവ. ഫാ. എം.ജെ. ദാനിയേൽ (നോബിൾ അച്ചൻ) - സെന്റ് മേരീസ് ചർച്ച്, ഹൂസ്റ്റൺ വചന പ്രഘോഷണം നടത്തും.

19 (ഞായർ) രാവിലെ 9 മണിക്ക് അഭിവന്ദ്യ മെത്രാപോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും ബ. വൈദീകരുടെ സഹകാർമ്മികത്വത്തിലും വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കും. ശനി, ഞായർ, ദിവസങ്ങളിൽ മുത്തുക്കുട, കൊടിവർണ്ണക്കുട തുടങ്ങിയ പള്ളി ഉപകരണങ്ങളുമേന്തി ചെണ്ട വാദ്യ മേളങ്ങളുടെ അകമ്പടിയോടെ നടത്തപ്പെടുന്ന വർണശബളമാർന്ന പ്രദക്ഷിണത്തിൽ ഒട്ടനവധി വിശ്വാസികൾ പങ്കുചേരും. ഗായസംഘം ആലപിക്കുന്ന ഭക്തിസാന്ദ്രമായ ഗാനങ്ങൾ പെരുന്നാൾ ആഘോഷത്തിന് കൊഴുപ്പേകും.

പെരുന്നാൾ ക്രമീകരണങ്ങളുടെ സുഗമമായ നടത്തിപ്പിനായി റവ. ഫാ. ബേസിൽ അബ്രഹാം (വികാരി), റവ. ഫാ. മാർട്ടിൻ ബാബു (അസോസിയേറ്റ വികാരി), ബിജു തോമസ് (സെക്രട്ടറി), ജോസഫ് ജോർജ് (ട്രസ്റ്റി) എന്നിവരുടെ നേതൃത്വത്തിൽ പള്ളി മാനേജിങ് കമ്മിറ്റി വിപലുമായ ഒരുക്കങ്ങൾ ചെയ്തുവരുന്നു.

ഈ വർഷത്തെ പെരുന്നാൾ ഏറ്റു കഴിക്കുന്നതും ബോണി ചെറിയാൻ, എൽദൊ മാത്യു, കുരിയാക്കോസ് മങ്കലാംകുന്നേൽ, റോബിൻ മാത്യു, സിബി മാത്യു എന്നിവരുടെ കുടുംബാംഗങ്ങളാണ്.

സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ പി.ആർ.ഒ കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.

## യു.എസിൽ അപൂർവമായി കൊതുക് പരത്തുന്ന ചിക്കുൻഗുനിയ വൈറസ് ബാധ റിപ്പോർട്ട് ചെയ്തു

ന്യൂയോർക്കിൽ പ്രാദേശികമായി രോഗം സ്ഥിരീകരിച്ച ആദ്യ കേസ്; അധികൃതർ ജാഗ്രത നിർദേശം നൽകി. അമേരിക്കൻ ഐക്യനാടുകളിൽ കൊതുക് പരത്തുന്ന അപൂർവ രോഗമായ ചിക്കുൻഗുനിയ വൈറസ് ബാധ സ്ഥിരീകരിച്ചു. ന്യൂയോർക്കിലെ ഒരു താമസക്കാരനിലാണ് രോഗം കണ്ടെത്തിയത്. വിദേശ യാത്രകൾ നടത്താത്ത ഒരാൾക്ക് ന്യൂയോർക്കിൽ വെച്ച് തന്നെ പ്രാദേശികമായി കൊതുകുകടിയിലൂടെ രോഗം പകരുന്നത് സംസ്ഥാനത്തെ ആദ്യത്തെ സംഭവമാണിതെന്ന് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു.

ലോംഗ് ഐലൻഡിലെ നാസൗ കൗണ്ടിയിൽ നിന്നുള്ള ഒരാൾക്കാണ് ചിക്കുൻഗുനിയ വൈറസ് ബാധ സ്ഥിരീകരിച്ചത്. ഈ പ്രദേശത്തെ ഒരു രോഗബാധിതനായ കൊതുകിൽ നിന്നാകാം ഇദ്ദേഹത്തിന് രോഗം പകർന്നതെന്നാണ് ന്യൂയോർക്ക് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് (NYSDOH) അറിയിച്ചിരിക്കുന്നത്. സാധാരണയായി, ആഫ്രിക്ക, ഏഷ്യ, കരീബിയൻ, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്തവരിലാണ് ഈ രോഗം യു.എസിൽ കണ്ടുവരാറുള്ളത്. രോഗം സ്ഥിരീകരിച്ച ഒരാളെ കൊതുക് കടിക്കുകയും പിന്നീട് ആ കൊതുക് മറ്റ് ആരോഗ്യമുള്ളവരെ കടിക്കുകയും ചെയ്യുമ്പോളാണ് പ്രാദേശികമായി രോഗം പകരുന്നത്.

പനി, സന്ധി വേദന (Joint Pain), പേശീ വേദന, തലവേദന തുടങ്ങിയവയാണ് ചിക്കുൻഗുനിയയുടെ പ്രധാന ലക്ഷണങ്ങൾ. ഈ രോഗം സാധാരണയായി മരണകാരണമാകാറില്ലെങ്കിലും, രോഗലക്ഷണങ്ങൾ കഠിനമാവാനും നീണ്ടകാലത്തേക്ക് അവശതയുണ്ടാക്കാനും സാധ്യതയുണ്ട്.

അതേസമയം, രാത്രികാലങ്ങളിൽ താപനില കുറയുന്നത് കാരണം നിലവിൽ ന്യൂയോർക്കിൽ ഈ രോഗം പടരാനുള്ള സാധ്യത വളരെ കുറവാണെന്ന് സ്റ്റേറ്റ് ഹെൽത്ത് കമ്മീഷണർ ഡോ. ജെയിംസ് മക്ഡൊണാൾഡ് വ്യക്തമാക്കി. കൊതുക് കടിയിൽ നിന്ന് സ്വയം സംരക്ഷണം നേടാൻ എല്ലാവരും ലളിതമായ മുൻകരുതലുകൾ എടുക്കണമെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. യു.എസിൽ ഇതിനുമുമ്പ് പ്രാദേശികമായി രോഗം സ്ഥിരീകരിച്ചത് 2019ലാണ്.

## 'അവർ തോറ്റു!'; ഷിക്കാഗോ കബ്സിനെ ട്രോൾ ചെയ്തു പോപ്പ് ലിയോ പതിനാലാമൻ



ഷിക്കാഗോയിലെ ബേസ്ബോൾ ടീമുകൾക്കിടയിലെ പഴയ എതിരാളിത്തം, ഈ തവണ വത്തിക്കാനിലേക്കും എത്തിയിരിക്കുകയാണ്. പോപ്പ് ലിയോ പതിനാലാമൻ ഷിക്കാഗോ സ്വദേശിയും വൈറ്റ് സോക്സ് ടീമിന്റെ വലിയ ആരാധകനുമാണ് എന്നത് പരസ്യമായ കാര്യമാണ്.

കഴിഞ്ഞ ആഴ്ച ഷിക്കാഗോ കബ്സ് ടീം മിൽവോക്കിബ്രൂവേഴ്സിനോട് പരാജയപ്പെട്ട് പ്ലേഓഫ് മത്സരത്തിൽ നിന്ന് പുറത്തായപ്പോൾ, പോപ്പ് അതിനെ കുറിച്ച് രസകരമായി പ്രതികരിച്ച വാർത്തയാണ് ഇപ്പോൾ പുറത്തു വരുന്നത്. ബുധനാഴ്ച വത്തിക്കാനിൽ ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് കൈവീശിക്കൊണ്ടിരിക്കുകയായിരുന്നു പോപ്പ്. അപ്പോഴാണ് സംഭവം നടക്കുന്നത്. ജനക്കൂട്ടത്തിൽ നിന്നും ഗോ കബ്സ് എന്ന് ആരോ വിളിച്ചു പറഞ്ഞു. പോപ്പ് ഉടൻ ചിരിച്ച് മറുപടി നൽകി "Han perdido!" (സ്പാനിഷിൽ 'അവർ തോറ്റു'). അത് കൂടാതെ പോപ്പ് ഇംഗ്ലീഷിലും പറഞ്ഞു, "They lost", അവർ തോറ്റു. അതേസമയം കബ്സിന് ഈ സീസണിൽ 92 വിജയങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, വൈറ്റ് സോക്സ് ടീം വെറും 60 വിജയങ്ങളുമായി അവസാന സ്ഥാനത്ത് ആയിരുന്നു. അതൊന്നും പരിഗണിക്കാതെ പോപ്പ് തന്റെ വൈറ്റ് സോക്സ് ടീമിൽ അഭിമാനം പ്രകടിപ്പിച്ചു.




# ഗാസാ സമാധാന കരാർ എങ്ങനെയാണ് വിജയം എന്ന് പറയാൻ ആവുക!

(ഒന്നാം പേജ് തുടർച്ച)

പൂർണമായി തകർന്ന അവസ്ഥയിലാണ് ഗാസ. അവശിഷ്ടങ്ങൾക്കിടയിൽ നിന്നും മൃതദേഹങ്ങൾ കണ്ടെത്താൻ ആഴ്ച്ചകളോ മാസങ്ങളോ തന്നെ എടുത്തേക്കാമെന്നാണ് റെഡ്ക്രോസ് കണക്കുകൂട്ടുന്നത്. എന്നാൽ ഹമാസ് മനപൂർവമായ കാലതാമസം എടുക്കുകയാണെന്നാണ് ഇസ്രയേലിന്റെ ആരോപണം. ഇതിന് പ്രതികാരമായി, ഗാസയിലേക്ക് അനുവദിക്കുന്ന സഹായ ട്രക്കുകളുടെ എണ്ണം ഒരു ദിവസം 300 ആയി കുറയ്ക്കുമെന്നാണ് ഇസ്രയേൽ പ്രഖ്യാപിച്ചിരിക്കുന്നത്. കൂടാതെ ഈജിപ്തിൽ നിന്ന് റാഫ വഴി ഗാസയിലേക്ക് സഹായ വിതരണങ്ങൾക്കായി ഒരു സുപ്രധാന ക്രോസിംഗ് പോയിന്റ് തുറക്കാനുള്ള തീരുമാനവും ഇസ്രയേൽ തടഞ്ഞിരിക്കുകയാണ്. ട്രംപ് മധ്യസ്ഥതയിൽ ഉണ്ടായ വെടിനിർത്തൽ കരാറിന്റെ ലംഘനങ്ങളാണെ നടക്കുന്നത്, അതോ കരാർ തന്നെ പാളിപ്പോയോ എന്ന ആശങ്കയിലാണ് ലോക രാജ്യങ്ങൾ.

ഗാസ സമാധാന ഉച്ചകോടിയിൽ ഡൊണാൾഡ് ട്രംപ് മിഡിൽ ഈസ്റ്റിനായി ഒരു 'പുതിയ പ്രഭാതം' പ്രഖ്യാപിച്ചപ്പോൾ, കൃത്യം 11 വർഷം മുമ്പ്, ഹമാസും ഇസ്രായേലും തമ്മിലുള്ള മറ്റൊരു രക്തരൂക്ഷിത യുദ്ധത്തിനുശേഷം ഉണ്ടായ മറ്റൊരു ഗാസ സമാധാന ഉച്ചകോടി എന്നാണ് പലരും അതിനെ വാഴ്ത്തിയത്.2014ൽ ഷാമിൽ നടന്ന ഗാസ സമ്മേളനവും ലോക നേതാക്കളാൽ നിറഞ്ഞിരുന്നു. അതിൽ ടോണി ബ്ലെയറും ഉണ്ടായിരുന്നു എന്നതാണ്. അദ്ദേഹം ഇപ്പോഴും മധ്യസ്ഥത വഹിക്കുകയും ആതിഥേയത്വം വഹിക്കുകയും ചെയ്യുന്നു. ഒരു ദശാബ്ദത്തിനു ശേഷം, ബ്ലെയർ പോലും ട്രംപിന്റെ നിർദ്ദേശപ്രകാരം, ഗാസയുടെ ഭരണത്തിന് മേൽനോട്ടം വഹിക്കാൻ 'ബോർഡ് ഓഫ് പീസ്' എന്നറിയപ്പെടുന്നതിന്റെ തലവനായി തിരിച്ചെത്തി.

അതേ ശക്തരായ ആളുകൾ സസമാനമായ പൊള്ളയായ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തുവെന്നാണ് വിമർശനം. വെടിനിർത്തൽ തുടരുന്നതിനിടെ ഈജിപ്തിലെ ഷാമെൽ ഷെയ്ഖിൽ നടന്ന രാജ്യാന്തര ഉച്ചകോടിയിൽ ട്രംപിന്റെയും ഈജിപ്ത് പ്രസിഡന്റ്അബ്ദുൽഫത്താഅൽസിസിയുടെയും അധ്യക്ഷതയിൽ ഇരുപതോളം ലോക നേതാക്കൾ പങ്കെടുത്തു. ഇസ്രയേലും ഹമാസും അംഗീകരിച്ച കരാറിൽ ഇരുപക്ഷത്തേയും പ്രതിനിധികൾ പക്ഷേ പങ്കെടുത്തിരുന്നില്ല.

### ഗാസ പുനർനിർമിക്കുക വലിയ ദൗത്യം

വെടിനിർത്തലിനെത്തുടർന്ന് ആയിരക്കണക്കിന് ഗാസ നിവാസികൾ തങ്ങളുടെ രാജ്യത്തേയ്ക്ക് മടങ്ങുമ്പോൾ, അവരിൽ പലർക്കും ഇതിനകം തന്നെ തങ്ങളുടെ വീടുകൾ തകർന്നുവെന്ന് അറിയാമായിരുന്നു. ഗാസയിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങുന്നതിന് ആവശ്യമായ വീടുകൾ, ബിസിനസുകൾ, മറ്റ് സ്ഥാപനങ്ങൾ, സേവനങ്ങൾ എന്നിവ പുനർനിർമ്മിക്കാനുള്ള സാധ്യത ഏത് അളവിലും ഭയാനകമാണ്. നാശനഷ്ടം ഏതാണ്ട് 70 ബില്യൺ ഡോളറാണെന്ന് യുഎൻ കണക്കാക്കുന്നു.

ലണ്ടനിലെ കിംഗ്സ് കോളേജിലെ മിഡിൽ ഈസ്റ്റ് സുരക്ഷാ വിദഗ്ധനായ പ്രൊഫസർ ആൻഡ്രിയാസ് ക്രീഗ് പറയുന്നതുപോലെ: 'ആദ്യം മുതൽ തുടങ്ങുന്നതിനേക്കാൾ മോശമാണ് ഇവിടെ ഇപ്പോഴത്തെ സ്ഥിതി. നിങ്ങൾ ആരംഭിക്കുന്നത് അവശിഷ്ടങ്ങളിൽ നിന്നാണ്.' അദ്ദേഹം വ്യക്തമാക്കി. ഗാസ സിറ്റിയിലെപോലെ ഗാസയുടെ ചില ഭാഗങ്ങളിൽ ഇത് 92% വരെ നാശനഷ്ടത്തിന്റെ അളവ് ഉയർന്നിട്ടുണ്ടെന്ന് പലസ്തീനികൾക്കായുള്ള യുഎൻ വികസന പരിപാടിയുടെ പ്രത്യേക പ്രതിനിധി ജാക്കോ സിലിയേഴ്സ് പറയുന്നു.

ഈ നാശനഷ്ടം വലിയ അളവിൽ അവശിഷ്ടങ്ങൾ സൃഷ്ടിച്ചു. ഗാസയിൽ നീക്കം ചെയ്യുന്നതിനായി 60 ദശലക്ഷം ടണ്ണിലധികം അവശിഷ്ടങ്ങൾ കാത്തിരിക്കുന്നുണ്ടെന്ന് സമീപകാല ഉപഗ്രഹ ഡാറ്റയെ അടിസ്ഥാനമാക്കി ബിബിസി വെരിഫൈ നടത്തിയ വിലയിരുത്തലുകൾ സൂചിപ്പിക്കുന്നു. യുദ്ധാനന്തര പുനർനിർമ്മാണ പ്രക്രിയ ആരംഭിക്കേണ്ടത് യുദ്ധത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്തുകൊണ്ടാണെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

### ശാശ്വത സമാധാനം അകലെ

ആഘോഷങ്ങൾക്കടിയിൽ തുടക്കത്തിലേ വിള്ളലുകൾ ദൃശ്യമാണ്. കരാർ ഒപ്പുവയ്ക്കുന്ന ചടങ്ങിൽ ഇസ്രയേലിന്റെയും ഹമാസിന്റെയും പ്രതിനിധികളാരും പങ്കെടുത്തില്ല എന്നതാണ് പ്രധാനം. ജൂത ആഘോഷദിനങ്ങൾ ചൂണ്ടിക്കാട്ടിയാണ് നെതന്യാഹു പോകാഞ്ഞത്. തങ്ങളെ നിരായുധീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച തർക്കങ്ങൾ കാരണം ഹമാസ് ചടങ്ങ് ബഹിഷ്കരിച്ചു. (ഒപ്പിടൽ ചടങ്ങിൽ സംബന്ധിച്ചില്ലെങ്കിലും പ്രാരംഭ ചർച്ചകളിൽ ഇസ്രയേലിന്റെ മന്ത്രി റോം ഡെർമസും ഹമാസിന്റെ മുതിർന്ന നേതാവും മുഖ്യമധ്യസ്ഥനുമായ ഖലീൽ അൽ ഹയ്യയും പങ്കെടുത്തിരുന്നു).

വെടിനിർത്തൽ താൽക്കാലികമാണ്, പരിപൂർണ്ണമായ സമാധാനത്തിലേക്കുള്ള ചവിട്ടുപടിയല്ല എന്ന സൂചനയാണ് രണ്ടു കൂട്ടരും നൽകുന്നത്. മാത്രമല്ല, ഹമാസ് പൂർണ്ണമായും നിരായുധീകരിക്കുമെന്ന് വിശ്വസിക്കുക പ്രയാസമാണ്. അതുപോലെ, ഇസ്രയേൽ, ഗാസയിൽ നിന്നും പൂർണമായും പിൻവാങ്ങുകയുമില്ല.2023 ഒക്ടോബർ ഏഴിനു ഇസ്രയേലിൽ ഹമാസ് നടത്തിയ ആക്രമണത്തെ തുടർന്നാണ് ഗാസയിലെ നരഹത്യ ആരംഭിച്ചത്.

ഇതിനകം ഏതാണ്ട് 68,000 പേർ കൊല്ലപ്പെട്ടു എന്നാണ് കരുതപ്പെടുന്നത്. 2007 മുതൽ ഗാസ ഭരിക്കുന്ന ഹമാസിന്റെ നേതൃനിര ഏറെക്കുറെ പൂർണമായും തുടച്ചുനീക്കപ്പെട്ടിരിക്കുന്നു. യുദ്ധത്തിന്റെ ഭാഗമായി ഹമാസ് നിർമ്മിച്ച 80 ശതമാനം തുരങ്കങ്ങളും തകർത്തിരിക്കുന്നു, അവരുടെ നിയന്ത്രണം ചുരുക്കം സ്ഥലങ്ങളിൽ മാത്രമായിരിക്കുന്നു.

### പുതിയൊരു പേരിൽ ഹമാസ് പ്രത്യക്ഷപ്പെട്ടേക്കാം

വെടിനിർത്തൽ നിലവിൽ വതോടെ ചിലയിടങ്ങളിൽ ഗാസക്കാർ ഹമാസിനെ ചോദ്യം ചെയ്യാനും തുടങ്ങിയിരിക്കുന്നു. പൂർണമായും പിരിച്ചുവിടുകയോ, നിരായുധീകരിക്കുകയോ വേണ്ടിവന്നാൽ പുതിയൊരു പേരിൽ ഹമാസ് പ്രത്യക്ഷപ്പെട്ടേക്കാം എന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. സമാധാനക്കരാർ വരുമ്പോഴേക്കും ഇസ്രയേൽ ഹമാസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മാത്രമല്ല, ഗാസയിലെ സാധാരണ മനുഷ്യരുടെ കിടപ്പാടവും ജീവനോപാധികളും ഒക്കെ തകർത്തിരുന്നു. ഈ സമാധാനം ഗാസക്കാർ അനുഭവിച്ച സമാനതകളില്ലാത്ത ദുരിതങ്ങൾക്ക് പകരമാവില്ല.

വെടിനിർത്തലിന്റെയും ഉറ്റവരെ വീണ്ടും കണ്ടുമുട്ടുന്നതിന്റെ ആഹ്ലാദവും കഴിയുതോടെ കഴിഞ്ഞ മൂന്നുവർഷം അനുഭവിച്ച നിത്യദുരന്ത സ്മരണകൾ ഗാസക്കാരിൽ ഇരമ്പിയെത്തും, അത് ആളിക്കത്തിക്കാൻ ഹമാസ് അല്ലെങ്കിൽ മറ്റൊരു സംഘടന രംഗത്തു വരും. ഇത്രയും വളക്കൂറുള്ള മണ്ണിൽ സംഘർഷം മുള പൊട്ടാൻ പിന്നെ അധികം സമയമെടുക്കില്ല.

സമാധാന ചർച്ചകളിൽ പലസ്തീൻ ഇസ്രയേൽ സംഘർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങളും വിഷയമായില്ല. 1. ദ്വിരാഷ്ട്രപരിഹാരം (പ്രത്യേക പരമാധികാര രാജ്യങ്ങളായി ഇസ്രയേലും പലസ്തീനും നിലനിൽക്കണം) 2. വെസ്റ്റ് ബാങ്കിൽ വർദ്ധിച്ചുവരുന്ന ജൂത കുടിയേറ്റം.

### വെടിനിർത്തൽ കരാർ നടപ്പാക്കുന്നതിലെ ചില പ്രധാന തടസ്സങ്ങൾ ഇവയാണ്:

1. ഇസ്രയേൽ ഗാസയിൽ നിന്നു പിൻവാങ്ങുന്നതും അതിന്റെ നിയന്ത്രണവും സംബന്ധിച്ച അഭിപ്രായവ്യത്യാസം. ആയുധക്കടത്ത് തടയാൻ റഫ, ഫിലാഡൽഫി ഇടനാഴി പോലുള്ള മേഖലകളിൽ സുരക്ഷാ നിയന്ത്രണം നിലനിർത്തണമെന്ന് ഇസ്രയേൽ നിർബന്ധിക്കുന്നു, ഇസ്രയേലി സാന്നിധ്യം തുടരുന്നതിനെ ഹമാസ് തള്ളിക്കളയുന്നു, അതിനെ അധിനിവേശം എന്ന് വിളിക്കുന്നു.

2.ഇരുപക്ഷവും കരാർ വ്യവസ്ഥകളിൽ നിരന്തരം മാറ്റങ്ങൾ വരുത്തുന്നത് വിശ്വാസത്തെ ഇല്ലാതാക്കുന്നു.

3. വെടിനിർത്തലിന് ശേഷമുള്ള ഭരണം. ഹമാസ് ഒരു പങ്കും വഹിക്കരുതെന്ന് ഇസ്രയേൽ പറയുന്നു. എന്നാൽ ഗാസയെ ആരാണ് ഭരിക്കേണ്ടത് എന്നതിൽ വ്യക്തമായ പദ്ധതിയില്ല. പലസ്തീൻ അഥോറിറ്റി, സാങ്കേതികവിദഗ്ധരുടെ നേതൃത്വത്തിലെ സമിതി, അല്ലെങ്കിൽ അന്താരാഷ്ട്ര ഭരണകൂടം.

4. തടവുകാരെ ബന്ദികളാക്കുന്നവരുടെ കൈമാറ്റ അനുപാതം. ഉന്നതരായ പലസ്തീൻ തടവുകാരെ മോചിപ്പിക്കാൻ ഹമാസ് ആഗ്രഹിക്കുന്നു. അതേസമയം മാരകമായ ആക്രമണങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരെ മോചിപ്പിക്കുന്നതിനെ ഇസ്രയേൽ എതിർക്കുന്നു. കൈമാറ്റം ഒരുമിച്ചാവണോ, ഘട്ടം ഘട്ടമായി വേണോ എന്നതും തർക്കവിഷയമാണ്.

# തുർക്കിയും ഖത്തറും ഹമാസിനെ കൈവിട്ടതിന് പിന്നിൽ എന്ത് ?



ഏകദേശം രണ്ട് വർഷത്തോളമായി ഗാസ യുദ്ധം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഹമാസ് തങ്ങളുടെ നിബന്ധനകളെ കുറിച്ച് ചില നിലപാട് സ്വീകരിച്ചിരുന്നു. ഗാസയിൽ യുദ്ധം അവസാനിപ്പിക്കാതെയും ഇസ്രായേൽ സൈന്യത്തെ പൂർണ്ണമായി പിൻവലിക്കാതെയും ശേഷിക്കുന്ന ബന്ദികളെ മോചിപ്പിക്കാൻ കഴിയില്ലെന്നായിരുന്നു ഹമാസിന്റെ നിലപാട്.

ഹമാസിനെ സംബന്ധിച്ചിടത്തോളം ഇസ്രായേലിനുമേൽ അവർക്കുള്ള ഏക സ്വാധീനം ബന്ദികൾ മാത്രമായിരുന്നു. അല്ലെങ്കിൽ അങ്ങനെയാണ് അവർ വളരെകാലമായി വിശ്വസിക്കുന്നത്. എന്നാൽ സമീപകാലങ്ങളിലായി ഹമാസ് അംഗങ്ങളിൽ ചിലർ ഈ തന്ത്രത്തിന്റെ യുക്തിയെ ചോദ്യം ചെയ്യാൻ തുടങ്ങിയിരുന്നു.

യുദ്ധത്തിൽ നിന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെ പിന്തിരിപ്പിക്കാൻ ബന്ദികളെ പിടിച്ചുവയ്ക്കുന്നത് കാര്യമായ ഫലമൊന്നും ചെയ്തില്ല. 736 ദിവസത്തോളമായി ഹമാസിന്റെ തടങ്കലിൽ കഴിയുന്ന ബന്ദികളെ ഒടുവിൽ മോചിപ്പിക്കാനും തീരുമാനം ആകുകയായിരുന്നു. ക്ഷീണം, ബലഹീനത, പ്രാദേശിക സമ്മർദ്ദം, ഇസ്രായേലിന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നൽകുന്ന പിന്തുണയും അദ്ദേഹത്തിന്റെ വർദ്ധിച്ച ആത്മവിശ്വാസവും തുടങ്ങി നിരവധി ഘടകങ്ങൾ ബന്ദികളുടെ മോചനത്തിന് ഹമാസിനെ പ്രേരിപ്പിച്ചു.

ഏറ്റവും നിർണായകമായ കാരണം മറ്റൊന്നാണ്. ഇസ്രായേലിനെ പിടിച്ചുകെട്ടാനുള്ള പിടിവള്ളി എന്നതിലുപരി ബന്ദികൾ ഹമാസിനെ സംബബന്ധിച്ച് ഒരു ബാധ്യതയായി മാറി. അവരെ മോചിപ്പിക്കുന്നത് അതിജീവനത്തിനുള്ള മികച്ച അവസരമാണെന്നും ഹമാസ് കണക്കുകൂട്ടി. ഇതോടെ ഹമാസ് വിട്ടുവീഴ്ച ചെയ്യാൻ സമ്മർദ്ദം നേരിട്ടു. ഒരിക്കൽ ഹമാസനോട് അനുകമ്പ കാണിച്ച അറബ് രാഷ്ട്രങ്ങൾ ഗ്രൂപ്പിന്റെ വിട്ടുവീഴ്ചയില്ലാത്ത നിലപാടിൽ അസ്വസ്ഥരാകുകയും അവരെ കൈവിട്ട് യുദ്ധം അവസാനിപ്പിക്കാനുള്ള യുഎസ് പദ്ധതിക്കു പിന്നിൽ അണിനിരക്കുകയും ചെയ്തിരുന്നു.

സഖ്യകക്ഷികളില്ലാതെ ഹമാസ് നിലപാടിൽ വിട്ടുവീഴ്ച ചെയ്യാനുള്ള സമ്മർദ്ദം വർദ്ധിച്ചിരുന്നു. ഇതോടെ ഇസ്രായേലുമായുള്ള ചർച്ചകളിൽ ഹമാസ് നിലപാട് മയപ്പെടുത്തി. ബന്ദികളെ മോചിപ്പിക്കുന്ന കാര്യത്തെ ഹമാസ് എതിർത്തില്ല. ട്രംപ് മുന്നോട്ടുവെച്ച കരാർ ഹമാസിന്റെ പ്രതീക്ഷകൾക്ക് വളരെ പിന്നിലായിരുന്നു. ഇത് ഒരു വെടിനിർത്തൽ കരാർ അല്ല മറിച്ച് ഹമാസിന് കീഴടങ്ങാനുള്ള ഒരു അന്ത്യശാസനമായിരുന്നു.

എന്നാൽ പ്രാദേശിക ശക്തികൾ ഇതിനെ അംഗീകരിക്കുകയും ഹാമസിനെ കരാറിൽ ധാരണയിലെത്താൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ഗ്രൂപ്പിന്റെ പ്രതിനിധികൾ ഈജിപ്തിൽ ഒത്തുകൂടിയപ്പോൾ ഇക്കാര്യത്തിൽ ഉറച്ചുനിന്നു. തുർക്കി, ഖത്തർ തുടങ്ങിയ പരമ്പരാഗത സഖ്യകക്ഷികളിൽ നിന്ന് മുമ്പൊരിക്കലും ഹമാസ് ഇത്ര ഐക്യം നേരിട്ടിട്ടില്ല. ബന്ദികളെ മോചിപ്പിക്കണെമെന്ന് അങ്ങനെ ഹമാസനോട് അതിന്റെ എല്ലാ മിഡിൽ ഈസ്റ്റേൺ പങ്കാളികളും ആദ്യമായി പറഞ്ഞു. ഗാസയുടെ ഭരണത്തിൽ ഹമാസിന് ഒരു പങ്കും വഹിക്കാൻ കഴിയില്ലെന്നും അറബ് രാഷ്ട്രങ്ങൾ ഊന്നിപ്പറഞ്ഞു.

ബന്ദികളെ മോചിപ്പിക്കാൻ വിസമ്മതിക്കുന്നത് ട്രംപിന്റെ പൂർണ്ണ പിന്തുണയോടെ യുദ്ധം പുനരാരംഭിക്കാൻ നെതന്യാഹുവിനെ അനുവദിക്കുമെന്ന് പ്രാദേശിക മധ്യസ്ഥർ ഹമാസിന് മുന്നറിയിപ്പ് നൽകി. പാലസ്തീൻ ലക്ഷ്യത്തിനായുള്ള ആഗോള പിന്തുണ ഇത് ഇല്ലാതാക്കുമെന്നും അറബ് സഖ്യങ്ങൾ ഹമാസനോട് പറഞ്ഞു. ഹമാസ് ബന്ദികളെ മോചിപ്പിക്കുകയും പിന്നീട് ഇസ്രായേൽ സംഘർഷം ആളിക്കത്തിക്കുകയും ചെയ്താൽ അന്താരാഷ്ട്ര പ്രതഷേധം എക്കാലത്തേക്കാളും രൂക്ഷമാകുമെന്നും പ്രാദേശിക നേതൃത്വങ്ങൾ ഹമാസിനെ ധരിപ്പിച്ചു.

സമാനമായ കണക്കുകൂട്ടൽ ഹമാസിനുമുണ്ടായിരുന്നു. ബന്ദികളെ മോചിപ്പിക്കുന്നത് നിരായുധീകരണം പോലുള്ള വിവാദപരമായ വിഷയങ്ങൾ ചർച്ച ചെയ്യാനോ ചെറുക്കാനോ കൂടുതൽ സാധ്യത നൽകുമെന്ന് ഹമാസ് കണക്കാക്കി. കഴിഞ്ഞ മാസം ഖത്തറിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ ഹമാസിന്റെ രാഷ്ട്രീയ നേതൃത്വത്തെ ഇല്ലാതാക്കാനുള്ള ഒരു പരാജയപ്പെട്ട ശ്രമത്തിനെതിരെ അമേരിക്കൻ പ്രസിഡന്റ് രൂക്ഷമായി പ്രതികരിച്ചതിനെത്തുടർന്ന് ഹമാസിന് അദ്ദേഹത്തിൽ ആത്മവിശ്വാസം വർദ്ധിച്ചു.

ട്രംപ് ഇക്കാര്യത്തിൽ നെതന്യാഹുവിനെ ക്ഷമാപണം നടത്താൻ നിർബന്ധിച്ചു. ഇനി ഇത് സംഭവിക്കില്ലെന്ന് വാഗ്ദാനം ചെയ്തു. ഹമാസിന്റെ കണ്ണിൽ ഈ ഇടപെടൽ ഏറ്റവും ശ്രദ്ധേയമായി. ശത്രുതാപരമായ നടപടികളിൽ നിന്ന് ഖത്തറിന്റെ സുരക്ഷ ഉറപ്പ് നൽകുന്ന ഒരു എക്സിക്യൂട്ടീവ് ഉത്തരവിൽ ഒപ്പിട്ടു.

ട്രംപ് ഇപ്പോൾ കൂടുതൽ ഗൗരവമുള്ളവനും മുമ്പത്തേക്കാൾ കൂടുതൽ ഇസ്രായേലിനായി നിലകൊള്ളാൻ തയ്യാറുള്ളവനുമാണെന്ന് നയതന്ത്രജ്ഞർ ഹമാസിനെ ബോധ്യപ്പെടുത്തി. തങ്ങളുടെ നേതൃത്വത്തെ മുറവേൽപ്പിക്കുകയും ഏറ്റവും പരിചയസമ്പന്നരായ നിരവധി പോരാളികളെ കൊല്ലുകയും ചെയ്ത ഒരു യുദ്ധത്തിൽ തളർന്നുപോയ ഹമാസ് കഴിഞ്ഞ തിങ്കളാഴ്ച ഈജിപ്തിൽ ചേർന്ന സമാധാന യോഗത്തിൽ കാര്യങ്ങൾ കേൾക്കാൻ തയ്യാറായി നിന്നു.

ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ അൽ താനിയുടെയും തുർക്കി ഇന്റലിജൻസ് മേധാവി ഇബ്രാഹിം കാലിന്റെയും സമ്മർദ്ദത്തെത്തുടർന്ന് ചൊവ്വാഴ്ച വൈകുന്നേരത്തോടെ ഹമാസ് ട്രംപിന്റെ പദ്ധതി തത്വത്തിൽ സമ്മതിച്ചിരുന്നു. എങ്കിലും അവർ കൂടുതൽ ഉറപ്പുകൾ തേടി. വെടിനിർത്തലിന് 72 മണിക്കൂറിനുള്ളിൽ ബന്ദികളെ മോചിപ്പിക്കാൻ തയ്യാറാണെന്ന് ഹമാസ് പ്രഖ്യാപിച്ചു.

ട്രംപിന്റെ പദ്ധതി വിജയം കണ്ടു. എന്നാൽ പദ്ധതിയുടെ ബാക്കി ഭാഗങ്ങൾ അംഗീകരിക്കുന്നതിന് മുമ്പ് കൂടുതൽ ചർച്ചകൾക്ക് ഹമാസ് നിർബന്ധം പിടിച്ചു. ഗാസയിൽ ശാശ്വത സമാധാനം ഉറപ്പാക്കാനുള്ള പോരാട്ടം ഇനിയും മുന്നിലുണ്ട്. ട്രംപും യുകെ മുൻ പ്രധാനമന്ത്രി ടോണി ബ്ലെയറും മേൽനോട്ടം വഹിക്കുന്ന ഒരു അന്താരാഷ്ട്ര ട്രസ്റ്റിഷിപ്പിന് കീഴിലുള്ള വ്യവസ്ഥാപരമായ പ്രവർത്തനങ്ങളെ അംഗീകരിക്കുമോ എന്ന കാര്യത്തിലും ഹമാസ് ഇതുവരെ ഉത്തരം നൽകിയിട്ടില്ല.

# എച്ച്–4 വിസാ ഉടമകൾക്ക് യു.എസ്സിൽ ജോലി തുടരാം

(ഒന്നാം പേജ് തുടർച്ച)

കുടുംബങ്ങൾക്കൊരു ആശ്വാസം ആയി മാറുകയും, കുടിയേറ്റ നിയമത്തിലെ രാഷ്ട്രീയ ചൂടുള്ള വിഷയങ്ങളിൽ ഒരു തുടർച്ചയെന്ന നിലയിൽ കാണപ്പെടുകയും ചെയ്യും എന്നാണ് വിലയിരുത്തൽ.

ഈ തീരുമാനം 2015ൽ ഒബാമ ഭരണകാലത്ത് രൂപപ്പെടുത്തിയ 'Employment Authorization for Certain H4 Dependent Spouses' എന്ന നിയമവുമായി ബന്ധപ്പെട്ട് ആരംഭിച്ച ഏകദേശം പത്ത് വർഷത്തെ നിയമയുദ്ധത്തിന് അവസാനം കുറിക്കുന്നു. ഈ നിയമം എച്ച്1ബി വിസാ ഉടമകളുടെ ജീവിത പങ്കാളികൾക്ക് (എച്ച്4 വിസ), അവർ സ്ഥിരതാമസത്തിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ, ജോലി ചെയ്യാനുള്ള അനുമതി നൽകുന്നു. ആദ്യ വർഷം തന്നെ ഏകദേശം 1.8 ലക്ഷം പേർക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്ന് അന്നത്തെ കണക്കുകൾ സൂചിപ്പിച്ചിരുന്നു.

നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം 2.5 ലക്ഷംത്തിലധികം എച്ച്4 വിസാ ഉടമകൾക്ക് ആണ് ജോലി ചെയ്യാനുള്ള അനുമതി ലഭിച്ചത്. ഇവരിൽ പലരും സ്വയം ഉന്നതവിദ്യാഭ്യാസമുള്ളവർ ആകയാൽ, അവർക്കും ജോലി ചെയ്യാനുള്ള അവസരം ലഭിക്കുന്നത് അമേരിക്കയുടെ സാമ്പത്തിക ശക്തിയേയും കഴിവുള്ള തൊഴിലാളികളെ നിലനിർത്താനുള്ള ശ്രമങ്ങളെയും ശക്തിപ്പെടുത്തും എന്നാണ് വിദഗ്ധർ പറയുന്നത്.

ഈ തീരുമാനം രാഷ്ട്രീയമായും തൊഴിൽ അടിസ്ഥാനമായും കുടിയേറ്റ നയങ്ങൾ ചർച്ചയാകുന്ന സമയത്താണ് വന്നത് എന്നതും ശ്രദ്ധേയമാണ്. 2025 സെപ്തംബറിൽ പ്രസിഡന്റ് ട്രംപ് പുതിയ എച്ച്1ബി അപേക്ഷകൾക്ക് $100,000 ഫീസ് നിർദ്ദേശിച്ചപ്പോൾ, ബൈഡൻ ഭരണകൂടം നിലവിലെ വിസാ രീതികളെ സാങ്കേതികവും ഗവേഷണ മേഖലയ്ക്കും അനിവാര്യമെന്ന് പ്രതിരോധിച്ചിരുന്നു. എച്ച്1ബി പദ്ധതി 1990ൽ ആരംഭിച്ചതാണ്. അമേരിക്കൻ കമ്പനികൾക്ക് വിദേശ വിദഗ്ധരെയെ 3 മുതൽ 6 വർഷം വരെ നിയമിക്കാൻ ഇത് അനുവദിക്കുന്നു. സുപ്രീംകോടതി Save Jobs USA vs DHS കേസ് പരിഗണിക്കാതിരുതോടെ, എച്ച്4 വിസാ ഉടമകൾക്ക് ജോലി അനുമതി നൽകുന്ന നിയമം നിലവിൽ തുടരും. ഇത് ആയിരക്കണക്കിന് കുടിയേറ്റ കുടുംബങ്ങൾക്കും അവരുടെ തൊഴിലുടമകൾക്കും താൽക്കാലിക സ്ഥിരതയും ആശ്വാസവും നൽകുന്നു.




## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#092425

## SEEKING BRIDEGROOM

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#100825

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#092425

## Holiday Let
## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#092425

## ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#100125

## ബേബി സിറ്ററെ ആവശ്യമുണ്ട്

**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#091725

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ക്രിസ്റ്റി തോമസ്**

#100125

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ജെറി കുര്യാക്കോസ്**

#100125

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


# എല്ലാ ബന്ദികളേയും വീണ്ടെടുക്കാൻ കഴിഞ്ഞു, ബന്ദികളുടെ മൃതദേഹഭാഗങ്ങളും തിരികെ നൽകിയതായി ഹമാസ്



ഗാസാ സിറ്റി: ഹമാസിന്റെ സൈനിക വിഭാഗമായ ഖസ്സാം ബ്രിഗേഡ്സ് ബുധനാഴ്ച രാത്രി അധിക ഉപകരണങ്ങളില്ലാതെ വീണ്ടെടുക്കാൻ കഴിഞ്ഞ ഇസ്രായേലി ബന്ദികളുടെ എല്ലാ അവശിഷ്ടങ്ങളും കൈമാറിയതായി പറഞ്ഞു. ഇത് ഗാസ മുനമ്പിൽ ഇസ്രായേലുമായി ഒരു വെടിനിർത്തൽ തുടരാൻ സാധ്യതയുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. പലസ്തീൻ തീവ്രവാദി സംഘം ഹമാസ് ഉറപ്പ് നൽകിയതിൽ പ്രതിജ്ഞാബദ്ധരാണെന്നും ജീവിച്ചിരിക്കുന്ന തടവുകാരുടെയും വീണ്ടെടുക്കാൻ കഴിയുന്ന മൃതദേഹങ്ങളുടെയും കാര്യത്തിൽ എല്ലാവരെയും കൈമാറിയെന്നും ഹമാസ് പ്രസ്താവനയിൽ വ്യക്തമാക്കി. എന്നാൽ മരിച്ച തടവുകാരുടെ അവശിഷ്ടങ്ങൾ കണ്ടെത്താനും പുറത്തെടുക്കാനും പ്രത്യേക ഉപകരണങ്ങൾ ആവശ്യമാണെന്നും അവർ പറഞ്ഞു. അതിനായി അവർ വലിയ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും കൂട്ടിച്ചേർത്തു.

കഴിഞ്ഞ ആഴ്ച അന്താരാഷ്ട്ര മധ്യസ്ഥരുടെ മധ്യസ്ഥതയിൽ ഉണ്ടായ വെടിനിർത്തൽ വ്യവസ്ഥകൾ പ്രകാരം, ഇസ്രായേലും ഹമാസും യുദ്ധം നിർത്തുകയും തീവ്രവാദി സംഘം കൈവശം വച്ചിരുന്ന എല്ലാ ജീവിച്ചിരിക്കുന്ന ബന്ദികളെയും മരിച്ചവരുടെ മൃതദേഹങ്ങളും തിരികെ നൽകുകയും ചെയ്യണം എന്നായിരുന്നു. ഇസ്രായേൽ കൈവശം വച്ചിരിക്കുന്ന പലസ്തീനികളെ മോചിപ്പിക്കുന്നതിന് പകരമായി മറ്റ് വ്യവസ്ഥകൾ ഉൾപ്പെടെ ഇതിൽ വ്യക്തമാക്കിയിരുന്നു.

# പെന്റഗൺ മാധ്യമപ്രവർത്തകർ ബാഡ്ജ് തിരികെ നൽകി



യുഎസ് പ്രതിരോധ വകുപ്പ് (ഡിഫൻസ് ഡിപ്പാർട്ട്മെന്റ്) പത്രപ്രവേശന നിയമങ്ങൾ കർശനമാക്കുന്നതിനാൽ, പെന്റഗൺ ഓഫീസിലെ നിരവധി മാധ്യമപ്രവർത്തകർ ബുധനാഴ്ച അവരുടെ ഓഫീസുകൾ വിട്ടതായി റിപ്പോർട്ട്. മാധ്യമ പ്രവർത്തകർ പത്രബാഡ്ജുകൾ തിരികെ നൽകി എന്നാണ് പുറത്തു വരുന്ന വിവരം.

അതേസമയം ഡിഫൻസ് ഡിപ്പാർട്ട്മെന്റ്, ന്യൂസ് ഔട്ട്ലെറ്റുകൾക്ക് ചൊവ്വാഴ്ച അവസാന തീയ്യതി നിശ്ചയിച്ചിരുന്നു. പുതുതായി വന്ന പെന്റഗൺ ആക്സസ് നയം ഒപ്പുവെക്കുക അല്ലെങ്കിൽ പത്രപ്രവേശന ബാഡ്ജും ഓഫീസ് ആക്സസും നഷ്ടപ്പെടും എന്ന് അധികൃതർ വ്യക്തമാക്കിയിരുന്നു.

എന്നാൽ റോയിട്ടേഴ്സ് ഉൾപ്പെടെ 30ഓളം മാധ്യമങ്ങൾ, പത്രസ്വാതന്ത്ര്യത്തിന് ഭീഷണി ഉണ്ടാകുമെന്ന് പറഞ്ഞ്, ഒപ്പിടുന്നത് തള്ളി. പുതിയ നയപ്രകാരം, മാധ്യമപ്രവർത്തകർ പത്രപ്രവേശന നിയമങ്ങൾ അംഗീകരിക്കണം. രഹസ്യ വിവരങ്ങൾ ചോദിച്ചാൽ അവർ സുരക്ഷാ ഭീഷണിയെന്ന് കണക്കാക്കുകയും പത്രബാഡ്ജ് റദ്ദാക്കപ്പെടുകയും ചെയ്യാം. പെന്റഗൺ പ്രസ് അസോസിയേഷൻ ഇത് 'പത്രസ്വാതന്ത്ര്യത്തിന് ഇരുണ്ട ദിവസം' എന്ന് വിശേഷിപ്പിച്ചു. ഡിഫൻസ് സെക്രട്ടറി പീറ്റർ ഹെഗ്സെത്ത്, മുൻ ഫോക്സ് ന്യൂസ് ഹോസ്റ്റായ, പുതുതായി പത്രപ്രവേശന നിയന്ത്രണങ്ങൾ വിപുലീകരിച്ചാണ് പുതിയ നയം. ഫോക്സ് ന്യൂസ് ഉൾപ്പെടെ ചില മാധ്യമസംഘടനകൾ പുതിയ നിയന്ത്രണങ്ങളിൽ ഒപ്പുവെക്കുന്നത് നിരസിച്ചിട്ടുണ്ട്.

# ഇസ്രയേൽ–ഹമാസ് സംഘർഷത്തിന്റെ നാൾ വഴി



ഇസ്രായേൽ-ഹമാസ് യുദ്ധം അവസാനിച്ചിരിക്കുകയാണ്. ഈജിപ്റ്റിൽ നടന്ന ഉച്ചകോടിയിൽ ഗാസ സമാധാന കരാർ ഒപ്പുവെച്ചതോടെയാണ് യുദ്ധത്തിന് ഔദ്യോഗിക പരിസമാപ്തിയായത്. അതേസമയം ഉച്ചകോടിയിൽ നിന്ന് അവസാന നിമിഷം ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു പിൻമാറിയതും പിന്നീട് ഡ്രോൺ ആക്രമണം നടന്നതും കരാറിലെ കല്ലുകടിയായി.

ഗാസ സമാധാന പദ്ധതി അംഗീകരിക്കുകയും വെടിനിർത്തൽ പ്രാബല്യത്തിൽ വരികയും ചെയ്തതോടെ മിഡിൽ ഈസ്റ്റിൽ രണ്ട് വർഷത്തിന് ശേഷം സമാധാനത്തിന്റേയും ആശ്വാസത്തിന്റേയും പകൽ ഉദിച്ചെന്നായിരുന്നു ലോകം മുഴുവൻ ആശ്വസിച്ചത്. ഇസ്രായേലും ഹമാസും തമ്മിലുള്ള പുതിയ ഗാസ വെടിനിർത്തൽ കരാറിന്റെ ഭാഗമായി തിങ്കളാഴ്ച ഹമാസ് 20 ഇസ്രായേലി ബന്ദികളെ റെഡ് ക്രോസിന് വിട്ടയയ്ക്കുകയും ചെയ്തിരുന്നു. ബന്ദികളെ രണ്ട് ഘട്ടങ്ങളിലായാണ് വിട്ടയച്ചത്.

ആദ്യ ഘട്ടത്തിൽ, ഏഴ് ബന്ദികളെ രാവിലെയും രണ്ടാം ഘട്ടത്തിൽ 13 പേരെ വൈകുന്നേരവും വിട്ടയച്ചിരുന്നു. രണ്ട് വർഷത്തെ കാരാഗ്രഹ വാസത്തിന് ശേഷം അവർ നാട്ടിലേക്ക് മടങ്ങി. വെടിനിർത്തലിന്റെ മധ്യസ്ഥനായ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഗാസ സമാധാന ഉച്ചകോടിക്കായി ഈജിപ്തിൽ എത്തിയിരുന്നു.

'യുദ്ധം അവസാനിച്ചു. ഇതൊരു മഹത്തായ ദിവസമാണ്. ഇതൊരു പുതിയ തുടക്കമാണ്,' വെടിനിർത്തലിനെ സ്വാഗതം ചെയ്തുകൊണ്ട് ട്രംപ് പറഞ്ഞു. നിരായുധീകരണ പദ്ധതി ഹമാസ് പാലിക്കുമെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

അതേസമയം പാർലമെന്റ് പ്രസംഗത്തിൽ ഇസ്രായേലിനുള്ള അമേരിക്കയുടെ അചഞ്ചലമായ പിന്തുണ ട്രംപ് വീണ്ടും ഉറപ്പിച്ചു. 'ഇസ്രായേലിനും മുഴുവൻ മിഡിൽ ഈസ്റ്റിനും ഇത് ഒരു ആവേശകരമായ പുതിയ അധ്യായം അടയാളപ്പെടുത്തുന്നുവെന്നായിരുന്നു ട്രംപിന്റെ ഭാഷ്യം. മേഖലയിലുടനീളം, മിഡിൽ ഈസ്റ്റിനെ വളരെക്കാലമായി ബാധിച്ച അരാജകത്വത്തിന്റെയും ഭീകരതയുടെയും നാശത്തിന്റെയും ശക്തികൾ ഇപ്പോൾ ദുർബലപ്പെടുകയും ഒറ്റപ്പെടുകയും പരാജയപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ്കോഫ്, ഉദേഷ്ടാവ് ജാരെഡ് കുഷ്നർ, സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, യുദ്ധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് എന്നിവരുൾപ്പെടെയുള്ള തന്റെ സംഘത്തിന്റെ പ്രവർത്തനങ്ങളെയും ട്രംപ് പ്രശംസിച്ചു. ഇസ്രായേലിന്റെ പ്രതിരോധശേഷി അദ്ദേഹം എടുത്തുകാട്ടി. ഇസ്രായേലികൾക്കും പലസ്തീനികൾക്കും 'ദീർഘവും വേദനാജനകവുമായ പേടിസ്വപ്നം ഒടുവിൽ അവസാനിച്ചു' എന്ന് ട്രംപ് പ്രഖ്യാപിച്ചു.

## ഇസ്രയേൽഹമാസ് സംഘർഷത്തിന്റെ നാൾ വഴി

**2023 ഒക്ടോബർ 7:** തെക്കൻ ഇസ്രയേലിൽ ഹമാസ് മിന്നലാക്രമണത്തിൽ 1200 പേർ കൊല്ലപ്പെട്ടു. 1195 പേർക്കു പരുക്കേറ്റു. 251 പേരെ ഹമാസ് ബന്ദികളാക്കി.

**ഒക്ടോബർ 8:** ഹമാസിനെതിരെ യുദ്ധം പ്രഖ്യാപിച്ച ഇസ്രയേൽ ഗാസയിലേക്കുള്ള വൈദ്യുതി വിഛേദിച്ചു. ഇസ്രയേൽ വ്യോമാക്രമണവും ഉരോധവും ശക്തമാക്കിയതോടെ ഗാസയിൽനിന്ന് അഭയാർഥിപ്രവാഹം.

**ഒക്ടോബർ 14** : വടക്കൻ ഗാസയിൽ നിന്ന് ഒഴിഞ്ഞുപോകാനുള്ള ഇസ്രയേലിന്റെ അന്ത്യശാസനത്തെത്തുടർന്നു തെക്കൻ ഭാഗത്തേക്കു പാലസ്തീൻകാരുടെ കൂട്ടപ്പലായനം.

**ഒക്ടോബർ 24** : ഗാസയിൽ മൂന്നിൽരണ്ട് ആരോഗ്യകേന്ദ്രങ്ങളും അടച്ചു.

**ഒക്ടോബർ 28** : ജീവകാരുണ്യസഹായമെത്തിക്കാൻ ഗാസയിൽ വെടിനിർത്തൽ ആവശ്യപ്പെട്ട് ഐക്യരാഷ്ട്ര സംഘടന പ്രമേയം പാസാക്കി. വോട്ടെടുപ്പിൽ ഇന്ത്യ വിട്ടുനിന്നു.

**നവംബർ 23:** ഖത്തറിന്റെ മധ്യസ്ഥതയിൽ വെടിനിർത്തൽ പ്രഖ്യാപിച്ചു. ഒരാഴ്ച നീണ്ട വെടിനിർത്തലിനിടെ 105 ബന്ദികളെ ഹമാസ് വിട്ടയച്ചു. 240 പലസ്തീൻ തടവുകാരെ ഇസ്രയേലും മോചിപ്പിച്ചു.

**ഡിസംബർ 1:** ഇസ്രയേൽ ആക്രമണം പുനരാരംഭിച്ചു. ഗാസയിൽ മരണം 15,000 കടന്നു.

**2024 ജനുവരി 2:** ലബനൻ തലസ്ഥാനമായ ബെയ്റൂട്ടിൽ ഇസ്രയേൽ നടത്തിയ ഡ്രോൺ ആക്രമണത്തിൽ ഹമാസിന്റെ രാഷ്ട്രീയകാര്യ ഉപമേധാവി സാലിഹ് അൽ അരൂരി അടക്കം 4 പേർ കൊല്ലപ്പെട്ടു.

**ജനുവരി 21:** ഗാസയിൽ കൊല്ലപ്പെട്ട പലസ്തീൻകാരുടെ എണ്ണം 25,000 കടന്നു.

**ഫെബ്രുവരി 14:** കയ്റോയിൽ നടന്ന വെടിനിർത്തൽ ചർച്ച പരാജയപ്പെട്ടു.

**മാർച്ച് 9:** ഹമാസ് നേതൃനിരയിലെ രണ്ടാമനായ മർവൻ ഈസ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു.

**മാർച്ച് 25:** ഗാസയിൽ വെടിനിർത്തലും ജീവകാരുണ്യ സഹായമെത്തിക്കലും ആവശ്യപ്പെടുന്ന പ്രമേയം യുഎൻ രക്ഷാസമിതി പാസാക്കി. 15 അംഗ സമിതിയിലെ 14 രാജ്യങ്ങളും അനുകൂലിച്ചു; യുഎസ് വിട്ടുനിന്നു.

**ഏപ്രിൽ 7:** യുദ്ധം 6 മാസം പിന്നിട്ടതോടെ ഗാസയിൽ 84% ആശുപത്രികളും തകർന്നു.

**മെയ് 12:** കൊല്ലപ്പെട്ട പലസ്തീൻകാരുടെ എണ്ണം 35,000 കടന്നു.

**ജൂലൈ 31:** ഹമാസ് രാഷ്ട്രീയകാര്യ മേധാവി ഇസ്മായിൽ ഹനിയ ഇറാൻ സന്ദർശനത്തിനിടെ കൊല്ലപ്പെട്ടു.

**ഓഗസ്റ്റ് 26:** യുഎസ്, ഖത്തർ, ഈജിപ്ത് എന്നിവയുടെ മധ്യസ്ഥതയിൽ നടത്തിയ സമാധാന ചർച്ച പരാജയം.

**സെപ്തംബർ 1:** പാലസ്തീനിൽ പോളിയോ വാക്സിനേഷനായി ദിവസവും പകൽ 8 മണിക്കൂർ വെടിനിർത്തലിനു ഹമാസും ഇസ്രയേലും തയാറായതോടെ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ വാക്സീൻ വിതരണം

**സെപ്തംബർ 2:** ബന്ദികളുടെ മോചനത്തിൽ പരാജയപ്പെട്ടെന്നാരോപിച്ച് ഇസ്രയേലിൽ പ്രക്ഷോഭം.

**സെപ്തംബർ 1718:** ഇറാൻ പിന്തുണയുള്ള സായുധസംഘടനയായ ഹിസ്ബുല്ലയെ ലക്ഷ്യമിട്ടു ലബനനിലും സിറിയയിലും ഇസ്രയേൽ നടത്തിയ സ്ഫോടനങ്ങളിൽ മൂവായിരത്തോളം പേജറുകളും വോക്കിടോക്കികളും പൊട്ടിത്തെറിച്ചു.

**സെപ്തംബർ 27:** ഹിസ്ബുല്ല മേധാവി ഹസൻ നസ്റല്ല ലബനനിലെ ബെയ്റൂട്ടിൽ ഇസ്രയേൽ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു.

**ഒക്ടോബർ 1:** ഇസ്രയേലിലേക്ക് ഇറാൻ മിസൈലാക്രമണം. ലബനനിൽ ഇസ്രയേൽ കരമാർഗം ആക്രമണം തുടങ്ങി.

ഒക്ടോബർ 7: യുദ്ധത്തിന് ഒരു വർഷം

**ഒക്ടോബർ 17:** വടക്കൻ ഗാസയിൽ ഇസ്രയേൽ ബോംബാക്രമണത്തിൽ ഹമാസ് മേധാവി യഹ്യ സിൻവർ കൊല്ലപ്പെട്ടു.

**നവംബർ 6:** ഇസ്രയേൽ പ്രതിരോധ മന്ത്രി യൊയാവ് ഗലാന്റിനെ പ്രധാന മന്ത്രി ബെന്യാമിൻ നെതന്യാഹു പുറത്താക്കി.

**നവംബർ 9:** വെടിനിർത്തൽ ചർച്ചയുടെ മധ്യസ്ഥതയിൽനിന്നു പിന്മാറുന്നുവെന്ന് ഖത്തർ.

**നവംബർ 27:** ഇസ്രയേലും ലബനനിലെ ഹിസ്ബുല്ലയും തമ്മിൽ താൽക്കാലിക വെടിനിർത്തൽ. യുഎസിന്റെയും ഫ്രാൻസിന്റെയും മധ്യസ്ഥതയിലായിരുന്നു ചർച്ചകൾ.

**ഡിസംബർ 16:** ഗാസയിൽ മരണം 45,000 കടന്നു. യുദ്ധം അവസാനിപ്പിക്കാനുള്ള കരാറിനായി യുഎസ്, ഖത്തർ, ഈജിപ്ത് എന്നിവയുടെ മധ്യസ്ഥശ്രമങ്ങൾ ഊർജിതമായി.

**2025 ജനുവരി 8:** ബന്ദികളെ കൈമാറുന്നതിൽ ഹമാസ് പരാജയപ്പെട്ടാൽ ഗുരുതര പ്രത്യാഘാതം നേരിടേണ്ടിവരുമെന്ന് നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**ജനുവരി 11:** ട്രംപ് ചുമതലയേൽക്കുന്ന 20നു മുൻപ് സമാധാനക്കരാറിൽ ധാരണയിലെത്താൻ അവസാനഘട്ട ചർച്ച.

**ജനുവരി 15:** വെടിനിർത്തൽ കരാർ ഇസ്രയേലും ഹമാസും അംഗീകരിച്ചെന്ന് ഖത്തർ പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

**ജനുവരി 19:** വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ. ഗാസ വിട്ടുപോയ ആയിരക്കണക്കിന് ജനങ്ങൾ തിരിച്ചു വരാൻ തുടങ്ങി.

**ജനുവരി 27:** ഹമാസ് ഒരു തടവുകാരനെ വിട്ടയച്ചതിനു ശേഷം, ഇസ്രയേൽ നെറ്റ്സരിം ഇടനാഴി തുറന്നു. സൈന്യം പിന്മാറ്റം തുടങ്ങി.

**ഫെബ്രുവരി 9:** കരാറിന്റെ ഭാഗമായി നെറ്റ്സരിം ഇടനാഴിയിൽ നിന്ന് ഇസ്രയേൽ സൈന്യം പൂർണമായി പിന്മാറുന്നു.

**ഫെബ്രുവരി 10:** ഇസ്രയേൽ കരാർ ലംഘനം നടത്തിയെന്നു ആരോപിച്ച് തടവുകാരുടെ മോചനം ഹമാസ് നിർത്തിവച്ചു.

**ഫെബ്രുവരി 13:** രാജ്യാന്തര സമ്മർദത്തെ തുടർന്ന് തടവുകാരുടെ മോചനം ഹമാസ് പുനരാരംഭിച്ചു.

**ഫെബ്രുവരി 22:** ആറു തടവുകാരെ വിട്ടയച്ചു

**ഫെബ്രുവരി 25:** ഏതാനും തടവുകാരുടെ മൃതദേഹങ്ങൾ കൈമാറി.

**മാർച്ച് 1:** കരാർ നീട്ടാൻ ഹമാസ് തയാറായില്ല, ഇസ്രയേൽ ഗാസയ്ക്ക് നൽകിയിരുന്ന സഹായവും വൈദ്യുതിയും കുറച്ചു.

**മാർച്ച് 18:** വെടിനിർത്തൽ ലംഘിച്ച് ഇസ്രയേൽ 'ഓപ്പറേഷൻ മൈറ്റ് ആൻഡ് സ്വോർഡ്' എന്ന പേരിൽ വ്യോമാക്രമണം നടത്തി. 400ൽ അധികം പലസ്തീൻകാർ കൊല്ലപ്പെട്ടു. സംഘർഷം വീണ്ടും വ്യാപിച്ചു.

**മാർച്ച് 25:** ഇസ്രയേൽ കരാക്രമണം കടുപ്പിച്ചു. ഇസ്രയേലിൽ വലിയ പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

**ജൂൺ 12:** ഖത്തറിന്റെയും ഈജിപ്തിന്റെയും മധ്യസ്ഥതയിൽ വെടിനിർത്തൽ ചർച്ച പുനരാരംഭിച്ചു.

**ജൂൺ 17:** കരയാക്രമണം വ്യാപിപ്പിച്ച് ഇസ്രയേൽ

**ജൂലൈ 22:** ട്രംപിന്റെ സമാധാന ശ്രമങ്ങൾക്ക് പ്രദേശിക തലത്തിൽ പിന്തുണ

**ജൂലൈ 30:** ബന്ദികളുടെ മോചനത്തിന് പകരമായി രാജ്യാന്തര തലത്തിൽ ഉറപ്പുകൾ ലഭിക്കമെന്ന് ഹമാസ്

**ഓഗസ്റ്റ് 28:** ബന്ദികളുടെ കൈമാറ്റം, ഇസ്രയേൽ സൈന്യത്തിന്റെ പിന്മാറ്റം എന്നിവ ഉൾപ്പെടുത്തി സമാധാന പദ്ധതി നിർദേശിച്ച് ട്രംപ്

**സെപ്തംബർ 3:** ഗാസ ആരോഗ്യമന്ത്രാലയം പുറത്തുവിട്ട കണക്കുപ്രകാരം ഗാസയിൽ കൊല്ലപ്പെട്ട 64,232 പേരിൽ 30 ശതമാനവും കുട്ടികൾ.

**സെപ്തംബർ 9:** വെടിനിർത്തൽ ചർച്ചകൾക്കായി എത്തിയ ഹമാസ് നേതാക്കളെ ലക്ഷ്യമിട്ട് ഖത്തറിലെ ദോഹയിൽ ഇസ്രയേൽ വ്യോമാക്രമണം.

**സെപ്തംബർ 22:** യുഎൻ പൊതുസഭ വാർഷികസമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ, സൗദിയും ഫ്രാൻസും സംഘടിപ്പിച്ച ഉച്ചകോടിയിൽ ബ്രിട്ടനടക്കം ഭൂരിപക്ഷം യൂറോപ്യൻ രാജ്യങ്ങൾക്കു പിന്നാലെ പലസ്തീനു രാഷ്ട്രപദവി അംഗീകരിച്ചു ഫ്രാൻസും പ്രഖ്യാപനം നടത്തി.

**സെപ്തംബർ 26:** യുഎൻ പൊതുസഭയിൽ ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു പ്രസംഗിക്കാൻ എഴുന്നേറ്റതിനു പിന്നാലെ ഭൂരിപക്ഷം രാജ്യങ്ങളുടെയും പ്രതിനിധികൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

**സെപ്തംബർ 29:** വൈറ്റ് ഹൗസിൽ ഡോണൾഡ് ട്രംപ് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു നിർണായക കൂടിക്കാഴ്ച. കൂടിക്കാഴ്ചയ്ക്കിടെ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ ഫോണിൽ വിളിച്ച നെതന്യാഹു, ഖത്തറിനെ ആക്രമിച്ചതിൽ ക്ഷമാപണം നടത്തി. പിന്നാലെ നെതന്യാഹുവിന്റെ സാന്നിധ്യത്തിൽ ഗാസ സമാധാനപദ്ധതി ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു.

**ഒക്ടോബർ 2:** ഗാസയിലേക്ക് സഹായവുമായി എത്തിയ 40 ഫ്ലോട്ടിലകൾ (ചെറു കപ്പലുകൾ) പിടിച്ചെടുത്ത് ഇസ്രയേൽ നാവിക സേന. സ്വീഡിഷ് ആക്ടിവിസ്റ്റ് ഗ്രേറ്റ ട്യുൻബെർഗ് ഉൾപ്പെടെ 46 രാജ്യങ്ങളിൽനിന്നുള്ള 450 മനുഷ്യാവകാശ പരിസ്ഥിതി പ്രവർത്തകർ സെപ്തംബർ ആദ്യം ബാർസിലോനയിൽനിന്ന് ഗാസ ലക്ഷ്യമാക്കി പുറപ്പെട്ടത്.

**ഒക്ടോബർ 3:** യുഎസ് പ്രാദേശിക സമയം ഒക്ടോബർ 5ന് വൈകിട്ട് ആറിനു മുൻപ് സമാധാന പദ്ധതി അംഗീകരിക്കണമെന്നും അല്ലെങ്കിൽ സർവനാശമാണെന്നും ഹമാസിന് ട്രംപിന്റെ മുന്നറിയിപ്പ്. എല്ലാ ബന്ദികളെയും മോചിപ്പിക്കാമെന്നും ഗാസയുടെ ഭരണം കൈമാറാമെന്നും തർക്കവിഷയങ്ങളിൽ ചർച്ച വേണമെന്നും പിന്നാലെ ഹമാസ് പ്രതികരിച്ചു. ആക്രമണം നിർത്താൻ ഇസ്രയേലിനോട് ആവശ്യപ്പെട്ട് ട്രംപ്.

**ഒക്ടോബർ 4:** ഗാസയിലെ വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ടാങ്കുകൾ ഉയോഗിച്ച് ഇടിച്ചുനിരത്തുന്നത് തുടർന്ന് ഇസ്രയേൽ.

**ഒക്ടോബർ 6:** ഡോണൾഡ് ട്രംപ് മുന്നോട്ടുവച്ച ഗാസ സമാധാനപദ്ധതിയുടെ ആദ്യഘട്ട ചർച്ച ഈജിപ്തിലെ ഷാമെൽ ഷെയ്ഖ് റിസോർട്ടിൽ ആരംഭിച്ചു. ഇതുവരെ ഗാസയിൽ കൊല്ലപ്പെട്ടത് 67,160 പലസ്തീൻകാർ

**ഒക്ടോബർ 7:** ഗാസ യുദ്ധത്തിലേക്കു നയിച്ച ഹമാസിന്റെ തെക്കൻ ഇസ്രയേലിലെ ആക്രമണത്തിന് രണ്ടു വയസ്.

**ഒക്ടോബർ 8:** ഗാസ സമാധാന പദ്ധതിയുടെ ആദ്യ ഘട്ടം അംഗീകരിച്ച് ഇസ്രയേലും ഹമാസും, ബന്ദികളെ മോചിപ്പിക്കും; ഈജിപ്തിലേക്ക് പോകുമെന്ന് ട്രംപ്.

**ഒക്ടോബർ 13:** ഗാസയിൽ ശേഷിച്ച 20 ബന്ദികളെ ഹമാസും 1968 പലസ്തീൻ തടവുകാരെ ഇസ്രയേലും മോചിപ്പിച്ചു. ഗാസ സിറ്റിയിലെ സബ്ര പട്ടണത്തിൽ ഹമാസും വിമതരും തമ്മിലുള്ള ഏറ്റുമുട്ടലിനിടെ വെടിയേറ്റ് പ്രമുഖ പലസ്തീൻ മാധ്യമപ്രവർത്തകൻ സ്വാലിഹ് അൽജാഫറാവി (28) കൊല്ലപ്പെട്ടു.

ബന്ദികൈമാറ്റത്തിനു പിന്നാലെ ഇസ്രയേലിൽ എത്തി പാർലമെന്റിനെ അഭിസംബോധന ചെയ്ത് ട്രംപ്. പിന്നാലെ ട്രംപ് ഈജിപ്തിലേക്ക്. ധാരണയായ ഗാസ വെടിനിർത്തൽ കരാർ ഈജിപ്തിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അടക്കം ലോകനേതാക്കളുടെ സാന്നിധ്യത്തിൽ ഒപ്പിട്ടു.

യുഎസ്, ഈജിപ്ത്, തുർക്കി, ഖത്തർ തുടങ്ങിയ രാജ്യങ്ങളുടെ മധ്യസ്ഥതയിലാണു കരാർ സാധ്യമായത്. ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു പങ്കെടുത്തില്ല. ഗാസ സമാധാന പദ്ധതിയുടെ രണ്ടാം ഘട്ട ചർച്ചയ്ക്കു തുടക്കമായെന്ന് ട്രംപ്.



# ഗാസ ഉടമ്പടിയും ട്രംപിന്റെ പശ്ചിമേഷ്യൻ താൽപര്യവും

സമകാലീന അമേരിക്കൻ നയങ്ങളിൽ പലതും പോലെ തന്നെയാണ് ട്രംപിന്റെ പശ്ചിമേഷ്യൻ നയങ്ങളും എന്നാണ് വിലയിരുത്തൽ. നിരീക്ഷിക്കുന്നവരെ ആകെ ആശയക്കുഴപ്പത്തിലാക്കുന്ന ഒരു രീതി. ഏറ്റവും ഒടുവിൽ ട്രംപ് രൂപം നൽകിയ സമാധാന ഉടമ്പടി വരെയുള്ളവ പരിശോധിക്കുമ്പോൾ ട്രംപിന്റെ പ്രാദേശിക രാഷ്ട്രീയതയ്ക്ക് രൂപം നൽകാനുള്ള ഒരു ചെറിയ കൗശലവും അതിൽ കാണാമെന്നാണ് പലരും അഭിപ്രായപ്പെടുന്നത്.



ഐക്യരാഷ്ട്ര പൊതുസഭയുടെ എൺപതാം വാർഷികത്തോട് അനുബന്ധിച്ച് നടന്ന ഒരു പറ്റം നയതന്ത്ര ചർച്ചകളിൽ നിന്നാണ് വെടിനിർത്തലിനുള്ള 20ഇന നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞിരിക്കുന്നത്. പരമാധികാരം, സ്വത്വം, മതം, സംസ്കാരം, എന്നിവയ്ക്ക് കനത്ത ഭീഷണിയാണ് ഗാസയിലെ പോരാട്ടം. വെടിനിർത്തലിനുള്ള അവസാന അവസരം എന്ന നിലയ്ക്കാണ് ഇരുപതിന നിർദ്ദേശങ്ങൾ ട്രംപ് മുന്നോട്ട് വച്ചത്. അവസരോചിതവും വിശ്വസ്യതയുമുള്ള ട്രംപിന്റെ ഈ നിർദ്ദേശങ്ങൾ തികച്ചും ശ്ലാഘനീയമാണ്.

താത്ക്കാലികമായെങ്കിലും എന്തെങ്കിലും തരത്തിലുള്ള സമാധാനം കൊണ്ടു വന്നേ മതിയാകൂ എന്നൊരു ചിന്ത അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ ട്രംപിന് ചില വ്യക്തിപരമായ താത്പര്യങ്ങൾ കൂടിയുണ്ടെന്നും ചില അഭിപ്രായങ്ങളുണ്ട്. സമാധാന നൊബേൽ സ്വന്തമാക്കാനാണ് ഇത്തരം ചില പ്രവർത്തനങ്ങൾക്ക് അദ്ദേഹം ചുക്കാൻ പിടിച്ചതെന്നും ചിലർ അഭിപ്രായപ്പെട്ടിരുന്നു. ഭാഗികമായെങ്കിലും ഇരുപക്ഷത്തെയും കരാർ അംഗീകരിക്കാൻ സമ്മർദ്ദമുണ്ടാക്കുന്നതിലൂടെ പശ്ചിമേഷ്യൻ നയത്തിൽ സങ്കീർണത പ്രതിഫലിപ്പിച്ച് കൊണ്ട് തന്നെ ട്രംപിന് ഒരു സന്തുലിതത്വം സൃഷ്ടിക്കാനും കഴിഞ്ഞു.

ഒക്ടോബർ ഏഴിന് ഇസ്രയേലിനെ ഹമാസ് ആക്രമിച്ചതിന് പിന്നാലെ ട്രംപ് നെതന്യാഹു ബന്ധം പരീക്ഷണത്തിലായിരുന്നു. ദോഹയിലെ ഹമാസ് നേതാക്കളെ ഇസ്രയേൽ ആക്രമിക്കുന്നത് വരെ കാര്യങ്ങൾ നീണ്ടു. ഖത്തറിനു മേൽ ഇസ്രയേൽ നടത്തിയ ആക്രമണത്തോട് ട്രംപ് പരസ്യ പ്രതികരണം നടത്തിയിട്ടില്ല. എന്നാൽ സ്വകാര്യമായി ഇസ്രയേലിനോട് ശക്തമായി തന്നെ തന്റെ ആശങ്കകൾ ട്രംപ് പങ്കുവച്ചിരുന്നു. തുടർന്ന് ഖത്തർ സുരക്ഷ ഉറപ്പാക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവും ട്രംപ് പുറത്ത് വിട്ടിരുന്നു.

അമേരിക്കയെ സംബന്ധിച്ച് പശ്ചിമേഷ്യ എന്നും ഒരു വിചിത്ര ലോകമാണ്. അത് അങ്ങനെ തന്നെ തുടരുകയും ചെയ്യും. മേഖലയിൽ നിന്ന് തന്ത്രപരമായി പിൻവാങ്ങിയാലും ഇന്തോപസഫിക് മേഖലയിൽ തന്ത്രപരമായ ഒരു മാറ്റത്തിന് തയാറായാലും പശ്ചിമേഷ്യ ട്രംപിന് നിർണായകമായി തന്നെ തുടരും. സാമ്പത്തികതന്ത്രപരമായ കണ്ണുകളിലൂടെയാണ് പശ്ചിമേഷ്യയെ ട്രംപ് ഭരണകൂടം നോക്കുന്നത്. പോരാട്ടം തുടരുന്നതിനിടയിലും മേഖലയിലെ സാമ്പത്തിക കരുത്ത് ചോർത്തിയെടുക്കുന്നതിൽ നിന്ന് ട്രംപ് പിന്നാക്കം പോകുന്നില്ല.

യുഎഇയുമായുണ്ടാക്കിയ ഒരു കരാർ പ്രകാരം അമേരിക്കയിലെ അത്യാധുനിക ചിപ്പുകളുടെ ശക്തമായ വിപണി സൃഷ്ടിക്കാൻ ട്രംപിന് കഴിഞ്ഞു. ഇതേ നയം അമേരിക്കയ്ക്ക് ചൈനയുടെ കാര്യത്തിൽ ഭയമാണ്. സുരക്ഷാ കാരണങ്ങളാണ് ചൂണ്ടിക്കാട്ടുന്നത്. മേഖലയിലെ ശക്തമായ മറ്റൊരു പങ്കാളി സൗദി അറേബ്യയാണ്. എന്നാൽ പാകിസ്ഥാനുമായുള്ള റിയാദിന്റെ പ്രതിരോധ കരാറുകൾ അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ അത് അമേരിക്ക ശക്തമായി തന്നെ കാണേണ്ടതുണ്ടെന്നതാണ് മറ്റൊരു വസ്തുത.

ആഗോള സാമ്പത്തിക വികസനത്തിന്റെ എല്ലാ പാതകളും സന്ധിക്കുന്ന ഇടമാണ് പശ്ചിമേഷ്യ. ട്രംപിന്റെ സാമ്പത്തിക ലോക കാഴ്ചപ്പാടിൽ ഇതൊരു സ്വർണ ഖനിയാണ്. ഒക്ടോബർ ഏഴിന് ശേഷമുണ്ടായ മാറ്റങ്ങൾ ഇതെല്ലാം പരിമിതപ്പെടുത്തി. നയരൂപീകരണത്തിൽ ട്രംപിന്റെ സ്വാധീനത്തിൽ നിന്ന് പുറത്ത് കടക്കാൻ മേഖലയിലെ രാജ്യങ്ങൾക്ക് സാധിച്ചു. ഇസ്രയേൽ-ഹമാസ് സംഘർഷം തങ്ങളെ ബാധിക്കാതിരിക്കുന്നതിൽ സൗദി അറേബ്യയും യുഎഇയും വിജയിച്ചു. പശ്ചിമേഷ്യയിൽ കാര്യങ്ങൾ നിശ്ചയിക്കുന്നതിൽ അമേരിക്കൻ സൈന്യത്തിന് മേൽക്കോയ്മ നിശ്ചയിക്കാനാകില്ലെന്ന് മനസിലാക്കിയ ട്രംപ് സാമ്പത്തിക വികസനത്തിലേക്ക് ശ്രദ്ധ തിരിച്ചു.

പ്രദേശത്തെ അമേരിക്കയുടെ ശക്തമായ സഖ്യമായി നിലനിൽക്കുമ്പോഴും ഇസ്രയേൽ യഹൂദക്രിസ്ത്യനക മൂല്യങ്ങളിലൂടെയാണ് ഇവരുടെ ബന്ധം നിലനിൽക്കുന്നത്. അമേരിക്കയിൽ ശക്തമായ ഒരു ഇസ്രയേൽ കെട്ടുറപ്പുണ്ട്. ഹോളോകോസ്റ്റ് വരെ നീളുന്ന ചരിത്രപരമായ ബന്ധമാണ് ഇതിനുള്ളത്. അടുത്ത കൊല്ലം നടക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ ഇതെല്ലാം ട്രംപിന് അനുകൂലമായേക്കാം. മേഖലയിൽ സമാധാനം സ്ഥാപിച്ച അമേരിക്കൻ പ്രസിഡന്റെന്ന ഖ്യാതി സ്വന്തമാക്കുക എന്ന ട്രംപിന്റെ ഉദ്ദേശ്യവും ഏതാണ്ട് ലക്ഷ്യം കണ്ടു.

അതേസമയം തന്നെ ഇസ്രേയലിന് പൂർണ പിന്തുണ നൽകുകയും. സൈന്യത്തെ ഉപയോഗിക്കാനുള്ള ട്രംപിന്റെ കഴിവും അസാധാരണമാണ്. വർഷങ്ങളായി തുടരുന്ന, ചരിത്രത്തെയും സംസ്കാരത്തെയും ഭൂമിശാസ്ത്രത്തെയും എല്ലാം ഇല്ലാതാക്കിയ ഒരു പോരാട്ടം അവസാനിപ്പിക്കാനുള്ള ഒരു മികച്ച അവസരം ട്രംപ് നല്ല രീതിയിൽ തന്നെ കൈകാര്യം ചെയ്യുകയും ചെയ്തു.




## കാനഡ – സ്റ്റെല്ലാന്റിസ് തർക്കം: ഉത്പാദനം യു.എസിലേക്ക് മാറ്റിയാൽ നിയമനടപടി;

# ജീപ്പ് കോംപസ് കാനഡ വിടുന്നു

ഓട്ടോ മേഖലയിൽ ആശങ്ക; ട്രഷറി സെക്രട്ടറി ഡോണൾഡ് ട്രംപിന്റെ താരിഫ് നയത്തെ കുറ്റപ്പെടുത്തി കാർ നിർമ്മാതാക്കളായ സ്റ്റെല്ലാന്റിസിന്റെ (Stellantis) ഉത്പാദനം കാനഡയിൽ നിന്ന് അമേരിക്കയിലേക്ക് മാറ്റാനുള്ള തീരുമാനത്തിനെതിരെ കാനഡ നിയമ നടപടിക്ക് ഒരുങ്ങുന്നു.

ജീപ്പ് കോംപസ് മോഡലിന്റെ ഉത്പാദനം കാനഡയിലെ ഒന്റാറിയോയിലുള്ള ബ്രാംപ്ടൺ പ്ലാന്റിൽ (Brampton plant) നിന്ന് യു.എസിലെ ഇല്ലിനോയിസിലേക്ക് മാറ്റാനുള്ള കമ്പനിയുടെ നീക്കമാണ് കാനഡയെ ചൊടിപ്പിച്ചത്. യു.എസിൽ 13 ബില്യൺ ഡോളറിന്റെ (ഏകദേശം 1,08,000 കോടിയിലധികം ഇന്ത്യൻ രൂപ) വമ്പൻ നിക്ഷേപം പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് സ്റ്റെല്ലാന്റിസ് ഈ നിർണായക തീരുമാനം അറിയിച്ചത്.

### സർക്കാർ നൽകിയ സാമ്പത്തിക സഹായം

കാനഡയിലെ ഉത്പാദന കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് വേണ്ടി സ്റ്റെല്ലാന്റിസിന് ഫെഡറൽ സർക്കാരും ഒന്റാറിയോ പ്രവിശ്യാ സർക്കാരും ചേർന്ന് മുമ്പ് വലിയ സാമ്പത്തിക സഹായം നൽകിയിരുന്നു. ഈ സഹായം സ്വീകരിപ്പോൾ, ബ്രാംപ്ടൺ പ്ലാന്റ് ഉൾപ്പെടെയുള്ള തങ്ങളുടെ മുഴുവൻ കനേഡിയൻ ഉത്പാദന സാന്നിധ്യവും നിലനിർത്താമെന്ന് കമ്പനി കരാർ നൽകിയിരുന്നു.

'ഈ കരാറിലെ പ്രതിബദ്ധതകൾ പാലിക്കാതെ ഉത്പാദനം മാറ്റാനുള്ള നീക്കം അംഗീകരിക്കാനാവില്ല,' എന്ന് കനേഡിയൻ വ്യവസായ മന്ത്രി മെലാനി ജോളി സ്റ്റെല്ലാന്റിസ് സിഇഒയ്ക്ക് അയച്ച കത്തിൽ വ്യക്തമാക്കി. കമ്പനി തങ്ങളുടെ ബാധ്യതകളിൽ നിന്ന് വ്യതിചലിച്ചാൽ, കരാർ ലംഘനമായി കണക്കാക്കുകയും നിയമനടപടി ഉൾപ്പെടെയുള്ള എല്ലാ സാധ്യതകളും ഉപയോഗിച്ച് കമ്പനിയെ പൂർണ്ണമായി കണക്കിൽ കൊണ്ടുവരുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി.

### ട്രംപിന്റെ താരിഫുകൾ കാരണമായെന്ന് ആക്ഷേപം

സ്റ്റെസല്ലാന്റിസിന്റെ ഈ അപ്രതീക്ഷിത തീരുമാനത്തിന് പിന്നിൽ യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപ് കനേഡിയൻ ഉത്പന്നങ്ങൾക്ക് മേൽ പ്രഖ്യാപിച്ച ഉയർന്ന താരിഫ് (ചുങ്കം) നയമാണെന്ന് കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി ഉൾപ്പെടെയുള്ളവർ കുറ്റപ്പെടുത്തി.

ബ്രാംപ്ടൺ പ്ലാന്റിൽ ഏകദേശം 3,000 തൊഴിലാളികളുടെ ജോലിയെയാണ് ഈ നീക്കം പ്രതികൂലമായി ബാധിക്കുക.യു.എസിലെ നിക്ഷേപം വഴി ഇല്ലിനോയിസിൽ 3,300 പുതിയ ജോലികൾ സൃഷ്ടിക്കുമെന്നും സ്റ്റെറ്റാന്റിസ് അറിയിച്ചിട്ടുണ്ട്.

എങ്കിലും, കാനഡ തങ്ങൾക്ക് പ്രധാനപ്പെട്ട രാജ്യമാണെന്നും ഒന്റാറിയോയിലെ വിൻഡ്സർ പ്ലാന്റിൽ ഒരു പുതിയ ഷിഫ്റ്റ് കൂടി ചേർക്കാൻ പദ്ധതിയുണ്ടെന്നും ബ്രാംപ്ടൺ പ്ലാന്റിന്റെ ഭാവി സംബന്ധിച്ച് കനേഡിയൻ സർക്കാരുമായി ചർച്ച തുടരുമെന്നും സ്റ്റെല്ലാന്റിസ് പ്രതികരിച്ചു.



# വള്ളസദ്യ കഴിച്ചത് ദേവന് നിവേദിച്ച ശേഷം: മന്ത്രി വാസവൻ

കോട്ടയം: ആറന്മുള അഷ്ടമി രോഹണി വള്ളസദ്യയിൽ താൻ ഒരു ആചാര ലംഘനവും നടത്തിയിട്ടില്ലെന്ന് ദേവസ്വം മന്ത്രി വി.എൻ. വാസവൻ. ‘മേൽശാന്തി ദേവന് നിവേദിച്ച ശേഷമാണ് താൻ കഴിച്ചത്. എടുത്തു കഴിച്ചതല്ല. പള്ളിയോട സേവാസംഘം ഭാരവാഹികൾ വിളമ്പിത്തന്നതാണ്. മന്ത്രി പി.പ്രസാദ്, സി.പി.എം ജില്ല സെക്രട്ടറി രാജു എബ്രഹാം, ജില്ല പഞ്ചായത്തു പ്രസിഡന്റ് ജോർജ്എബ്രഹാം എന്നിവർക്കു പുറമേ ബി.ജെ.പി നേതാക്കളായ എം.വി. കൃഷ്ണകുമാർ, വി.കൃഷ്ണകുമാർ അടക്കം നിരവധി പ്രമുഖർ സദ്യ കഴിച്ചിരുന്നു.

‘രാവിലെ പത്തരയോടെ ആറന്മുള ക്ഷേത്രത്തിൽ എത്തി. ചടങ്ങു തുടങ്ങാൻ വൈകിയതോടെ അല്പനേരം വിശ്രമിച്ചു. 11 മണിയോടെ കൊടിമരച്ചുവട്ടിൽ എത്തി. 11.05 ന് വിഭവങ്ങൾ വിളമ്പി വള്ളസദ്യ ഉദ്ഘാടനം ചെയ്തു.

തുടർന്ന് മേൽ ശാന്തി ശ്രീകോവിലിനുള്ളിൽ സദ്യ നേദിച്ചു. 11.20ന് ചടങ്ങുകൾ പൂർത്തിയായി. പള്ളിയോടങ്ങൾ തുഴഞ്ഞെത്തിയ കരക്കാരെ സ്വീകരിച്ചശേഷം 11.45 നാണ് സദ്യയുണ്ണാനിരുന്നത്.

പള്ളിയോട സേവാസംഘം പ്രസിഡന്റ് കെ.വി. സാംബദേവന്റെയും മറ്റു കമ്മിറ്റിയംഗങ്ങളുടെയും നിർദ്ദേശപ്രകാരമാണ് ഓരോ ചടങ്ങിലും പങ്കെടുത്തത്. ഭഗവാന് നേദിക്കും മുമ്പ് മന്ത്രിക്ക് സദ്യവിളമ്പിയെന്നത് ആഗോള അയ്യപ്പസംഗമ, സ്വർണപ്പാളി വിവാദങ്ങൾക്കു ശേഷം സർക്കാരിനെതിരെ മറ്റൊരു വിവാദം ഉണ്ടാക്കാനുള്ള ബി.ജെ.പി സംഘ പരിവാർ ഗൂഢനീക്കമായാണ് കാണുന്നത്. ഒരു ആചാരലംഘനവും നടക്കാത്ത സാഹചര്യത്തിൽ പ്രായശ്ചിത്തം വേണമെന്ന വാദത്തിന് പ്രസക്തിയില്ല.

തദ്ദേശ,നിയമസഭ തിരഞ്ഞെടുപ്പുകൾ അടുത്തതോടെ ഹൈന്ദവ വിശ്വാസികളെ ഇടതു മുന്നണിക്കെതിരെ തിരിക്കാനുള്ള അജണ്ടയുടെ ഭാഗമാണ് പുതിയ വിവാദമെന്നു സംശയിക്കേണ്ടിയിരിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.



### ആസൂത്രിതമായ കുബുദ്ധി

ആറന്മുള പാർത്ഥസാരഥി ക്ഷേത്രം തന്ത്രിയുടെ ആരോപണം ആസൂത്രിതമായ കുബുദ്ധിയാണെന്ന് മന്ത്രി വി. എൻ. വാസവൻ ആരോപിച്ചു. കടവിൽ പോയി പള്ളിയോടങ്ങളെ സ്വീകരിച്ച് മടങ്ങാനൊരുങ്ങുമ്പോൾ ചടങ്ങ് പൂർത്തിയാകണമെങ്കിൽ ഊട്ടുപുരയിൽ പോയി അവരോടൊപ്പം ഭക്ഷണം കഴിക്കണമെന്ന് പറഞ്ഞത് പള്ളിയോട സേവാസംഘം പ്രസിഡന്റ് കെ. വി. സാംബദേവനാണ്. അദ്ദേഹമാണ് ഭക്ഷണം വിളമ്പിയത്.

### പള്ളിയോട സേവാസംഘത്തിന് എതിരെ ഉപദേശക സമിതി

ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ ദേവന് നേദിക്കും മുമ്പ് മന്ത്രിക്ക് വള്ളസദ്യ വിളമ്പിയതുമായി ബന്ധപ്പെട്ട ആചാര ലംഘനത്തിന്റെ ഉത്തരവാദികൾ പള്ളിയോട സേവാസംഘമാണെന്ന് ക്ഷേത്രം ഉപദേശകസമിതി ആരോപിച്ചു. തന്ത്രി നിർദ്ദേശിച്ച പ്രായശ്ചിത്തം ചെയ്യാൻ പള്ളിയോട സേവാസംഘം തയ്യാറാകണം. പ്രായശ്ചിത്തം വൃശ്ചികം ഒന്നിനുമുമ്പ് നടത്തണം.

ക്ഷേത്രത്തിൽ കളഭാഭിഷേകത്തിനുശേഷം ഉച്ചപൂജയ്ക്ക് നിവേദ്യം സമർപ്പിക്കുന്നത് രാവിലെ 11.15നും 11.45നും ഇടയിലാണ്. അതിനുമുമ്പ് 10.45 ന് വള്ളസദ്യ നടത്തിയതിനെ അന്നുതന്നെ ചോദ്യം ചെയ്തിരുന്നു. ഇക്കാര്യത്തിൽ തന്ത്രി പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാടിനോട് അഭിപ്രായം ചോദിച്ചിരുന്നു. ദേവസ്വം ബോർഡ് അഭിപ്രായം ചോദിച്ചാൽ മറുപടി നൽകാമെന്ന് തന്ത്രി പറഞ്ഞു. സമിതിയുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം ബോർഡ് തന്ത്രിയോട് അഭിപ്രായം ചോദിച്ചതെന്ന് പ്രസിഡന്റ് വിജയൻ നടമംഗലത്തും സെക്രട്ടറി ശശി കണ്ണങ്കേരിലും പറഞ്ഞു. മുമ്പും വി.ഐ.പികൾക്കു വേണ്ടി വള്ളസദ്യ നേരത്തേ വിളമ്പിയിട്ടുണ്ടെന്നാണ് പള്ളിയോട സേവാസംഘം പ്രസിഡന്റ് കെ.വി.സാംബദേവന്റെ നിലപാട്.

### മന്ത്രി വാസവൻ രാജി വയ്ക്കണം: അടൂർ പ്രകാശ്

തിരുവനന്തപുരം: ശബരിമല സ്വർണത്തട്ടിപ്പ് കേസിൽ ദേവസ്വം മന്ത്രി വി.എൻ.വാസവൻ രാജി വച്ച് അന്വേഷണം നേരിടണമെന്ന് യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ് എം.പി. അന്വേഷണം സുതാര്യമാവണമെങ്കിൽ മന്ത്രി സ്ഥാനത്തുനിന്ന് വാസവനെ ഒഴിവാക്കി നിറുത്തണമെന്നും വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

ഞെട്ടിക്കുന്ന വാർത്തകളാണ് ഓരോ ദിവസവും പുറത്തു വരുന്നത്. സ്വർണത്തട്ടിപ്പിൽ ഉദ്യോഗസ്ഥർ മാത്രമല്ല, ഭരണാധികാരികളുമുണ്ടായിരുന്നു. പ്രതിചേർക്കപ്പെട്ടവർക്ക്പിന്നിൽനിന്ന്ആരുടെയെല്ലാം സഹായം ലഭിച്ചെന്നതും വ്യക്തമാവേണ്ടതുണ്ട്. ആറന്മുളയിൽ മന്ത്രി വാസവൻ ആചാര ലംഘനം നടത്തിയത് ഗൗരവതരമാണ്. ആചാരപ്രകാരം ഭഗവാന് കൊടുക്കേണ്ട സദ്യ നൽകിയ ശേഷമാണ് മന്ത്രിക്കാണെങ്കിലും മുഖ്യമന്ത്രിക്കാണെങ്കിലും വിളമ്പേണ്ടത്. മന്ത്രിക്ക് അറിവില്ലായ്മ കൊണ്ട് സംഭവിച്ചതാകാം. ആചാരാനുഷ്ഠാനങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നയാളാണ് മന്ത്രിയെങ്കിൽ ക്ഷേത്രത്തിലെ ആചാരം മനസിലാക്കി പ്രവർത്തിക്കുകയാണ് വേണ്ടിയിരുന്നത്.

അയ്യപ്പ സംഗമത്തിന് മുഷ്ടി ചുരുട്ടി ശരണം വിളിച്ചു. ശബരിമലയിലെ ആചാരനുഷ്ഠാനങ്ങളെക്കുറിച്ച് എന്തെങ്കിലും ബോധമുള്ളവരാണോ ഇവർ.










# ഹിജാബ് വിവാദം: മന്ത്രിയെ തള്ളി സ്കൂൾ അധികൃതർ




കൊച്ചി: വിദ്യാർത്ഥിനി ഹിജാബ് ധരിച്ചു സ്കൂളിലെത്തിയതുമായി ബന്ധപ്പെട്ട തർക്കത്തിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ നിലപാട് തള്ളി പള്ളുരുത്തി സെന്റ് റീത്താസ് അധികൃതർ. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ റിപ്പോർട്ട് സത്യവിരുദ്ധമാണെന്നും എട്ടാം ക്ലാസ് വിദ്യാർത്ഥിനിയെ ക്ലാസിൽ കയറ്റാതിരുന്നിട്ടില്ലെന്നും പ്രിൻസിപ്പൽ സിസ്റ്റർ ഹെലീന വ്യക്തമാക്കി.

രണ്ടു ദിവസത്തെ അവധിക്കു ശേഷം സ്കൂൾ ഇന്നലെ തുറന്നു. സ്കൂളിന് രാവിലെ ഒൻപതേ കാലോടെയാണ് ഇമെയിലിൽ നോട്ടിസ് ലഭിച്ചത്. 11 മണിക്കു മുമ്പ് മറുപടി നൽകി. ഡി.ഡി.ഇ സ്കൂളിൽ വന്നപ്പോൾ എല്ലാ തെളിവുകളുമടക്കം നൽകി. സത്യവിരുദ്ധമായ റിപ്പോർട്ടാണ് ഡി.ഡി. നൽകിയത്. സ്കൂളിലെ യൂണിഫോം തീരുമാനിക്കാൻ സ്കൂൾ അധികൃതർക്ക് അധികാരമുണ്ട്. ഇക്കാര്യം 2018ലെ കോടതി വിധിയിൽ പറയുന്നുണ്ട്. തങ്ങൾക്ക് എല്ലാ കുട്ടികളും ഒരു പോലെയാണ്. വിദ്യാർത്ഥിനിയുടെ മാതാപിതാക്കളുമായി സംസാരിക്കുമെന്നും പ്രിൻസിപ്പൽ പറഞ്ഞു. വിഷയത്തിൽ എം.പിയുടെ നേതൃത്വത്തിൽ സമവായത്തിലെത്തിയെന്ന വാദം പി.ടി.എ തള്ളി. പി.ടി.എയുമായോ മാനേജ്മെന്റുമായോ എം.പി സംസാരിച്ചിട്ടില്ല. രക്ഷിതാക്കളോട് മാത്രമായിരിക്കും സംസാരിച്ചിട്ടുണ്ടാവുക.

**വിവാദം ഒഴിവാക്കണം**

സ്കൂളിന് സംരക്ഷണം ഉറപ്പാക്കണമെന്ന് ലത്തീൻ കത്തോലിക്കാ സംഘടനകൾ ആവശ്യപ്പെട്ടു. യൂണിഫോം വിവാദത്തിൽ വിദ്യാഭ്യാസ മന്ത്രിയുടെയും വകുപ്പിന്റെയും ഇടപെടലിൽ സംഘടനകൾ പ്രതിഷേധിച്ചു. വിവാദങ്ങൾ ഒഴിവാക്കണമെന്ന് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ), കേരള റീജിയൻ ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.ആർ.എൽ.സി.സി.) എന്നിവ ആവശ്യപ്പെട്ടു.

**സ്കൂൾ തലത്തിൽ സമവായം നല്ലത് : മന്ത്രി വി.ശിവൻകുട്ടി**

തിരുവനന്തപുരം: പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിൽ ശിരോവസ്ത്രം ധരിച്ച കുട്ടിയെ ക്ലാസിൽ ഇരുത്തിയില്ലെന്ന സംഭവത്തിൽ സ്കൂൾ തലത്തിൽ സമവായമുണ്ടെങ്കിൽ നല്ലതാണെന്ന് മന്ത്രി വി.ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

രക്ഷിതാവ് പഴയ നിലപാടിൽ നിന്ന് മാറിയിട്ടുണ്ട്. രക്ഷിതാവിന് പ്രശ്നമില്ലെന്നാണ് അറിയുന്നത്. കുട്ടിയെ ക്ലാസിൽ ഇരുത്തിയില്ലെന്ന് പരാതിയിൽ വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്തു. കുട്ടിയെ ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ പുറത്തു നിർത്താനുള്ള തീരുമാനം ചട്ടവിരുദ്ധമാണെന്നായിരുന്നു റിപ്പോർട്ട്.

വർഗീയ വേർതിരിവുണ്ടാക്കാൻ ചില വിഭാഗങ്ങൾ ശ്രമിക്കുന്നുണ്ട്. സർക്കാരിന്റെ നിലപാട് വ്യക്തമാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങളും കോടതി വിധികളും മുൻനിർത്തിയാണ് മുന്നോട്ടു പോകേണ്ടത്. മാനേജ്മെന്റ് താല്പര്യം നടപ്പിലാക്കുന്ന പി.ടി.എയാണ് സ്കൂളിൽ ഇപ്പോഴുള്ളത്. അത് മാറണം. കുട്ടിയുടെ അവകാശം നിഷേധിക്കാൻ അനുവദിക്കാനാകില്ലെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

# ഷാഫിക്ക് പരിക്കേറ്റതിന്റെ ഉത്തരവാദി യു.ഡി.എഫ്: ടി.പി രാമകൃഷ്ണൻ



പേരാമ്പ്ര: പേരാമ്പ്രയിൽ ഷാഫി പറമ്പിൽ എം.പിക്ക് മർദ്ദനമേറ്റ സംഭവത്തിൽ പോലീസിനെ ന്യായീകരിച്ച് എൽ.ഡി.എഫ്. കൺവീനർ ടി.പി. രാമകൃഷ്ണൻ. പേരാമ്പ്രയിൽ സി.പി.എം സംഘടിപ്പിച്ച രാഷ്ട്രീയ വിശദീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ക്രമസമാധാന പ്രശ്നമുണ്ടാകാതിരിക്കാനാണ് പോലീസ് ശ്രമിച്ചത്. പ്രശ്നമുണ്ടാക്കിയത് ഷാഫിയാണ്. ഷാഫിക്ക് പരിക്കേറ്റെങ്കിൽ അതിന് ഉത്തരവാദി യു.ഡി.എഫ് തന്നെയാണ്. മൂക്കിന് സർജറി കഴിഞ്ഞുവെന്നാണ് പറയുന്നത്. സർജറി കഴിഞ്ഞയാൾ എങ്ങനെ പെട്ടെന്ന് സംസാരിക്കുമെന്നും അദ്ദേഹം ചോദിച്ചു. എല്ലാ തെളിവുകളും പോലീസ് പരിശോധിക്കണം. സംഘർഷ സ്ഥലത്തെത്തിയാൽ ജനപ്രതിനിധികൾ പോലീസിനോട് സംസാരിക്കണം. അതുണ്ടായില്ല. പോലീസിനെ ആക്രമിച്ചവർക്കൊപ്പമാണ് ചേർന്നത്. പോലീസിന് നേരെ അക്രമി സംഘം സ്ഫോടക വസ്തുവെറിഞ്ഞു. കൊല്ലാനും അതുവഴി കലാപമുണ്ടാക്കാനുമായിരുന്നു യു.ഡി.എഫ് ശ്രമമെന്നും അദ്ദേഹം ആരോപിച്ചു.

റൂറൽ എസ്.പിക്കു നേരെയും ടി.പി രാമകൃഷ്ണൻ പരോക്ഷ വിമർശനമുന്നയിച്ചു. ചില പോലീസ് ഉദ്യോഗസ്ഥർക്ക് ചാഞ്ചാട്ടമുണ്ട്. അത് ശരിയല്ല. എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച് നിലപാടെടുക്കണം. കള്ള പ്രചാരവേല കേട്ട് നിരപരാധികളുടെ മേൽ കുറ്റം ചാർത്തരുത്. അന്വേഷണം നിഷ്പക്ഷമായി നടക്കട്ടെ. സോഷ്യൽ മീഡിയയിൽ തനിക്കെതിരെയും പ്രചാരണം നടത്തുന്നുണ്ട്. അത് തുടങ്ങിയവർ തന്നെ നിറുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

പേരാമ്പ്രയിൽ ഇന്നലെ നടന്ന രാഷ്ട്രീയ വിശദീകരണ യോഗത്തിൽ ഷാഫി പറമ്പിലിനെതിരെ ഇ.പി. ജയരാജന്റെ ഭീഷണി പ്രസംഗം. സൂക്ഷിച്ച് നടന്നാൽ മതിയെന്നും മൂക്കിന്റെ പാലമേ ഇപ്പോൾ പോയിട്ടുള്ളുവെന്നുമാണ് പറഞ്ഞത്. ഷാഫി എം.പിയായത് നാടിന്റെ കഷ്ടകാലമാണ്. അഹംഭാവവും ധിക്കാരവുമൊക്കെ കോൺഗ്രസ് ഓഫീസിൽ പോയി കാണിച്ചാൽ മതിയെന്നും പറഞ്ഞു. ബോംബെറിഞ്ഞിട്ടും സമാധാനപരമായ നിലപാടാണ് പോലീസ് സ്വീകരിച്ചതെന്നും ലാത്തികൊണ്ട് ഏത് പോലീസുകാരനാണ് ഷാഫിയെ തല്ലിയതെന്നും ജയരാജൻ ചോദിച്ചു.










# തന്നെ ഉപദേശിക്കാനുള്ള യോഗ്യത സജി ചെറിയാനില്ല: ജി.സുധാകരൻ



ആലപ്പുഴ: മന്ത്രി സജി ചെറിയാന് തന്നെ ഉപദേശിക്കാനുള്ള പ്രായമോ യോഗ്യതയോ ഇല്ലെന്ന് മുൻ മന്ത്രി ജി.സുധാകരൻ പറഞ്ഞു. സുധാകരൻ പാർട്ടിയുമായി ചേർന്നു പോകണമെന്ന് മന്ത്രി സജി ചെറിയാൻ നടത്തിയ പ്രസ്താവനയോടായിരുന്നു സുധാകരന്റെ പ്രതികരണം. താൻ പാർട്ടിയോട് ചേർന്നല്ല, പാർട്ടിക്കുള്ളിലാണ് പോകുന്നത്. എന്നിട്ടും തന്നോട് പാർട്ടിയോട് ചേർന്ന് പോകാൻ പറഞ്ഞതിന് സജി ചെറിയാനെതിരെ പാർട്ടി നടപടിയെടുക്കണം.

തന്നെ പാർട്ടിയിൽ നിന്ന് പുറത്താക്കാൻ ശ്രമിച്ചവരുടെ കൂട്ടത്തിൽ സജി ചെറിയാനുമുണ്ട്. പുറത്താക്കി എന്ന് പറഞ്ഞ് ചില സഖാക്കൾ പടക്കം പൊട്ടിച്ചു. ടീ പാർട്ടി നടത്തി. അതിൽ സജി ചെറിയാനും പങ്കാളിയാണ്. പാർട്ടിക്കെതിരെ താൻ ഒന്നും പറഞ്ഞിട്ടില്ല. തന്നോട് ഏറ്റു മുട്ടാൻ സജി ചെറിയാൻ വരേണ്ടതില്ല. അത് നല്ലതിനല്ല. പാർട്ടിക്ക് യോജിക്കാത്ത 14 പ്രസ്താവനകൾ ഈയിടെ സജി ചെറിയാൻ നടത്തി. പാർട്ടി വിലക്കിയില്ല.

സജി ചെറിയാന്റെ കൂട്ടർ തന്നെ ബി.ജെ.പിയിൽ വിടാൻ ശ്രമിച്ചു. തന്നോട് ഫൈറ്റ് ചെയ്ത് ഒരാളും ജയിച്ചിട്ടില്ലെന്നും പുന്നപ്ര വയലാറിന്റെ മണ്ണിൽ നിന്നാണ് സംസാരിക്കുന്നതെന്നും സുധാകരൻ കൂട്ടിച്ചേർത്തു. തിരഞ്ഞെടുപ്പിന് ശേഷം അമ്പലപ്പുഴയിൽ വോട്ട് ചോർച്ചയുണ്ടായെന്ന് തനിക്കെതിരെ പരാതി വന്നു. സജി ചെറിയാൻ അറിയാതെ പരാതി പോകുമോ. സജി ചെറിയാൻ അതിൽ പങ്കാളി അല്ലേയെന്നും ജി. സുധാകരൻ ചോദിച്ചു.

സജി ചെറിയാൻ പാർട്ടിക്ക് യോജിക്കാതെ സംസാരിക്കുന്നു. പ്രതികരിക്കാൻ അറിയില്ല. ആലപ്പുഴയിൽ നടക്കുന്ന പൊളിറ്റിക്കൽ ക്രിമിനൽസിന്റെ ആക്രമണത്തെ കുറിച്ച് ഒരക്ഷരം എതിർക്കാരെ എ.കെ.ബാലൻ തന്നെ ഉപദേശിക്കാൻ വരുന്നത് എന്തിനാണ്. ബാലനെപ്പോലെ മാറാൻ തനിക്കാവില്ല. ബാലൻ തന്നെപ്പറ്റി ഒന്നും പറയേണ്ട കാര്യമില്ലെന്നും സുധാകരൻ വ്യക്തമാക്കി. രാഷ്ട്രീയത്തിലൂടെ താൻ പൈസ ഉണ്ടാക്കിയിട്ടില്ലെന്നും, പാർട്ടി പഠിപ്പിച്ച ഉറച്ച നിലപാടുകളാണ് തനിക്കുള്ളതെന്നും സുധാകരൻ മാദ്ധ്യമങ്ങളോട് പ്രതികരിച്ചു.

**ജി.സുധാകരന്റെ പ്രതികരണം തെറ്റ് : ആർ.നാസർ**

ആലപ്പുഴ: മന്ത്രിയും സി.പി.എം സെക്രട്ടറിയേറ്റംഗവുമായ സജി ചെറിയാനെതിരെ മുൻ മന്ത്രി ജി.സുധാകരൻ നടത്തിയ പ്രതികരണം ശരിയായില്ലെന്ന് സി.പി.എം ജില്ലാ സെക്രട്ടറി ആർ.നാസർ പറഞ്ഞു.

അദ്ദേഹം പാർട്ടിയിലായിരുന്നു പറയേണ്ടിയിരുന്നത്. ജി.സുധാകരൻ കെ.പി.സി.സിയുടെ പരിപാടിയിൽ പങ്കെടുത്തതിൽ പ്രശ്നമില്ല. പക്ഷേ അതിൽ സർക്കാരിനെയും പാർട്ടിയെയും ദുർബലപ്പെടുത്തുന്ന പ്രസ്താവന നടത്തി. ഇതിന് ശേഷം സൈബർ ആക്രമണം നടത്തിയവരോട് പാർട്ടി വിശദീകരണം തേടി. ജി.സുധാകരൻ മറ്റൊരു പാർട്ടിയിലും പോകില്ലെന്നും, അദ്ദേഹം അടിയുറച്ച പാർട്ടിക്കാരനാണെന്നും ആർ.നാസർ മാദ്ധ്യമങ്ങളോട് പ്രതികരിച്ചു.

പേര് പറഞ്ഞില്ലെങ്കിലും ജി.സുധാകരന്റെ പരാമർശം തനിക്കെതിരെയാണെന്ന് ജനങ്ങൾക്ക് തോന്നുമെന്നും സൈബർ ആക്രമണം തന്റെ സംസ്ക്കാരമല്ലെന്നും എച്ച്.സലാം എം.എൽ.എയും പ്രതികരിച്ചു. സംസ്ഥാന കമ്മിറ്റിയിലായിരുന്നപ്പോൾ ലഭിച്ച പരിഗണന ബ്രാഞ്ച് കമ്മിറ്റിയംഗത്തിന് കിട്ടില്ലെന്നും സലാം കൂട്ടിച്ചേർത്തു.




# വി.എസിന്റെ സമരചരിത്രം ഇനി വേലിക്കകത്ത് വീടിന്റെ മതിലിൽ

അമ്പലപ്പുഴ: പുന്നപ്ര വയലാർ സമരനായകന്റെ സമരചരിത്രം ഇനി വേലിക്കകത്ത് വീടിന്റെ ചുറ്റുമതിലിൽ തിളങ്ങും. മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ പുന്നപ്ര പറവൂരിലെ വീടിന്റെ ചുറ്റുമതിലിലാണ് അദ്ദേഹത്തിന്റെ തന്നെ പോരാട്ട ചരിത്രം ചിത്രകാരന്മാരുടെ ഭാവനയിൽ പുനർജനിക്കുന്നത്.

കേരള ലളിതകലാ അക്കാദമിയും പുരോഗമന കലാസാഹിത്യ സംഘം ജില്ല കമ്മിറ്റിയും സംയുക്തമായി 'വി.എസ് ജീവിതരേഖ' എന്ന ചിത്രകലാ കാമ്പിന്റെ ഭാഗമായിട്ടാണ് ചിത്രരചന നടത്തുന്നത്. വി.എസിന്റെ സമര ജീവിതം, പുന്നപ്ര, വയലാർ ഉൾപ്പടെയുള്ള സമര പോരാട്ടങ്ങൾ, പ്രതിപക്ഷ നേതാവായിരിക്കെ നടത്തിയ പ്രവർത്തനങ്ങൾ, യാത്രകൾ, എ.കെ.ജി, അഴീക്കോടൻ രാഘവൻ ഉൾപ്പടെയുള്ളവരുമായി ചേർന്നു നടത്തിയ വിപ്ലവ പോരാട്ടങ്ങൾ, പ്രസംഗവേദികൾ തുടങ്ങിയവയെല്ലാം വേലിക്കകത്ത് വീട്ടിലെ ചുറ്റുമതിലിൽ സ്ഥാനം പിടിക്കും.

ഇതിലൂടെ വി.എസിന്റെ സമരചരിത്രവും ജീവിതയാത്രയും ജനഹൃദയങ്ങളിൽ തെളിഞ്ഞു നിൽക്കും.

ലളിതകലാ അക്കാഡമിയുടെ ചിത്രകാരന്മാരായ ടി.ബി.ഉദയൻ, മുഹമ്മദ് ഹുസൈൻ, സജിത്ത് പനക്കൻ, വിപിൻദാസ് പനക്കൻ, കാവ്യ എസ്.നാഥ് എന്നിവരാണ് ചിത്രങ്ങൾ വരയ്ക്കുന്നത്. രണ്ടു ദിവസത്തിനകം ചിത്രരചന പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് അവർ.

# ഗൾഫ് പര്യടനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റൈനിലെത്തി; പ്രവാസി സമ്മേളനത്തിൽ പങ്കെടുക്കും

മനാമ: മുഖ്യമന്ത്രി പിണറായി വിജയൻ ഗൾഫ് പര്യടനത്തിനായി ബഹ്റൈനിലെത്തി. സൗദി ഒഴികെ എല്ലാ ജിസിസി രാഷ്ട്രങ്ങളിലും മുഖ്യമന്ത്രി എത്തും. വെള്ളിയാഴ്ച വൈകിട്ട് ആറരക്ക് ബഹ്റൈൻ കേരളീയ സമാജം ഡയമണ്ട് ജൂബിലി ഹാളിൽ നടക്കുന്ന പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. എട്ടു വർഷത്തിനു ശേഷമാണ് മുഖ്യമന്ത്രി ബഹ്റൈനിൽ എത്തുന്നത്.

മലയാളം മിഷനും ലോക കേരള സഭയും ചേർന്നാണ് പ്രവാസി മലയാളി സംഗമം ഒരുക്കുന്നത്. സംഗമത്തിൽ ബഹ്റൈനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, പത്മശ്രീ എം.എ. യൂസഫ് അലി എന്നിവർ വിശിഷ്ടാതിഥികളാകും.

അതേസമയം മുഖ്യമന്ത്രി പങ്കെടുക്കുന്ന പ്രവാസി മലയാളി സംഗമം ബഹറൈനിലെ പ്രതിപക്ഷ സംഘടനകൾ പരിപാടി ബഹിഷ്കരിക്കും. ബഹറൈന് ശേഷം ഒമാനിലാണ് മുഖ്യമന്ത്രിയുടെ അടുത്ത സന്ദർശനം. ബഹറൈനിലെ സന്ദർശനം കഴിഞ്ഞാൽ 24നും 25നും ഒമാനിലും സലാലയിലും മുഖ്യമന്ത്രി എത്തും. 30ന് ഖത്തയറിലെത്തും. കുവൈത്തിൽ അടുത്ത മാസം 7നും യുഎഇയിൽ 9നും എത്തും. ഒമാനിൽ 26 വർഷങ്ങൾക്ക് ശേഷമാണ് കേരള മുഖ്യമന്ത്രി എത്തുന്നത്. ഇന്ത്യൻ സോഷ്യൽ ക്ലബ് കേരളാ വിഭാഗം സംഘടിപ്പിക്കുന്ന ഇന്ത്യൻ കമ്യൂണിറ്റി ഫെസ്റ്റിവലിൽ മുഖ്യ മന്ത്രി മുഖ്യ അതിഥി ആയിക്കും. മസ്കത്തിലെ അമിറാത്ത് പാർക്കിൽ ആണ് പരിപാടി.






# ശിരോവസ്ത്രത്തിൽ മുത്തമിട്ട് മന്ത്രി ശിവൻകുട്ടി





ബാബു കദളിക്കാട്

**ഹി**ജാബിന്റെ മറവിൽ 'ചൊറി മാന്തി പുണ്ണാക്കാൻ' ശ്രമിക്കുന്നവർക്ക് പുലിനഖം തന്നെ സമ്മാനിച്ച വിദ്യാഭ്യാസ മന്ത്രിയെ കണ്ട് മൂക്കത്തു വിരൽവയ്ക്കുന്നു കേരളം. ഒരു പ്രത്യേക ന്യൂനപക്ഷ വിഭാഗത്തിനു നേരെ സ്നേഹമൊഴുക്കി വോട്ടുറപ്പിക്കാൻ പരസ്പരം മൽസരിക്കുന്ന മുന്നണികളുടെ നേതൃ നിരയിൽ മുമ്പനാകാനുള്ള മന്ത്രി വി ശിവൻകുട്ടിയുടെ തന്ത്രം ദയനീയമായി പാളുന്നതും ജനങ്ങൾ കാണുന്നു. കൊച്ചി പള്ളുരുത്തി സെന്റ് റീത്താസ് പബ്ലിക് സ്കൂളിലെ ഹിജാബ് വിവാദം തീവ്രമാക്കാൻ എസ്.ഡി.പി.ഐ നടത്തുന്ന നീക്കത്തോട് എൽ.ഡി.എഫിന്റെയും യു.ഡി.എഫിന്റെയും പ്രതികരണമെന്തെന്നാണ് ഇനി അറിയാനുള്ളത്.

ഹിജാബ് അഥവാ ശിരോവസ്ത്രം ധരിച്ച് പഠനം തുടരാൻ പെൺകുട്ടികൾക്ക് സ്കൂൾ അധികൃതർ അനുമതി നൽകണമെന്ന വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടിയുടെ പ്രസ്താവന നടപ്പിലാക്കാൻ നിർദ്ദേശം നൽകണമെന്ന് എസ്.ഡി.പി.ഐ സംസ്ഥാന പ്രസിഡന്റ് സി.പി.എ ലത്തീഫ് ആവശ്യപ്പെട്ടുകഴിഞ്ഞു. എസ്.ഡി.പി.ഐ ഉന്നമിടുന്നത് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളെയുമാണെന്നു വ്യക്തം.

'മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കേരളത്തിൽ ഒരു വിദ്യാർത്ഥിക്കും ഇത്തരം ദുരനുഭവങ്ങൾ ഉണ്ടാകാൻ പാടില്ലെന്നും ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കാൻ ഒരു വിദ്യാഭ്യാസ സ്ഥാപനത്തെയും അനുവദിക്കില്ലെന്നും സർക്കാർ ഈ വിഷയത്തിൽ തുടർന്നും ജാഗ്രത പുലർത്തു'മെന്നുമുള്ള വിദ്യാഭ്യാസ മന്ത്രിയുടെ നിലപാട് അഭിലഷണീയമാണെന്ന് എസ്.ഡി.പി.ഐ സാക്ഷ്യപ്പെടുത്തുന്നു.

മത പ്രീണനം എത്രയാകാം എന്നുള്ളതിന്റെ പരിധികളുടെയെല്ലാം ലംഘനമാണ് മന്ത്രിയുടെ പ്രസ്താവനയെന്നാണ് ബി.ജെ.പി ക്യാമ്പിൽ വിളങ്ങുന്ന മുൻ ഡി.ജി.പി ടി.പി സെൻകുമാർ പറഞ്ഞത്. 'കാരണം, ഇക്കാര്യത്തിൽ ഹൈക്കോടതി ഒരു നിർദേശം നൽകിക്കഴിഞ്ഞു. ഇനി ആ നിർദേശത്തിന് മുകളിൽ വിദ്യാഭ്യാസ മന്ത്രി പോകുമെന്നാണോ പറയുന്നത് ? എല്ലാ കാര്യത്തിലും ഈ മന്ത്രി ആദ്യം പറയുന്ന കാര്യം മുല്ലാക്കയെയോ ബിഷപ്പിനെയോ കണ്ടാൽ കീഴ്മേൽ മറിക്കും. വിദ്യാഭ്യാസത്തിന്റെ അഭാവം കുറച്ചധികം കാണുന്നുണ്ട് ! അതുകൊണ്ടാവാം ഹൈക്കോടതി പറഞ്ഞതൊന്നും മനസ്സിലാവാഞ്ഞത്.' കോടതി വിധി അനുസരിച്ച് ഈ കുട്ടിയുടെ മാതാപിതാക്കളും സ്കൂൾ മാനേജ്മെന്റും തമ്മിൽ ധാരണയായിട്ടുണ്ട്. ആ കുട്ടി സ്കൂൾ യൂണിഫോം ധരിക്കുമെന്നും നിയമങ്ങൾ പാലിക്കുമെന്നും. അത് തള്ളിക്കളഞ്ഞു നടപടിയെടുക്കാനുള്ള അധികാരം മന്ത്രിക്കില്ല.

കാര്യങ്ങൾ പഠിക്കാതെ വിദ്യാഭ്യാസ മന്ത്രി ഇടപെട്ടാണ് സ്കൂളിന് നോട്ടിസ് അയച്ചതെന്ന് സ്കൂളിന്റെ അഭിഭാഷക അഡ്വ. വിമല പ്രതികരിച്ചു. ഒക്ടോബർ ഏഴിന് സ്കൂളിലെ ഒരു വിദ്യാർത്ഥിനി യൂണിഫോമിൽ അനുവദിക്കാത്ത രീതിയിൽ ശിരോവസ്ത്രം ധരിച്ചുവന്നതാണ് തർക്കത്തിനു കാരണമായത്. ശിരോവസ്ത്രം അനുവദിക്കാനാവില്ലെന്ന് കുട്ടിയുടെ മാതാപിതാക്കളെ അറിയിച്ചെങ്കിലും തുടർന്നുള്ള ദിവസങ്ങളിലും ഹിജാബ് ധരിച്ചു തന്നെയാണ് കുട്ടി വന്നത്. കുട്ടിയുടെ പിതാവ് മറ്റാളുകളെയും കൂട്ടിയെത്തി സ്കൂളിൽ ബഹളമുണ്ടാക്കുകയും ചെയ്തെന്ന് പ്രിൻസിപ്പൽ സിസ്റ്റർ ഹെലീന പറഞ്ഞു. എസ്.ഡി.പി.ഐ യുടെ പ്രാദേശിക നേതാക്കളായിരുന്നു അവരെന്ന് പി.ടി.എ ഭാരവാഹികൾ കണ്ടെത്തി.

സ്കൂൾ യൂണിഫോം എന്താകണം എന്ന് തീരുമാനിക്കേണ്ടത് സ്കൂൾ മാനേജ്മെന്റാണെന്ന് അഡ്വ. വിമല പറയുന്നു. സ്കൂൾ മാനേജ്മെന്റും രക്ഷിതാവും തമ്മിൽ വിഷയം സൗഹൃദപരമായി പരിഹരിച്ചിരുന്നു. തുടർന്ന് കുട്ടിയുടെ പിതാവ് പത്രസമ്മേളനം നടത്തി, തനിക്ക് കുട്ടിയെ സ്കൂളിൽ നിന്ന് കൊണ്ടുപോകുവാൻ താല്പര്യമില്ലെന്നും കുഞ്ഞിനെ ഈ സ്കൂളിൽ തുടർന്നും പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും വ്യക്തമാക്കി. തന്റെ കുഞ്ഞിന്റെ പേര് പറഞ്ഞ് വർഗീയത ആളികത്തിക്കാൻ താൻ അനുവദിക്കില്ല എന്നും അദ്ദേഹം തുറന്നു പറയുകയുണ്ടായി.

കുട്ടിയെ സ്കൂളിൽ നിന്ന് പറഞ്ഞുവിട്ടു എന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവന തീർത്തും തെറ്റാണ്. കുട്ടി ഹിജാബ് ധരിച്ച് ഹാജരാവുകയും ആർട്സ് ഡേയിൽ പങ്കെടുക്കുകയും ചെയ്യുന്ന വിഷ്വൽസ് ലഭ്യമാണ്. കുട്ടിയോട് സ്കൂൾ അപമര്യാദയായി പെരുമാറുകയോ കുട്ടിയെ വേദനിപ്പിക്കുകയോ ചെയ്തിട്ടില്ല. കേരള ഹൈക്കോടതിയുടെയും കർണാടക ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മന്ത്രി പറഞ്ഞത് പൂർണ്ണമായും തെറ്റാണെന്നും അഭിഭാഷക ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസ വകുപ്പ് സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കാതെയാണ് നിലപാടെടുത്തത്. അഡ്മിനിസ്ട്രേറ്റീവ് ഉത്തരവിലെ കണ്ടെത്തലുകൾ വസ്തുതകൾക്ക് വിരുദ്ധമാണ്.

സ്കൂളിലെ കുട്ടികളിൽ തുല്യതയും മതേതരത്വവും ഐക്യവും വളർത്തുന്നതിനാണ് യൂണിഫോം കോഡ് കർശനമായി പാലിക്കുന്നത് എന്ന് മാനേജ്മെന്റ് വിശദീകരിച്ചു. ലിംഗഭേദമില്ലാത്ത യൂണിഫോമുകൾ (ജെൻഡർ ന്യൂട്രൽ യൂണിഫോംസ്) നിർദ്ദേശിക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഇത്തരത്തിലുള്ള ചെറിയ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കരുത്. എല്ലാ രക്ഷിതാക്കളിൽ നിന്നും സ്കൂളിന്റെ കോഡ് ഓഫ് കണ്ടക്റ്റിനെക്കുറിച്ച് എഴുതി വാങ്ങുന്ന ഡിക്ലറേഷനുകൾ ഉണ്ട്. കൂടാതെ, ഹിജാബ് ധരിച്ച് സ്കൂളിൽ ചെല്ലാൻ നിർബന്ധിക്കപ്പെടുന്നതിൽ ബുദ്ധിമുട്ടുണ്ട് എന്ന് പറഞ്ഞ് മറ്റ് മുസ്ലീം രക്ഷിതാക്കൾ വന്ന് പരാതി പറഞ്ഞതിന്റെ ദൃശ്യങ്ങളും സ്കൂൾ മാനേജ്മെന്റിന്റെ പക്കലുണ്ട്.

## വരുമോ ദിഗംബരരും ?

കേരളം ഒരു ശരിയത്ത് രാജ്യമാക്കാനുള്ള നടപടികളാണ് നടക്കുന്നതെന്ന് മുൻ ഡി.ജി.പി സെൻകുമാർ പറയുന്നു. പല സ്ഥലത്തും ഇത്തരം വാർത്തകൾ ഉണ്ടാകുന്നു. ഇവർ പതുക്കെ പിടി മുറുക്കുകയാണ്. ഇവരുടെ മുന്നിൽ കമഴ്ന്നു കിടന്നു കാലു നക്കുകയാണ് എൽ.ഡി.എഫും യു.ഡി.എഫും. മതവിശ്വാസം അനുസരിച്ചു അവരവരുടെ ഇഷ്ടമനുസരിച്ചുള്ള വേഷം ധരിക്കാനാണെങ്കിൽ ചില ജെയിൻ കമ്മ്യൂണിറ്റികൾക്ക് (ദിഗംബരർ) ആകാശമാണ് അവരുടെ വേഷം. അവർ നഗ്നരായി സ്കൂളിൽ വന്നാൽ മന്ത്രി ശിവൻകുട്ടി സമ്മതിക്കുമോ ? അതും അവരുടെ മത അവകാശമാണ്. മതം പറയുന്നു അവർ നഗ്നരായി വരണം എന്ന്. അവരും ന്യൂനപക്ഷങ്ങളാണ്. അവർക്കു വേണ്ടി അത് അനുവദിക്കാൻ പറ്റുമോ ? അതൊന്നും അനുവദിക്കുന്ന ഒരു സാഹചര്യം ഇല്ല. കാരണം അതിനെല്ലാം കാരണങ്ങൾ വ്യക്തമായുള്ള നിയന്ത്രണങ്ങളുണ്ട്.

കേരളത്തിലെ രണ്ടു പ്രമുഖ മുന്നണികളും ഒരുപോലെ പ്രണയിക്കുന്ന പ്രത്യേക ന്യൂനപക്ഷ വിഭാഗത്തിലെ പുരുഷന്മാരും ശിരോവസ്ത്രം ധരിക്കാറുള്ളതിനാൽ ശിവൻകുട്ടിക്കും ശിരോവസ്ത്രമണിഞ്ഞ് അവരുടെയാകെ സ്നേഹ ഭാജനമാകാമായിരുന്നില്ലേയെന്ന സംശയം പ്രസക്തം. 2015 മാർച്ച് 13ന് അന്നത്തെ ധനമന്ത്രി കെ.എം. മാണിയെ ബജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് ഇടത് എം.എൽ.എമാർ നിയമസഭയിൽ സംഘർഷം സൃഷ്ടിച്ചപ്പോൾ മേശപ്പുറത്തു കയറിനിന്നു നടത്തിയ ശിവ താണ്ഡവത്തിന്റെ ബലത്തിൽ വിദ്യാഭ്യാസ മന്ത്രിയായ ആളെന്നാണ് ശിവൻകുട്ടിയെ കേരള സമൂഹം അടയാളപ്പെടുത്തിയിട്ടുള്ളത്. അക്ഷന്തവ്യമായ നാക്കു പിഴകളിലൂടെയും അക്ഷരത്തെറ്റുകളിലൂടെയും മാധ്യമങ്ങൾക്കു മുന്നിൽ തുടരെത്തുടരെ അപഹാസ്യനായി മാറിയ അദ്ദേഹത്തിന്റെ ചുമലിൽ താരതമ്യേന ഭാരം കുറഞ്ഞ മറ്റേതെങ്കിലും വകുപ്പ് വച്ചുകൊടുക്കാൻ മുഖ്യമന്ത്രി മനസിരുത്താത്തതെന്തെന്ന ചോദ്യം വീണ്ടുമുയരുകയാണിപ്പോൾ ഹിജാബ് വിവാദം വഴി.

കർണാടകയിൽ ഉണ്ടായ ഹിജാബ് വിഷയത്തിലെ വിധി നിലനിൽക്കുന്നു. അതിനെതിരെ ഹർജിക്കാർ സുപ്രീം കോടതിയിൽ പോയി. അവിടെ രണ്ടു ജഡ്ജിമാരും രണ്ട് വ്യത്യസ്ത അഭിപ്രായം പറഞ്ഞതിനാൽ ആ കേസിൽ ഇതുവരെ വിധി ആയിട്ടില്ല. അതുകൊണ്ട് കർണാടക ഹൈക്കോടതി വിധി നിലനിൽക്കുകയാണ്. അതിൽ കൃത്യമായി പറയുന്നുണ്ട് ഹിജാബ് / നിക്കാബ് ഇതൊന്നും മതപരമായ നിർബന്ധം അല്ല എന്ന്. അതായത് സ്കൂളുകളിൽ യൂണിഫോം നിർബന്ധമാക്കാം. ഈ വിഷയത്തിൽ കേരള ഹൈക്കോടതിയുടെ വിധിയുമുണ്ട. തിരുവനന്തപുരം തിരുവല്ല ക്രൈസ്റ്റ് നഗർ സീനിയർ സെക്കണ്ടറി സ്കൂളിലെ രണ്ട് വിദ്യാർത്ഥികൾ നൽകിയ സമാന ഹർജ്ജിയിൽ ആയിരുന്നു അത്.

മതത്തിന്റെ അവകാശങ്ങൾ അനിയന്ത്രിതമായുള്ള കാര്യങ്ങളല്ല. നിയന്ത്രിതമായുള്ള അവകാശങ്ങളാണ് അതെല്ലാം. എല്ലാം അനിയന്ത്രിതമായ സ്വാതന്ത്ര്യങ്ങൾ അല്ല എന്ന് ഭരണഘടനയുടെ അനുച്ഛേദം 25 മുതൽ വായിച്ചാൽ മനസിലാകും. പള്ളുരുത്തി സ്കൂളിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയത് എസ്.ഡി.പിഐ ആയിരുന്നെന്ന കാര്യം വ്യക്തം. എന്നിട്ടും എസ്.ഡി.പി.ഐയെ കുറ്റപ്പെടുത്താൻ തയ്യാറാകാതെ ഹൈബി ഈഡൻ എം.പി നടത്തിയ ഉരുണ്ടുകളിയും ശിവൻകുട്ടിയെ അനുകരിക്കുന്ന വിധത്തിലായെന്ന ആരോപണം ഉയരുന്നുണ്ട്. ആർ.എസ്.എസുകാരും ബി.ജെ.പിക്കാരും വന്നു പ്രശ്നം ഉണ്ടാക്കി എന്നാണ് എം.പി കണ്ടെത്തിയത്.

കന്യാസ്ത്രീകൾ എന്തുകൊണ്ട് ശിരോവസ്ത്രം ധരിച്ചിരിക്കുന്നു എന്ന എസ്.ഡി.പി.ഐ ഉന്നയിക്കുന്ന അടുത്ത ചോദ്യവും ഖണ്ഡിക്കുന്നു സെൻകുമാർ. കന്യാസ്ത്രീകൾക്ക് അവരുടെ യൂണിഫോം ആണതെന്ന കാര്യം എസ്.ഡി.പി.ഐക്കു മനസിലാകില്ല. കന്യാസ്ത്രീകൾ ആ സ്കൂളിലെ വിദ്യാർത്ഥികൾ ആയിരുന്നു എങ്കിൽ ആ സ്കൂളിലെ നിയമം അനുസരിച്ചുള്ള യൂണിഫോം മാത്രമേ അവർ ധരിക്കാൻ പാടുള്ളു, ധരിക്കുമായിരുന്നുള്ളു. യൂണിഫോം എന്നത് വസ്ത്രത്തെ സംബന്ധിക്കുന്നതാണ്. കുരിശുമാലയോ കുങ്കുമപ്പൊട്ടോ ഒന്നും ബാധകമല്ല. നെറ്റിയിലെ നിസ്കാര തഴമ്പ് മാറ്റിക്കൊണ്ട് വരാൻ പറയാൻ പറ്റുമോ ? അത് മാറ്റാൻ പറയാൻ ആർക്കും പറ്റില്ല. കാരണം യൂണിഫോമിന്റെ ഭാഗമല്ല.

പോലീസിലും പട്ടാളത്തിലുമെല്ലാമുണ്ട് ഡ്രസ്സ് കോഡ്. ഓപ്പറേഷൻ സിന്ദൂർ വിശദീകരിച്ച കേണൽ സോഫിയ ഖുറേഷി പത്രസമ്മേളനത്തിനെത്തിയത് ഹിജാബ് ധരിച്ചോ നിക്കാബ് ധരിച്ചോ അല്ല. കരസേനയുടെ യൂണിഫോമിൽ ആണ്. ഇസ്ലാം ജന്മമെടുത്ത സൗദി അറേബ്യയിൽ പോലുമില്ലാത്ത മത നിയമങ്ങളാണ് കേരളത്തിലും ഇന്ത്യയിലും നടപ്പാക്കാൻ ചിലർ ശ്രമിക്കുന്നത്. ഗൾഫ് രാജ്യങ്ങൾ പുരോഗമനപരമായ നിലയിലേക്ക് പോകുമ്പോൾ കേരളത്തെ ആറാം നൂറ്റാണ്ടിലേക്ക് കൊണ്ടുപോകാൻ തീവ്രവാദികൾ ഓരോരോ പരീക്ഷണങ്ങൾ നടത്തുന്നു. വിജയിച്ചാൽ അടുത്തതിലേക്ക് പോകും. അതിനുള്ള വഴി തെളിക്കുന്നു ഇരു മുന്നണികളുടെയും രാഷ്ട്രീയ ഇച്ഛാശക്തി.




# മുഖംമൂടി മാറ്റാതെ യൂത്ത് ബ്രിഗേഡ്

നനിങ്ങൾ കോൺഗ്രസിൽ ഉണ്ടെങ്കിൽ ഹീറോ, അല്ലെങ്കിൽ വെറും സീറോ... പാർട്ടി ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ ഇല്ലെങ്കിലും ഈ പഴയ ആപ്തവാക്യം വൈറലാവുകയാണ്. മഹത്തായ ഈ വാക്യത്തിന്റെ ഉപജ്ഞാതാവ് സാക്ഷാൽ സീതാറാം കേസരിയാണ്. അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ മുൻ അധ്യക്ഷൻ.

പാർട്ടിയിലെ പദവികളിൽ പോലും സീറോയും ഹീറോയും ഉണ്ടെന്ന് വ്യക്തമാക്കുന്ന പുതിയ ചിത്രങ്ങൾ പുറത്തുവരുന്ന ഇക്കാലത്ത്, കേസരി വാക്യത്തിന് പുതിയ അർത്ഥമാനങ്ങൾ ഉണ്ട്. തനിക്ക് ദേശീയതലത്തിൽ പോയി ഹീറോ ആവണ്ട, തന്റെ തട്ടകമായ കൊച്ചു കേരളത്തിൽ സീറോ ആയി കഴിഞ്ഞുകൊള്ളാം എന്നാണ് അഭിനവ അഖിലേന്ത്യാ യുവജന നേതാവ് അബിൻ വർക്കിയുടെ ഭാഷ്യം. പക്ഷേ, ആ വിലാപം ഒന്നു കേൾക്കാൻ ആ പാർട്ടിയിൽ ആരെങ്കിലും വേണ്ടേ !





പെട്ടെന്ന് കേൾക്കുമ്പോൾ എ.കെ. ആന്റണി ശൈലിയിലുള്ള ഒരു ആദർശാത്മക ഡയലോഗ് ആണ് ഓർത്തഡോക്സുകാരനായ ഈ നേതാവിന്റേത് എന്ന് തോന്നും. അദ്ദേഹത്തിന്റെ ജാതി സമുദായ വർഗ്ഗ നില വ്യക്തമാകുമ്പോഴാണ്, കോൺഗ്രസ് അവരുടെ സാമുദായിക സമവാക്യങ്ങൾ നിലനിർത്താൻ ഒരു നേതാവിന് എപ്രകാരം കസേര ഇടുന്നു എന്ന് ബോധ്യമാവുന്നത്.

അക്കാര്യം ഏറ്റവും നന്നായി അറിയാവുന്ന ആളാണ് അബിൻ വർക്കി. ക്രിസ്തീയ സമുദായക്കാരൻ ആയതു കൊണ്ടാണോ താരതമ്യേന അപ്രധാന പദവിയായ ദേശീയ സെക്രട്ടറി സ്ഥാനത്തേക്ക് തള്ളി മാറ്റിയത് എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം.

**മതപരം ആത്മീയം**

കോൺഗ്രസ് രാഷ്ട്രീയത്തിൽ മതത്തിന് എന്ത് സ്ഥാനം എന്ന് ചോദിച്ചാൽ നിർണായകഘട്ടങ്ങളിൽ എക്കാലത്തും ജാതി പരിഗണനകൾ താക്കോൽ സ്ഥാനങ്ങളിലെ നിയമനത്തിന് കാരണമായിട്ടുണ്ടെന്ന് കാണാം. അതു മനസ്സിൽ വച്ചുകൊണ്ടാണ് അബിൻ വർക്കിയും തന്റെ പ്രതിഷേധ വാക്കുകൾ സമുദായവുമായി കൂട്ടിക്കെട്ടി പറഞ്ഞത്.

രാഹുൽ മാങ്കൂട്ടത്തിൽ യൂത്ത് കോൺഗ്രസ് സ്ഥാനം ഒഴിഞ്ഞപ്പോൾ സ്വാഭാവികമായി വന്നുചേരേണ്ട പദവി എന്ന് അബിൻ മോഹിച്ചതിൽ തെറ്റില്ല. രമേശ് ചെന്നിത്തല അദ്ദേഹത്തെ പിന്തുണക്കുകയും ചെയ്തിരുന്നു. എന്നാൽ മാങ്കൂട്ടത്തിന് പകരക്കാരനാവാൻ നിയോഗം കിട്ടിയത് ഒ.ജെ. ജനീഷ് എന്ന യുവ നേതാവിന്.

കെ.എസ്.യു കാലം മുതൽ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഭാരവാഹി ആയിട്ടുള്ള അബിൻ രാഷ്ട്രീയ ഭാഷയിൽ നൂലിൽ കെട്ടിയിറക്കപ്പെട്ട ആളല്ല. യൂത്ത് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റ് മുതൽ എൻ.എസ്.യുവിന്റെ ദേശീയ സമിതി അംഗം വരെ ആയത് ആ വഴിക്ക് തന്നെ. ഇത്തരം പദവികൾ മുൻപ് ഒരു നോമിനേഷന്റെ രൂപത്തിലാണ് കോൺഗ്രസിൽ നിശ്ചയിക്കപ്പെട്ടിരുന്നത്. രാഹുൽ ഗാന്ധിയുടെ വരവോടെയാണ് രീതി മാറിയത്. രാഹുൽ ഗാന്ധി ഇത്തരം നിയമനങ്ങൾക്ക് അഭിമുഖ പരീക്ഷ വെച്ചതോടെയാണ് കാര്യങ്ങൾക്ക് ഒരു പ്രൊഫഷണൽ സ്വഭാവം കൈവന്നത്. സംസ്ഥാനത്ത് എം. ലിജുവാണ് അത്തരത്തിൽ ആദ്യം പരീക്ഷ ജയിച്ച ഒരാൾ.

അത്രയ്ക്ക് പ്രൊഫഷണൽ ആവണ്ട എന്ന നിലപാടായിരുന്നു അന്ന് ഉമ്മൻചാണ്ടി കൈക്കൊണ്ടത്. സ്വന്തം നോമിനിയായ ടി. സിദ്ദിഖിന് വേണ്ടി അദ്ദേഹം ആഗ്രഹിച്ചു. അന്നത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ പോലും സഹകരിക്കില്ലെന്ന് നിലപാട് ഉമ്മൻചാണ്ടി കൈക്കൊണ്ടു. രാവിലെ പ്രഖ്യാപിച്ച എം. ലിജുവിനെ വൈകുന്നേരം മറ്റേണ്ടിവന്നു. യൂത്ത് കോൺഗ്രസ് അധ്യക്ഷൻ തിരഞ്ഞെടുക്കപ്പെടണം എന്ന നിലപാട് ഉണ്ടായത് അതിനുശേഷമാണ്. ഇതൊരു ധാർമികതയുടെ പ്രശ്നം കൂടിയാണ്. പദവി ഇല്ലെങ്കിലും ഈ പാർട്ടിയിൽ ജീവിക്കും എന്ന ഒരു നേതാവിന്റെ വാക്ക്.

എന്നാൽ, ഇത് കോൺഗ്രസ്സാണ്. ഗ്രൂപ്പ് സമവാക്യങ്ങളാണ് ഇവിടെ മുഖ്യം. പ്രവർത്തന മികവും ജാതി മേന്മയും പാരമ്പര്യവും ഉപഘടകങ്ങൾ മാത്രമാണ്. പണ്ട് എ, ഐ ഗ്രൂപ്പ് തമ്മിലടി രൂക്ഷമായിരുന്ന കാലത്ത് മാധ്യമപ്രവർത്തകർ അതേപ്പറ്റി ചോദിക്കുമ്പോൾ നേതാക്കൾക്ക് സ്ഥിരമായി ഒരു ക്യാപ്സൂൾ മറുപടിയുണ്ടായിരുന്നു. കോൺഗ്രസ് ഒരു ജനാധിപത്യ പാർട്ടിയാണ്. ഇതൊരു വലിയ കുടുംബമാണ്. ഇവിടുത്തെ പ്രശ്നങ്ങൾ ഞങ്ങൾ തീർത്തു കൊള്ളാം.

ഒരു കേഡർ സംവിധാനം ഇല്ല എന്ന ആനുകൂല്യം എക്കാലത്തും ഉപയോഗിച്ചുവന്ന ഒരു പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. മഹിമയേറിയ കുടുംബ പാരമ്പര്യത്തിന്റെ തണലിൽ സൃഷ്ടിക്കപ്പെട്ട പ്രതിച്ഛായ. ഒരുകാലത്ത് ഇന്ത്യൻ രാഷ്ട്രീയത്തിലെ മഹത്തരമായ പ്രതിഭാസമായി കണക്കാക്കിയിരുന്നു ആ ഇമേജ്. കാലം മാറുകയും പുതിയ അധികാര രസതന്ത്രങ്ങൾ രൂപപ്പെടുകയും ചെയ്തപ്പോൾ കുറഞ്ഞ പക്ഷം കേരളത്തിലെങ്കിലും ഈ പ്രതിഭാസത്തിന് മാറ്റം വരുമെന്ന് കരുതിയവർക്ക് തെറ്റി. പുറമേ ശക്തമല്ലെങ്കിലും ഗ്രൂപ്പിന്റെ പ്രേതം ഇപ്പോഴും ഇവിടെ അലഞ്ഞു തിരിയുന്നുണ്ട്.

പുതിയ അധ്യക്ഷൻ ജനീഷിന്റെ വരവ് കോൺഗ്രസിലെ അധികാര സമവാക്യങ്ങളുടെ കൂടി നേർസാക്ഷ്യമാണ്. കോൺഗ്രസിലെ ഗ്രൂപ്പ് കഥകൾ ഒരു നൊസ്റ്റാൾജിയയാണ്. ആ ഓർമ്മപ്പെടുത്തലിന്റെ ബാക്കിപത്രമാണ് പുതുകാലത്ത് ഇല്ലെന്നു കരുതുമെങ്കിലും ഗ്രൂപ്പിന്റെ ആത്മാവ്. ഗ്രൂപ്പിന്റെ രൂപം മാറി എന്ന് സമ്മതിക്കാം.

പഴയ പ്രതാപകാലത്തെ ഐ ഗ്രൂപ്പുകാരാണ് ഇന്ന് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. എന്നാൽ ഐ ഗ്രൂപ്പിന്റെ നിലപാടുതറ മാറിയത് കേരള രാഷ്ട്രീയം തിരിച്ചറിയുന്നുണ്ട്. ഐ ഗ്രൂപ്പിന്റെ പേരിൽ പുറമേ അറിയപ്പെടുന്ന പ്രബല നേതാവ് ഇപ്പോഴും രമേശ് ചെന്നിത്തല തന്നെയാണ്. കേരള രാഷ്ട്രീയത്തിൽ ഇപ്പോഴും സജീവമായ പ്രതിപക്ഷനേതാവ് വി.ഡി.സതീശനും പാർട്ടിയുടെ പ്രത്യാശയായ കെ.സി. വേണുഗോപാലും അറിയപ്പെടുന്ന ഐ ഗ്രൂപ്പുകാരായിരുന്നു. എന്നാൽ ഇന്ന് അങ്ങനെ ഒരു ഗ്രൂപ്പ് നിലവിൽ ഉണ്ടോ?

ഗ്രൂപ്പുകളുടെ അതിർത്തി മായുകയും യുവ നേതാക്കൾ നേതൃത്വം കയ്യടക്കുകയും ചെയ്യുന്ന ഒരു പുതുകാലത്താണ് ഷാഫി പറമ്പിലും വിവാദനായകൻ രാഹുൽ മാങ്കൂട്ടത്തിലും പ്രസക്തി നേടുന്നത്. പുതുതലമുറയുടെ പിന്തുണ കൂടി ഉണ്ടെങ്കിലേ പ്രതീക്ഷിക്കപ്പെടുന്ന 2026 ലെ കോൺഗ്രസ് വിജയഗാഥ കേരളത്തിൽ നടപ്പാവുകയുള്ളൂ. ഇപ്പോൾ സംഭവിച്ചത് രാഹുൽഗാന്ധി വിഭാവനം ചെയ്ത യുവനിരയുടെ നിരാസമാണ്. ഇപ്പോഴും അവർക്കല്ല പ്രസക്തി, കാര്യങ്ങൾ നിയന്ത്രിക്കുന്നത് തലനരച്ച മറ്റാരെല്ലമോ ആണെന്ന ഭീതി.

**ജാതി വോട്ട് കളി**

പുതിയ യൂത്ത് കോൺഗ്രസ് അധ്യക്ഷൻ ഈഴവ സമുദായത്തിൽ നിന്നാണ് എന്നത് ചെറിയ കാര്യമല്ല. ആ നേതാവിന്റെ ജന്മസ്ഥലം തൃശ്ശൂർ ആണ്. ചുരുങ്ങിയത് മണ്ഡലത്തിലെങ്കിലും സ്വാധീനമുള്ള ഒരു സമുദായം. എ ഗ്രൂപ്പ് നേതാവ് ആണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ സമുദായം പ്രസക്തമാണ്. കെ.പി.സി.സി അധ്യക്ഷ സ്ഥാനത്തുനിന്ന് കെ. സുധാകരൻ എന്ന നേതാവ് മാറുകയും ക്രൈസ്തവർ സമുദായത്തിലെ ഒരാൾ അവിടെ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തത് മറന്നുകൂടാ. അതാണ് മുൻപേ സൂചിപ്പിച്ച സമുദായ സമവാക്യം !

എന്നാൽ അതിലേക്ക് കാര്യങ്ങൾ എത്തിച്ചത് ഷാഫി പറമ്പിലും രാഹുൽ മാങ്കൂട്ടവും അടങ്ങുന്ന പുതുരക്തത്തിന്റെ നിശ്ചയദാർഢ്യം തന്നെയാണ്. ഐ ഗ്രൂപ്പിന്റെ അന്ത്യമെന്നോ എ ഗ്രൂപ്പിന്റെ അസ്ഥിത്വ ദുഃഖമെന്നോ ഇതിനെ വിളിക്കാം. തദ്ദേശ നിയമസഭാ തെരഞ്ഞെടുപ്പുകൾ നേരിടാനും ഒരു സംസ്ഥാനത്ത് രാഷ്ട്രീയം സ്വാധീനം ഉറപ്പിക്കാനുള്ള സുവർണാവസരം മുന്നിൽ നിൽക്കുമ്പോഴാണ് കേവലം ഗ്രൂപ്പുകളുടെ പകിടകളി.

ഉറങ്ങിക്കിടക്കുന്ന ഗ്രൂപ്പുകൾ എന്തു പണിയാണ് അടുത്ത തെരഞ്ഞെടുപ്പുകളിൽ പാർട്ടിക്ക് നൽകാൻ പോകുന്നത് എന്ന് കണ്ടറിയുക മാത്രമേ ഇനി നേതൃത്വത്തിന് നിർവാഹമുള്ളൂ. നിങ്ങൾ കോൺഗ്രസിൽ ഉണ്ടെങ്കിൽ ഹീറോയാണ് എന്ന് ആത്മധൈര്യത്തോടെ പറഞ്ഞ ആ നേതാവിന് നമോവാകം പറയുക. ഒരോ നിമിഷവും തെരഞ്ഞെടുപ്പിലേക്ക് അടുക്കുന്ന അനർഘനിമിഷത്തിലാണ് സംസ്ഥാന രാഷ്ട്രീയം.

തദ്ദേശ തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരും മുമ്പേ ഞാനാണ് സ്ഥാനാർത്ഥി എന്ന് പേരുവച്ച് പോസ്റ്റർ അടിച്ച് ചങ്കൂറ്റം കാട്ടിയ ആ കോൺഗ്രസ് പ്രാദേശിക നേതാവിന് ഒരു സല്യൂട്ട് കൊടുക്കാം. അതിൽനിന്ന് വായിക്കാം സമകാലിക രാഷ്ട്രീയത്തിന്റെ ചരിത്രം.

◗ പ്രജിത്ത് രാജ്

## 270 കോടി രൂപ തട്ടിയെടുത്തെന്ന പരാതി: മെൽക്കർ ഫിനാൻസ് ഡയറക്ടർമാരായ ദമ്പതികൾ പിടിയിൽ





തൃശൂർ: 270 കോടി ധനകാര്യ സ്ഥാപനത്തിന്റെ മറവിൽ തട്ടിയെടുത്ത പരാതിയിൽ മെൽക്കർ ഫിനാൻസ് ഡയറക്ടർമാരായ ദമ്പതികളെ ഈസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്തു. പതിമൂന്ന് ശതമാനം പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപം സ്വീകരിച്ച് തട്ടിപ്പ് നടത്തിയ കേസിലാണ് ഡയറക്ടർമാരെ ഈസ്റ്റ് പൊലീസ് പിടികൂടിയത്. മെൽക്കർ ഫിനാൻസിന്റെ ഡയറക്ടർമാരായ രംഗനാഥൻ ശ്രീനിവാസനെയും ഭാര്യ വാസന്തിയെയുമാണ് ഈസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്തത്. പ്രതികളുടെ അറസ്റ്റിന് പിന്നാലെ ഇവരുടെ തൃശൂരിലെ സ്ഥാപനങ്ങളിലും വീടുകളിലും പൊലീസ് പരിശോധന നടത്തി രേഖകൾ പിടിച്ചെടുത്തു. തൃശൂർ പാലക്കാട് ജില്ലകൾ കേന്ദ്രീകരിച്ച് നാലായിരത്തോളം നിക്ഷേപകരിൽ നിന്ന് 270 കോടി രൂപ തട്ടിയെടുത്തിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. കഴിഞ്ഞ കൊല്ലം മാർച്ച് മുതൽ പലിശ മുടങ്ങിയതോടെയാണ് നിക്ഷേപകർ കൂട്ടപ്പരാതിയുമായി എത്തിയത്. പിന്നാലെ കമ്പനി ഡയറക്ടർമാരായ രംഗനാഥനും ഭാര്യ വാസന്തിയും ഒളിവിൽ പോവുകയായിരുന്നു. ഇരുവരും വിദേശത്തേക്ക് കടക്കുന്നതിന് വീണ്ടും തൃശൂരിലെ വീട്ടിലെത്തിയപ്പോഴാണ് ഈസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്തത്. മെൽക്കർ ഫിനാൻസ് & ലീസിങ്, മെൽക്കർ നിധി, സൊസൈറ്റി, മെൽക്കർ TTI ബിയോഫ്യൂൽ എന്നീ പേരുകളിൽ ആണ് ഡിബെൻചർ സർട്ടിഫിക്കറ്റ്, ഫിക്സിഡ് ഡെപ്പോസിറ്റ്, സബോർഡിനേറ്റഡ് ഡബ്റ്റ് എന്നീ പദ്ധതികളിലൂടെ നിക്ഷേപം സ്വീകരിച്ചിരിക്കുന്നത്.



## അധ്യായം 02

# സത്യമറിയാൻ ഭ്രാന്തിയായി..!

റോബിൻസ് തറയിൽ കണ്ട കാഴ്ച, രണ്ട് ചുണ്ടെലികൾ..! തന്റെ വലതുകാലിലെ തള്ളവിരലിൽ പല്ലുപയോഗിച്ച് കരളുകയാണ്. അയാൾ ആ കാൽ ശക്തിയിൽ കുടഞ്ഞു. ഒരെലി തെറിച്ച് എവിടയോ വീണു. രണ്ടാമത്തെ എലി അവിടെത്തന്നെ ചുറ്റിത്തിരിയുകയാണ്. ഒരു നിമിഷം അയാൾ ചുണ്ടെലിയുടെ ചേഷ്ടകൾ നിരീക്ഷിച്ചു. അയാളുടെ തലച്ചോറിലൂടെ ഒരു മിന്നൽ..! ഇങ്ങനെയൊരു ചുണ്ടെലിയാണല്ലോ വാൾട്ട് ഡിസ്നിയെ പ്രസിദ്ധനാക്കിയത്. ഈ സാഹചര്യത്തിൽ എലിക്ക് വല്ല പ്രസക്തിയുണ്ടോ..? അയാൾ ചിന്തിച്ചു. പൊടുന്നനെ വളരെ വ്യക്തമായ ഒരു ചിന്ത തലയിൽ ഉദിച്ചു. രണ്ടുവർഷം മുമ്പ് വായിച്ചതാണ്.

മദ്യാസക്തി ജന്മനാ ഉണ്ടാകുന്നതോ, അതോ ആർജിച്ചെടുക്കുന്നതോ എന്നറിയാൻ ഒരു പരീക്ഷണം. പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. ലിസ മുറേ എലികൾക്ക് മദ്യം നൽകിയാണ് പരീക്ഷിച്ചത്. അതിന്റെ ഫലമായി മദ്യാസക്തി പാരമ്പര്യമായി കിട്ടാം എന്നുകണ്ടെത്തി. പരീക്ഷിച്ച എലികളിൽ 10% മദ്യാസക്തി പ്രകടിപ്പിച്ചു.

'മദ്യാസക്തി തങ്ങൾക്കും പാരമ്പര്യമായി കിട്ടിയതാകാം' ഇങ്ങനെയാണ് ആ പരീക്ഷണ റിപ്പോർട്ടു വായിച്ച റോബർട്ട് കെന്നഡി അഭിപ്രായപ്പെട്ടത്. ഉടൻ തന്നെ റോബിൻസ് ഇതിൽ നിന്നോരു സ്റ്റോറി ഉണ്ടാക്കിയാൽ എങ്ങിനെയിരിക്കുമെന്ന് എക്സിക്യൂട്ടീവ് എഡിറ്ററോട് ആരാഞ്ഞു. അദ്ദേഹമാകട്ടെ, 1993 ൽ മർലിൻ മൺറോയെക്കുറിച്ച് മനോഹരമായൊരു പുസ്തകമെഴുതിയ ആൾ കൂടിയാണല്ലോ..!

മർലിന്റെ നിഗൂഢമായ ബാല്യത്തിന്റെയും കൗമാരത്തിന്റെയും പിന്നാമ്പുറകഥകൾ. അവളുടെ സങ്കീർണ്ണമായ വിവാഹങ്ങളിലൂടെ; അവളുടെ വ്യക്തിപരവും തൊഴിൽപരവുമായ ബന്ധങ്ങളിലൂടെ; മർലിന്റെ മരണത്തെക്കുറിച്ചുള്ള സത്യത്തിലേക്ക്..., പുതിയ വെളിച്ചം നൽകുന്നു 36 വർഷത്തെ ജീവിതത്തിന്റെ പുസ്തകം. ആ കഥകളിൽ നിന്നുമൊരു കുറിപ്പ് തയ്യാറാക്കാൻ അദ്ദേഹം റോബിസിന് അനുമതി നൽകി. ഒപ്പം ഒരു തലക്കെട്ടും കൊടുത്തു.

'എലികൾ കെന്നഡി കുടുംബകഥ തുരക്കുന്നു; കോട്ടാരത്തിൽ മദ്യം മണക്കുന്നു.'

ആ വാർത്ത റോബിൻസ് ഇങ്ങനെയാണ് എഴുതിയത്.

ന്യൂയോർക്ക്: എലികൾ കഥ പറയുന്നു. അമേരിക്കയിലെ കെന്നഡി കുടുംബത്തിന്റെ കഥ..! കെന്നഡി കുടുംബം തലമുറകളായി പേറുന്ന ശാപകഥ. മറവിയുടെ, മദ്യാസക്തിയുടെ, മാദകലീലകളുടെ, തലമുറകളെ വേട്ടയാടുന്ന കഥകൾ...! അതിനിടയിലേക്കാണ് മർലിൻ മൺറോ ഒരു അപ്സരസിനെപ്പോലെ അവരുടെ ജീവിതത്തിലേക്ക് പാറിവീണത്..! ആവളുടെ മരണം കെന്നഡി സഹോദരന്മാരെ വല്ലാതെ ഉലച്ചുകളഞ്ഞു. റോബിസിന് ഒരു നിമിഷം ഓർമ്മവന്നത് ക്ലിയോപാട്രെയെയാണ്. കനകവും കാമിനിയം അന്നും ഇന്നും എന്നും പ്രഹേളികതന്നെ..!

പോസ്റ്റുമോർട്ടത്തിൽ മർലിന്റെ ആമാശയത്തിൽ ജലാംശം തെല്ലും കണ്ടതേയില്ല. പിന്നീട് മാരക വിഷം കുത്തിവെച്ചാണ് മർലിൻ മരിക്കുന്നതെന്നു തെളിഞ്ഞു. അതുകൊണ്ടുതന്നെ അതൊരിക്കലും ആത്മഹത്യയല്ലെന്നുമാണ് കേസ് അന്വേഷിച്ച ഉദ്യോഗസ്ഥർ പറയുന്നത്. അങ്ങനെയെങ്കിൽ 'മർലിന്റെ പ്രേതവും കെന്നഡിമാരുടെ പിന്നാലെയുണ്ടെന്നു വേണം കരുതാൻ.'

അതിൽ നിന്നും മോചനം നേടാൻ കെന്നഡിമാർ ആശ്രയിച്ചത് മദ്യം.

എലികൾ ഏറ്റുപാടിയതും അക്കഥ തന്നെ..!

അതേ, തലമുറകളുടെ രക്തത്തിൽ കലർന്ന മദ്യാസക്തിയുടെ കഥാശാസ്ത്രം അത് ശരിവയ്ക്കുകയും ചെയ്തിരിക്കുന്നു. എലികളെ മദ്യം കുടിപ്പിച്ചു നടത്തിയ പരീക്ഷണം കെന്നഡി കുടുംബത്തിന്റെ ശാപത്തിന്റെ നിലവറ തുറക്കുന്നതായിരുന്നു.

തലമുറകളിലൂടെ കൈമാറ്റപ്പെടുന്ന ജീനിന്റെ പിടിയിലമർന്ന് കെന്നഡി കുടുംബാംഗങ്ങൾക്ക് പഴയ തലമുറയെ പഴിപറഞ്ഞ് ആശ്വസിക്കാം. എന്തായാലും കെന്നഡി കുടുംബാഗങ്ങളിൽ എട്ടുപേർ മദ്യവിമുക്തസംഘടനയായ ആൽക്കഹോളിക് അനോനിമസിൽ അംഗങ്ങളാണിന്ന്.




ഇനി നമുക്ക് അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡിയുടെ പിതാവിലേക്കു വരാം. ജോസഫ് കെന്നഡി.

അദ്ദേഹമൊരു കടുത്ത മറവിക്കാരൻ ആയിരുന്നു..! മദ്യ ബിസിനസ്സിൽ വലിയ ആനന്ദം കണ്ടെത്തിയ ആൾ. നിരോധനകാലത്ത് വ്യാജമദ്യ വിൽപ്പന നടത്തി. അത് നിയമവിരുദ്ധമാണെന്നുപോലും മറവിക്കാരനായ അദ്ദേഹം മറന്നുപോയെന്ന ഒരു പരിഹാസവും അദ്ദേഹത്തിന് കേൾക്കേണ്ടി വന്നിട്ടുണ്ട്. ഒടുവിൽ ജോസഫ് കെന്നഡി വർഷങ്ങളോളം പക്ഷാഘാതം മൂലം അവശനിലയിൽ കിടന്നു മരിച്ചു. ഇങ്ങനെ നീളുന്നു ആ വാർത്ത.

ഒട്ടേറെ സവിശേഷതകൾ ഉൾക്കൊള്ളിച്ച്, ദി വേൾഡ് ടൈംസ് 396 പേജുകളോടെ രൂപപ്പെടുകയാണ്.

** ** ** **

ഓഫീസിൽ നിന്നും പുറത്തേക്ക് ഇറങ്ങുമ്പോൾ ജോർജ് ലൂക്കാസ് റോബിൻസിനേയും കൂട്ടി. ഇരുവരും തൊട്ടടുത്ത ബാറിലേക്കാണ് പോയത്. ക്ലേശകരമായി ജോലിയെടുക്കുന്ന ദിവസങ്ങളിൽ ജോർജ് തന്റെ സഹായി ആയ റോബിൻസനേയും കൂട്ടി പോകുന്നത് ബാറിലേക്കായിരിക്കും. പതുപതുത്ത ലെതർ സോഫകളും മങ്ങിയ പ്രകാശവുമുള്ള ആർഭാടം നിറഞ്ഞ ബാറിലെ അവരുടെ സ്ഥിരം മുറി. അവിടെ ടെലിവിഷൻ സ്ക്രീനിൽ കെന്നഡി ജൂനിയറിനെക്കുറിച്ചുള്ള വാർത്തകൾ മിന്നിമറയുന്നു.

ഷിറാസ് വൈനാണ് റോബിൻസിനു വേണ്ടി സ്ഥിരമായി ഓർഡർ ചെയ്യുന്നത്. പലപ്രത്യേകതരം മുന്തിരിയിൽനിന്ന് എടുക്കുന്ന വൈൻ. ജോർജ് ലൂക്കാസ് 'ജാക് ഡാനിയേൽ' വിസ്കിയാണ് കഴിക്കുക.

കാപ്രി എന്നു പേരുള്ള ഇറ്റാലിയൻ നിർമ്മിത ഗ്ലാസിലേക്ക് വിസ്കിയുടെ ഒരു പെഗ് ഒഴിച്ചു. പിന്ന ഐസ് ക്യൂബുകൾ നിറച്ചു. അയാൾ ഒരിറക്ക് മദ്യം കുടിച്ച ശേഷം മാൽബറോ സിഗരറ്റിന് തീ കൊളുത്തി. ആഞ്ഞു വലിച്ച് പുക ഊതിവിട്ടു കൊണ്ട് പറഞ്ഞു:

'എടാ റോബിൻസേ, നിന്റെ ഇന്നത്തെ ഫോട്ടോ സെലക്ഷനും 'ചുണ്ടെലി സ്റ്റോറി'യും ഗംഭീരം തന്നെ. കൺഗ്രാജുലേഷൻ മൈ ബോയ്..!' വലതുകൈ നെഞ്ചിൽ ചേർത്ത് റോബിൻസ് തലകുനിച്ച് നന്ദി പ്രകാശിപ്പിച്ചു. എന്നിട്ടു ചോദിച്ചു:

'സാർ, എന്തിനായിരുന്നു സൂസൻ മാം വിശേഷാൽ മീറ്റിങ്ങ് വിളിച്ചുകൂട്ടിയത്..?'

ഒരു കവിൾ മദ്യം കൂടി ഇറക്കിയ ശേഷം ജോർജ് ലൂക്കാസ് പറഞ്ഞു:

രണ്ടു വർഷമായി വലിയ പുരസ്കാരങ്ങളൊന്നും നമ്മുടെ പത്രത്തെ തേടി വരുന്നില്ല. പ്രത്യേകിച്ച് പുലിറ്റ്സർ അവാർഡ്..! അത് പത്രത്തെ സംബന്ധിച്ച് അഭിമാനത്തിന്റെ പ്രശ്നമാണ്. അതിലവർക്ക് നിരാശയുണ്ട്.

അല്ല..., അവർ പറയുന്നതിലും കാര്യമുണ്ട്. കുറച്ചൊക്കെ സർക്കുലേഷനേയും അഡ്വർടൈസ്മെന്റ് ഡിപ്പാർട്ടുമെന്റിനേയും അത് ബാധിക്കുന്നുമുണ്ട്.

അതിന് നമ്മൾ ഇനി എന്തു ചെയ്യണം സാർ..! റോബിൻസ് ആകാംക്ഷയോടെ തിരക്കി.

ലോകമെമ്പാടും ശ്രദ്ധേയമായ കേന്ദ്രങ്ങളിൽ നമുക്ക് ന്യൂസ് ബ്യൂറോകളുണ്ട്. അമേരിക്കയിൽ തന്നെ ബോസ്റ്റൺ, അറ്റ്ലാന്റ, ഷിക്കാഗോ... എന്നിങ്ങനെ 11 ഇടങ്ങളിൽ നാഷ്ണൽ ബ്യൂറോകളുണ്ട്. ഇതിന് പുറമേ പ്രാദേശീക ബ്യൂറോകളും, വാഷിംഗ്ടണിൽ മുപ്പതോളം റിപ്പോർട്ടർമാരും. ഏഴ് എഡിറ്റർമാരുമുള്ള ബ്യൂറോയുമുണ്ട്. പക്ഷേ, അവരിൽ പലർക്കും ഗഹനമായ പുതിയ വാർത്തകൾ കണ്ടെത്താനവുന്നുണ്ടോ..? സംശയമാണ്.

ഇക്കിളിപ്പെടുത്തുന്ന കഥകൾക്കോ, സംഭ്രമജനകമായ വാർത്തകൾക്കൊ വേണ്ടി പലരും വേണ്ടതിലേറെ സമയം കളയുകയാണ്. റൂബർട്ട് മർഡോക്കിനെപ്പോലുള്ളവർ മീഡിയാ എന്ന നാലാം തൂണിനെ തികച്ചും കച്ചവടച്ചന്തയാക്കുന്ന തിരക്കിലാണ്..! ജനാധിപത്യത്തിന്റെ നട്ടെല്ലാവാൻ പത്രപ്രവർത്തകർക്ക് കഴിയണം.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സംവേദനാത്മകമായ കഥപറച്ചിലും ആഴത്തിലുള്ള അന്വേഷണാത്മക റിപ്പോർട്ടിംഗും നടത്തിയ ഒരു വ്യക്തി ഉണ്ടായിരുന്നു. അമേരിക്കൻ പത്രങ്ങളിൽ വിപ്ലവം സൃഷ്ടിച്ച, ഒരു ജനാധിപത്യ സമൂഹത്തിൽ പത്രങ്ങളുടെ ശക്തി നിർവചിക്കാൻ സഹായിച്ച കഥാപാത്രമാണ് ജോസഫ് പുലിറ്റ്സർ.

അദ്ദേഹത്തിന്റെ പേരിലല്ലേ പുലിറ്റ്സർ പ്രൈസ്. അദ്ദേഹമൊരു ദരിദ്രനായാണ് ജനിച്ചതെന്നു കേട്ടിട്ടുണ്ട്. ശരിയാണോ സാർ..? റോബിൻസ് ഇടയ്ക്കു കയറി ചോദിച്ചു.

അതേ എന്ന അർത്ഥത്തിൽ തലയാട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

17-ാം വയസ്സിൽ തൊഴിൽ തേടി ലണ്ടൻ തെരുവുകളിൽ അലയുകയും 40-ാം വയസ്സിൽ കോടിക്കണക്കിന് ഡോളറിന്റെ അധിപനായി തീരുകയും ചെയ്ത മനുഷ്യനാണ് ജോസഫ് പുലിറ്റസർ..!

'സാർ.., എന്തു മറിമായത്തിലൂടെയാണ് അദ്ദേഹം ഇതെല്ലാം നേടിയെടുത്തത്..?' റോബിൻസിന് അതറിയാൻ തിടുക്കമായി.

'അതൊരു വലിയ കഥതന്നെയാണ്.' അദ്ദേഹം തുടർന്നു.

'അങ്ങ്ഹംഗറിയിലെമേക്കിൽജൂതനായ ഫിലിപ്പ് പുലിറ്റ്സറുടെ മകനായി ദാരിദ്ര്യത്തിൽ ജനിച്ചവൻ പത്രലോകത്തെ മുടിചൂടാമന്നനായി മാറിയ കഥ. കാര്യമായ വിദ്യാഭ്യാസം പോലും നേടാനാകാതെ അവൻ തെണ്ടിത്തിരിഞ്ഞ് ലണ്ടനിലെത്തി.

അവിടെ ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിലേക്ക് ആളെ എടുക്കുന്നുണ്ടെന്നറിഞ്ഞു. എങ്ങനെയെങ്കിലും തന്നെക്കൂടി ആർമിയിലേക്ക് എടുക്കണമെന്നു ആ ഉദ്യോഗസ്ഥനോട് അവൻ കെഞ്ചി.

ദരിദ്രമായ അവന്റെ ഇംഗ്ലീഷ് കേട്ട് അയാൾ പൊട്ടിച്ചിരിച്ചില്ലെന്നേയുള്ളൂ. എല്ലും തോലും മാത്രമുള്ള ഒരു മനുഷ്യക്കോലം എന്തൊക്കെയോ പറയുന്നു.'

അക്കഥ കേട്ടുനിന്ന റോബിൻസിന് തന്റെ ചെറുപ്പകാലം ഓർമ്മ വന്നു. അവന്റെ കണ്ണുനിറഞ്ഞുപോയി..!

'തുടർന്ന് പുലിറ്റ്സർ പല വാതിലുകൾ മുട്ടി. അവയെല്ലാം കൊട്ടിയടയ്ക്കപ്പെട്ടു. ഒടുവിൽ സെയിന്റ് ലൂയിസ് നഗരത്തിലെത്തപ്പെട്ട പുലിറ്റ്സർ അവിടെ 'വെസ്റ്റ് ലിഷേ പോസ്റ്റ്' എന്നൊരു ജർമ്മൻ പത്രസ്ഥാപനത്തിൽ കയറിപ്പറ്റി. അവന്റെ കഴിവ് ശരിക്കും അളന്ന ശേഷം അവിടെ അവനെ റിപ്പോർട്ടർ ട്രെയിനിയായി എടുത്തു. അവൻ അവിടെ കഠിനമായി പണിയെടുത്തു. എന്തിനു പറയുന്നു 24-ാമത്തെ വയസ്സിൽ ആ പത്രത്തിന്റെ പാർട്ട്ണറായി.' ആവേശത്തോടെ വൈൻ ഗ്ലാസ് കാലിയാക്കി റോബിൻസ് ചോദിച്ചു.

'സത്യമാണോ സാർ പറയുന്നത്.'

'നിഞാൻ പറയുന്നത് കൂടികേട്ടാൽ നീ ഞെട്ടും മോനേ..!'

'അതെന്താ..?'

'പത്രത്തെ അയാൾ ഉടച്ചുവാർത്തു. ഒരു വർഷം കൊണ്ട് 7000 സ്റ്റെർലിംഗ് ലാഭമുണ്ടാക്കി. '

'അമ്പമ്പോ..., കൊള്ളാമല്ലോ..! '

'ഇതിനോടകം പുലിറ്റ്സർ ഇംഗ്ലീഷിൽ കാര്യമായ അവഗാഹം നേടി. സജീവരാഷ്ട്രീയക്കാരനുമായി. 1869ൽ ലെജിസ്ലേറ്റിലേക്ക് ഒരു റിപ്പബ്ലിക്കനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഒപ്പം കക്ഷി നിയമ പഠനവും നടത്തി. വാഷിംഗ്ടൺ കോടതിയിൽ അഭിഭാഷകനുമായി. അതിനിടെ ഒട്ടേറെ പത്രങ്ങൾ വാങ്ങിക്കൂട്ടി. 1883 ൽ ന്യൂയോർക്ക് വേൾഡും അദ്ദേഹം കൈപ്പിടിയിലൊതുക്കി.

ഒന്നോർക്കണം. അദ്ദേഹത്തിന്റെ പത്രപ്രവർത്തന രീതി അനുവാചകരുടെ ചേതോവികാരങ്ങളെ പ്രകമ്പനം കൊള്ളിച്ചിരുന്നുവെങ്കിലും ഒരിക്കലുമവ ആഭാസത്തിന്റേയോ മൂല്യശോഷണത്തിന്റേയോ നിലവാരത്തിലേക്ക് താണിരുന്നില്ല.

ഇതൊക്കെ നീയും പഠിക്കേണ്ട പാഠങ്ങളാണ്.

പുലിറ്റ്സറുടെ പത്രങ്ങൾ സർക്കാർ അഴിമതികൾക്കും മർദ്ദിതവർഗം അനുഭവിച്ചു പോന്ന ചൂഷണങ്ങൾക്കും നേരേയുള്ള ശക്തമായ പടവാളുകളായിരുന്നു. '

'ഒരുകാര്യം നാം അറിയണം. ഒരിക്കലും ഔദ്യോഗിക വിവരണങ്ങളെ മുഖവിലയ്ക്കെടുക്കാതെ അതിന്റെ നിജസ്ഥിതി കണ്ടെത്താൻ ശ്രമിച്ചവർക്ക് പലപ്പോഴും മികച്ച വാർത്തകൾ കിട്ടിയിട്ടുണ്ട്. മിടുക്കരായ പത്രപ്രവർത്തകർ അതുതന്നെയാണ് ചെയ്തുവരുന്നത്.

അന്വേഷണാത്മക പത്രപ്രവർത്തനം എന്നത് ഉയർന്ന ഉത്തരവാദിത്തമുള്ള ഒരു റിപ്പോർട്ടിംഗ് രീതിയാണ് കുഞ്ഞേ..!

അതിന് സമയവും ക്ഷമയും ആവശ്യമാണ്. പലപ്പോഴും വ്യക്തിപരമായ അപകടസാധ്യതയും ഉണ്ട്. അധികാരത്തിന്റെ മറഞ്ഞിരിക്കുന്ന കോണുകളിലേക്ക് കടന്നുചെന്ന് ലോകത്തെ ഞെട്ടിപ്പിക്കുകയും, അതിനെ എന്നെന്നേക്കുമായി മാറ്റിമറിക്കുകയും ചെയ്യുന്നതരം വാർത്ത കണ്ടെത്തണം.'

'നിനക്കു കേൾക്കണോ, നെല്ലി ബ്ലൈ എന്ന ആദ്യകാല പത്രപ്രവർത്തക എഴുതിയൊരു പുസ്തകമുണ്ട്. 1887ൽ പുറത്തിറങ്ങിയ 'ടെൻ ഡേയ്സ് ഇൻ എ മാഡ് ഹൗസ്.'

'ഒരു മാനസികാരോഗ്യ സ്ഥാപനത്തിനുള്ളിലെ പീഡനങ്ങൾ തുറന്നുകാട്ടാൻ ഭ്രാന്തിയായി അഭിനയിച്ച് അവിടെയെത്തി. അവർ കണ്ടെത്തിയ കാര്യങ്ങളാണ് പുസ്തകത്തിനാധാരം. അവരുടെ ആഴത്തിലുള്ള ശൈലി പിന്നീട് അന്വേഷണാത്മക പത്രപ്രവർത്തകരെ ഏറെസ്വാധീനിച്ചിരുന്നു.' ഇത്തരം വീരസാഹസീക കഥകൾ വിളമ്പുന്നതിനിടയിൽ ഒരു ബ്രേക്കങ്ങ് ന്യൂസ് എത്തി. കെന്നഡി ജൂനിയർ നിയന്ത്രിച്ചിരുന്ന റീച്ചിംഗ് അപ്പിന്റെ വൈസ് ചെയർമാൻ ജിം ഈസ്റ്റുമാനേയും കുടുംബത്തേയും അജ്ഞാതർ വെടിവെച്ചു കൊന്നിരിക്കുന്നു. (തുടരും)

# ഗൾഫിലെ വിസ റദ്ദാക്കലിനെക്കുറിച്ച് അറിയാം




ഇന്ത്യക്കാരായ ലക്ഷക്കണക്കിന് ആളുകളാണ് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്തു വരുന്നത്. സ്ഥിര താമസത്തിന് പുറമെ നിർമാണം, ആരോഗ്യമേഖല, ചില്ലറ വിൽപ്പന, വീട്ടുജോലി എന്നിവയ്ക്കായി എല്ലാ വർഷവും ഇന്ത്യക്കാരായ ലക്ഷക്കണക്കിന് തൊഴിലാളികൾ അവിടേക്ക് കുടിയേറുന്നു. ഇതിന് പുറമെ ആയിരക്കണക്കിന് വിനോദസഞ്ചാരികൾ ഹ്രസ്വകാല സന്ദർശനത്തിലായി ഇവിടെ എത്തിച്ചേരുന്നുമുണ്ട്. അതിനാൽ ഗൾഫ് രാജ്യങ്ങളിലെ വിസാ നിയമത്തിലെ ഏത് മാറ്റവും ഇന്ത്യയിലുട നീളം ആശങ്ക തീർക്കുന്നുണ്ട്.

അടുത്തിടെ സൗദി അറേബ്യ വർക്ക് വിസകൾ നിർത്തലാക്കിയതായും ചില രാജ്യങ്ങൾക്കുള്ള ടൂറിസ്റ്റ്, വർക്ക് വിസകൾ യുഎഇ താത്കാലികമായി നിർത്തിവെച്ചതായും റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. എന്നാൽ എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയാതെ റിപ്പോർട്ടുകൾ പുറത്തുവന്നത് ആശയക്കുഴപ്പമുണ്ടാക്കി.

### യുഎഇ റിപ്പോർട്ട് ചെയ്ത വിസ സസ്പെൻഷൻ എന്താണ്?

ആഫ്രിക്കയിലെയും ഏഷ്യയിലെയും ഒമ്പത് രാജ്യങ്ങളിലെ പൗരന്മാർക്ക് ടൂറിസ്റ്റ്, വർക്ക് വിസകൾ നൽകുന്നത് യുഎഇ താത്കാലികമായി നിറുത്തിവെച്ചന്നാണ് റിപ്പോർട്ട്. പ്രചരിക്കുന്ന പട്ടികയിൽ അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, സൊമാലിയ, സുഡാൻ, ഉഗാണ്ട, ലെബനൻ, കാമറൂൺ, ലിബിയ, യെമൻ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്നു.

പുതിയ വിസ അപേക്ഷകൾക്ക് ഈ റദ്ദാക്കൽ ബാധകമാണ്. ഇതിനോടകം സാധുവായ യുഎഇ വിസ കൈവശമുള്ളവരെ ഇത് ബാധിക്കില്ല. ഇത് സംബന്ധിച്ച സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് പുറത്തുവിട്ടിട്ടില്ല. ഇത് ഊഹാപോഹങ്ങൾ വർധിപ്പിച്ചു. സുരക്ഷ, കുടിയേറ്റ നിയന്ത്രണം അല്ലെങ്കിൽ ഭരണപരമായ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച ആശങ്കകളുമായി ബന്ധപ്പെട്ട ഈ നീക്കം താത്കാലികമാണെന്ന് വിശ്വസിക്കുന്നു. എന്നാൽ, ചില രാജ്യങ്ങൾ ഈ നിരോധനം നിലവിലില്ലെന്ന് പറഞ്ഞിരുന്നു. യഥാർത്ഥ്യം എന്തെന്നാൽ, ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ലെങ്കിലും ഈ രാജ്യങ്ങളിൽ നിന്നുള്ള നിരവധി വിസ അപേക്ഷകൾ നിറുത്തിവെച്ചിരിക്കുകയാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

### സൗദി അറേബ്യ പറയുന്നത് എന്ത്?

ഹജ്ജ് സീസണിൽ ഇന്ത്യ ഉൾപ്പെടെ നിരവധി രാജ്യങ്ങൾക്കുള്ള ബ്ലോക്ക് വർക്ക് വിസകൾ നൽകുന്നത് സൗദിഅറേബ്യ താത്കാലികമായിനിർത്തി വെച്ചിരിക്കുകയാണ്. വിദേശ തൊഴിലാളികളെ കൊണ്ടുവരുന്നതിനായി തൊഴിലുടമകൾക്ക് സാധാരണയായി നൽകി വരുന്നതാണ് ബ്ലോക്ക് വർക്ക് വിസ. തീർത്ഥാടന കാലയളവിൽ വിസ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും വൻതോതിലുള്ള തീർത്ഥാടകരുടെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മർദം ലഘൂകരിക്കുന്നതിനുമായി ഉദ്ദേശിച്ചുള്ള ഒരു നടപടിക്രമമാണ് ഈ താത്കാലിക റദ്ദാക്കൽ. ഇത് സ്ഥിരമായ ഒരു നിരോധനമല്ല.

അതേസമയം മറ്റ് വിഭാഗങ്ങളിലുള്ള വർക്ക് വിസകൾ നൽകുന്നത് സൗദി തുടരുകയാണ്. സൗദി അറേബ്യയിലേക്കുള്ള ഇന്ത്യൻ തൊഴിലാളികളുടെ യാത്ര വ്യാപകമായി റദ്ദ് ചെയ്യപ്പെടുമെന്ന് ഇത് സൂചന നൽകുന്നില്ല. ഏകദേശം 24 ലക്ഷം ഇന്ത്യക്കാർ സൗദിയിൽ താമസിക്കുന്നുണ്ടെന്നാണ് കരുതുന്നത്. ഉയർന്ന വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾ മുതൽ ചെറുകിട ബിസിനസ് ഉടമകൾ, ബ്ലൂ കോളർ തൊഴിലാളികൾ വരെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥക്ക് ഗണ്യമായ സംഭാവനകൾ നൽകുന്നു.

### ഗൾഫ് രാജ്യങ്ങൾ വിസ നിയമങ്ങൾ കർക്കശമാക്കുന്നത് എന്തുകൊണ്ട്?

1. സുരക്ഷാ ആശങ്കകൾ രേഖകളുടെ തട്ടിപ്പ് അല്ലെങ്കിൽ നിയമവിരുദ്ധമായ കുടിയേറ്റം എന്നിവ തടയുന്നതിന്
2. ഭരണപരമായ ബുദ്ധിമുട്ടുകൾ അമിതമായ അളവിൽ അപേക്ഷ എത്തുമ്പോഴുള്ള ഭരണപരമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന്
3. സീസണൽ സമ്മർദങ്ങൾ ദശലക്ഷക്കണക്കിന് ആളുകൾ സൗദി അറേബ്യയിലേക്ക് യാത്ര ചെയ്യുന്ന ഹജ്ജ് തീർത്ഥാടന കാലയളവിൽ വിസാ നിയന്ത്രണമുണ്ടാകും
4. നയതന്ത്രപരമായ സൂചന നയതന്ത്രതലത്തിലുള്ള അതൃപ്തി പ്രകടിപ്പിക്കുന്നതിനോ ചർച്ചകൾ

സമ്മർദത്തിലാക്കുന്നതിനോയുള്ള ഒരു മാർഗം പൊതു ക്രമസമാധാനവും ആരോഗ്യ പ്രോട്ടോക്കോളും പാലിക്കുന്നതിന് ഈ നടപടിക്രമം ഇപ്പോൾ കുറവാണ്. മിക്ക കേസുകളിലും നിയന്ത്രണങ്ങൾ താത്കാലികമാണ്. അടിയന്തരമായുള്ള ആശങ്കകൾ കുറയുമ്പോൾ ഇതും നീക്കം ചെയ്യപ്പെടും.

### ഇന്ത്യക്കാർക്കുള്ള സൂചനയെന്ത്?

ഗൾഫിൽ 90 ലക്ഷത്തിലധികം ഇന്ത്യക്കാരാണ് ഉള്ളത്. ഈ മേഖലയിലെ ഏറ്റവും വലിയ വിദേശ സമൂഹമാണ് ഇന്ത്യ. അതിനാൽ ഏത് വിധത്തിലുമുള്ള വിസ തടസ്സങ്ങൾ ഇന്ത്യക്കാരിൽ വലിയ പ്രത്യാഘാതമുണ്ടാക്കും.

### തൊഴിലാളികളെ ബാധിക്കുന്നത് എങ്ങനെ ?

1. വിസ നടപടിക്രമങ്ങളിലെ കാലതാമസം ജോലി അവസരങ്ങൾ കുറച്ചേക്കാം. പ്രത്യേകിച്ച്, നിർമാണം, റീട്ടെയിൽ, വീട്ടുജോലി മേഖലകളിൽ
2. ഇന്ത്യയിലെ റിക്രൂട്ടർമാരും തൊഴിലുടമകളും തൊഴിലാളികളെ കണ്ടെത്തുന്നതിനും സജ്ജമാക്കുന്നതിനും അനിശ്ചിതത്വം നേരിട്ടേക്കാം.
3. നിലവിൽ സാധുവായ വിസ കൈവശമുള്ളവർക്ക് സുരക്ഷിതമായി തുടരാൻ കഴിയും. എന്നാൽ വിസ പുതുക്കൽ നടപടിക്രമങ്ങൾ ശ്രദ്ധാപൂർവം വീക്ഷിക്കണം.
4. യുഎഇ റിപ്പോർട്ട് ചെയ്ത വിസ റദ്ദാക്കൽ നടപടിയിൽ ഇന്ത്യക്കാർ ഉൾപ്പെട്ടിട്ടില്ല. എന്നാൽ അവിടേക്ക് യാത്രകൾ ആസൂത്രണം ചെയ്യുന്നവർ ജാഗ്രത പാലിക്കണം.
5. ജോലിക്കായാണ് യാത്ര ചെയ്യുന്നതെങ്കിൽ കരാറുകളും വിസകളും മുൻകൂട്ടി ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ്.

### നയതന്ത്രതലത്തിൽ

നിയമങ്ങൾ വ്യക്തമാക്കുന്നതിനും പൗരന്മാർക്കിടയിൽ പരിഭ്രാന്തി ഒഴിവാക്കുന്നതിനും ഗൾഫ് പങ്കാളികളുമായി ഇന്ത്യ സജീവമായി ഇടപഴകേണ്ടതുണ്ട്. ഇന്ത്യൻ തൊഴിലാളികളെ വളരെയധികം ആശ്രയിക്കുന്ന ഗൾഫ് രാജ്യങ്ങൾ ദീർഘകാല നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധ്യതയില്ല. എന്നാൽ താത്കാലിക റദ്ദാക്കലുകൾ അവർ കാണിക്കുന്ന ജാഗ്രതയെ പ്രതിഫലിപ്പിക്കുന്നു.

### മറ്റ് രാജ്യങ്ങളിലെ വിസ നിയന്ത്രണങ്ങൾ നൽകുന്ന സൂചന എന്ത്?

വിസ റദ്ദാക്കുന്നത് ഗൾഫ് മേഖലയിൽ മാത്രമായി ഒതുങ്ങുന്നില്ല. ലോകമെമ്പാടും കുടിയേറ്റ നിയന്ത്രണങ്ങൾ മുതൽ രാഷ്ട്രീയ കാരണങ്ങൾ വരെ രാജ്യങ്ങളുടെ വിസാ നിയമങ്ങളിൽ മാറ്റം വരുത്തുന്നു.

യൂറോപ്യൻ രാജ്യങ്ങൾ ചില രാജ്യങ്ങളുള്ള വിസ പരിശോധന കർശനമാക്കിയിട്ടുണ്ട്. കോവിഡ് 19 പോലെയുള്ള പകർച്ചവ്യാധിയുടെ സമയത്ത് പലരും സമ്പൂർണ വിലക്കുകൾ ഏർപ്പെടുത്തിയിരുന്നു.

ആഫ്രിക്കയിലും ഏഷ്യയിലും രാഷ്ട്രീയ സംഘർഷങ്ങളോ സുരക്ഷാ ആശങ്കകളോ കാരണം രാജ്യങ്ങൾ ഇടയ്ക്കിടെ വിസ നടപടികൾ താത്കാലികമായി നിറുത്തി വയ്ക്കുന്നു. വിസ നയങ്ങൾ സ്ഥിരമല്ലെന്ന സൂചനയാണ് ഇത് നൽകുന്നത്.

### ഇന്ത്യക്കാർ ശ്രദ്ധിക്കേണ്ടത്

ഔദ്യോഗിക അറിയിപ്പുകൾ ശ്രദ്ധിക്കുക: സോഷ്യൽ മീഡിയയിലൂടെ നൽകപ്പെടുന്ന സന്ദേശങ്ങളോ കിംവദന്തികളെയോ ആശ്രയിക്കരുത്

വിശ്വസനീയമായ റിക്രൂട്ടർമാരുമായി സഹകരിച്ച് പ്രവർത്തിക്കുക: കരാറുകളും ഡോക്യുമെന്റേഷനും നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുക

സമയപരിധി പരിശോധിക്കുകസീസണൽ തിരക്കുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കാൻ നേരത്തെ തന്നെ അപേക്ഷിക്കുക.






# കരൂർ ദുരന്തം കാരണം വിജയ് 7 മണിക്കൂർ വൈകിയത്: സ്റ്റാലിൻ



ചെന്നൈ: ടി.വി.കെ റാലി കരൂരിൽ എത്താൻ ഏഴു മണിക്കൂർ വൈകിയതുകൊണ്ടാണ് 41 പേർ മരിച്ച ദുരന്തമുണ്ടായതെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ നിയമസഭയിൽ പറഞ്ഞു. 'വിജയ്' എന്ന പേര് പറയാതെ ടി.വി.കെ നേതാവ് എന്ന് വിശേഷിപ്പിച്ചായിരുന്നു സ്റ്റാലിൻ നിയമസഭയിൽ കരൂർ സംഭവം വിശദീകരിച്ചത്.

ഉച്ചയ്ക്ക് 12 മണിക്ക് എത്തുമെന്ന് അറിയിച്ചിട്ട് 7 മണിക്കൂർ കഴിഞ്ഞാണ് ടി.വി.നേതാവ് എത്തിയത്. ഈ കാലതാമസമാണ് തിരക്കിന് കാരണം. ഭക്ഷണവും വെള്ളവും ഉൾപ്പെടെ ആളുകൾക്ക് ഒരു ക്രമീകരണവും സംഘാടകർ ഒരുക്കിയില്ല.

വലിയ ജനക്കൂട്ടം കാരവാനെ പിന്തുടർന്നു. പൊലീസ് ബസ് നിറുത്താൻ ആവശ്യപ്പെട്ടിട്ടും സംഘാടകർ വിസമ്മതിച്ചു. പൊലീസ് ഉപദേശം ലംഘിച്ച് പ്രചാരണ വാഹനം ജനക്കൂട്ടത്തിലേക്ക് പ്രവേശിച്ചത് ബഹളത്തിനും തിക്കിനും തിരക്കിനും കാരണമായി. ചിലർ ജനറേറ്റർ മുറിയിൽ പ്രവേശിച്ചു,ഓപ്പറേറ്റർ അത് ഓഫ് ചെയ്തു. സംഘാടകർ നേരത്തെ ആംബുലൻസുകൾ ഒരുക്കിയിട്ടില്ലാത്തതിനാൽ പൊലീസ് ഉടനെ ആംബുലൻസുകൾ എത്തിച്ചു. എന്നാൽ ടി.വി.കെ പ്രവർത്തകർ രണ്ട് ആംബുലൻസുകൾ ആക്രമിച്ചു. ഇത് രക്ഷാപ്രവർത്തനം വൈകുന്നതിന് കാരണമായി.

ഇരകളുടെ കുടുംബങ്ങൾക്ക് ആകെ 4.87 കോടി രൂപ നഷ്ടപരിഹാരം നൽകി. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു ഏകാംഗ കമ്മിഷനും ഒരു പ്രത്യേക അന്വേഷണ സംഘവും രൂപീകരിച്ചു, ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്.ഒ.പി) തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

കേസ് സി.ബി.ഐ.ക്ക് കൈമാറിക്കൊണ്ട് സുപ്രീംകോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അന്തിമ വിധി അനുസരിച്ച് പ്രവർത്തിക്കുമെന്ന് എം.കെ.സ്റ്റാലിൻ വ്യക്തമാക്കി.

# ആദ്യ പറക്കലിനൊരുങ്ങി തേജസ് എം.കെ.1എ



ന്യൂഡൽഹി: ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിന്റെ (എച്ച്.എ.എൽ) നാസിക്കിലെ പുതിയ പ്ലാന്റിൽ നിർമ്മിച്ച ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ച ലൈറ്റ് കോംപാക്ട് (എൽ.സി.എ) വിമാനം തേജസ് എം.കെ1എ യുദ്ധവിമാനത്തിന്റെ ആദ്യ പറക്കൽ 17ന് നാസിക്കിലെ നടക്കും. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിന്റെ സാന്നിധ്യത്തിലാകും ആദ്യ പറക്കൽ. എച്ച്.ടി.ടി40 പരിശീലന വിമാനങ്ങൾക്കായുള്ള രണ്ടാം നിർമ്മാണ പ്ലാന്റും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

യു.എസ് കമ്പനിയായ ജനറൽ ഇലക്ട്രിക്സിൽ നിന്ന് (ജി.ഇ) കരാർ പ്രകാരം ലഭിക്കേണ്ട എൻജിനുകൾ എത്താൻ വൈകിയത് നിർമ്മാണത്തെ ബാധിച്ചിരുന്നു. മിഗ് വിമാനങ്ങൾ ഡീകമ്മിഷൻ ചെയ്യുന്നത് മുന്നിൽ കണ്ട് കഴിഞ്ഞ വർഷം തേജസ് വ്യോമസേനയിൽ വിന്ന്യസിക്കാനായിരുന്നു പദ്ധതി. ഇതുവരെ എച്ച്.എ.എല്ലിന് നാല് എൻജിനുകൾ മാത്രമാണ് ലഭിച്ചത്. ഈമാസം രണ്ടെണ്ണം കൂടി എത്തിയേക്കും.

എന്നാൽ മിസൈലുകൾ അടക്കം ആയുധങ്ങൾ ഘടിപ്പിച്ച് അന്തിമ പറക്കൽ പരീക്ഷണങ്ങൾ പൂർത്തിയാക്കിയ ശേഷമേ സേനയ്ക്ക് കൈമാറൂ. നാസിക്കിൽ ഒരു വിമാനം ഈ മാസം കൈമാറുമെന്നും റിപ്പോർട്ടുണ്ട്. അസ്ത്ര, ആസ്രാം, പൈഥൺ, മെറ്റിയോർ മിസൈലുകളാണ് തേജസിൽ ഘടിപ്പിക്കുക. നാസിക്കിലേത് തേജസ് വിമാനത്തിന്റെ മൂന്നാം നിർമ്മാണ പ്ലാന്റാണ്. രണ്ടെണ്ണം ബാംഗ്ളൂരിൽ.

83 എം.കെ1എ യുദ്ധവിമാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കരാറാണ് എച്ച്.എ.എല്ലിന് ആദ്യം നൽകിയത്. പിന്നീട് 97 വിമാനങ്ങൾ കൂടി ഓർഡർ ചെയ്തു. ചേർക്കും, 2027 നും 2034 നും ഇടയിൽ ഇവ സേനയ്ക്ക് ലഭിച്ചേക്കും.

# സീറ്റ് ധാരണ പൊളിച്ച് ജെ.ഡി.യു, ചിരാഗ് ചോദിച്ച സീറ്റുകളിലും സ്ഥാനാർത്ഥികൾ



ന്യൂഡൽഹി: ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള 57 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പുറത്തിറക്കി ജനതാദൾ (യുണൈറ്റഡ്). അനന്ത് കുമാർ, അഞ്ച് സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ അടങ്ങിയ പട്ടികയിൽ ചിരാഗ് പാസ്വാന്റെ ലോക് ജൻ ശക്തി ആവശ്യപ്പെട്ട സീറ്റുകളുമുണ്ട്. എൻ.ഡി.എ സീറ്റ് ധാരണ പൊളിച്ചുകൊണ്ടാണ് ജെ.ഡി.യു നീക്കം.

ചിരാഗ് എൻ.ഡി.എ സീറ്റു ചർച്ചയിൽ അവകാശവാദമുന്നയിച്ച മോർവ, സോൻബർസ, രാജ്ഗിർ, ഗൈഘട്ട്, മതിഹാനി എന്നീ സീറ്റുകളിൽ ജെ.ഡി.യു സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടുണ്ട്. 2020ൽ മോർവയിലും ഗൈഘട്ടിലും ആർ.ജെ.ഡിയും രാജ്ഗിറിലും സോൺബർസയിലും ജെ.ഡി.യുവുമാണ് വിജയിച്ചത്. മതിഹാനിയിൽ ലോക് ജനശക്തി പാർട്ടി ലേബലിൽ ജയിച്ച രാജ്കുമാർ സിംഗ് പിന്നീട് ജെ.ഡി.യുവിലേക്ക് മാറി.

ശ്രാവൺ കുമാർ(നളന്ദ), വിജയ് കുമാർ ചൗധരി (സരരഞ്ജൻ), മഹേശ്വർ ഹസാരി (കല്യാൺപൂർ), മദൻ സാഹ്നി (ബഹാദൂർപൂർ), രത്നേഷ് സാദ(സോൻബർസ) എന്നിവരാണ് ആദ്യ പട്ടികയിൽ ഇടം നേടിയ മന്ത്രിമാർ. ആദ്യ പട്ടികയിൽ രത്നേഷ്സാദ(സോൻബർസ),വിദ്യാസാഗർ നിഷാദ്(മോർവ), ധുമാൽ സിംഗ്(എക്മ), കൗശൽ കിഷോർ(രാജ്ഗിർ) തുടങ്ങിയ പ്രമുഖരുണ്ട്.

അതിനിടെ 29 സീറ്റുകൾ ഉറപ്പിച്ച ചിരാഗ് പാസ്വാന്റെ എൽ.ജെ.പി ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള 14 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പുറത്തുവിട്ടു.

ഇന്നലെരണ്ട്പട്ടികകൾകൂടിപുറത്തുവിട്ട് ബി.ജെ.പി സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയാക്കി. ഇന്നലെ ആദ്യം 12 മണ്ഡലങ്ങളിലെ രണ്ടാം പട്ടികയും രാത്രി വൈകി 18 പേരുടെ മൂന്നാം സ്ഥാനാർത്ഥി പട്ടികയുമാണ് പാർട്ടി പ്രഖ്യാപിച്ചത്. 71 സ്ഥാനാർത്ഥികളെ ആദ്യം പ്രഖ്യാപിച്ചിരുന്നു. എൻ.ഡി.എയിൽ ജെ.ഡി.യുവും ബി.ജെ.പിയും 101 സീറ്റുകളിൽ വീതം മത്സരിക്കാനാണ് ധാരണ.

കഴിഞ്ഞ ദിവസം പാർട്ടിയിൽ ചേർന്ന പ്രശസ്ത ഗായിക മൈഥിലി താക്കൂർ (അലിനഗർ), മുൻ ഐ.പി.എസ് ഓഫീസർ ആനന്ദ് മിശ്ര(ബക്സർ) തുടങ്ങിയവർ രണ്ടാം പട്ടികയിലുണ്ട്.

ഛോട്ടി കുമാരി(ഛപ്ര), ബീരേന്ദ്ര കുമാർ(റോസേര), മഹേഷ് പാസ്വാൻ(അഗിയോൺ) തുടങ്ങിയ പ്രമുഖരെയും ഉൾപ്പെടുത്തി.

### സീറ്റ് മോഹികളും നേതാക്കളും തമ്മിൽ കയ്യാങ്കളി

ന്യൂഡൽഹി: സീറ്റ് മോഹികളും അനുയായികളും ബിഹാർ തലസ്ഥാനമായ പാട്നയിൽ പി.സി.സി അദ്ധ്യക്ഷൻ രാജേഷ് റാമിനെയും കോൺഗ്രസ് നിയമസഭാ കക്ഷി നേതാവ് ഷക്കീൽ അഹമ്മദ് ഖാനെയും കയ്യേറ്റം ചെയ്തു. ഡൽഹിയിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത് മടങ്ങവെ പട്ന വിമാനത്താവളത്തിലായിരുന്നു സംഭവം. ബീഹാർ തിരഞ്ഞെടുപ്പിനുള്ള സീറ്റ് വിഭജനത്തിൽ മഹാമുന്നണി ഉടൻ സമവായത്തിലെത്തുമെന്ന് അശോക് ഗെലോട്ട് പറഞ്ഞു.

# പാർട്ടി പ്രവർത്തനം പ്രധാനം, മത്സരിക്കില്ല: പ്രശാന്ത് കിഷോർ



ന്യൂഡൽഹി: ജൻസുരാജ് പാർട്ടിയുടെ കന്നി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകില്ലെന്ന് സ്ഥാപകൻ പ്രശാന്ത് കിഷോർ. ആദ്യ തിരഞ്ഞെടുപ്പിൽ പാർട്ടിയുടെ മികച്ച പ്രകടനത്തിനായി സംസ്ഥാനത്തുടനീളം പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ആർ.ജെ.ഡിയുടെ ശക്തി കേന്ദ്രവും മഹാമുന്നണിയുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥി തേജസ്വി യാദവിന്റെ മണ്ഡലവുമായ രാഘോപൂരിലോ, തന്റെ ജന്മസ്ഥലമായ കാർഗഹാറിൽ നിന്നോ പ്രശാന്ത് മത്സരിക്കുമെന്നായിരുന്നു ആദ്യ റിപ്പോർട്ട്.

എന്നാൽ കഴിഞ്ഞ ദിവസം പുറത്തുവിട്ട പാർട്ടിയുടെ ആദ്യ പട്ടികയിൽ രാഘോപൂരിൽ ചഞ്ചൽ സിംഗിനെയും പ്രശസ്ത ഭോജ്പുരി ഗായകൻ റിതേഷ് പാണ്ഡെയെ കാർഗഹാറിലും സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചതോടെ പ്രശാന്ത് മത്സരിക്കില്ലെന്നുറപ്പായി. ഒരു മണ്ഡലത്തിൽ കേന്ദ്രീകരിക്കേണ്ടി വരുമെന്നതിനാലാണ് മത്സരിക്കേണ്ടെന്ന് തീരുമാനിച്ചതെന്ന്പ്രശാന്ത്വിശദീകരിച്ചു. പകരം സംഘടനാ പ്രവർത്തനത്തിൽ ശ്രദ്ധിക്കും. പാർട്ടി 150 സീറ്റുകളെങ്കിലും നേടുമെന്നും അദ്ദേഹം പറഞ്ഞു.

### എൻ.ഡി.എ തോൽക്കും

ബീഹാറിൽ ഭരണകക്ഷിയായ എൻ.ഡി.എ പരാജയപ്പെടുമെന്നും മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ ജെ.ഡി.യു 25 സീറ്റുകൾ പോലും നേടില്ലെന്നും തിരഞ്ഞെടുപ്പ് വിദഗ്ദ്ധൻ കൂടിയായ പ്രശാന്ത് കിഷോർ പറഞ്ഞു. എൻ.ഡി.എ പുറത്താകുമെന്നുറപ്പ്. നിതീഷ് കുമാർ മുഖ്യമന്ത്രി പദത്തിൽ തിരിച്ചു വരില്ല. 2020ൽ ചിരാഗ് പാസ്വാന്റെ സ്വാധീനം മൂലം 43ൽ ഒതുങ്ങിയതിന്റെ തുടർച്ചയായിരിക്കും സംഭവിക്കുക.

ഇന്ത്യ മുന്നണിയിലും സ്ഥിതി മെച്ചമല്ലെന്നും ആർ.ജെ.ഡിയും കോൺഗ്രസും അവസാനിക്കാത്ത തർക്കമാണെന്നും പ്രശാന്ത് പറഞ്ഞു. തേജസ്വിക്ക് രാഘോപൂരിൽ 2019ൽ രാഹുൽ ഗാന്ധിക്ക് അമേഠിയിൽ നേരിട്ട പരാജയ അനുഭവം നേരിടേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

ഗണിതശാസ്ത്രജ്ഞൻ കെ. സിൻഹ(കുമ്രാർ), ഭോജ്പുരി ഗായകൻ റിതേഷ് രഞ്ജൻ പാണ്ഡെ, മുൻ മുഖ്യമന്ത്രിയും ബീഹാർ രാഷ്ട്രീയ നായകനുമായ കർപൂരി താക്കൂറിന്റെ ചെറുമകൾ ഡോ. ജാഗൃതി താക്കൂർ(മോർവ) എന്നിവരും ജൻസുരാജ് പാർട്ടി സ്ഥാനാർത്ഥികളാണ്.






## റീ റിലീസിനൊരുങ്ങി മമ്മൂട്ടിയുടെ 'അമരം'

മമ്മൂട്ടിയെ നായകനാക്കി ലോഹിതദാസിന്റെ തിരക്കഥയിൽ ഭരതൻ സംവിധാനം ചെയ്ത സിനിമയാണ് അമരം. ഇപ്പോഴിതാ പുറത്തിറങ്ങി 34 വർഷത്തിന് ശേഷം സിനിമ വീണ്ടും ബിഗ് സ്ക്രീനിലേക്ക് തിരിച്ചെത്തുകയാണ്.മലയാളത്തിലെ എവർഗ്രീൻ ക്ലാസിക് ചിത്രമായി കണക്കാക്കപ്പെടുന്ന സിനിമയിലെ മമ്മൂട്ടിയുടെ പ്രകടനം ഏറെ



ചർച്ചയായിരുന്നു.മധു അമ്പാട്ട്, ജോൺസൺ, രവീന്ദ്രൻ, വി.ടി. വിജയൻ, ബി.ലെനിൻ തുടങ്ങി മലയാളത്തിലെ എക്കാലത്തെയും പ്രതിഭാധനരായ പിന്നണി പ്രവർത്തകർ അണിനിരന്ന ചിത്രം കൂടിയായിരുന്നു അമരം. സിനിമയിലെ ഗാനങ്ങളെല്ലാം എവർഗ്രീൻ സോങ്ങ്സായി ഇന്നും തുടരുകയാണ്.കൂടാതെ ചിത്രത്തിലെ ഓരോ അഭിനേതാക്കളുടെയും പ്രകടനം അവരുടെ കരിയറിലെ ഏറ്റവും മികച്ച വേഷങ്ങളുടെ നിരയിലും ഇടംപിടിച്ചിരുന്നു. ഭാർഗവിയായുള്ള പെർഫോമൻസിലൂടെ കെ പി എ സി ലളിതയ്ക്ക് മികച്ച സഹനടിയ്ക്കുള്ള ദേശീയ-സംസ്ഥാന പുരസ്കാരങ്ങളാണ് ലഭിച്ചത്. മുരളിയ്ക്ക് സംസ്ഥാന പുരസ്കാരവും ലഭിച്ചു. സംസ്ഥാന ചലച്ചിത്ര പുരസ്കാരപട്ടികയിൽ ആ വർഷത്തെ മികച്ച ഛായാഗ്രാഹകനായത് മധു അമ്പാട്ടായിരുന്നു. 4K ഡോൾബി അറ്റ്മോസിലാണ് സിനിമ റീ റിലീസിന് ഒരുങ്ങുന്നത്. ഓസ്ട്രേലിയ ആസ്ഥാനമായുള്ള ചലച്ചിത്ര വിതരണ കമ്പനിയായ സൈബർ സിസ്റ്റംസ് ഓസ്ട്രേലിയ ആണ് ഇക്കാര്യം സ്ഥിരീകരിച്ചത്. 1991 ഫെബ്രുവരി ഒന്നിനായിരുന്നു അമരത്തിന്റെ റിലീസ്.

# ജെ. കെ. റൗളിംഗ് വിവാദം: ബഹിഷ്കരണത്തെ കുറിച്ച് അറിവില്ലെന്ന് കെയ്റാ നൈറ്റ്ലി



ഹാരി പോട്ടർ ബഹിഷ്കരണത്തെ കുറിച്ച് വലിയ വിവാദങ്ങൾ ആണ് ഇപ്പോൾ ബോളിവുഡിൽ ഉയരുന്നത്. ഹാരി പോട്ടർ പരമ്പരയുടെ രചയിതാവായ ജെ. കെ. റൗളിംഗ്, കഴിഞ്ഞ കുറച്ച് വർഷങ്ങളായി ട്രാൻസ്ജെൻഡർ വ്യക്തികളെ കുറിച്ച് നടത്തിയ പരാമർശങ്ങൾ മൂലം വലിയ വിവാദത്തിൽപ്പെട്ടിരിക്കുകയാണ്. ജെ. കെ. റൗളിംഗിന്റെ അഭിപ്രായത്തിൽ, സ്ത്രീകളുടെ അവകാശങ്ങൾ ട്രാൻസ് സ്ത്രീകളെ ഉൾപ്പെടുത്തുന്നതിലൂടെ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നായിരുന്നു.എന്നാൽ ഇതിനെ ട്രാൻസ് സമൂഹം, ആക്ടിവിസ്റ്റുകൾ, ഹോളിവുഡ് താരങ്ങൾ തുടങ്ങിയവർ ട്രാൻസ്ഫോബിക് ആയി കണ്ടു. റോളിംഗിന്റെ ഈ അഭിപ്രായങ്ങൾക്ക് പിന്നാലെ തന്നെ, ഹാരി പോട്ടർ സിനിമകളിലെ പ്രധാന താരങ്ങൾ ഇതിനെ കുറിച്ച് അനുകൂലമായും പ്രതികൂലമായും അഭിപ്രായങ്ങൾ അറിയിച്ചു രംഗത്ത് എത്തി.ഇതോടെ ഇതോടെ ഹാരി പോട്ടർ ആരാധക സമൂഹം രണ്ടായി പിരിഞ്ഞു. ഒരുകൂട്ടർ റൗളിംഗിനെ പിന്തുണച്ചു; മറ്റൊരുകൂട്ടർ അവളുടെ അഭിപ്രായങ്ങളെ അപലപിച്ച്, 'Harry Potter boycott" (ഹാരി പോട്ടർ ബഹിഷ്കരണം) പ്രസ്ഥാനത്തെ പിന്തുണച്ചു.എന്നാൽ ഇപ്പോൾ ഹോളിവുഡ് നടി കെയ്റാ നൈറ്റ്ലിയുടെ പ്രതികരണം ആണ് സോഷ്യൽ മീഡിയയിൽ വൈറൽ ആവുന്നത്. താരം അടുത്തിടെ പറഞ്ഞത് അനുസരിച്ച്, ഹാരി പോട്ടർ ഫ്രാഞ്ചൈസിനെതിരായ ബഹിഷ്കരണ പ്രസ്ഥാനത്തെക്കുറിച്ച് തനിക്ക് യാതൊരു ധാരണയും ഇല്ലായിരുന്നു എന്നാണ്.പല ഹോളിവുഡ് താരങ്ങളും ഇതിന്മേൽ തുറന്ന് പ്രതികരിച്ചിട്ടുണ്ടെങ്കിലും, കെയ്റാ അതിനെക്കുറിച്ച് അറിയാതെ തന്നെയാണ് ഈ ഗ്രൂപ്പിലേക്ക് ചേർന്നതെന്ന് അവൾ വ്യക്തമാക്കി. കെയ്റാ ഇപ്പോൾ നെറ്റ്ഫ്ലിക്സിൽ റിലീസ് ചെയ്ത ''ദി വുമൺ ഇൻ കാബിൻ 10'' എന്ന ചിത്രത്തിന്റെ പ്രമോഷൻ പരിപാടികളിലാണ് തിരക്കിലാണ്. ഇതിനിടയിൽ ഒരു അഭിമുഖത്തിൽ സംസാരിക്കുമ്പോൾ ആണ് താരം തന്റെ നിലപാട് വ്യക്തമാക്കിയത്.''എനിക്ക് അതിനെക്കുറിച്ച് അറിവില്ലായിരുന്നു. അതിനായി ക്ഷമിക്കുക. ഇപ്പോൾ നമ്മളെല്ലാവരും ഒരുമിച്ചു ജീവിക്കാനുള്ള മാർഗം കണ്ടെത്തേണ്ട സമയമാണ്. നമ്മൾക്ക് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടാകാം, പക്ഷേ പരസ്പര ബഹുമാനം നിലനിർത്താനായാലേ മുന്നോട്ട് പോകാൻ കഴിയൂ'' എന്നാണ് താരത്തിന്റെ പ്രതികാരണം.




## കിഷ്കിന്ധ കാണ്ഡം' ടീമിന്റെ 'എക്കോ' വരുന്നു...

ബ്ലോക്ക്ബസ്റ്റർ 'കിഷ്കിന്ധ കാണ്ഡം' എന്ന മിസ്റ്ററി ത്രില്ലർ ചിത്രത്തിനു ശേഷം സംവിധായകൻ ദിൻജിത് അയ്യത്താൻ, തിരക്കഥാകൃത്ത് ബാഹുൽ രമേശ് എന്നിവർ ഒന്നിക്കുന്ന 'എക്കോ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ പോസ്റ്റർ റിലീസായി. സോഷ്യൽ മീഡിയയിൽ പോസ്റ്റർ വൈറൽ ആയതോടെ ആരാണ് ഈ കുര്യച്ചൻലൂപ്പ് സിനിമയാണോ, ടൈം ട്രാവൽ സിനിമയാണോ? എന്നീ കമന്റുകളും ഉയർന്നു വരുന്നുണ്ട്. ആരാധ്യ സ്റ്റുഡിയോസിന്റെ ബാനറിൽ എം.ആർ.കെ ജയറാമിന്റെ നിർമാണത്തിൽ ഒരുങ്ങുന്ന 'എക്കോ' സിനിമയുടെ കേന്ദ്ര കഥാപാത്രമായി എത്തുന്നത് ഫാലിമി, പടക്കളം, ആലപ്പുഴ ജിംഖാന തുടങ്ങിയ സൂപ്പർ ഹിറ്റ് സിനിമകളിൽ അഭിനയിച്ച സന്ദീപ് പ്രദീപാണ്. സൗരബ് സച്ചിദേവ്, നരേൻ, വിനീത്, അശോകൻ, ബിനു പപ്പു, രഞ്ജിത്ത് ശേഖർ, സഹീർ മുഹമ്മദ്, ബിയാനാ മോമിൻ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.കിഷ്കിന്ധ കാണ്ഡത്തിന്റെ സംഗീത സംവിധായകൻ മുജീബ് മജീദ്, എഡിറ്റർ സൂരജ് ഇ.എസ്.

# മുൻ കാനഡാ പ്രധാനമന്ത്രി ട്രൂഡോയും ഗായിക കാറ്റി പെറിയും പ്രണയത്തിൽ?; വൈറൽ ആയി കാറ്റി പെറിയുടെ മറുപടി



മുൻ കാനഡാ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും ഗായിക കാറ്റി പെറിയും പ്രണയത്തിൽ ആണെന്ന വാർത്തകൾ പുറത്തു വന്നിരുന്നു. ഇപ്പോൾ ജസ്റ്റിൻ ട്രൂഡോയുമായുള്ള പ്രണയ വാർത്തകൾ പുറത്തു വന്നതിന് പിന്നാലെ പ്രതികരണവുമായി കാറ്റി പെറി രംഗത്ത്.മുൻ കാനഡാ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും ഗായിക കാറ്റി പെറിയും വിഷയത്തിൽ തന്റേതായ രസകരമായ പരാമർശങ്ങൾ മാധ്യമങ്ങൾക്ക് നൽകിയതിലൂടെ ആ ഗോസിപ്പുകൾക്ക് കൂടുതൽ ചൂടേകുകയാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. ഒക്ടോബർ 13-ന് ലണ്ടനിൽ നടന്ന ''ലൈഫ്ടൈംസ് ടൂർ'' ആദ്യ ഷോയ്ക്കിടെയാണ് സംഭവം നടന്നത്. കഴിഞ്ഞ ആഴ്ച കാലിഫോർണിയയിലെ ഒരു യാച്ചിൽ ട്രൂഡോയും പെറിയും ചുംബിക്കുന്നതിന്റെ ചിത്രങ്ങൾ പുറത്തുവന്നിരുന്നു. ഇതോടെ ഇവരുടെ പ്രണയവാർത്തകൾക്ക് കൂടുതൽ പരസ്യമായിരുന്നു.അതേസമയം പെറിയോട് ഒരു ആരാധകൻ പ്രണയം പറഞ്ഞതും രസകരമായ വിവാദത്തിന് തിരി കൊളുത്തി. സംഭവം ഇങ്ങനെ ആണ്. വൈറലായ ഒരു ഠശസഠീസ വീഡിയോയിൽ, ഒരു ആരാധകൻ പെറിയുമായി സ്റ്റേജിൽ സംസാരിക്കുന്നതും അവളോട് ചോദിക്കുന്നതും ആണ് കാണാനാകുന്നത്. ഒരു ബോർഡും ഉയർത്തി പിടിച്ചാണ് ആരാധകൻ എത്തിയത്.''നിന്റെ ബോർഡിൽ എന്താണ് എഴുതിയിരിക്കുന്നത്?'' എന്ന് പെറി ചോദിക്കുന്നു.''നീ സിംഗിളാണെന്ന് കേട്ടു?'' എന്ന് അവൻ മറുപടി പറയുന്നു:''ഞാൻ സിംഗിളാണെന്ന് കേട്ടോ? അതെന്തൊരു രസകരം!'' എന്നാണ് അത് കേട്ട പെറി ചിരിച്ചു കൊണ്ട് മറുപടി പറയുന്നത്.''ഗമ്യേ ജല്യ്യ്യ, ംശഹഹ ്യീൗ ാമ്യ്യ്യ ാല?' എന്ന് എഴുതിയിരിക്കുന്ന ബോർഡ് ആരാധകൻ ഉയർത്തി കാണിച്ചു, അതിനൊപ്പം അവൻ മുട്ടുകുത്തി പ്രണയവും അറിയിച്ചു.''നീ 48 മണിക്കൂർ മുമ്പ് ചോദിച്ചിരുന്നെങ്കിൽ നല്ലതായിരുന്നു'' എന്നാണ് പെറി അതിനു ചിരിച്ചുകൊണ്ട് മറുപടി നൽകിയത്. കഴിഞ്ഞ സെപ്റ്റംബർ അവസാനവാരം ട്രൂഡോയുമൊത്ത് സാന്റാ ബാർബറയിലെ യാച്ച് യാത്രയെ ഓർമ്മിപ്പിക്കുന്നത് പോലെ ആയിരുന്നു താരത്തിന്റെ മറുപടി. ഇത് ഇവരുടെ പ്രണയ വാർത്ത സത്യമെന്ന് ആരാധകർക്ക് ഉറപ്പിക്കാൻ കാരണമായി.

# ജൂനിയർ എൻടിആറിന് എന്ത് പറ്റി?’



ജൂനിയർ എൻടിആറിന് എന്ത് പറ്റി? സോഷ്യൽ മീഡിയയിൽ എവിടെ തിരിഞ്ഞാലും കാണുന്ന ചോദ്യമാണ്. നടന്റെ പുതിയ ലുക്കാണ് ആരാധകർക്കിടയിൽ ചർച്ചയാവുന്നത്.

താരം പെട്ടെന്നു മെലിഞ്ഞതാണ് ആരാധകരിൽ ആശങ്കയുയർത്തുന്നത്.കഴിഞ്ഞ ദിവസം നടൻ പങ്കെടുത്ത വിവാഹച്ചടങ്ങിലെ ഒരു ഫോട്ടോയാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. വളരെയധികം മെലിഞ്ഞാണ് ചിത്രത്തിലുള്ളത്.ശരീരത്തിലുണ്ടായ മാറ്റം എന്തെങ്കിലും അസുഖം കാരണമാണോ അതോ അടുത്ത ഏതെങ്കിലും സിനിമയ്ക്ക് വേണ്ടിയാണോ എന്നാണ് ആരാധകരുടെ ചോദ്യം.

’വാർ 2’ സിനിമയുടെ സെറ്റിൽ വച്ച് താരത്തിന്റെ വാരിയെല്ലിന് പൊട്ടലേറ്റിരുന്നു. ഇതേ തുടർന്ന് മാസങ്ങളോളം വിശ്രമം ഡോക്ടർമാർ നിർദേശിച്ചിരുന്നു. ’കാന്താര: ചാപ്റ്റർ 1’ സിനിമയുടെ പ്രൊമോഷനു വന്നപ്പോഴും ശരീരത്തിലെ പരിക്കിന്റെ കാര്യം അദ്ദേഹം തുറന്നു പറഞ്ഞിരുന്നു. വളരെയധികം വേദന സഹിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ മുഖത്തിൽ നിന്നു തന്നെ വ്യക്തമായിരുന്നു.അതേസമയം, പ്രശാന്ത് നീൽ സംവിധാനം ചെയ്യുന്ന ഡ്രാഗൺ എന്ന സിനിമയാണ് എൻടിആറിന്റെ വരാനിരിക്കുന്ന ചിത്രം.

## പോയ വാരം ഒടിടിയിൽ ഏറ്റവുമധികം പേർ കണ്ട 5 സിനിമകൾ ഇവയാണ്




ഒരു ചിത്രം തീയേറ്ററിൽ റിലീസ് ആവുന്ന അത്ര തന്നെ പ്രാധാന്യത്തിൽ ആണ് ഇപ്പോൾ ഒടിടിയിലും റിലീസ് ആവുന്നത്. കൂടുതൽ പ്രേക്ഷകരിലേക്ക് എത്താൻ സിനിമകൾക്ക് ലഭിക്കുന്ന ഒരു രണ്ടാം അവസരമാണ് ഒടിടി റിലീസ്. തീയറ്ററിൽ പരാജയം ആയ ചിത്രങ്ങളും ചിലപ്പോൾ ഒടിടിയിൽ വൻ വിജയം നേടാറുണ്ട്. ചിലപ്പോഴൊക്കെ തിരിച്ചും സംഭവിച്ചിട്ടുണ്ട്. ഇപ്പോഴിതാ ഇന്ത്യയിൽ പോയ വാരം ഒടിടിയിൽ ഏറ്റവുമധികം പേർ കണ്ട 5 സിനിമകളുടെ ലിസ്റ്റ് ആണ് പുറത്തു വന്നിരിക്കുന്നത്. പ്രമുഖ മീഡിയ കൺസൾട്ടിംഗ് സ്ഥാപനമായ ഓർമാക്സ് മീഡിയ പുറത്തിറക്കിയ പട്ടികയാണ് പുറത്തു വന്നിരിക്കുന്നത്. **വാർ 2** -കഴിഞ്ഞ വാരം (ഒക്ടോബർ 6- 12) ഇന്ത്യയിൽ ഏറ്റവുമധികം പ്രേക്ഷകർ ഒടിടിയിൽ കണ്ട സിനിമ വാർ 2 ആണ്. ഒക്ടോബർ 9 ന് നെറ്റ്ഫ്ലിക്സിലൂടെ എത്തിയ ഹൃഥ്വിക് റോഷൻ ചിത്രത്തിന് 35 ലക്ഷം വ്യൂസ് ആണ് ലഭിച്ചത്. **കൂലി**-രണ്ടാം സ്ഥാനത്ത് രജനികാന്ത് ചിത്രം കൂലിയാണ്. 26 ലക്ഷം വ്യൂസ് ആണ് ചിത്രത്തിന് ലഭിച്ചത്. ചിത്രത്തിൻറെ തമിഴ്, തെലുങ്ക്, മലയാളം, കന്നഡ പതിപ്പുകൾ ആമസോൺ പ്രൈം വീഡിയോയിലൂടെ സെപ്റ്റംബർ 11 ന് എത്തിയിരുന്നു. എന്നാൽ ഹിന്ദി പതിപ്പ് ഇതേ പ്ലാറ്റ്ഫോമിലൂടെ റിലീസ് ചെയ്യപ്പെട്ടത് ഒക്ടോബർ 9 ന് ആയിരുന്നു. **സൺ ഓഫ് സർദാർ 2**-അജയ് ദേവ്ഗൺ നായകനായ ബോളിവുഡ് ചിത്രം സൺ ഓഫ് സർദാർ 2 ആണ് ലിസ്റ്റിൽ മൂന്നാമത്. സെപ്റ്റംബർ 26 ന് നെറ്റ്ഫ്ലിക്സിൽ എത്തിയ ചിത്രം 20 ലക്ഷം വ്യൂസ് ആണ് നെറ്റ്ഫ്ലിക്സിൽ നേടിയത്. **മഹാവതാർ നരസിംഹ**–വൻ ബോക്സ് ഓഫീസ് വിജയം നേടിയ ബഹുഭാഷാ അനിമേഷൻ എപിക് ചിത്രം മഹാവതാർ നരസിംഹയാണ് ലിസ്റ്റിൽ നാലാം സ്ഥാനത്ത്. സെപ്റ്റംബർ 19 ന് നെറ്റ്ഫ്ലിക്സിലൂടെ എത്തിയ ചിത്രം 15 ലക്ഷം കാഴ്ചകളാണ് നേടിയിരിക്കുന്നത്. **മദ്രാസി**-ശിവകാർത്തികേയൻറെ തമിഴ് ചിത്രം മദ്രാസിയാണ് ലിസ്റ്റിൽ അഞ്ചാം സ്ഥാനത്ത്. ആമസോൺ പ്രൈം വീഡിയോയിൽ ഒക്ടോബർ 3 ന് എത്തിയ ചിത്രം 14 ലക്ഷം കാഴ്ചകളാണ് നേടിയത്.





ജനപ്രിയ സീരീസ് ആയ ഫ്രണ്ട്സിലൂടെ ആരാധകരുടെ പ്രിയ താരമായ ജെന്നിഫർ അനിസ്റ്റൺ, താൻ നേരിട്ട വന്ധ്യതയും ഐ.വി.എഫ്. ചികിത്സയും സംബന്ധിച്ചുള്ള തന്റെ അനുഭവങ്ങൾ തുറന്നു പറഞ്ഞു രംഗത്ത്. ഒരു അഭിമുഖത്തിൽ ആണ് വർഷങ്ങളായി മാധ്യമങ്ങളും ജനങ്ങളും അവളെക്കുറിച്ച് പറഞ്ഞു പരത്തിയ ‘‘മാതൃത്വത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്കും അന്യായ ഗോസിപ്പുകൾക്കും’’ താരം വ്യക്തമായ മറുപടി നൽകിയത്. ഞാൻ ഗർഭം ധരിക്കാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും ചെയ്തു, IVF ചെയ്തു, ചൈനീസ് ഔഷധച്ചായകൾ കുടിച്ചു, എല്ലാം പരീക്ഷിച്ചു’ എന്നാണ് താരം പറയുന്നത്. എനിക്കാരെങ്കിലും ‘നിന്റെ എഗ്ഗുകൾ ഫ്രീസ് ചെയ്തു സൂക്ഷിച്ചു വെയ്ക്കൂ, അത് നിനക്കു ഗുണം ചെയ്യും എന്ന് പറഞ്ഞു തന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. അങ്ങനെ ആലോചിക്കാറില്ലല്ലോ, ഇപ്പോൾ അതെല്ലാം കഴിഞ്ഞു പോയി’ എന്നാണ് താരം വിഷമത്തോടെ പറഞ്ഞത്.തനിക്ക് കുട്ടികളില്ലാത്തത് കൊണ്ട് പലരും തന്നെ ‘‘സ്വാർത്ഥ’’യെന്നും ‘‘ജോലിയ്ക്ക് അടിമ’’യെന്നും വിളിച്ചു എന്നും താരം പറഞ്ഞു. കൂടാതെ, ദത്തെടുക്കാൻ താൽപ്പര്യമില്ലാത്തതിന്റെ കാരണവും പൊതുജനങ്ങൾ അതിനെക്കുറിച്ച് നടത്തിയ വിലയിരുത്തലുകളും അവൾ പരാമർശിച്ചു.‘‘ജനങ്ങൾ എന്റെ കഥ അറിഞ്ഞിരുന്നില്ല. 20 വർഷമായി ഞാൻ മാതൃത്വത്തിനായി ശ്രമിക്കുകയായിരുന്നു. പക്ഷേ ഞാൻ ലോകത്തിനു മുന്നിൽ എന്റെ ആരോഗ്യപ്രശ്നങ്ങൾ പറയുന്നയാൾ അല്ല. അത് എന്റെ സ്വകാര്യത ആണ്. എങ്കിലും, ഒരുകാലത്ത് ആ ആരോപണങ്ങൾ കേൾക്കാതെ ഇരിക്കാൻ കഴിയില്ല ’അവൾക്ക് കുഞ്ഞ് വേണമെന്നില്ല, അവൾക്ക് കുടുംബം വേണമെന്നില്ല’ എന്ന് പറഞ്ഞ് കഥകൾ ആളുകൾ ഉണ്ടാക്കി’’ എന്നാണ് താരം പറയുന്നത്.പലരും അവളോട് ദത്തെടുക്കൽ പരിഗണിക്കാമെന്ന് പറഞ്ഞുവെങ്കിലും അവൾ അത് വേണ്ടെന്ന് വെച്ചിരുന്നു. അതിന്റെ കാരണവും താരം തുറന്നു പറഞ്ഞു. ‘‘എനിക്ക് എന്റെ DNA ഉള്ള കുഞ്ഞിനെയാണ് ഞാൻ ആഗ്രഹിച്ചത്. അതാണ് ഞാൻ എപ്പോഴും ആഗ്രഹിച്ചത്, സ്വാർത്ഥമോ അല്ലയോ എന്നൊന്നും അതിൽ ഇല്ല. ‘‘മാതൃത്വത്തെക്കുറിച്ച് ചിന്തകൾ ചിലപ്പോൾ മനസ്സിൽ വരും, പക്ഷേ മൂന്നു സെക്കൻഡിനുള്ളിൽ തന്നെ അപ്രത്യക്ഷമാകും’’ എന്നും താരം പറഞ്ഞു.

# മാതൃത്വ സ്വപ്നം നിറവേറ്റാനായില്ലെന്ന് വെളിപ്പെടുത്തി ജെന്നിഫർ അനിസ്റ്റൺ

# ലെഡി ഗാഗയുടെ പുതിയ വേഷം; ''ദ ഡെവിൽ വെയേഴ്സ് പ്രാഡാ 2'' 2026-ൽ



ലോകപ്രശസ്ത ഗായികയും നടിയുമായ ലെഡി ഗാഗ ആരാധകരുടെ പ്രിയ താരമാണ്. 2006-ലെ സൂപ്പർഹിറ്റ് സിനിമയായ "The Devil Wears Prada"യുടെ രണ്ടാം ഭാഗത്തിൽ താരം എത്തുന്നു എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതനുസരിച്ച്, ഗാഗ ഡിസ്നിയുടെ ഈ സീക്വലിൽ ഔദ്യോഗികമായി ചേർന്നിരിക്കുന്നു എന്നാണ് ലഭിക്കുന്ന വിവരം.അതേസമയം ചിത്രത്തിന്റെ ഷൂട്ടിംഗ് ലൊക്കേഷനിൽ നിന്നുള്ള ഗാഗയുടെ ഫോട്ടോകൾ സോഷ്യൽ മീഡിയയിൽ വൈറലായതോടെയാണ് ഈ വാർത്ത സ്ഥിരീകരിക്കപ്പെട്ടത്. താരം അവതരിപ്പിക്കുന്ന കഥാപാത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇപ്പോൾ രഹസ്യമായി വച്ചിരിക്കുകയാണ്. The Devil Wears Prada 2 മെയ് 1, 2026-ന് റിലീസ് ചെയ്യാനാണ് നിശ്ചയിച്ചിരിക്കുന്നത്. ചിത്രത്തിന്റെ ചിത്രീകരണം ജൂൺ മാസം ആണ് ആരംഭിച്ചത്. മുൻ ചിത്രത്തിലെ താരങ്ങളായ മേറിൽ സ്ട്രീപ്പ്, ആൻ ഹതവേ, എമിലി ബ്ലണ്ട്, സ്റ്റാൻലി ടുച്ചി എന്നിവരും ഈ സീക്വലിൽ തിരിച്ചെത്തുന്നു എന്നാണ് ലഭിക്കുന്ന വിവരം. ഇപ്പോൾ പ്രഖ്യാപിച്ച ചിത്രത്തിൽ ലെഡി ഗാഗയ്ക്കൊപ്പം, കെനെത്ത് ബ്രാനാ, ലൂസി ല്യൂ, ജസ്റ്റിൻ തേറോ, ബി.ജെ. നോവാക്, പോളിൻ ചലമേ, സിമോൺ ആഷ്‌ലി എന്നിവരും അഭിനയിക്കുന്നു.ചിത്രം നിർമ്മിക്കുന്നത് വെൻഡി ഫൈനർമാനും കരൻ റോസൻഫെൽട്ടും ആണ്. തിരക്കഥ എഴുതിയത് അലൈൻ ബ്രോഷ് മക്കെന്ന ആണ്. സംവിധാനം മുൻപിനെപ്പോലെ ഡേവിഡ് ഫ്രാങ്കൽ തന്നെ ആണ് കൈകാര്യം ചെയ്യുന്നത്.



# 'ഇറ്റ് എൻഡ് വിത്ത് അസ്' ചിത്രത്തിൽ അഭിനയിക്കാൻ ബ്ലേക്ക് ലൈവ്‌ലി; താരത്തിന്റെ പ്രതിഫലം കേട്ട് ഞെട്ടി ആരാധകർ

കോളിൻ ഹൂവറുടെ ബെസ്റ്റ്-സെല്ലർ നോവൽ അടിസ്ഥാനമാക്കിയുള്ള 'It Ends With Us" എന്ന സിനിമയിൽ നായികയായി അഭിനയിക്കാൻ വൻ പ്രതിഫലം ആവശ്യപ്പെട്ട് ബ്ലേക്ക് ലൈവ്‌ലി. കരാർ അനുസരിച്ചു ഏകദേശം 2 മില്യൺ ഡോളർ (ഏകദേശം 17 കോടി) ആണ് താരം വാങ്ങിയത് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇത് കൂടാതെ ലാഭവിഹിതം, ബോക്സ് ഓഫിസ് പ്രോഫിറ്റ് ബോണസുകൾ, എന്നിവയും പ്രതിഫലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. താരവുമായുള്ള ഡീലിന്റെ വിശദാംശങ്ങൾ ഇങ്ങനെ ആണ് അടിസ്ഥാന ശമ്പളം: ഏകദേശം 2 മില്യൺ ഡോളർബോക്സ് ഓഫീസ് ലാഭവിഹിതം: സിനിമയുടെ മൊത്ത വരുമാനത്തിൽ 10% പങ്ക്. മറ്റ് ബോണസുകൾ:സിനിമയുടെ വരുമാനം നിർമ്മാണ ച്ചെലവിന്റെ മൂന്നു മടങ്ങ് കഴിഞ്ഞാൽ 2.5 ലക്ഷം ഡോളർ (ഏകദേശം 2.2 കോടി)കൂടുതൽ ഉയർന്ന ലക്ഷ്യങ്ങൾ മറികടന്നാൽ വൻ ബോണസുകൾ ഈ തരത്തിലുള്ള ബോണസ് ക്രമീകരണങ്ങൾ, പ്രത്യേകിച്ച് ഹൈ-പ്രൊഫൈൽ ലൈറ്ററി അഡാപ്റ്റേഷനുകളിൽ (It Ends With Us പോലുള്ള) A-list താരങ്ങൾക്ക് സാധാരണയായി നല്കാറുള്ളതാണ്. അവാർഡ് ബോണസുകൾ ഇങ്ങനെ ആണ് ഓസ്കർ നോമിനേഷൻ: 1 ലക്ഷം ഡോളർ (ഏകദേശം 88 ലക്ഷം)ഓസ്കർ ജയം: 2 ലക്ഷം ഡോളർ (ഏകദേശം 1.7 കോടി) വിജയിച്ചതിന് മാത്രമേ നൽകുകയുള്ളൂഗോൾഡൻ ഗ്ലോബിൽ നോമിനേഷൻ: 75,000 ഡോളർ (66 ലക്ഷം)ഗോൾഡൻ ഗ്ലോബിൽ ജയം: 1 ലക്ഷം ഡോളർ (88 ലക്ഷം) Screen Actors Guild നോമിനേഷൻ: 50,000 ഡോളർ (44 ലക്ഷം) Screen Actors Guild ജയം: 75,000 ഡോളർ (66 ലക്ഷം). അതേസമയം കരാറിന്റെ ഡ്രാഫ്റ്റ് മാത്രമാണ് മാധ്യമങ്ങൾക്ക് ലഭിച്ചത്. ഒടുവിൽ ബ്ലേക്ക് ലൈവ്‌ലിയും പ്രൊഡക്ഷൻ ടീമും ഒപ്പിട്ടു തീർപ്പാക്കിയോ എന്ന് വ്യക്തമല്ല

## കാത്തിരിപ്പുകൾക്ക് അവസാനം, 'ലോക' ഒടിടിയിലേക്ക്

മലയാള സിനിമയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കളക്ഷൻ നേടിയ ചിത്രമായ ലോക: ചാപ്റ്റർ 1 ചന്ദ്ര ഇനി ഒടിടിയിലേക്ക്. കഴിഞ്ഞ ദിവസമാണ് ചിത്രം 300 കോടി ക്ലബ്ബിൽ ഇടംപിടിച്ചതായ ഔദ്യോഗിക പ്രഖ്യാപനം എത്തിയത്. മലയാളത്തിലെ ആദ്യ 300 കോടി ക്ലബ്ബ് ചിത്രവുമാണ് ഇത്. അതിന് പിന്നാലെയാണ് ചിത്രത്തിൻറെ സ്ട്രീമിംഗ് പ്രഖ്യാപനവും എത്തിയിരിക്കുന്നത്. ചിത്രം റിലീസിൻറെ 50-ാം ദിനത്തിലേക്ക് അടുക്കുമ്പോഴാണ് ഒടിടി റിലീസ് പ്രഖ്യാപനം എത്തിയിരിക്കുന്നത്. പ്രമുഖ പ്ലാറ്റ്ഫോം ആയ ജിയോ ഹോട്ട്സ്റ്റാറിലൂടെയാണ് ലോക എത്തുക. എന്നാൽ റിലീ




സ് തീയതി പ്രഖ്യാപിച്ചിട്ടില്ല. മറിച്ച് ഉടൻ എത്തും എന്ന് മാത്രമാണ് നിലവിലെ അറിയിപ്പ്. മലയാളത്തിൻറെ ഓണം റിലീസ് ആയി ഓഗസ്റ്റ് 28 ന് തിയറ്ററുകളിൽ എത്തിയ ചിത്രമാണ് ഇത്. വലിയ പ്രീ റിലീസ് പബ്ലിസിറ്റി ഇല്ലാതെയാണ് എത്തിയതെങ്കിലും ചിത്രത്തിൻറെ പരസ്യ മെറ്റീരിയലുകൾ വലിയ പ്രേക്ഷക ശ്രദ്ധ നേടിയിരുന്നു. എന്നാൽ റിലീസ് ദിനത്തിൽത്തന്നെ മസ്റ്റ് വാച്ച് എന്ന അഭിപ്രായം നേടാൻ ചിത്രത്തിന് സാധിച്ചു. മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, ഹിന്ദി പതിപ്പുകളിലും ചിത്രം എത്തിയിരുന്നു. ഇതിൽ മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക് പതിപ്പുകളും മികച്ച പ്രതികരണം നേടി. പ്രമുഖ ട്രാക്കർമാരായ സാക്നിൽകിൻറെ കണക്ക് പ്രകാരം ലോകയുടെ തമിഴ് പതിപ്പ് ഇന്ത്യയിൽ നിന്ന് 16.44 കോടി നെറ്റ് കളക്ഷനും തെലുങ്ക് പതിപ്പ് 13.74 കോടി നെറ്റും നേടിയിരുന്നു.

## ദീപാവലി റിലീസായി 'ഡ്യൂഡ്' തിയേറ്ററുകളിലേക്ക്

തമിഴിലെ യുവതാരം പ്രദീപ് രംഗനാഥനും മമിത ബൈജുവും നായകനും നായികയുമായെത്തുന്ന 'ഡ്യൂഡ്' റിലീസിനൊരുങ്ങുന്നു. ദീപാവലി റിലീസായി ഒക്ടോബർ 17ന് ചിത്രം തിയേറ്ററുകളിലെത്തും. സംഗീത ലോകത്തെ പുത്തൻ സെൻസേഷൻ ആയ സായ് അഭ്യങ്കർ ഈണമിട്ട് ചിത്രത്തിലേതായി ഇറങ്ങിയ പാട്ടുകളെല്ലാം തന്നെ ഇതിനകം വൈറലായി കഴിഞ്ഞിട്ടുണ്ട്. ചിത്രത്തിലെ ആദ്യഗാനമായി എത്തിയ 'ഊരും ബ്ലഡ്' 'ഡ്യൂഡി'ലെ ഫസ്റ്റ് ഗിയർ എന്ന ടാഗ് ലൈനുമായാണ് എത്തിയത്. പിന്നാലെ വന്ന 'നല്ലാരു പോ' എന്ന ഗാനം രണ്ടാമത്തെ ഗിയർ ആയെത്തി. ഏറ്റവും ഒടുവിൽ 'ഡ്യൂഡി'ലെ മൂന്നാമത്തെ ഗിയർ എന്ന ടാഗ് ലൈനിലാണ് 'സിങ്കാരി' എന്ന ഗാനം എത്തിയിരിക്കുന്നത്. ഇ ഫോർ എന്റർടെയ്ൻമെന്റ് സാണ് ചിത്രത്തിന്റെ കേരള ഡിസ്ട്രിബ്യൂഷൻ നിർവ്വഹിക്കുന്നത്.'ഊരും ബ്ലഡ്' യൂട്യൂബിൽ ഇതുവരെ 4 കോടിയിലേറെ ആസ്വാദക ഹൃദയങ്ങൾ കവർന്നുകഴിഞ്ഞു. 'നല്ലാരു പോ' 41 ലക്ഷവും 'സിങ്കാരി' 87 ലക്ഷവും വ്യൂസ് നേടികഴിഞ്ഞിട്ടുണ്ട്. 'സിങ്കാരി' എന്ന ഗാനത്തിൻറെ ലിറിക്കൽ വിഡിയോ ആണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.





# ബോളിവുഡിൽ അരങ്ങേറ്റംകുറിക്കാൻ ലിജോ ജോസ് പെല്ലിശ്ശേരി

പ്രണയ ചിത്രവുമായി ബോളിവുഡിൽ അരങ്ങേറ്റം കുറിക്കാൻ ലിജോ ജോസ് പെല്ലിശ്ശേരി. ഈ റൊമാന്റിക് ചിത്രത്തിന് സംഗീതം ഒരുക്കുന്നത് എ.ആർ. റഹ്മാനാണ്. പ്രശസ്ത ഹിന്ദി സംവിധായകൻ ഹൻസൽ മേത്ത ആയിരിക്കും സിനിമ നിർമിക്കുക. കരൺ വ്യാസും ലിജോയും ചേർന്നാണ് സിനിമയുടെ തിരക്കഥ തയ്യാറാക്കുന്നത്. 'പ്രണയം, വിരഹം, ദുർബലമായ മനുഷ്യബന്ധങ്ങളിലെ സങ്കീർണതകൾ എന്നിവയിലൂടെയാകും സിനിമ സഞ്ചരിക്കുക എന്നാണ് റിപ്പോർട്ട്. സിനിമയിലെ കാസ്റ്റിനെപ്പറ്റി വിവരങ്ങൾ പുറത്തുവന്നിട്ടില്ല. ഈ വർഷം അവസാനം സിനിമയുടെ നിർമാണം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നാണ് ട്രൂ സ്റ്റോറി ഫിലിംസിന്റെ പങ്കാളിയായ സാഹിൽ സൈഗൽ പറയുന്നത്. ലിജോ ജോസ് പെല്ലിശേരിയുടെ അടുത്ത ചിത്രം ഹിന്ദിയിലായിരിക്കും എന്ന തരത്തിൽ നേരത്തെ വാർത്തകൾ വന്നിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഒന്നും പുറത്തുവന്നിരുന്നില്ല. എന്നാൽ, ഹൻസൽ മേത്തയുടെ ട്രൂ സ്റ്റോറി ഫിലിംസും ലിജോയുടെ ആമേൻ മൂവി മൊണാസ്ട്രിയും ചേർന്നാകും ഈ ചിത്രം നിർമിക്കുക എന്നാണ് ഹോളിവുഡ് റിപ്പോർട്ടർ ഇന്ത്യ റിപ്പോർട്ട് ചെയ്യുന്നത്. ലിജോയുടെ അങ്കമാലി ഡയറീസ്, ജല്ലിക്കെട്ട്, ഈ. മ. യൗ, നൻപകൽ നേരത്ത് മയക്കം തുടങ്ങിയ ചിത്രങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടിയവയാണ്.



## തോൽവിയിൽനിന്ന് റീ റിലീസ് ഡേറ്റുമായി സൂര്യ ചിത്രം

സൂര്യയെ നായകനാക്കി ലിംഗുസാമി ഒരുക്കിയ ആക്ഷൻ ചിത്രമാണ് 'അഞ്ചാൻ'. ചിത്രത്തിന്റെ തിരക്കഥയ്ക്കും മേക്കിങ്ങിനും എല്ലാം വിമർശനങ്ങൾ ലഭിച്ചിരുന്നു. ഒരു ഗ്യാങ്സ്റ്റർ ത്രില്ലർ സ്വഭാവത്തിലൊരുങ്ങിയ സിനിമ ബോക്സ് ഓഫീസിൽ വലിയ പരാജയമായിരുന്നു. ഇപ്പോഴിതാ സിനിമയുടെ റീ എഡിറ്റഡ് പതിപ്പ് റീ റിലീസിനൊരുങ്ങുകയാണ്. വിദ്യുത് ജംവാൽ, സാമന്ത, മനോജ് ബാജ്പെ, സൂരി, മുരളി ശർമ്മ എന്നിവരാണ് സിനിമയിൽ മറ്റു പ്രധാന വേഷങ്ങളിൽ എത്തിയത്. യുവൻ ശങ്കർ രാജയാണ് സിനിമയ്ക്കായി സംഗീതം ഒരുക്കിയത്. സിദ്ധാർത്ഥ് റോയ് കപൂർ, എൻ സുബാഷ് ചന്ദ്രബോസ് എന്നിവരാണ് സിനിമ നിർമിച്ചത്.വമ്പൻ ഹൈപ്പിൽ പുറത്തിറങ്ങിയ സിനിമയ്ക്ക് എന്നാൽ പ്രേക്ഷകരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ സാധിച്ചിരുന്നില്ല. ചിത്രത്തിന്റെ പരാജയത്തെത്തുടർന്ന് നിരവധി ട്രോളുകളാണ് സൂര്യയ്ക്കും ലിംഗുസാമിക്കും നേരിടേണ്ടി വന്നിരുന്നത്.നവംബർ 28 നാണ് ചിത്രം വീണ്ടും ബിഗ് സ്ക്രീനിലേക്ക് എത്തുന്നത്. സിനിമയുടെ നിർമാതാക്കളായ തിരുപ്പതി ബ്രദർഴ്സ് ആണ് റീ റിലീസിന്റെ വാർത്ത പുറത്തുവിട്ടത്. സിനിമയുടെ ഒറിജിനൽ പതിപ്പിൽ നിന്ന് വ്യത്യസ്തമായി ചില സീനുകൾ കട്ട് ചെയ്ത വേർഷനാകും റീ റിലീസ് ചെയ്യുക. ഈ പുതിയ വേർഷൻ സൂര്യ ആരാധകരും സിനിമാപ്രേമികളായും സ്വീകരിക്കുമെന്നാണ് പ്രതീക്ഷ.




## 'തിയേറ്റർ ദി മിത്ത് ഓഫ് റിയാലിറ്റി'യിൽ ഞെട്ടിച്ച് റിമ കല്ലിങ്കൽ

റിമ കല്ലിങ്കൽ നായികയായി എത്തുന്ന 'തിയേറ്റർ ദ് മിത്ത് ഓഫ് റിയാലിറ്റി' റിലീസിനൊരുങ്ങുകയാണ്. സജിൻ ബാബുവാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. ഈ ചിത്രത്തിലെ പ്രകടനത്തിന് റിമയ്ക്ക് ഈ വർഷത്തെ ഫിലിം ക്രിട്ടിക്സ് അവാർഡ് ലഭിച്ചിരുന്നു. മലയാള സിനിമയിൽ ഇന്നേവരെ കണ്ടതിൽ വച്ച് ഏറ്റവും തീവ്രമായ ക്ലൈമാക്സ് ആയിരിക്കും 'തിയേറ്റർ: ദ് മിത്ത് ഓഫ് റിയാലിറ്റി'യുടെത് എന്നാണ് ലഭിക്കുന്ന വിവരം.റിമ കല്ലിങ്കൽ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രം ആഗോള ചലച്ചിത്രമേള സർക്യൂട്ടുകളിൽ ഇതിനോടകം തന്നെ ചിത്രം ശ്രദ്ധനേടിക്കഴിഞ്ഞു.

# റിലീസിന് ശേഷമുള്ള ഏറ്റവും വലിയ ഇടിവ് നേരിട്ട് 'കാന്താര'

ഇന്ത്യൻ സിനിമാപ്രേമികൾ ഇരും കയ്യും നീട്ടി സ്വീകരിച്ച ചിത്രമായിരുന്നു 2022 ൽ പുറത്തെത്തിയ കാന്താര. റിഷഭ് ഷെട്ടി രചനയും സംവിധാനവും നിർവ്വഹിച്ച് കേന്ദ്ര കഥാപാത്രങ്ങളുടെ ഇരട്ട വേഷത്തിൽ എത്തിയ ചിത്രം കെജിഎഫ് കഴിഞ്ഞാൽ കന്നഡ സിനിമയ്ക്ക് കർണാടകത്തിന് പുറത്ത് റീച്ച് നേടിക്കൊടുത്ത ചിത്രം കൂടിയാണ്. കാന്താര ചാപ്റ്റർ 1 പ്രഖ്യാപന സമയം മുതൽ പ്രേക്ഷകശ്രദ്ധ നേടിയ ചിത്രമായിരുന്നു . ഭൂരിഭാഗം പ്രേക്ഷകരുടെയും പ്രതീക്ഷകൾക്ക് ഒത്ത് ഉയരാൻ സാധിച്ചതോടെ ബോക്സ് ഓഫീസിൽ വൻ തുടക്കമാണ് ചിത്രം നേടിയത്. ഇപ്പോഴിതാ 12 ദിനങ്ങളിലെ കണക്കുകൾ പുറത്തെത്തിയിട്ടുണ്ട്. റിലീസിന് ശേഷം കളക്ഷനിൽ ഏറ്റവും വലിയ ഇടിവാണ് ചിത്രം തിങ്കളാഴ്ച നേരിട്ടത്. 64 ശതമാനം ഇടിവാണ് തിങ്കളാഴ്ചത്തെ കളക്ഷനിൽ സംഭവിച്ചത്. ഞായറാഴ്ച ഇന്ത്യയിൽ നിന്ന് ചിത്രം നേടിയ നെറ്റ് കളക്ഷൻ 39.75 കോടി ആയിരുന്നെങ്കിൽ തിങ്കളാഴ്ച ഇത് 13.50 കോടിയായി ഇടിഞ്ഞു.എന്നാൽ രണ്ടാം വാരാന്ത്യത്തിൽ നടത്തിയ കുതിപ്പ് ചിത്രത്തെ വലിയ അളവിൽ



ഉയർത്തിയിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് മാത്രം 500 കോടി ഗ്രോസ് മറികടന്നിട്ടുണ്ട് ഇതിനകം ചിത്രം. നോർത്ത് അമേരിക്കൻ മാർക്കറ്റിലെ മികവേറിയ പ്രകടനത്തോടെ വിദേശത്തുനിന്ന് ചിത്രം 11 മില്യൺ ഡോളറും മറികടന്നിട്ടുണ്ട്.രണ്ടാം വാരാന്ത്യത്തിൽ നേടിയ 146 കോടി കൂട്ടി 11 ദിവസം കൊണ്ട് ആഗോള ബോക്സ് ഓഫീസിൽ നിന്ന് 655 കോടി നേടിയതായാണ് നിർമ്മാതാക്കളായ ഹൊംബാലെ ഫിലിംസ് അറിയിച്ചിരുന്നത്. 12 ദിവസം കൊണ്ട് ഇത് 675 കോടിക്കടുത്ത് എത്തിയിട്ടുണ്ടാവും. എന്നാൽ ട്രാക്കർമാരുടെ കണക്കനുസരിച്ച് 650 കോടിയോ അതിന് താഴെയോ ആണ് ഇതുവരെയുള്ള ചിത്രത്തിൻറെ ആഗോള ഗ്രോസ് ആയി കണക്കാക്കപ്പെട്ടിരിക്കുന്നത്. ഹിന്ദുസ്ഥാൻ ടൈംസിൻറെ റിപ്പോർട്ട് പ്രകാരം ഇന്ത്യൻ സിനിമയിലെ എക്കാലത്തെയും ടോപ്പ് 20 കളക്റ്റഡ് ചിത്രങ്ങളുടെ നിരയിലേക്ക് കാന്താര എത്തിയിട്ടുണ്ട്.

# കണ്ണ് തുറന്നു കാണുമോ വൈകിയെത്തുന്ന നീതിയുടെ വാൾമുനയേറ്റ് പിടയുന്നവരെ?

കേരളാ വിൻഡോ



ആന്റണി ചടയംമുറി



കണ്ണൂർ എ.ഡി.എം. ആയിരുന്ന കെ. നവീൻ ബാബുവിന്റെ ഒന്നാം മരണവാർഷിക ദിനത്തിന്റെ ഓർമ്മകളായിരുന്നു ഇന്ന് (ബുധൻ) ചാനലുകൾ നിറയെ. അച്ചടി മാധ്യമങ്ങളിലും ആ ദുരന്ത സ്മരണയെക്കുറിച്ചുള്ള വാർത്തകളുണ്ട്. നമ്മുടെ നിയമപീഠങ്ങളുടെയും ക്രമസമാധാനപാലനത്തിന്റെയും അകത്തളങ്ങളിൽ നവീൻ ബാബുവിന്റെ വിധവയായ ഭാര്യയോടും രണ്ട് പെൺമക്കളോടും സാമാന്യ നീതിയുടെ കണിക പോലും പുലർത്തുന്നില്ലെന്ന തോന്നൽ ഇന്നത്തെ വാർത്തകളിൽ കാണാൻ കഴിയുന്നു.

നവീൻ ബാബുവിന്റെ കേസിൽ രണ്ട് കുറ്റപത്രങ്ങൾ നൽകിയിട്ടും കുടുംബത്തിന്റെ പരാതികളെ പരാമർശിക്കുന്ന അന്വേഷണങ്ങൾ നടന്നതായി കാണുന്നില്ല. മാത്രമല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ കീഴ്ക്കോടതികളിലെ നിയമനടപടികൾ നീളുമെന്ന കാര്യവും ഇതേ വാർത്തകളിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. കോടതിയുടെ പരിഗണനയിൽ ആയിരുന്നിട്ടും ഈ കേസന്വേഷണത്തിലെ ഇതുവരെയുള്ള നെല്ലും പതിരും ചാനലുകൾ വേർതിരിച്ച് ജനങ്ങളെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, നവീൻ ബാബുവിന്റെ മരണവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ പത്നി നടത്തിയ ഒരു പരാമർശം ശ്രദ്ധേയമാണ്. 'മനുഷ്യത്വമുള്ള' എല്ലാവരും തന്നെ ഞങ്ങളുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേർന്നുവെന്ന് അവർ പറയുമ്പോൾ, ഇരയോടൊപ്പമാണെന്ന് പ്രഖ്യാപിച്ച പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദന്റെ അന്നത്തെ അഭിപ്രായ പ്രകടനം പൊള്ളയായിരുന്നുവെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിക്കുകയും ചെയ്തു.

### പേരിനൊരു 'തടവും' തടവ്കാരന്റെ 'തടവും'....

നവീൻ ബാബുവിന്റെ കേസിൽ പ്രതിസ്ഥാനത്തുള്ള പി.പി.ദിവ്യയെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ജയിലിലടച്ചുവെങ്കിലും പിന്നീട് ജാമ്യം കിട്ടി പുറത്തു വന്ന ഈ വനിതാ നേതാവിനെ സ്വീകരിക്കാൻ തടവറയ്ക്കു പുറത്തു കാത്തുനിന്നവരിൽ ഗോവിന്ദൻ മാഷിന്റെ ഭാര്യ ശ്യാമളയുമുണ്ടായിരുന്നു.

സ്വന്തം പാർട്ടിക്കാരായ തടവു പുള്ളികൾക്ക് വഴിവിട്ട പരോൾ അനുവദിക്കുന്നതും മാധ്യമങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. പെരിയ ഇരട്ടകൊലക്കേസിലെ ഒന്നാം പ്രതിക്ക് 'ഉഴിച്ചിൽ പിഴിച്ചിൽ' ചികിത്സയ്ക്കായി പരോൾ അനുവദിച്ചതും വിവാദമായി മാറി. എന്നാൽ ഇതൊന്നും ഇടതുസർക്കാർ ഗൗനിച്ചതേയില്ല.

### നീതി അകലെയാകുന്നതിൽ ഉത്കണ്ഠ

മാധ്യമ പ്രവർത്തകരോട് സംസാരിക്കാവേ നവീൻ ബാബുവിന്റെ കുടുംബം പ്രകടിപ്പിച്ച ഈ കേസിലെ കാലതാമസം നമ്മെ ആകുലപ്പെടുത്തേണ്ടതാണ്. കാരണം സർക്കാരിൽ ഫയലുകൾ തീർപ്പാക്കാൻ വർഷങ്ങൾ എടുക്കുന്നതുപോലെ നമ്മുടെ നീതി പീഠങ്ങൾക്കു ചുറ്റിലും പരാതിക്കാരുടെ കൂട്ട നിലവിളിയുയരുന്നുണ്ട്. കേരളാ ഹൈക്കോടതിയിൽ മാത്രം രണ്ടര ലക്ഷം കേസുകൾ വിധികാത്തു കിടക്കുന്നുണ്ട്. ചട്ട പ്രകാരമുള്ള ന്യായാധിപന്മാരുടെ എണ്ണത്തിൽ കേരളാ ഹൈക്കോടതിയിൽ അഞ്ചു പേരുടെ കുറവേ നിലവിലുള്ളു. എന്നിട്ടും കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഉത്തരം കിട്ടാത്ത ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

വിധി കാത്തുകിടക്കുന്നതിൽ 15 കേസുകൾ 30 വർഷത്തിലേറെ പഴക്കമുള്ളവയാണ്. 1039 കേസുകൾക്ക് 20 വർഷത്തിലേറെയും 32,209 കേസുകൾക്ക് 10 വർഷത്തിലേറെയും പഴക്കമുണ്ട്. ജില്ലാ കോടതികളിൽ 10 വർഷത്തിലേറെ പഴക്കമുള്ള കേസുകളുടെ എണ്ണം 2,16,086 ആണ് കീഴ്ക്കോടതികളിലാകെ 18.05 ലക്ഷം കേസുകളാണ് വിധി കാത്തുകിടക്കുന്നത്. ഇതിൽ 12.10 ലക്ഷവും ക്രിമിനൽ കേസുകൾ. രാജ്യത്താകെ കെട്ടിക്കിടക്കുന്ന കേസുകൾ 5.8 കോടിയാണ്. 2024ലെ കണക്കുകളിൽ മാത്രം, 1,00,347 കേസുകൾ കെട്ടിക്കിടക്കുന്നു. 2025 ജൂൺ 30 വരെയുള്ള 53,982 കേസുകൾ ലഹരി, അക്രമ കേസുകളാണ്. ഈ കേസുകളുടെ വിചാരണ വൈകുന്നതുമൂലം ഇതേ കുറ്റകൃത്യങ്ങളിലെ പ്രതിസ്ഥാനത്തുള്ളവരിൽ 90 ശതമാനവും പൊതുസമൂഹത്തിൽ സ്വാതന്ത്ര്യത്തോടെ വിഹരിക്കുന്നു. തുടരെ കുറ്റകൃത്യങ്ങൾ നടത്തുകയും തുടരെ ജാമ്യം ലഭിക്കുകയും ചെയ്യുന്ന സ്ഥിരം ഗ്യാംഗുകളെ കയറൂരിവിട്ട അവസ്ഥയാണിപ്പോൾ. ജാമ്യത്തിൽ ഇറങ്ങിയവരുടെ കൂട്ടത്തിൽ കൊലക്കേസ്, പോക്സോ കേസ് പ്രതികളുമുണ്ട്. ഇവരുടെ ശരാശരി പ്രായം 25-28 വയസ്സാണ്. 10 വർഷം കൂടി ഇത്തരമാളുകൾ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും എല്ലാ സ്വാതന്ത്ര്യത്തോടും കൂടെ പൊതുസമൂഹത്തെ അസ്വസ്ഥരാക്കുകയും ചെയ്തിട്ടും നീതിദേവതയുടെ കണ്ണുകൾ തുറക്കാതെ പോകുന്ന സ്ഥിതിവിശേഷത്തിന്റെ ദുരിതമനുഭവിക്കുകയാണ് ജനങ്ങൾ.

### നഗരത്തിൽ പാർപ്പിനെത്തുമ്പോൾ...

പ്രവാസികളും മക്കളെല്ലാം വിദേശത്തുള്ളവരുടെ മാതാപിതാക്കളും കേരളീയ നഗരങ്ങളിലെ ഒരു ഫ്ളാറ്റ് വാങ്ങാൻ ആഗ്രഹിക്കുക സ്വാഭാവികമാണ്. എന്നാൽ മിലിട്ടറിക്കാരുടെ ഭവന നിർമ്മാണ സൊസൈറ്റി സ്ഥാപിച്ച കൊച്ചി നഗര പ്രാന്തത്തിലുള്ള രണ്ട് ഫ്ളാറ്റ് സമുച്ചയങ്ങളിൽ നിന്ന് താമസക്കാർ ഇറങ്ങിപ്പോയത് കണ്ണീരും കൈയ്യുമായിട്ടാണ്. നിർമ്മാണം പൂർത്തിയായിട്ട് വർഷങ്ങൾ മാത്രമായ ഫ്ളാറ്റുകളിൽ നിന്നാണ് നിർമ്മാണത്തിലെ തകരാറുകൾ മൂലം താമസക്കാർ കുടിയൊഴുയേണ്ടി വന്നത്. സൈന്യത്തിൽ നിന്ന് റിട്ടയർ ചെയ്തവർ അവരുടെ സമ്പാദ്യവും ബാങ്ക് വായ്പയും ചേർത്ത് സ്വന്തമാക്കിയ ഫ്ളാറ്റുകളിൽ നിന്ന് വാടക വീടുകളിലേക്ക് മാറേണ്ടി വന്നത് ഏറെയും മുതിർന്ന പൗരന്മാരായ താമസക്കാരായിരുന്നുവെങ്കിലും ഇതു സംബന്ധിച്ചുള്ള അന്വേഷണത്തിനോ അനന്തര നടപടികൾക്കോ കേന്ദ്രസർക്കാർ മുതിർന്നിട്ടില്ല. ഫ്ളാറ്റും നഷ്ടപരിഹാരവും ലഭിക്കാൻ അർഹരായ താമസക്കാരിൽ പലരും, പുതിയ ഫ്ളാറ്റ് നിർമ്മിച്ചുവരുമ്പോഴേയ്ക്കും ജീവിച്ചിരിക്കുമോയെന്ന സന്ദേഹത്തിലുമാണ്.

### തലസ്ഥാനവും കൊച്ചിയും സൂപ്പർ

ഫ്ളാറ്റ് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവരുടെ ഇഷ്ട നഗരങ്ങൾ തിരുവനന്തപുരവും കൊച്ചിയുമാണ്. നിർമ്മാണം പുരോഗമിക്കുന്ന മൂന്നിൽ രണ്ടു ഫ്ളാറ്റുകളും ഇതേ നഗരത്തിലുള്ളവയുമാണ്. കൊച്ചിയിൽ മാത്രം 2018 നുശേഷം 267 ഫ്ളാറ്റ് സമുച്ചയങ്ങൾ പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്. ഈ ഫ്ളാറ്റുകളിൽ 12021 കുടുംബങ്ങൾക്ക് താമസിക്കാനാകും.

180 ഫ്ളാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം എറണാകുളം ജില്ലയിൽ പുരോഗമിക്കുന്നു. ജില്ലയിലാകെ 20481 ഫ്ളാറ്റുകളുണ്ട്. രണ്ടാം സ്ഥാനത്തുള്ള തിരുവനന്തപുരത്ത് 2018 നുശേഷം നിർമ്മാണം പൂർത്തിയാക്കി കൈമാറിയത് 195 ഫ്ളാറ്റ് സമുച്ചയങ്ങൾ. ഇവിടെ താമസക്കാർ 10,189. 144 ഫ്ളാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 8340 ഫ്ളാറ്റുകൾ ഉൾപ്പെടുന്നു.

കേരളത്തിൽ 2018നുശേഷം 1192 ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്. ഇവയിൽ താമസമുള്ളത് 60693 താമസക്കാർ. ഫ്ളാറ്റുകളുടെ കാര്യത്തിൽ മൂന്നാം സ്ഥാനം കോഴിക്കോടിനും നാലാം സ്ഥാനം തൃശ്ശൂരിനുമാണ്. കേരളത്തിൽ 360 ഫ്ളാറ്റ് നിർമ്മാണക്കമ്പനികൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കുണ്ട്.



### തട്ടിപ്പുകാർ ഓൺലൈനിലും, നിർമ്മിതിയിലും

കേരളത്തിലെ ഫ്ളാറ്റുകൾ വാടകയ്ക്ക് കൊടുക്കുന്ന പ്രവാസികളും, ഫ്ളാറ്റുകൾ ബുക്ക് ചെയ്യുന്നവരും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒഎൽഎക്സ് എന്ന സൈറ്റിൽ ഇപ്പോൾ കയറി നിരങ്ങുന്നവരിൽ ഭൂരിപക്ഷവും ഇടനിലക്കാരാണ്. വളരെ കുറച്ച് വീട്ടുടമകൾ മാത്രമേ ഈ വെബ്സൈറ്റിനെ ആശ്രയിക്കുന്നുള്ളൂ. നഗരങ്ങളിൽ 'പ്രൈവസി' ആവശ്യപ്പെടുന്ന താമസക്കാർ ഏറെയുണ്ട്. അപരിചിതരായാലും പരിചിതരായാലും വീട്/ഫ്ളാറ്റ് വാടകയ്ക്ക് നൽകുമ്പോൾ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്.

വാടകക്കാർ ആരായാലും ഞങ്ങൾക്ക് പണം കിട്ടിയാൽ മതിയെന്നു കരുതിയവർക്ക് പറ്റിയ അമളികൾ ഈയിടെ വാർത്തകളിൽ കണ്ടു. പ്രത്യേകിച്ച് ഒന്നിൽ കൂടുതൽ യുവതികൾക്കോ, യുവാക്കൾക്കോ ഫ്ളാറ്റ് വാടകയ്ക്ക് കൊടുത്താൽ ഓരോരുത്തരിൽ നിന്നും കൂടുതൽ പണം കിട്ടുല്ലോയെന്നു കരുതിയ ഫ്ളാറ്റുടമകളിൽ ചിലർ അഭിമുഖീകരിക്കേണ്ടി വന്നത് ഇതേ താമസക്കാർ ചെന്നുപെട്ട മയക്കുമരുന്ന് പെൺവാണിഭക്കേസുകളിലാണ്.

ഇപ്പോൾ സോപ്പു പെട്ടികൾ പോലെ നിർമ്മിച്ചിട്ടുള്ള ചില ഫ്ളാറ്റുകളുടെ ഗുണനിലവാരം കൂടുതൽ അന്വേഷിച്ച് ഉറപ്പുവരുത്തിയില്ലെങ്കിൽ, നിങ്ങളുടെ 'ശിഷ്ടകാല വിശ്രമ' ത്തിനായി നിങ്ങൾ വാങ്ങിയ പാർപ്പിടം 'ശിക്ഷാകാല വിശ്രമ'മെന്ന രീതിയിലേക്കു മാറാം. കെട്ടിട നിർമ്മാണ രംഗത്തെ കരാർ പണികൾ സത്യസന്ധമായി ചെയ്യാത്തത് ഫ്ളാറ്റ് നിർമാതാക്കൾ അറിഞ്ഞിരിക്കണമെന്നില്ല.

എന്നാൽ ഏതാനും വർഷങ്ങൾ കൂടി കഴിയുമ്പോൾ അടർന്നു വീഴുന്ന സിമന്റ് പ്ലാസ്റ്ററുകളും, തുരുമ്പെടുക്കുന്ന പൈപ്പ് ഫിറ്റിംഗുകളുമെല്ലാം നിങ്ങളുടെ ഉറക്കം കെടുത്തിയെന്നുവരാം. സൂക്ഷിക്കണേ.

### ഇലക്ഷനു മുമ്പേയുള്ള കൊച്ചു കൊച്ചു ഭൂകമ്പങ്ങൾ

ഓരോ രാഷ്ട്രീയ പാർട്ടികളിലും തെരഞ്ഞെടുപ്പുകൾ ലാക്കാക്കിയുള്ള കൊച്ചു കൊച്ചു ഭൂകമ്പങ്ങൾ സംഭവിച്ചു തുടങ്ങി. യു.ഡി.എഫിൽ യൂത്തന്മാരുടെ ബഹളം തുടങ്ങിക്കഴിഞ്ഞു. ഭാരവാഹികളിലെ സാമുദായിക സന്തുലിതാവസ്ഥ പാലിക്കാൻ യൂത്തു കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് എ ഗ്രൂപ്പുകാരനെ അവരോധിച്ചതാണ് പുതിയ വിവാദം.

യൂത്തുകോൺഗ്രസ് തെരഞ്ഞെടുപ്പിൽ രണ്ടാം സ്ഥാനത്തെത്തിയ അബിൻ വർക്കി, രാഹുൽ മാങ്കൂട്ടത്തിലിന്റെ പിൻഗാമിയായി വരുമെന്ന് പലരും കരുതി. ഐ ഗ്രൂപ്പുകാരനാണ് അബിൻ വർക്കി. സതീശനാകട്ടെ, ഈ വിവാദം വ്യക്തിപരമെന്നു പറഞ്ഞ് തടിയൂരിയപ്പോൾ കൊടിക്കുന്നിൽ സുരേഷ് എം.പി. അബിനെ പിന്തുണച്ചു. കോൺഗ്രസല്ലേ, തെരഞ്ഞെടുപ്പല്ലേ ഇനി എന്തെല്ലാം കാണാനിരിക്കുന്നു അല്ലേ?

### വലിച്ച്, വലിച്ച് നീട്ടുന്ന ലാവ്‌ലിൻ

തന്റെ കളങ്കരഹിതരായ മക്കളെക്കുറിച്ച് മുഖ്യമന്ത്രി വാർത്താലേഖകരുടെ മുമ്പിൽ ഇരുന്ന് 'സാഭിമാനം' ഡയലോഗടിച്ചത് ഏതായാലും നന്നായി. ലൈഫ് മിഷൻ, ലാവ്‌ലിൻ, കരിമണൽ തുടങ്ങിയ അഴിമതിക്കഥകളുടെ 'ക്ലൈമാക്സ്' ഇപ്പോഴും മോദി സർക്കാരിന്റെ കക്ഷത്തിലാണ്. സുരേഷ് ഗോപിയുടെ തൃശ്ശൂർ വിജയം ആട്ടക്കഥ പോലും പിണറായിയും ബി.ജെ.പി.യും തമ്മിലുള്ള അന്തർധാരയുടെ ഫലമാണെന്ന് കോൺഗ്രസ് നേതാക്കൾ പറയുന്നുണ്ട്.

സുരേഷ് ഗോപിയുടെ കലുങ്ക് വിവാദങ്ങളും ഇതിനിടെ ഉയർന്നു കേൾക്കുന്നു. ഒരു 'തങ്കപ്പെട്ട' മനുഷ്യൻ ചെന്നുപെട്ട 'രാഷ്ട്രീയക്കുടുക്കിൽ' പിടഞ്ഞുകൊണ്ടേയിരിക്കുന്നുവെന്നല്ലാതെ സുരേഷ് ഗോപിയുടെ വാക്കുകൾക്ക് മറ്റൊരു വിശേഷണവും നൽകിയിട്ട് കാര്യമില്ല.

# തമിഴ്നാട്ടിൽ നടൻ വിജയിയുടെ രാഷ്ട്രീയം കൂനാങ്കുരുക്കിൽ..!





സിനിമയിൽ നിന്നും രാഷ്ട്രീയത്തിലേക്ക് ചുവടുവെച്ച തമിഴ്നടൻ വിജയ്യുടെ രാഷ്ട്രീയ പാർട്ടിയുടെ വരവ് ആരേയും അമ്പരപ്പിക്കുന്ന മട്ടിലായിരുന്നല്ലോ. എന്നാൽ മധുവിധുവിലേക്കു കടക്കും മുമ്പ് എല്ലാ ആവേശവും കെട്ടടങ്ങിയ മട്ടിലായിപ്പോയി. രാഷ്ട്രീയത്തിലെ അറുപഴഞ്ചൻ രീതികളും പൊള്ളയായ വാഗ്ദാനങ്ങളും പഴകിത്തുരുമ്പിച്ച മുഖങ്ങളും കുത്തിമറിയുന്നതിനിടയിൽ യുവത്വത്തിന്റെ ആവേശവുമായി അഭിനവ സ്റ്റൈയിൽ മന്നനായി വന്നവനാണ് ജോസഫ് വിജയ്...!

അഭ്രപാളിയിൽ നിസഹായർക്ക് തുണയായി എത്തുന്ന ചിന്ന ദളപതി! ആ അവതാരപുരുഷൻ തങ്ങളെ രക്ഷിക്കുമെന്ന വിശ്വാസമാണു എല്ലായിടത്തേയും സമ്മേളനങ്ങളിൽ ജനക്കൂട്ടമായി ആർത്തിരച്ചെത്തിയത്. തമിഴ്നാടിന്റെ ദ്രാവിഡ പ്രത്യയശാസ്ത്രം തന്നെയാണു പിന്തുടരുന്നതെങ്കിലും, അസാധാരണ പിന്തുണ വിജയ് നേടിയത് തമിഴ്നാട്ടിലെ പരമ്പരാഗത രാഷ്ട്രീയപ്പാർട്ടികളെ അക്ഷരാർത്ഥത്തിൽ ഷോക്കടിപ്പിച്ചു കളഞ്ഞു. അതേസമയം, വിജയ്ക്ക് രാഷ്ട്രീയത്തിലും സംഘാടനത്തിലുമുള്ള പരിചയക്കുറവും പക്വതക്കുറവും ആണ് തിരിച്ചടിയായി മാറിയത്. ഇതേ പക്വതക്കുറവാണ് ആരാധകരായ ടിവികെ പ്രവർത്തകരും പിൻതുടർന്നത്.

ടിവികെയുടെ തീരുമാനം വിജയ്യുടേതു മാത്രമാണ്. പുതുച്ചേരിയിൽ എൻ. ആർ. കോൺഗ്രസ് സ്ഥാനാർഥിയായി ഒരു തവണ എം.എൽ.എയായ എൻ. ആനന്ദാണു ജനറൽ സെക്രട്ടറി. രണ്ടാം നിര തീർത്തും ദുർബലം. കരൂർ ദുരന്തമുണ്ടായതിനു പിന്നാലെ, പ്രാദേശിക നേതാക്കളടക്കം ഫോൺ പോലും സ്വിച്ച് ഓഫ് ചെയ്തു സ്ഥലം വിട്ടുകളഞ്ഞു. എന്തിനേറെ, ജനറൽ സെക്രട്ടറി എൻ. ആനന്ദും ഡപ്യൂട്ടി ജനറൽ സെക്രട്ടറി സി.ടി.ആർ. നിർമൽ കുമാറും ഒളിവിൽപോകുകയാണുണ്ടായത്.

വിജയ്യുടെ ഘോഷയാത്രയാണെങ്കിലും പ്രചാരണമാണെങ്കിലും ജനങ്ങളെ അകറ്റി നിർത്തിയാണെന്ന ആക്ഷേപം വളരെ ശക്തമാണ്. വിവിധ യാത്രകൾക്കായി ഉപയോഗിക്കുന്നതു സ്വകാര്യ വിമാനമാണ്. ചുറ്റും സദാ ബൗൺസർമാരും കേന്ദ്രത്തിന്റെ വൈ കാറ്റഗറി സുരക്ഷയും ഉണ്ടാകും. പൊതുസമ്മേളനത്തിൽപോലും വിജയ്ക്ക് പ്രത്യേക റാംപുണ്ടാകും. അതിൽ ആവേശത്തോടെ തള്ളിക്കയറാൻ ചെല്ലുന്നവരെ നിഷ്ക്കരുണം താഴേക്കു തള്ളിയിടുന്ന സുരക്ഷാഭടന്മാർ മറുവശത്ത്.

ദുരന്തമുണ്ടായി മൂന്നാം ദിവസം വിജയ് പുറത്തുവിട്ട വിശദീകരണ വീഡിയോ തന്നെ വിജയ്ക്ക് വിനയാകുകയായിരുന്നു. ഇതാ ഇപ്പോൾ മറ്റൊരു പ്രശ്നം കൂടി തലപൊക്കിയിരിക്കുന്നു.

2024 ഓഗസ്റ്റിലാണ് വിജയ്യുടെ നേതൃത്വത്തിലുള്ള തമിഴക വെട്രി കഴകം പാർട്ടിയുടെ പതാകയും തീം സോങ്ങും പുറത്തു വന്നന്നത്. ആത്മവിശ്വാസത്തിന്റെ പ്രതീകമായ മഞ്ഞയാണ് പതാകയിലെ പ്രധാന നിറം. എന്നാലിപ്പോൾ ആ പതാകയെചൊല്ലിത്തന്നെ പുതിയ വിവാദം ഉണ്ടായിരിക്കുന്നു.

പതാകയിലുള്ള ചിഹ്നങ്ങൾക്കും പതാകയുടെ മഞ്ഞനിറത്തിനും എതിരെയാണ് വിവിധങ്ങളായ പരാതികൾ ഉയരുന്നത്. സ്പെയിനിന്റെ ദേശീയപതാക അതേപടി പകർത്തിയതാണെന്നും ഇത് സ്പെയിൻ ജനതയുടെ വികാരങ്ങളെ അവഹേളിക്കുന്നുവെന്നും ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാണ് ടിവികെയുടെ പതാക എന്നും ആരോപണമുന്നയിച്ച് സാമൂഹിക പ്രവർത്തകനായ സെൽവം ചെന്നൈ സിറ്റി പൊലീസ് കമ്മിഷണർക്കു പരാതി നൽകിയിരിക്കുകയാണ്.

**സാക്ഷാൽ രജിനികാന്തും കമൽഹാസനും പരീക്ഷിച്ചു പരാജയപ്പെട്ട മേഖലയിലേക്കാണ് വിജയ് സധൈര്യം കടന്നുകയറിയത്. നിലവിൽ തമിഴ്നാട്ടിൽ ശക്തരായ രാഷ്ട്രീയ എതിരാളികളില്ലാതെ ഭരിച്ചുകൊണ്ടിരിക്കുന്ന ഡി.എം.കെയ്ക്ക് കനത്ത വെല്ലുവിളി ഉയർത്തുകയായിരുന്നു വിജയിയുടെ തമിഴക വെട്രി കഴകത്തിന്റെ ലക്ഷ്യം. 2026ൽ നടക്കാനിരിക്കുന്ന തമിഴ്നാട് നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ വിജയ്യുടെ രാഷ്ട്രീയ പാർട്ടി വൻ തരംഗം സൃഷ്ടിക്കുമെന്ന കരുതിയിരുന്നപ്പോഴാണ് ഇടിത്തീയായി കുരൂരിലുണ്ടായ ദുരന്തം. അത് ദിനംതോറും പ്രശ്നങ്ങളിൽ നിന്നും പ്രശ്നങ്ങളിലേക്ക് കൂപ്പുകുത്തി വീണുകൊണ്ടിരിക്കുകയുമാണ്.**

## ഡൽഹി ഡെർബാർ

തീർന്നില്ല, മഞ്ഞയും ചുവപ്പും ചേർന്ന പതാകയിൽ വാകപ്പൂവിന് ഇരുവശങ്ങളിലുമായി രണ്ട് ആനകളെയും കാണാം. ഇത് ദേശീയ രാഷ്ട്രീയ പാർട്ടിയായ ബഹുജൻ സമാജ് പാർട്ടിയുടെ (ബി.എസ്.പി) ഔദ്യോഗിക ചിഹ്നമായി സാമ്യമുണ്ടെന്നും അരോപണമുണ്ട്. ഉപയോഗിച്ചിരിക്കുന്ന ആന കേരള സർക്കാരിന്റെ ഔദ്യോഗിക ചിഹ്നവുമായി ഏറെ സാമ്യമുണ്ടെന്ന മറ്റൊരു ആരോപണവും ഉയരുന്നുണ്ട്.

പതാകയിൽ നിന്ന് ആനകളെ നീക്കണമെന്നു മായാവതിയുടെ ബഹുജൻ സമാജ് വാദി പാർട്ടി (ബി.എസ്.പി) ആവശ്യപ്പെട്ടുകഴിഞ്ഞു. തങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്നും ബി.എസ്.പി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രമുഖ ബ്രാൻഡായ ഫെവികോൾ, മറ്റൊരു പ്ലൈവുഡ് കമ്പനി എന്നിവയുടെ ലോഗോയുമായി ടിവികെയുടെ ചിഹ്നത്തിനു സാമ്യമുണ്ടെന്നു മുമ്പേ തന്നെ പലരും പരിഹസിച്ച് രംഗത്തെത്തിയിരുന്നു. പതാകയിൽ ഉപയോഗിച്ചിരിക്കുന്ന പുഷ്പം വാകപ്പൂവ് അല്ലെന്നും വിമർശനമുണ്ട്.

എന്തായാലും ഇതുവരെ ചുറ്റുമുള്ള രാഷ്ട്രീയ പാർട്ടികൾക്കോ, നേതാക്കൾക്കോ പിടികൊടുക്കാതെ പാഞ്ഞുകൊണ്ടിരുന്ന വിജയ്യുടെ ടിവികെ പാർട്ടി കരൂർ ദുരന്തത്തിനുശേഷം തീർത്തും മരവിച്ച മട്ടിലായി. അവിടെ നിയമസഭാ തിരഞ്ഞെടുപ്പിന് ആറു മാസം ബാക്കി നിൽക്കെ തമിഴ്നാട്ടിൽ ഇനി എന്തൊക്കെ സംഭവിക്കും..! ക്ലൈമാക്സ് എങ്ങിനെയിരിക്കും...! കാത്തിരുന്നു കാണുക തന്നെ...

*എമ എൽസ എൽവിൻ*

# ആരെയും ത്രില്ലടിപ്പിക്കും ഈ ഉയരം കൂടിയ കെട്ടിട ഉടമയുടെ ജീവിതകഥ



ആകാശത്തെ ചുംബിക്കാൻ ദുബായ് നഗരത്തെ പ്രാപ്തമാക്കിയത് ഈയൊരു കെട്ടിടമാണ്. അതിന് പിന്നിൽ പ്രവർത്തിച്ച ഒരു മനുഷ്യനുണ്ട്, മുഹമ്മദ് അലബ്ബാർ. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ദുബായ് നഗരത്തിലെ ബുർജ് ഖലീഫ നിർമിച്ച ഇമാർ പ്രോപ്പർട്ടീസിന്റെ ഉടമയായ മുഹമ്മദ് അലബ്ബാറിന്റെ ജീവിതകഥ ആരെയും ത്രില്ലടിപ്പിക്കുന്ന ഒന്നാണ്.

ഒരു ചെറിയ തുറമുഖ പട്ടണത്തിൽ നിന്ന് ഇന്ന് കാണുന്ന രീതിയിൽ ആഡംബരത്തിന്റെയും നൂതനാശയങ്ങളുടെയും ഒരു ആഗോള കേന്ദ്രമായി ദുബായ് നഗരത്തെ പരിവർത്തനം ചെയ്ത ഒരു പേരുണ്ടെങ്കിൽ അത് മുഹമ്മദ് അലബ്ബാറിന്റേതാണ്. ഇന്നും അതിന്റെ പുനർ നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങൾ അദ്ദേഹം തുടരുകയാണ്. ദുബായ് മാൾ മുതൽ ബുർജ് ഖലീഫ വരെ അദ്ദേഹത്തിന്റെ സമാനതകളില്ലാത്ത പരിവർത്തനത്തിന്റെ അടയാളങ്ങളാണ്. 1956 ൽ ഒരു മത്സ്യബന്ധന തൊഴിലാളിയുടെ മകനായാണ് മുഹമ്മദ് അലബ്ബാർ ജനിച്ചത്. ഒരു അറബി പായ്ക്കപ്പലിലെ കപ്പിത്താൻ ആയിരുന്ന പിതാവ് ഗൾഫിൽ ഉടനീളം ഈത്തപ്പഴവും മുത്തും വ്യാപാരം ചെയ്തിരുന്ന ആളായിരുന്നു.

ഘടനയെയും സമയക്രമത്തെയും കുറിച്ചുള്ള ആദ്യകാല പാഠങ്ങൾ അലബ്ബാറിൽ ചെറിയ പ്രായത്തിൽ തന്നെ ബിസിനസിനോടുള്ള ആഭിമുഖ്യം വളർത്തി.

സർക്കാർ സ്കോളർഷിപ്പോടെ വാഷിംഗ്ടണിലെ സിയാറ്റിൽ യൂണിവേഴ്സിറ്റിയിൽ നിന്നും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദം നേടിയ അലബ്ബാർ അവിടെവച്ച് തന്റെ ആഗോള കാഴ്ചപ്പാട് രൂപപ്പെടുത്തി. 1981ൽ ദുബായിലേക്ക് തിരിച്ചെത്തിയ അദ്ദേഹം യുഎഇ സെൻട്രൽ ബാങ്കിൽ ചേർന്നു. സമ്പദ്വ്യവസ്ഥ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും വളരുന്നതെന്നും അവിടെവച്ച് അദ്ദേഹം പഠിച്ചു. അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം പെട്ടെന്ന് ശ്രദ്ധ പിടിച്ചുപറ്റി. ദുബായിലെ സാമ്പത്തിക വികസന വകുപ്പിന്റെ ആദ്യത്തെ ഡയറക്ടർ ജനറലായി അദ്ദേഹം നിയമിക്കപ്പെട്ടു. ഇവിടെ വച്ചാണ് ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിനെ അദ്ദേഹം കണ്ടുമുട്ടിയത്. ആശയങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള അലബ്ബാറിന്റെ അഭിലാഷങ്ങളോട് പൊരുത്തപ്പെടുന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഈ കണ്ടുമുട്ടൽ അലബ്ബാറിന്റെ ജീവിതത്തിലെ സുപ്രധാന വഴിത്തിരിവായി.

### മരുഭൂമിയിൽ നിന്ന് സ്വപ്നങ്ങൾ കെട്ടിപ്പടുത്ത മനുഷ്യൻ

1997 ലാണ് അലബ്ബാർ ഇമാർ പ്രോപ്പർട്ടീസ് സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഡൗൺടൗൺ ദുബായ്, ദുബായ് മാൾ, ദുബായ് ഫൗണ്ടെയ്ൻ, ആരെയും അമ്പരിക്കുന്ന അംബരചുംബിയായ ബുർജ് ഖലീഫ എന്നിവ ഇമാർ പ്രോപ്പർട്ടീസ് വികസിപ്പിച്ചു. അലബ്ബാറിനെ സംബന്ധിച്ച് ബുർജ് ഖലീഫയുടെ ഉയരം മാത്രമല്ല പ്രാധാന്യം അർഹിക്കുന്നത്. അച്ചടക്കത്തിന്റെയും നിർവ്വഹണത്തിന്റെയും പിൻബലമുള്ള ഒരു ദർശനത്തിന് ഒരു നഗരത്തെ പുനർനിർവചിക്കാൻ കഴിയുമെന്നതിന്റെ തെളിവായിരുന്നു അത്.

മരുഭൂമിയിലെ ഹൈമനോകാലിസ് എന്ന പുഷ്പത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് ഈ ടവറിന്റെ രൂപ കൽപന. ഇന്ന് ലോകത്തിലെ ഏറ്റവും മൂല്യവത്തായ പ്രോപ്പർട്ടി കമ്പനികളിലൊന്നാണ് ഇമാർ. അതിന്റെ മൂല്യം ഏകദേശം നാല് ലക്ഷം കോടി രൂപയിലധികമാണ്. എന്നാൽ, റിയൽ എസ്റ്റേറ്റിൽ മാത്രം ഒതുങ്ങിനിന്നില്ല അലബ്ബാറിന്റെ അഭിലാഷങ്ങൾ.

2016ൽ മിഡിൽ ഈസ്റ്റിൽ ആമസോണിന് എതിരാളിയായി ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ നൂൺ ഡോട്ട് കോം അദ്ദേഹം ആരംഭിച്ചു. വിമർശകർ ആദ്യം ഈ സംരംഭത്തെ കോടീശ്വരന്റെ മോഹമായി തള്ളികളഞ്ഞു. എന്നാൽ അലബ്ബാർ വെല്ലുവിളികളെ അവസരങ്ങളാക്കികൊണ്ട് നവീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. തടസങ്ങളില്ലാതെ ഒരു സാമ്രാജ്യവും കെട്ടപ്പടുക്കാനാവില്ലെന്നതിന്റെ ഉദാഹരണം കൂടിയാണ് അലബ്ബാറിന്റെ ബിസിനസ് യാത്ര.

ഇന്ത്യയിൽ ഇമാർ പ്രോപ്പർട്ടീസിന്റെ പ്രവർത്തനങ്ങളിൽ കാലതാമസവും നിയമപരമായ വെല്ലുവിളികളും സൂക്ഷ്മ പരിശോധനയും നേരിട്ടു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് 834 കോടി രൂപയുടെ സ്വത്ത് കണ്ടുകെട്ടി. എന്നാൽ ഇതിലൊന്നും തളരാതെ അലബ്ബാർ തന്റെ യാത്ര തുടർന്നു. ദുബായ് നഗരത്തിന്റെ പുനർനിർമ്മാണത്തിനായി വീണ്ടും മുന്നോട്ടുകുതിച്ചുകൊണ്ട്...

# മികച്ച ഏകദിന ഇലവനെ തെരഞ്ഞെടുത്ത് ഓസ്ട്രേലിയൻ താരം ഗ്ലെൻ മാക്സ്‌വെൽ



മെൽബൺ: എക്കാലത്തെയും മികച്ച ഏകദിന ഇലവനെ തെരഞ്ഞെടുത്ത് ഓസ്ട്രേലിയൻ താരം ഗ്ലെൻ മാക്സ്‌വെൽ രംഗത്ത്. എന്നാൽ ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസടിച്ച ഇന്ത്യൻ ബാറ്റിംഗ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ മാക്സ്‌വെൽ തെരഞ്ഞെടുത്ത ആദ്യ ടീമിൽ ഉൾപ്പെട്ടില്ലെന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. സച്ചിന് പകരം ഓസ്ട്രേലിയൻ ഓപ്പണർ ഡേവിഡ് വാർണറെയാണ് മാക്സ്‌വെൽ ഇന്ത്യൻ താരം രോഹിത് ശർമക്കൊപ്പം ഓപ്പണറായി തെരഞ്ഞെടുത്തത്. ഏകദിനങ്ങളിൽ 49 സെഞ്ചുറി അടക്കം18426 റൺസടിച്ചിട്ടുള്ള സച്ചിനെ തെരഞ്ഞെടുക്കാമായിരുന്നെങ്കിലും ഇടംകൈ വലംകൈ ഓപ്പണറെ നിലനിർത്താനും ഓപ്പണറായുള്ള മികച്ച റെക്കോർഡും കണക്കിലെടുത്താണ് 22 സെഞ്ചുറികൾ മാത്രം നേടിയിട്ടുള്ള വാർണറെ തെരഞ്ഞെടുത്തതെന്നാണ് മാക്സ്‌വെലിന്റെ വിശദീകരണം.രോഹിത്തിന് പുറമെ ഇന്ത്യൻ താരങ്ങളായ വിരാട് കോലി, എം എസ് ധോണി, അനിൽ കുംബ്ലെ, ജസ്പ്രീത് ബുമ്ര എന്നിവരും മാക്സ്‌വെല്ലിൻറെ എക്കാലത്തെയും മികച്ച ഏകദിന ടീമിൽ ഇടം നേടിയപ്പോൾ ഒറ്റ ഇംഗ്ലണ്ട് താരം പോലും മാക്സ്‌വെല്ലിന്റെ ടീമിലില്ല.എന്നാൽ ടീം തെരഞ്ഞെടുത്ത് കഴിഞ്ഞു നോക്കിയപ്പോൾ പരമാവധി അഞ്ച് ഓസ്ട്രേലിയൻ താരങ്ങളെ ഉൾപ്പെടുത്താനിരുന്ന തനിക്ക് അബദ്ധം പറ്റിയെന്നും ആറ് ഓസ്ട്രേലിയൻ താരങ്ങൾ ടീമിലുണ്ടെന്നും പറഞ്ഞ മാക്സ്‌വെൽ ഡേവിഡ് വാർണറെ വിഷമത്തോടെയാണെങ്കിലും ഒഴിവാക്കുകയാണെന്ന് വ്യക്തമാക്കി. ഡേവിഡ് വാർണർക്ക് പകരം ഓപ്പണറായി സച്ചിനെ തന്നെ ഉൾപ്പെടുത്തുകയാണെന്നും മാക്സ്ൽവെൽ പറഞ്ഞു.

## ഏകദിന ക്യാപ്റ്റൻസി മാറ്റത്തിന് ശേഷം രോഹിത് ശർമ്മ ശുഭ്മാനെ കണ്ടുമുട്ടി

ഇന്ത്യൻ ക്രിക്കറ്റിൽ ഒരു പുതിയ അധ്യായം കുറിക്കുന്ന ഓസ്ട്രേലിയക്കെതിരായ ഏകദിന പരമ്പരയ്ക്കായി ടീം ഇന്ത്യ യാത്ര തിരിച്ചു. ഏകദിന ക്യാപ്റ്റൻസി രോഹിത് ശർമ്മയിൽ നിന്ന് യുവതാരം ശുഭ്മാൻ ഗില്ലിലേക്ക് കൈമാറ്റം ചെയ്ത ശേഷമുള്ള ആദ്യ കൂടിക്കാഴ്ചയ്ക്ക് ഈ യാത്ര സാക്ഷ്യം വഹിച്ചു. 2025-ലെ ചാമ്പ്യൻസ് ട്രോഫിക്ക് ശേഷം ആദ്യമായി ഇന്ത്യൻ ക്യാമ്പിൽ തിരിച്ചെത്തിയ വിരാട് കോഹ്‌ലിയും രോഹിത് ശർമ്മയും ഓസ്ട്രേലിയൻ പര്യടനത്തിനായി ഡൽഹിയിൽ ഒരുമിച്ചു ചേർന്നു. ടീം പുറപ്പെടുന്നതിന് മുമ്പ്, പുതിയ ഏകദിന നായകനായ ശുഭ്മാൻ ഗില്ലിനെ രോഹിത് ശർമ്മ കണ്ടുമുട്ടി.കൂടിക്കാഴ്ചയിൽ, രോഹിത് ഗില്ലിനെ സ്നേഹത്തോടെ അഭിവാദ്യം ചെയ്തുകൊണ്ട് ചോദിച്ചത് ഇങ്ങനെയാണ്: 'അറേ ഗിൽ! ക്യാ ഹാൽ ഹെ, ഫയൽ (സഹോദരാ, എന്തൊക്കെയുണ്ട് വിശേഷം)!'ഇന്ത്യൻ ക്രിക്കറ്റിലെ തലമുറ മാറ്റത്തെ അടയാളപ്പെടുത്തുന്ന പരമ്പരയാണിത്. പുതിയ ഏകദിന നായകനായ ഗില്ലിന്റെ കീഴിൽ, മൂന്ന് ഏകദിനങ്ങളും അഞ്ച് ട്വന്റി-20 മത്സരങ്ങളുമാണ് ഇന്ത്യ ഓസ്ട്രേലിയയിൽ കളിക്കുക. മുതിർന്ന താരങ്ങളായ രോഹിത്തും കോഹ്‌ലിയും ടീമിന്റെ ഭാഗമാണെങ്കിലും, ഈ പര്യടനം അവരുടെ കരിയറിലെ അവസാന ഘട്ടത്തിന്റെ തുടക്കമായേക്കാം എന്ന അഭ്യൂഹങ്ങൾ ക്രിക്കറ്റ് ലോകത്ത് ശക്തമാണ്.

## 'ഇന്ത്യയുടെ യുവതാരങ്ങളെ ആരെയും വ്യക്തിപരമായി കടന്നാക്രമിക്കരുത്;' രൂക്ഷ പ്രതികരണവുമായി ഗംഭീർ

വിശാഖപട്ടണം: ഇന്ത്യയുടെ യുവ പേസർ ഹർഷിത് റാണയെ ഓസ്ട്രേലിയക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലേക്ക് തെരഞ്ഞെടുത്തതിന് പിന്നിൽ കോച്ച് ഗൗതം ഗംഭീറിന്റെ വ്യക്തിതാൽപര്യമാണെന്ന മുൻ ഇന്ത്യൻ താരം കൃഷ്ണമാചാരി ശ്രീകാന്തിന്റെ വിമർശനങ്ങൾക്ക് രൂക്ഷ ഭാഷയിൽ പ്രതികരിച്ചു ഗൗതം ഗംഭീർ.യൂട്യൂബ് ചാനലിന് കാഴ്ചക്കാരെ കൂട്ടാനായി 23 വയസുള്ള ഒരു യുവതാരത്തെ വ്യക്തിപരമായി ആക്രമിക്കുന്നത് അന്യായമാണെന്നാണ് ഗംഭീർ പ്രതികരിച്ചത്. വെസ്റ്റ് ഇൻ



ഡീസിനെതിരായ ടെസ്റ്റ് പരമ്പര ജയത്തിന് പിന്നാലെ പിറന്നാൾ ദിനത്തിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.'നോക്കൂ, ഇത് അൽപ്പം നാണക്കേടാണ്. ഞാൻ നിങ്ങളോട് വളരെ സത്യസന്ധമായി പറയാം. നിങ്ങളുടെ യൂട്യൂബ് ചാനലിനു വേണ്ടി 23 വയസ്സുള്ള ഒരു കുട്ടിയെ നിങ്ങൾ ലക്ഷ്യമിടുന്നത് വളരെ അന്യായമാണ്. കാരണം ആത്യന്തികമായി ഹർഷിത് റാണയുടെ അച്ഛൻ ഒരു മുൻ ചെയർമാനോ മുൻ ക്രിക്കറ്റ് കളിക്കാരനോ ഒരു എൻആർഐയോ അല്ല. ഇതുവരെ റാണ ഏത് ക്രിക്കറ്റ് കളിച്ചിട്ടുണ്ടെങ്കിലും സ്വന്തം കഴിവ് കൊണ്ടാണ് ഇതുവരെയെത്തിയത്. അയാൾ തുടർന്നും അതുപോലെ കളിക്കുന്നത് തുടരും. എന്നാണ് ഗംഭീർ വ്യക്തമാക്കിയത്.

## ഫിഫ ലോകകപ്പ് 2026: ലാത്വിയയെ തകർത്ത് ഇംഗ്ലണ്ട് യോഗ്യത നേടി;



ലോകകപ്പ് ഫുട്ബോളിന്റെ ആവേശത്തിലേക്ക് ആദ്യമായി യോഗ്യത നേടുന്ന യൂറോപ്യൻ രാജ്യമായി ഇംഗ്ലണ്ട്. 2026-ലെ ഫിഫ ലോകകപ്പിന് ഇംഗ്ലീഷ് പട ടിക്കറ്റുറപ്പിച്ചത്, യോഗ്യതാ റൗണ്ടിൽ ലാത്വിയയെ എതിരില്ലാത്ത അഞ്ച് ഗോളുകൾക്ക് തകർത്തുകൊണ്ടാണ്. എന്നാൽ, സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ രണ്ട് ഗോളുകൾ നേടിയിട്ടും പോർച്ചുഗലിന് ലോകകപ്പ് പ്രവേശനത്തിനായി ഇനിയും കാത്തിരിക്കേണ്ടിവരും.ലാത്വിയയിലെ റിഗയിൽ നടന്ന മത്സരത്തിൽ ഇംഗ്ലണ്ടിന്റെ വിജയം അനായാസമായിരുന്നു. നായകൻ ഹാരി കെയ്നിന്റെ ഇരട്ട ഗോളുകളാണ് ഇംഗ്ലീഷ് വിജയത്തിന് അടിത്തറയിട്ടത്. ആദ്യ പകുതിയിൽ കെയ്ൻ രണ്ട് തവണ വല കുലുക്കി. തോമസ് ടൂഹലിന്റെ കീഴിൽ ഇംഗ്ലണ്ട് ഈ യോഗ്യതാ റൗണ്ടിൽ ആറ് മത്സരങ്ങളിൽ നിന്ന് ഒരു ഗോൾ പോലും വഴങ്ങാതെയാണ് കുതിക്കുന്നത്.മറ്റൊരു മത്സരത്തിൽ, സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ തകർപ്പൻ പ്രകടനത്തിനും പോർച്ചുഗലിന് നിരാശയായിരുന്നു ഫലം. ലിസ്ബണിൽ നടന്ന മത്സരത്തിൽ ഹംഗറിയോട് 2-2 സമനില വഴങ്ങിയതോടെ പോർച്ചുഗലിന്റെ യോഗ്യതാ പ്രവേശം നീണ്ടുപോയി.40-ാം വയസ്സിലും മിന്നും ഫോം തുടരുന്ന റൊണാൾഡോയുടെ ഇരട്ട ഗോളുകൾ പോർച്ചുഗലിന് 2-1ന്റെ ലീഡ് നൽകിയിരുന്നു. എന്നാൽ, ഇഞ്ചുറി ടൈമിൽ (90+1 മിനിറ്റ്) ഡൊമിനിക് സൊബോസ്ലായി നേടിയ ഗോളാണ് ഹംഗറിക്ക് സമനില സമ്മാനിച്ചത്. ഇതോടെ ഗ്രൂപ്പിൽ ഒന്നാം സ്ഥാനം ഉറപ്പിക്കാൻ പോർച്ചുഗലിന് കഴിഞ്ഞില്ല. ലോകകപ്പിന് തുടർച്ചയായി ഏഴാം തവണ യോഗ്യത നേടാൻ പോർച്ചുഗലിന് ഇനി അടുത്ത മാസം അയർലൻഡിനെതിരായ മത്സരത്തിൽ ഒരു സമനില മതിയാകും.

# പ്യൂർട്ടോ റിക്കോയെ മറികടന്ന് അർജന്റീന; റെക്കോർഡ് സൃഷ്ടിച്ച് മെസ്സി

പ്യൂർട്ടോ റിക്കോക്കെതിരെ വിജയം കൊയ്ത് അർജന്റീന. ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയ്ലിലുള്ള ചേസ് സ്റ്റേഡിയത്തിൽ നടന്ന സൗഹൃദ മത്സരത്തിൽ 6-0ന് ആണ് അർജന്റീനയുടെ ജയം. വെനിസ്വേലയ്ക്കെതിരായ കഴിഞ്ഞ മത്സരത്തിൽ 1-0 വിജയത്തിന് ശേഷം ദേശീയ ടീമിലേക്ക് മടങ്ങിയെത്തിയ ലയണൽ മെസ്സി, വിജയത്തിൽ നിർണായക പങ്ക് വഹിച്ചു. അർജന്റീനയ്ക്കു വേണ്ടി മികച്ച മുന്നേറ്റമാണ് താരം നടത്തിയത്. അടുത്തിടെ രണ്ട് ഗോളും ഒരു അസിസ്റ്റുമായി ഇന്റർ മയാമിക്കായി മെസ്സി കളം നിറഞ്ഞ എംഎൽഎസ് മത്സരത്തിൽ അറ്റ്ലാന്റയെ 4-0ന് തോൽപിച്ചിരുന്നു. 39, 87 മിനിറ്റുകളിലായിരുന്നു മുപ്പത്തിയെട്ടുകാരൻ മെസ്സി ലക്ഷ്യം കണ്ടത്. അറ്റ്ലാന്റക്കെതിരായ മത്സരത്തിൽ തന്റെ ഫിറ്റ്നസിനെ കുറിച്ച് ആശങ്കകൾ ഉണ്ടായിരുന്നിട്ടും, മെസ്സി പ്യൂർട്ടോ റിക്കോക്കെതിരായ മത്സരത്തിൽ ക്ഷീണത്തിന്റെ ലക്ഷണങ്ങളൊന്നും കാണിച്ചിരുന്നില്ല.





## ക്രിസ്റ്റ്യാനോയ്ക്ക് പുതിയ റെക്കോർഡ്: ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഹംഗറിക്കെതിരെ ഇരട്ട ഗോൾ

ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഹംഗറിക്കെതിരെ പോർച്ചുഗൽ സമനില വഴങ്ങിയിരുന്നു. ലിസ്ബണിൽ ആവേശപ്പോരാട്ടത്തിൽ 2-2 നാണ് പോർച്ചുഗൽ സമനില വഴങ്ങിയത്. ടീമിന് വിജയം കൈവരിക്കാൻ സാധിച്ചില്ലെങ്കിലും സൂപ്പർതാരം ക്രിസ്റ്റ്യാനോ റൊണാൾഡോ ഇരട്ട ഗോൾ സ്വന്തമാക്കി. ഇതോടെ മറ്റൊരു റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണ് റൊണാൾഡോ. അന്താരാഷ്ട്ര ഫുട്ബോളിലെ മുൻനിര ഗോൾവേട്ടക്കാരനായ അദ്ദേഹം ഇപ്പോൾ 41 ഗോളുകളുമായി ലോകകപ്പ് യോഗ്യതാ മത്സരങ്ങളിൽ കൂടുതൽ ഗോളുകൾ നേടിയതിന്റെ റെക്കോർഡാണ് സ്വന്തമാക്കിയിരിക്കുന്നത്. ഗ്വാട്ടിമാലയ്ക്കായി 39 ഗോളുകൾ നേടിയ കാർലോസ് റൂയിസിനെയാണ് അദ്ദേഹം മറികടന്നത്. യോഗ്യതാ മത്സരങ്ങളിലെ റൊണാൾഡോയുടെ പ്രകടനം ശ്രദ്ധേയമാണ്. 51 മത്സരങ്ങളാണ് ക്രിസ്റ്റ്യാനോ ഇതുവരെ കളിച്ചത്. ഇതിൽ 36 മത്സരങ്ങളിലും പോർച്ചുഗൽ വിജയിച്ചു. രണ്ട് തവണ മാത്രമാണ് തോറ്റത്. 2004 സെപ്റ്റംബർ 4 ന് ലാത്വിയയ്ക്കെതിരെയായിരുന്നു ആദ്യ യോഗ്യതാ ഗോൾ. അഞ്ച് വ്യത്യസ്ത ലോകകപ്പ് ഫൈനൽ പതിപ്പുകളിൽ ഗോൾ നേടിയ താരം കൂടിയാണ് റൊണാൾഡോ.റൊണാൾഡോയുടെ ഗോൾ സ്കോറിംഗ് രീതികൾ വൈവിധ്യമാണ്. ആകെ യോഗ്യതാ ഗോളുകളിൽ അഞ്ചെണ്ണം പെനാൽറ്റികളും രണ്ടെണ്ണം ഡയറക്ട് ഫ്രീ-കിക്കുകളുമായിരുന്നു. മറ്റു ഗോളുകൾ (23) വലതു കാൽ കൊണ്ടാണ് നേടിയത്.

## വിരാട് കോലി ആർസിബി വിടുന്നു?



റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവുമായി വാണിജ്യ കരാർ പുതുക്കാതെ വിരാട് കോലി. ഇതോടെ 18 സീസണുകൾക്കൊടുവിൽ RCB വിടാനുള്ള മുന്നൊരുക്കമാണോ എന്നാണ് ആരാധകർ ചോദിക്കുന്നത്. ഐപിഎല്ലിൽ 18 വർഷം തുടർച്ചയായി ഒരേ ടീമിൽ തന്നെ കളിച്ച താരമാണ് കോലി.ആർസിബിക്കൊപ്പം കഴിഞ്ഞ സീസണിൽ കന്നി ഐപിഎൽ കിരീടം നേടാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ഐപിഎൽ കിരീടം ബെംഗളൂരുവിലേക്കെത്തിച്ച് മാസങ്ങൾക്കുള്ളിൽ താരം ഫ്രാഞ്ചൈസിയുമായുള്ള തന്റെ 18 വർഷത്തെ ബന്ധം അവസാനിപ്പിക്കാൻ ഒരുങ്ങുകയാണെന്നാണ് അഭ്യൂഹം.അടുത്ത സീസണിലേക്കുള്ള താരലേലത്തിന് രണ്ടുമാസം മാത്രം ശേഷിക്കെ പുതിയ വാണിജ്യ കരാറിൽ കോലി ഒപ്പുവച്ചിട്ടില്ല, ഇതാണ് ആരാധകരുടെ സംശയങ്ങൾക്ക് ആക്കം കൂട്ടുന്നത്. അതേസമയം വാണിജ്യ കരാറിന് ഒരു ഫ്രാഞ്ചൈസിയുമായുള്ള പ്രധാനകരാറുമായി ബന്ധമില്ല. അടുത്ത സീസണ് മുമ്പ് ആർസിബിയുടെ ഉടമസ്ഥതയിൽ മാറ്റം വന്നേക്കുമെന്ന സൂചനയുണ്ട്. ഇതുകൊണ്ടാകാം കോലി വാണിജ്യ കരാർ പുതുക്കാത്തത്. പരസ്യങ്ങൾ, ഫോട്ടോ ഷൂട്ടുകൾ, സ്വകാര്യ പരിപാടികൾ എന്നിവ ഉൾപ്പെടുന്നതാണ് വാണിജ്യകരാർ. പ്രതിഫലം, ബോണസ് തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നതാണ് പ്രധാന കരാർ. എന്നാൽ ഇപ്പോഴിതാ ഇക്കാര്യം നിരസിച്ച് രംഗത്തെത്തിയിരിക്കുകയാണ് മുൻ ഇന്ത്യൻ താരം മുഹമ്മദ് കൈഫ്. കോലി ആർസിബിയിൽ തന്നെ കരിയർ തുടരുമെന്നാണ് കൈഫ് പറയുന്നത്. വാണിജ്യ കരാറിന് ഒരു ഫ്രാഞ്ചൈസിയുമായുള്ള പ്രധാനകരാറുമായി ബന്ധമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ആർസിബിക്കായേ താൻ അവസാന മത്സരം കളിക്കൂ എന്ന് കോലി വാഗ്ദാനം നൽകിയിട്ടുണ്ടെന്ന് കൈഫ് ചൂണ്ടിക്കാട്ടി.

# ഓസ്ട്രേലിയക്കാർക്ക് രോഹിത്-വിരാട് ജോഡി കളിക്കുന്നത് കാണാൻ ലഭിക്കുന്ന അവസാന അവസരമായിരിക്കും: കമ്മിൻസ്

ഓസ്ട്രേലിയക്കാർക്ക് വിരാട് കോലിയുടെയും രോഹിത് ശർമയുടെയും കളി കാണാനുള്ള അവസാന അവസരമായിരിക്കും വരാനിരിക്കുന്ന പരമ്പരയെന്ന് ഓസീസ് നായകൻ പാറ്റ് കമ്മിൻസ്.'വിരാടും രോഹിത്തും കഴിഞ്ഞ 15 വർഷമായി ഇന്ത്യൻ ടീമിന്റെ ഭാഗമാണ്. ഓസ്ട്രേലിയക്കാർക്ക് അവർ കളിക്കുന്നത് കാണാനുള്ള അവസാന അവസരമായിരിക്കാം ഇത്. അവർ കളിക്കളത്തിലെ ചാമ്പ്യന്മാരാണ്. എപ്പോഴും അവർക്ക് വലിയ പിന്തുണ ലഭിക്കാറുണ്ട്. ഞങ്ങൾ അവർക്കെതിരെ കളിക്കുമ്പോഴെല്ലാം കാണികളുടെ ആരവം ഉച്ചത്തിലാകും.'- കമ്മിൻസ് ജിയോഹോട്ട്സ്റ്റാറിനോട് പറഞ്ഞു. രാജ്യത്ത് ഇതിനകം തന്നെ വലിയ ആവേശം തുടങ്ങിക്കഴിഞ്ഞെന്നും കമ്മിൻസ് കൂട്ടിച്ചേർത്തു. അതേസമയം പരിക്കേറ്റതിനാൽ കമ്മിൻസ് പരമ്പര കളിക്കുന്നില്ല. ഇന്ത്യയ്ക്കെതിരേ കളിക്കാനാവാത്തത് വലിയ നഷ്ടമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഒരു കളി നഷ്ടപ്പെടുന്നത് എപ്പോഴും നിരാശാജനകമാണ്. എന്നാൽ ഇതുപോലൊരു വലിയ പരമ്പര നഷ്ടമാകുന്നത് കൂടുതൽ പ്രയാസമാണെന്നും കമ്മിൻസ് കൂട്ടിച്ചേർത്തു.





# കുട്ടികളോട് അമിത കരുതലുള്ള പാരന്റാണോ നിങ്ങൾ ? 'സ്നോപ്ലോ പാരന്റിങ്' എന്താണെന്നറിയാം



പാരന്റിങ് വളരെയധികം ഉത്തരവാദിത്തം ഉള്ള ഒരു പദമാണിത്. ഇതുമായി ബന്ധപ്പെട്ട നിരവധി വാക്കുകൾ ഇന്ന് ഏവർക്കും സുപരിചിതമാണ്. അതോറിറ്റേറിയൻ പാരന്റിങ്, പെർമിസീവ് പാരന്റിങ്, ടോക്സിക്ക് പാരന്റിങ് തുടങ്ങിയ നിരവധി വാക്കുകൾ നമ്മൾ കേട്ടിട്ടുണ്ട്. ഇതിലേക്കുള്ള പുതിയ പദമാണ് 'സ്നോപ്ലോ പാരന്റിങ്'.

മഞ്ഞുമൂടിയ പ്രദേശങ്ങളിലെ പാതകളിൽ നിന്നും വാഹനം നീക്കം ചെയ്യുന്നത് സ്നോപ്ലോ ഉപയോഗിച്ചാണ്. ഇതോടെ പാതയിലെ എല്ലാ തടസവും മാറുന്നു. ഈ രീതിക്ക് സമാനമായതിനാലാണ് ഈ പാരന്റിങിനെ സ്നോപ്ലോ പാരന്റിങ് എന്ന് വിളിക്കുന്നത്. ഇവിടെ കുട്ടികൾക്ക് വേണ്ടി അവരുടെ തടസങ്ങൾ നീക്കുന്ന സ്നോപ്ലോ പോലെ മാതാപിക്കൾ പ്രവർത്തിക്കുന്നു. കുട്ടികളോടുള്ള മാതാപിക്കളുടെ പെരുമാറ്റം അടിസ്ഥാനമാക്കിയാണ് അവരുടെ സ്വഭാവവും രൂപീകൃതമാകുന്നത്.

### എന്താണ് സ്നോപ്ലോ പാരന്റിങ്

സ്നോപ്ലോ പാരന്റിങ് എന്നത് കുട്ടികളുടെ ജീവിതത്തിലേ ഓരോ തടസവും നീക്കം ചെയ്യുന്നതിനെ വിളിക്കുന്ന പേരാണ്. സ്നോപ്ലോ പാരന്റിങ് ചെയ്യുന്ന മാതാപിതാക്കളുടെ ലക്ഷ്യം അവരുടെകുട്ടിക്ക്ഒരിക്കലുംഒരുബുദ്ധിമുട്ടോ, പരാജയമോ, നിരാശയോ വരാതിരിക്കുക എന്നതാണ്.

അവരുടെ വഴിയിലെ എല്ലാ തടസങ്ങളും നീക്കം ചെയ്ത് കുട്ടികളുടെ ജീവിതം പൂർണമായി സുഖകരം ആക്കുക എന്നതാണ്.

ഈ കുട്ടികൾ പരീക്ഷയിൽ ടോപ്പർ ആകുന്നെങ്കിലും ചെറിയ പ്രശ്നങ്ങൾ വന്നാൽ തളർന്നുപോകുന്നു എന്നതാണ് വാസ്തവം.

ഈ മാതാപിതാക്കൾ ഒരിക്കലും മോശം ആളുകളല്ല. അവർ കൂടുതലായി സ്നേഹിക്കുന്നവരും കുട്ടികളെ ഓർത്ത് ആശങ്കയുള്ളവരും ആണ്.

അവർ കുട്ടികളെ വിജയിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. പക്ഷേ അവരുടെ അത്യധികമായ 'സഹായം' കുട്ടികളിൽ ആത്മവിശ്വാസവും പ്രശ്നപരിഹാരശേഷിയും വളരാനുള്ള അവസരം ഇല്ലാതാക്കുന്നു.

### എന്തുകൊണ്ട് ആധുനിക കാലത്ത് മാതാപിതാക്കൾ 'സ്നോപ്ലോ പാരന്റിങ് തിരഞ്ഞെടുക്കുന്നത് ?

**1. അത്യന്തം സംരക്ഷണ മനോഭാവം:** തങ്ങളുടെ കുട്ടിക്ക് ഒരു ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒരു അപകടം സംഭവിക്കുന്നത് പോലെയാണ് മാതാപിതാക്കൾ കാണുന്നത്. ഒരു ചെറിയ ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ കുട്ടികൾ അതിനെക്കുറിച്ച് ചിന്തിക്കുന്നതിന് മുമ്പേ മാതാപിതാക്കൾ അതിൽ നിന്ന് അവരെ രക്ഷിക്കുന്നു.

**2. ഇന്റർനെറ്റും ഒരു കാരണം:** സ്നോപ്ലോ പാരന്റിങ് ഉടലെടുക്കുന്നതിൽ ഇന്റർനെറ്റുംഒരുകാരണമാണ്.ലോകത്തിൽ പല അപകടങ്ങളും നടക്കുന്നു. അത് കുട്ടികളെയും സ്വാധീനിക്കുന്ന ഘടകമാണെന്ന് മാതാപിതാക്കൾ ചിന്തിക്കുന്നു. വാർത്തകൾ മാതാപിതാക്കളിൽ ആശങ്ക ഉണ്ടാക്കുന്നു. ഇത് കുട്ടികളോടുള്ള അതിരു കടന്ന കരുതലിലേക്ക് നീങ്ങുന്നു.

**3. സ്വന്തം ബാല്യകാല മുറിവുകൾ:** ചിലർക്കു ബാല്യകാലത്ത് അനുഭവിച്ച കഠിനതകൾ കുട്ടികൾക്ക് വരരുത് എന്ന് തോന്നും. അതിനാൽ അവർ 'വേദന രഹിതമായ ബാല്യം' കുട്ടികൾക്ക് നൽകാൻ ശ്രമിക്കുന്നു.

**4. നിയന്ത്രണ മനോഭാവം:** നീ അത് ഒറ്റയ്ക്ക് ചെയ്യുവാൻ പ്രാപ്തനല്ല. അതുകൊണ്ട് ഞാൻ നിന്നെ സഹായിക്കാം എന്ന മനോഭാവം മാതാപിതാക്കൾ കാണിക്കുന്നു. ഇതിലൂടെ എന്ത് പ്രശ്നം വന്നാലും സഹായിക്കാൻ മാതാപിതാക്കൾ ഉണ്ടാകുമെന്ന തോന്നൽ കുട്ടികളിൽ അവർ അറിയാതെ വളരുന്നു.

**5. സമ്മർദം:** കുട്ടിയുടെ വിജയം മാതാപിതാക്കളുടെ കടമയായി തോന്നുന്നു. കുട്ടി ജയിക്കാത്തപ്പോൾ, 'അവൻ പിന്നിലായോ?' എന്ന ആശങ്ക മാതാപിക്കളിൽ കൂടുന്നു.

**6. സോഷ്യൽ മീഡിയ താരതമ്യം:** മറ്റൊരു അമ്മ തങ്ങളുടെ മകന്റെ നേട്ടങ്ങളും സമ്മാനങ്ങളും സോഷ്യൽ മീഡിയയിൽ പങ്കുവക്കുമ്പോൾ തന്റെ കുട്ടി പിറകിലാണെന്നും താൻ തന്റെ കുട്ടിക്ക് വേണ്ടി ഒന്നും ചെയ്യുന്നില്ല എന്നുമുള്ള തോന്നൽ വളരുന്നു. സ്നേഹവും കരുതലും ഭയവും സോഷ്യൽ മീഡിയയും ഒരുമിച്ച് ചേരുമ്പോൾ മാതാപിതാക്കൾക്ക് പാരന്റിങ് എന്നത് ഒരു വലിയ ഉത്തരവാദിത്തമായി മാറുന്നു.

### ഈ പാരന്റിങ് ശൈലി എങ്ങനെ തിരിച്ചറിയാകും

**1. സ്വയം പര്യാപ്തി കുറവ്:** തനിക്കു വേണ്ടി എല്ലാം മറ്റാരെങ്കിലും ചെയ്യും എന്ന് കുട്ടികൾ വിശ്വസിക്കുന്നു.

**2. വിശ്വാസക്കുറവ്:** ചെറുപ്പം മുതലേ മാതാപിതാക്കൾ തങ്ങൾക്കുവേണ്ടി കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് തനിക്ക് സ്വയം ഒന്നും ചെയ്യുവാൻ പ്രാപ്തിയില്ലന്ന് അവർ സ്വയം വിശ്വസിക്കുന്നു.

**3. സ്വയം നിയന്ത്രിക്കുവാൻ കഴിയാതെ വരുന്നു:** ചെറിയ പരാജയം ഉണ്ടാകുമ്പോൾ പോലും സ്വയം നിയന്ത്രിക്കുവാനോ സ്വയം ആശ്വസിപ്പിക്കുവാനോ കഴിയാതെ വരുന്നു.

**4. ആശങ്ക വരും തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു:** അമിതമായ ആശങ്കയുള്ള മാതാപിതാക്കളുടെ കുട്ടികൾ അവരുടെ തലമുറയിലേക്കും ഈ ആശങ്ക കൈമാറ്റം ചെയ്യുന്നു.

ഇതുവരെ പരാജയം നേരിട്ടിട്ടില്ലാത്ത ഒരു കുട്ടിക്ക് ചിലപ്പോൾ ഒരു ഫോം പൂരിപ്പിക്കാൻ അറിയണമെന്നില്ല. അവന് സമൂഹത്തിൽ നടക്കുന്ന പല കാര്യങ്ങളെക്കുറിച്ചും ധാരണ ഉണ്ടാകണമെന്നില്ല. ചെറുപ്പം മുതൽ സ്നോപ്ലോ പാരന്റിങിൽ വളർന്ന ഒരു 22കാരൻ ചിലപ്പോൾ പ്രശ്നങ്ങൾ വരുമ്പോൾ അതിജീവിക്കാൻ കഴിയാതെ നിൽക്കേണ്ടി വരുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

# 'കൈ വിട്ട് പോകുന്ന മനസ്, നിരാശ'; അറിയാം ബേൺഔട്ടിനെക്കുറിച്ച്



പ്രായമാകുംതോറും മനുഷ്യ മനസിനും ആരോഗ്യത്തിനും വലിയ രീതിയിൽ മാറ്റങ്ങൾ സംഭവിക്കും. നാൽപതുകൾ കടക്കുമ്പോൾ ഒരു മനുഷ്യന്റെ മാനസിക ആരോഗ്യത്തിനും ശാരീരിക ആരോഗ്യത്തിനും വലിയ മാറ്റങ്ങൾ വരുന്ന സമയം ആണ്.

നാൽപതുകൾ ഒരുപാട് പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന പ്രായം കൂടിയാണ്. കുടുംബം, ജോലി, അങ്ങനെ പല പ്രശ്നങ്ങളും നേരിട്ട് മാനസികമായി വലിയ ബുദ്ധിമുട്ടുകൾ ആണ് ഓരോരുത്തരും ഈ കാലഘട്ടത്തിൽ അനുഭവിക്കുന്നത്. അവസാനമില്ലാത്ത തിരക്കും ക്ഷീണത്തിനും ഉറക്കക്കുറവിനും വഴിയൊരുക്കുന്നു. മനസിന്റെ അസ്വസ്ഥതകൾ വൈകാതെ ശരീരത്തെയും ബാധിക്കും.

അതിരുകടന്ന ഉത്തരവാദിത്ത ബോധവും സ്ഥിരമായ ജോലി സമ്മർദവും ക്ഷീണത്തിനും ഉറക്കക്കുറവിനും കാരണമാകാറുണ്ട്. ഈ അവസ്ഥയെ 'ബേൺഔട്ട്' എന്നാണ് അറിയപ്പെടുന്നത്. ശരിയായ മാർഗനിർദേശവും ആവശ്യമെങ്കിൽ ചികിത്സയും സ്വീകരിച്ചാൽ ഈ അവസ്ഥകളെ ഫലപ്രദമായി മറികടക്കാൻ സാധിക്കും എന്നാണ് വിദഗ്ധർ പറയുന്നത്.

'ബേൺഔട്ട് ഒരിക്കലും ദുർബലതയല്ല, അത്രയും നാളുകൾ നിങ്ങൾ ശക്തമായി നിന്നതിന്റെ തെളിവാണ്' എന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്. ബേൺഔട്ടിൽ നിന്നും രക്ഷ നേടാനും മനസിനെ സംരക്ഷിക്കുന്നതിനും ലളിതമായ ശീലങ്ങൾ ഉണ്ട്.

മനസ്സിനെ ആരോഗ്യത്തോടെ നിലനിർത്താൻ ദിവസേന ചെയ്യാവുന്ന ചില ലളിതമായ കാര്യങ്ങളുണ്ട്. അവയെ കുറിച്ച് അറിയാം.

**1. ഉറക്കം ഏറ്റവും നല്ല മരുന്ന്:** 7-8 മണിക്കൂർ നല്ല ഉറങ്ങുക. ഉറക്കം മനസിനെ പുനഃക്രമീകരിക്കുന്നു.

**2. വ്യായാമം:** ദിവസേന നടക്കുക, യോഗ ചെയ്യുക, തുടങ്ങി മറ്റ് ശാരീരിക അധ്വാനങ്ങളിൽ ഏർപ്പെടുക

**3. 'ഇല്ല' എന്നു പറയാൻ പഠിക്കുക:** അതിരുകൾ നിശ്ചയിക്കുക. നിങ്ങളുടെ സമയത്തെ സംരക്ഷിക്കുക.

**4. ഡിജിറ്റൽ ഡീറ്റോക്സ്:** സ്ക്രീൻ സമയം കുറയ്ക്കുക; പകരം വായന, സംഗീതം, അല്ലെങ്കിൽ പ്രകൃതിയുമായി ബന്ധപ്പെടുക.

**5. ആഹാരം:** പോഷക സമൃദ്ധമായ ഭക്ഷണവും മതിയായ അളവിൽ വെള്ളവും കുടിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

**6. മൈൻഡ് ബ്രേക്കുകൾ:** ദിവസത്തിൽ കുറച്ച് മിനിറ്റ് ശാന്തമായി ഇരുന്ന് ഡീപ്പ് ബ്രീത്തിംഗ് ചെയ്യുക.

ദുഃഖം, ഉത്കണ്ഠ, പെട്ടെന്ന് ദേഷ്യം വരുക, അസ്വസ്ഥത തുടങ്ങിയ അവസ്ഥകൾ രണ്ട് ആഴ്ചയ്ക്കുമപ്പുറം തുടരുകയോ, നിങ്ങളുടെ ജോലി, ഉറക്കം, ബന്ധങ്ങൾ എന്നിവയെ ബാധിക്കുകയോ ചെയ്താൽ പിന്നെ വൈകരുത്. പ്രൊഫഷണൽ സഹായം തേടേണ്ട സമയമാണ് ഇത് എന്ന് തിരിച്ചറിഞ്ഞു മാനസിക വിദഗ്ധനെ കാണുക.



# പൊണ്ണത്തടി കുറയ്ക്കാൻ ഇതാ ഒരു അത്ഭുത വിഭവം; സോയ ചങ്ക്സിനെ കുറിച്ച് കൂടുതൽ അറിയാം

ഇന്ന് നമ്മളിൽ ഭൂരിഭാഗം പേരും ആരോഗ്യപരിപാലനത്തിൽ വളരെയേറെ ശ്രദ്ധ ചെലുത്തുന്നവർ ആണ്. എന്നാൽ നമ്മുടെ ജീവിതശൈലി കാരണം പല ആരോഗ്യ പ്രശ്നങ്ങളും നാം നേരിടേണ്ടി വരാറുണ്ട്. പൊണ്ണത്തടി എന്ന അവസ്ഥയിലേക്ക് ആണ് ഇന്ന് നാം നേരിടുന്ന പ്രധാന പ്രശ്നം.

ഇതിന് ഫലപ്രദമായ പരിഹാരം ആണ് ഇനി പറയുന്നത്. വ്യായാമത്തിന് ഒപ്പം തന്നെ ഭക്ഷണ കാര്യത്തിൽ കൂടി നാം അൽപ്പം മിതത്വം പാലിക്കേണ്ടതുണ്ട്. ചില വസ്തുക്കൾ ഡയറ്റിൽ ഉൾപ്പെടുത്തിയാൽ തടി കുറയ്ക്കുന്നതിൽ വളരെ അധികം ഗുണം ചെയ്യും. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സോയ ചങ്ക്സ്. ഇതിന്റെ ഗുണങ്ങൾ വളരെ ഏറെയാണ്. തടി കുറയ്ക്കാൻ ഇത് എങ്ങനെ സഹായിക്കുമെന്ന് നോക്കാം.

മെറ്റബോളിസം മന്ദഗതിയിലാകുകയുംകലോറിഇല്ലാതാക്കുന്നത്നിയന്ത്രിക്കുകയും ചെയ്യുന്നതിനാൽ പലരും ശരീരഭാരം കുറയ്ക്കാൻബുദ്ധിമുട്ടുകയാണ്. പ്രോട്ടീൻ ഉള്ള സോയ ചങ്ക്സ് വിശ്രമത്തിലായിരിക്കുമ്പോൾപോലുംമെറ്റബോളിസത്തെ ത്വരിതപ്പെടുത്തുന്നു. സാധാരണയായി നിങ്ങളുടെ ശരീരം പ്രോട്ടീൻദഹിപ്പിക്കുമ്പോൾ, കാർബോഹൈഡ്രേറ്റുകളോ കൊഴുപ്പുകളോ ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ കലോറിയാണ് ഇല്ലാതാവുക.

സോയ ചങ്ക്സ് കഴിക്കുന്നവർക്ക് അവയുടെ ഉയർന്ന പ്രോട്ടീൻ ഉള്ളടക്കവും കുറഞ്ഞ കലോറിയും സ്വാഭാവിക കൊഴുപ്പും കാരണം നിയന്ത്രിത കലോറി കുറവിന്റെ പ്രയോജനം നന്നായി ലഭിക്കും. വളരെ കുറഞ്ഞ ഗ്ലൈസെമിക് സൂചികയും ഉയർന്ന നാരുകളുടെ അളവും കാരണം സോയ ചങ്ക്സ് രക്തത്തിലെ പഞ്ചസാരയെ സന്തുലിതമാക്കും. ഇത് തടി കുറയ്ക്കാൻ സഹായിക്കും.

# യൂസർനെയിം ഫീച്ചറുമായി വാട്സ്സാപ്പ്

ഉപയോക്താക്കളുടെ പ്രിയ മെസേജിങ് ആപ്പായ വാട്സ്ആപ്പ് പുതിയ ഫീച്ചർ പുറത്തിറക്കി. വാട്സ്ആപ്പ് യൂസർനെയിം എന്ന പുതിയ ഫീച്ചർ ആകർഷണം. ഇത് വാട്സപ്പിന്റെ സ്വകാര്യത കൂടുതൽ ഉറപ്പ് വരുത്തും എന്നാണ് മെറ്റ അവകാശപ്പെടുന്നത്.

ഫോൺ നമ്പറുകൾക്ക് പകരം ഇൻസ്റ്റാഗ്രാമിലെ പോലെ യൂസർനെയിം ഉപയോഗിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്നതാണ് ഈ ഫീച്ചർ. അതിനാൽ അപരിചിതരിലേക്ക് നമ്പർ ഷെയർ ചെയ്യുന്നത് തടയാൻ സാധിക്കും.

ആൻഡ്രോയ്ഡ് ഉപയോക്താക്കളെ ലക്ഷ്യമിട്ടാണ് ഇത് പുറത്തിറക്കിയിരിക്കുന്നത്. ഇപ്പോൾ വാട്സാപ്പിന്റെ ഏറ്റവും പുതിയ ആൻഡ്രോയ്ഡ് ബീറ്റ വേർഷൻനിൽ ആണ് പരീക്ഷണം

**പ്രത്യേകതകൾ....**

വാട്സ്ആപ്പ് ഉപയോക്താക്കൾക്ക് ഫോൺ നമ്പറിന് പകരം യൂസർനെയിം തെരഞ്ഞെടുക്കാം. യൂസർനെയിം ഉപയോഗിച്ച് ഉപയോക്താക്കൾക്ക് മെസേജ് അയക്കാൻ ഈ ഫീച്ചർ സഹായിക്കും. സുരക്ഷ വർധിപ്പിക്കുന്നതിനായി യൂസർനെയിം കീ എന്ന ഓപ്ഷനും വാട്സ്ആപ്പ് കൊണ്ടുരും. നിങ്ങളുടെ വാട്സ്ആപ്പ് യൂസർനെയിം മറ്റൊരാളുടെ കയ്യിലുണ്ടെങ്കിലും അവർക്ക് മെസേജുകൾ അയക്കണമെങ്കിൽ മാച്ചിംഗ് ആയ കീ വേണ്ടിവരുന്ന രീതിയാണ് ഈ സംവിധാനത്തിലുണ്ടാവുക എന്നാണ് റിപ്പോർട്ട്.

യൂസർനെയിമുമായി ബന്ധപ്പെട്ട മെറ്റ പുറത്തിറക്കിയ മറ്റൊരു പ്രത്യേകതയാണ് സർനെയിം ബുക്ക് ചെയ്യാം എന്നത്. ഒരേ യൂസർനെയിം പലർക്കും ഉണ്ടാകുന്ന അവസ്ഥ പരിഗണിച്ചാണിത്. ഒരു യൂസർനെയിം ഒരാൾക്ക് മാത്രം നൽകാനേ പ്രായോഗികമായി കഴിയൂ. അതിനാൽ യൂസർനെയിം ഫീച്ചർ ആഗോള ഉപഭോക്താക്കൾക്കായി അവതരിപ്പിക്കും മുമ്പും യൂസർനെയിം റിസർവ് ചെയ്യാനുള്ള ഓപ്ഷൻ വാട്സ്ആപ് നൽകിയേക്കും.




വാട്സ്ആപ്പ് സെറ്റിംഗ്സിലെ പ്രൊഫൈൽ ടാബിന് കീഴിലാണ് യൂസർനെയിം ഓപ്ഷൻ ലഭ്യമാകുക. നിലവിൽ പരീക്ഷണ ഘട്ടത്തിലാണ് ഈ സംവിധാനം.

# ചൊവ്വയിലും ചന്ദ്രനിലും സ്ഥിര താമസക്കാരായി മനുഷ്യർ! മസ്കിന്റെ സ്റ്റാർഷിപ്പ് സ്വപ്നം പൂവണിയുന്നു



ചന്ദ്രനിലും ചൊവ്വയിലും മനുഷ്യൻ സ്ഥിരമായി താമസിക്കുക എന്ന ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ സ്വപ്നത്തിന് ജീവൻ വെയ്ക്കുന്നു. ഗ്രഹാന്തര റോക്കറ്റായ സ്റ്റാർഷിപ്പിന്റെ പതിനൊന്നാം വിക്ഷേപണം വിജയകരമായി പൂർത്തീകരിച്ചതോടെയാണ് മസ്കിന്റെ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കുന്നത്. സ്പേസ് എക്സിന്റെ കൂറ്റൻ സ്പേസ്ഷിപ്പ് റോക്കറ്റ് തിങ്കളാഴ്ചയാണ് ടെക്സസിന്റെ ആകാശത്തിലൂടെ വിജയകരമായി പറന്നുയർന്നത്. ഗ്രീൻവിച്ച് സമയം 6.25 നായിരുന്നു വിക്ഷേപണം.

ചന്ദ്രനിലേക്കും ചൊവ്വയിലേക്കും മനുഷ്യരെ അയക്കാൻ ലക്ഷ്യമിട്ട് ഇലോൺ മസ്കിന്റെ സ്പേസ് എക്സ് കമ്പനി തയാറാക്കുന്ന ബഹിരാകാശ വാഹനമാണ് സ്റ്റാർഷിപ്പ്. മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലുതും ഭാരമേറിയതും കരുത്തേറിയതുമായ സ്റ്റാർഷിപ്പ് 2025 ലെ അഞ്ചാമത്തെ പരീക്ഷണമാണ് പൂർത്തിയാക്കിയത്. സ്റ്റാർഷിപ്പ് ബഹിരാകാശത്തിലൂടെയുള്ള സഞ്ചാര പാത രേഖപ്പെടുത്തി. ഒരു മണിക്കൂറോളം ഭൗമാന്തരീക്ഷത്തിൽ സ്പേസ് എക്സിന്റെ സ്പേസ്ഷിപ്പ് പറന്നിരുന്നു. തുടർന്ന് സൂപ്പർ ഹെവി എന്നറിയപ്പെട്ടിരുന്ന സ്പേസ്ഷിപ്പിന്റെ റോക്കറ്റ് ബൂസ്റ്റർ ആസൂത്രണം ചെയ്തത് പോലെ ഇന്ത്യൻ മഹാസമുദ്രത്തിൽ പതിച്ചു.

ലോകത്തിലെ ഏറ്റവും വലുതും ശക്തവുമായ റോക്കറ്റ് 'മാമോത്ത്' സ്റ്റാർഷിപ്പിനെ ബഹിരാകാശയാത്രികരെ ചന്ദ്രനിൽ നിന്ന് തിരികെ എത്തിക്കാനുള്ള ശ്രമങ്ങളിൽ ഉപയോഗിക്കാൻ പദ്ധതിയിടുന്നതായി നാസ വ്യക്തമാക്കിയിരുന്നു. വിക്ഷേപണം വളരെയധികം ദൃശ്യപരമാണെന്ന് എലോൺ മസ്ക് വിക്ഷേപണത്തിന് മുമ്പ് വെബ്കാസ്റ്റിൽ കൂട്ടിച്ചേർത്തു. സ്റ്റാർഷിപ്പ് പരീക്ഷണങ്ങളിൽ അവസാനത്തെതാകും തിങ്കളാഴ്ചത്തെ വിക്ഷേപണമെന്നാണ് കമ്പനിയുടെ പ്രതീക്ഷ. അടുത്ത പരീക്ഷണത്തിൽ പുതിയ മോഡൽ അവതരിപ്പിക്കുമെന്നും സ്പേസ് എക്സ് പറഞ്ഞു.

മനുഷ്യരെ ചന്ദ്രനിലേയ്ക്ക് അയക്കുക എന്നതാണ് അമേരിക്കൻ ബഹിരാകാശ ഏജൻസിയുടെ 'ആർട്ടെമിസ്' എന്ന പ്രോഗ്രാമിന്റെ ലക്ഷ്യം. 2030 ആകുമ്പോഴേക്കും ചൈന തങ്ങളുടെ ആദ്യ ബഹിരാകാശ ദൗത്യത്തിനായി തയാറാകുമെന്നും പറഞ്ഞിരുന്നു. മുൻ സ്റ്റാർഷിപ്പ് പരീക്ഷണങ്ങളിൽ സ്ഫോടനങ്ങൾ (പൊട്ടിത്തെറി) ഉൾപ്പെടെയുള്ള വീഴ്ചകൾ നടന്നിട്ടുള്ളതായി സ്പേസ് എക്സ് ചൂണ്ടിക്കാട്ടി.

**മസ്കിന്റെ സ്വപ്നം**

ഭൂമി വിട്ട് ചന്ദ്രനിലും ചൊവ്വയിലും മനുഷ്യൻ സ്ഥിരമായി താമസിക്കുക എന്ന മസ്കിന്റെ സ്വപ്നത്തിന് ജീവൻ നൽകുന്നതാണ് ഈ പരീക്ഷണ വിജയം. ഏകദേശം 20 വർഷത്തിനുള്ളിൽ ചൊവ്വയിൽ പത്തു ലക്ഷം മനുഷ്യരെ പാർപ്പിക്കാനാണ് മസ്ക് ലക്ഷ്യമിടുന്നത്. ഇതിനായി പ്രത്യേക വീടുകൾ നിർമിക്കാനും മസ്ക് പദ്ധതിയിടുന്നുണ്ട്.

# നിക്ഷേപിക്കുക 15 ബില്യൺ ഡോളർ: ഇന്ത്യയിൽ ആർടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് വൻ മുന്നേറ്റത്തിനൊരുങ്ങി ഗൂഗിൾ

ഇന്ത്യയിലെ ആർടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് വൻ മന്നേറ്റത്തിനൊരുങ്ങുകയാണ് ഗൂഗിൾ. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ആദ്യത്തെ ആർടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബ് സ്ഥാപിക്കുമെന്ന് ഗൂഗിൾ പ്രഖ്യാപിച്ചു. ഇതിനായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 15 ബില്യൺ ഡോളർ (ഏകദേശം 1.25 ലക്ഷം കോടി) നിക്ഷേപിക്കുന്നതായും ഗൂഗിൾ വ്യക്തമാക്കി.

പുതിയ എഐ ഹബ്ബിന് ശക്തമായ എഐ ഇൻഫ്രാസ്ട്രക്ചർ, ഡാറ്റാ സെന്റർ ശേഷി, വലിയ തോതിലുള്ള ഊർജ്ജ സ്രോതസ്സുകൾ, വികസിപ്പിച്ച ഫൈബർഒപ്റ്റിക് നെറ്റ്‌വർക്ക് എന്നിവ എല്ലാം ഒരിടത്ത് സംയോജിപ്പിക്കാനാകും. ഇത് ഇന്ത്യയിലെ ഗൂഗിളിന്റെ സേവനങ്ങൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടും. ഇന്ത്യയിലെ ഏറ്റവും വലിയ ഡാറ്റാ സെന്ററും ഗ്രീൻ എനർജി ഇൻഫ്രാസ്ട്രക്ചറും ഉൾക്കൊള്ളുന്നതാണ് വിശാഖപട്ടണത്ത് വരാനിരിക്കുന്ന എഐ ഹബ്ബ്.




ഗൂഗിൾ പറയുന്നതനുസരിച്ച്, ഈ ഹബ്ബിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഡാറ്റ സെന്റർ കാമ്പസും ഉണ്ടാകും. ഇതിലൂടെ ഗിഗാവാട്ട് തോതിൽ കംപ്യൂട്ട് ശേഷി വർധിപ്പിച്ച് ഇന്ത്യയിലും ലോകത്തുമുള്ള ഡിജിറ്റൽ സേവനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനാകും. അദാനികണക്സ്, എയർടെൽ തുടങ്ങിയ കമ്പനികളുമായി സഹകരിച്ചാണ് ഗൂഗിൾ ഈ പദ്ധതി നടപ്പാക്കുക. ഗൂഗിൾ സെർച്ച്, ഗൂഗിൾ വർക്ക്സ്പെയ്സ്, യൂട്യൂബ് തുടങ്ങിയ ഗൂഗിൾ ഉൽപ്പന്നങ്ങൾക്ക് പവർ നൽകാൻ ഉപയോഗിക്കുന്ന അതേ നൂതന ഇൻഫ്രാസ്ട്രക്ചർ ഇതിലും ഉണ്ടായിരിക്കുമെന്ന് ഗൂഗിൾ വ്യക്തമാക്കി.

പുതിയ ഡാറ്റാ സെന്റർ പ്രവർത്തനക്ഷമമായാൽ, അത് ഗൂഗിളിന്റെ 12 രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ആഗോള എഐ ഡാറ്റാ സെന്റർ നെറ്റ്‌വർക്കിന്റെ ഭാഗമാകും. ഗൂഗിളിന്റെ ബെംഗളൂരു, ഹൈദരാബാദ്, പൂനെ തുടങ്ങിയ ഗവേഷണവികസന കേന്ദ്രങ്ങളിൽ വികസിപ്പിച്ച സാങ്കേതികവിദ്യകൾ എഐ ഹബ്ബിൽ ഉപയോഗപ്പെടുത്തും. പുതിയ എഐ ഹബ്ബ് ബിസിനസുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ ഉയർന്ന പ്രകടന ശേഷിയുള്ള, കുറഞ്ഞ ലാറ്റൻസി ഉള്ള സേവനങ്ങൾ നൽകും.

ഈ സേവനങ്ങൾ ഉപയോഗിച്ച് കമ്പനികൾക്ക് സ്വന്തമായി എഐ സൊല്യൂഷനുകൾ വികസിപ്പിക്കാനും വ്യാപിപ്പിക്കാനും കഴിയും. അതപോലെ, ഗവേഷണവികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും, എഐ മേഖലയിൽ ഇന്ത്യയെ ആഗോളതലത്തിൽ മുന്നിലെത്തിക്കാനും ഇതുമൂലം സാധിക്കും.

# എഐ ചാറ്റ്ബോട്ടുകൾ: അറിഞ്ഞോ അറിയാതെയോ വരുത്തുന്ന 5 വലിയ അബദ്ധങ്ങൾ

ചാറ്റ്ജിപിറ്റി, ജെമിനി, ഗ്രോക്ക്, പെർപ്ലെക്സിറ്റി തുടങ്ങിയ എഐ ചാറ്റ്ബോട്ടുകൾ ഇന്ന് നമ്മുടെ ജോലിയുടെയും ജീവിതത്തിന്റെയും അവിഭാജ്യ ഘടകമായി മാറിക്കഴിഞ്ഞു. സോഫ്റ്റ്‌വെയർ ഡെവലപ്പർമാർക്ക് കോഡിങ്ങിലെ സംശയങ്ങൾ തീർക്കാനും, സോഷ്യൽ മീഡിയ മാർക്കറ്റർമാർക്ക് ആകർഷകമായ ഉള്ളടക്കം സൃഷ്ടിക്കാനും ഈ ടൂളുകൾ വലിയ സഹായമാണ്.

എങ്കിലും, ഈ സാങ്കേതികവിദ്യയുടെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിൽ നമ്മളിൽ പലർക്കും പിഴവ് പറ്റാറുണ്ട്. എഐ ഉപയോഗിക്കുമ്പോൾ ഉപയോക്താക്കൾ സാധാരണയായി വരുത്തുന്ന, ഒഴിവാക്കേണ്ട അഞ്ച് ഗുരുതരമായ അബദ്ധങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

**1. എഐ നൽകുന്ന മറുപടികളെ അന്ധമായി വിശ്വസിക്കൽ**




ചാറ്റ്ബോട്ടുകൾ നൽകുന്ന വിവരങ്ങൾ എപ്പോഴും 100% ശരിയായിരിക്കണമെന്നില്ല. ഇവയുടെ പരിശീലനം പഴയ ഡാറ്റകളെ ആശ്രയിച്ചായിരിക്കും. ചിലപ്പോൾ 'തെറ്റിദ്ധാരണാജനകമായ വസ്തുതകൾ' (hallucinations) നൽകാനും സാധ്യതയുണ്ട്. ഒരു സോഫ്റ്റ്‌വെയർ ഡെവലപ്പർക്ക് എഐ നൽകുന്ന കോഡ് കണ്ണടച്ച് ഉപയോഗിച്ചാൽ വലിയ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാവാം.

അതുപോലെ, ഒരു സോഷ്യൽ മീഡിയ മാർക്കറ്റർക്ക് എഐ തരുന്ന ഡാറ്റയുടെ ആധികാരികത പരിശോധിക്കാതെ പോസ്റ്റ് ചെയ്താൽ അത് സ്ഥാപനത്തിന്റെ വിശ്വാസ്യതയെ ബാധിക്കും.

**പരിഹാരം:** നിർണ്ണായകമായ എല്ലാ വിവരങ്ങളും എഐ നൽകിയ ശേഷവും സ്വയം ഒന്ന് പരിശോധിച്ചുറപ്പിക്കണം.

**2. വ്യക്തിപരവും രഹസ്യസ്വഭാവമുള്ളതുമായ വിവരങ്ങൾ നൽകൽ**

എഐ ചാറ്റ്ബോട്ടുകൾക്ക് നൽകുന്ന ഓരോ ഇൻപുട്ടും (പ്രോംപ്റ്റ്) അവരുടെ ഡാറ്റാബേസിന്റെ ഭാഗമായി മാറിയേക്കാം. കമ്പനിയുടെ രഹസ്യ കോഡുകൾ, ഉപഭോക്താക്കളുടെ വിവരങ്ങൾ, ക്രെഡിറ്റ് കാർഡ് വിശദാംശങ്ങൾ തുടങ്ങിയ സെൻസിറ്റീവായ വിവരങ്ങൾ എഐയുമായി പങ്കുവെക്കുന്നത് അതീവ അപകടകരമാണ്. ഈ വിവരങ്ങൾ ചോർന്നുപോയാൽ അത് നിയമപരമായ പ്രശ്നങ്ങളിലേക്കും കനത്ത നഷ്ടങ്ങളിലേക്കും നയിക്കും.

**പരിഹാരം:** ഒരു കാരണവശാലും ഔദ്യോഗികമോ വ്യക്തിപരമോ ആയ രഹസ്യസ്വഭാവമുള്ള ഡാറ്റകൾ ചാറ്റ്ബോട്ടുകൾക്ക് നൽകരുത്.

**3. വ്യക്തതയില്ലാത്തതും അവ്യക്തവുമായ നിർദ്ദേശങ്ങൾ നൽകൽ**

ചാറ്റ്ബോട്ട് ഒരു മാന്ത്രികവടിയല്ല. നിങ്ങൾക്ക് എന്താണ് വേണ്ടതെന്ന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയാൽ മാത്രമേ കൃത്യമായ മറുപടി ലഭിക്കുകയുള്ളൂ. 'എനിക്കൊരു പോസ്റ്റ് എഴുതിത്തരണം' എന്ന് പറയുന്നതിനേക്കാൾ, 'എന്റെ പുതിയ വെബ് ഡിസൈനിങ് സർവീസിനെക്കുറിച്ച്, ഒരു യുവ സംരംഭകനെ ആകർഷിക്കുന്ന തരത്തിൽ, കോൺടാക്റ്റ് വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ലിങ്ക്ഡ്ഇൻ പോസ്റ്റ് എഴുതിത്തരണം' എന്ന് പറയുന്നത് ഫലം മെച്ചപ്പെടുത്തും. ചാറ്റ്ബോട്ടിന് വ്യക്തത നൽകുന്നതിൽ പരാജയപ്പെട്ടാൽ ലഭിക്കുന്നത് ഗുണനിലവാരമില്ലാത്തതോ ഉപയോഗശൂന്യമായതോ ആയ മറുപടികളായിരിക്കും.




▶ *റോബിൻസ് ആന്റണി*

**4. യഥാർത്ഥ 'മനുഷ്യസ്പർശം' നഷ്ടപ്പെടുത്തുന്ന ഉള്ളടക്കം സൃഷ്ടിക്കൽ**

എഐ ഉപയോഗിച്ച് ഉള്ളടക്കം നിർമ്മിക്കുന്നത് സമയം ലാഭിക്കാൻ സഹായിക്കുമെങ്കിലും, അത് പൂർണ്ണമായും 'റോബോട്ടിക്' ആകാൻ അനുവദിക്കരുത്. ഒരുപാട് പേർ ഉപയോഗിച്ച ക്ലീഷേ വാക്കുകളും, മനുഷ്യന്റെ വികാരങ്ങളില്ലാത്ത ശൈലിയും നിങ്ങളുടെ ഉള്ളടക്കത്തെ വിരസമാക്കും. സോഷ്യൽ മീഡിയയിൽ, ആളുകൾക്ക് വികാരപരമായി ബന്ധപ്പെടാൻ കഴിയുന്നതും, സ്വാഭാവികവുമായ ഉള്ളടക്കമാണ് വൈറലാകുന്നത്.

**പരിഹാരം:** എഐ ഉണ്ടാക്കിയ ഉള്ളടക്കം ഒരു 'ഡ്രാഫ്റ്റ്' ആയി മാത്രം കാണുക. അതിന് നിങ്ങളുടെ വ്യക്തിപരമായ ശൈലിയും, പ്രാദേശികമായ തനിമയും, മനുഷ്യന്റെ ചിന്താഗതിയും നൽകി മാറ്റിയെഴുതുക.

**5. പതിവായി അപ്ഡേറ്റുകളും പുതിയ ഫീച്ചറുകളും ശ്രദ്ധിക്കാതിരിക്കൽ**

എഐ ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മാസം നിങ്ങൾ ഉപയോഗിച്ച ചാറ്റ്ബോട്ടിന്റെ മോഡൽ ആയിരിക്കില്ല ഇന്നത്തേത്. ഓരോ അപ്ഡേറ്റിലും പുതിയ കഴിവുകളും, കൂടുതൽ മെച്ചപ്പെട്ട മറുപടികളും, സുരക്ഷാ സംവിധാനങ്ങളും ഉൾപ്പെടുത്താറുണ്ട്.

ഈ മാറ്റങ്ങൾ ശ്രദ്ധിക്കാതെ പഴയ രീതിയിൽ തന്നെ ടൂൾ ഉപയോഗിക്കുന്നത് അതിന്റെ പൂർണ്ണമായ പ്രയോജനം ലഭിക്കാതെയാക്കും.

**പരിഹാരം:** നിങ്ങൾ പതിവായി ഉപയോഗിക്കുന്ന ചാറ്റ്ബോട്ടിന്റെ പുതിയ ഫീച്ചറുകൾ, 'പ്രോംപ്റ്റ് എഞ്ചിനീയറിങ്' രീതികൾ, സ്വകാര്യതാ നയങ്ങളിലെ മാറ്റങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

എഐ ചാറ്റ്ബോട്ടുകൾ നമ്മുടെ സഹപ്രവർത്തകരെപ്പോലെയാണ്. അവയെ ശരിയായ രീതിയിൽ ഉപയോഗിക്കാനുള്ള അറിവും ശ്രദ്ധയും ഉണ്ടായാൽ മാത്രമേ ജോലികൾ കൂടുതൽ എളുപ്പമാക്കാനും മികച്ച ഫലങ്ങൾ നേടാനും സാധിക്കുകയുള്ളൂ.

# സിറിയയിൽ പുടിന് സൈനിക താവളങ്ങൾ നിലനിർത്താം; എല്ലാം ഉറപ്പും നൽകി സിറിയൻ പ്രസിഡന്റ്

ക്രെംലിൻ: തന്റെ രാജ്യവും മോസ്കോയും തമ്മിൽ ഉണ്ടാക്കിയ എല്ലാ മുൻ കരാറുകളും പാലിക്കുമെന്ന് വ്ളാഡിമിർ പുടിനോട് സിറിയയുടെ പുതിയ പ്രസിഡന്റ്. റഷ്യയുടെ രണ്ട് സിറിയൻ താവളങ്ങളും സുരക്ഷിതമാണെന്നും അദ്ദേഹം വ്യക്തമാക്കി.കഴിഞ്ഞ വർഷം ബഷർ അൽ-അസദിനെ പുറത്താക്കിയ വിമത ആക്രമണത്തിന് നേതൃത്വം നൽകിയ അഹമ്മദ് അൽ-ഷറ, സ്ഥാനഭ്രഷ്ടനായ ഏകാധിപതിക്ക് അഭയം നൽകിയ രാജ്യത്തേക്കുള്ള തന്റെ ആദ്യ സന്ദർശനത്തിൽ, ' ബന്ധങ്ങൾ പുനഃസ്ഥാപിക്കാനും പുനർനിർവചിക്കാനും' താൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞു. മുൻ അൽ-ഖ്വയ്ദ വിമതനെ ക്രെംലിനിൽ പുടിൻ ഊഷ്മളമായി സ്വാഗതം ചെയ്തു. മോസ്കോ സൈന്യം ഒരിക്കൽ വേട്ടയാടിയ സിറിയൻ നേതാവ്, ഡിസംബറിൽ അവിടെ നിന്ന് പലായനം ചെയ്ത അസദിനെ കൈമാറാൻ റഷ്യയോട് ആവശ്യപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.റഷ്യയുമായി തങ്ങളെ ബന്ധിപ്പിക്കുന്ന ഉഭയകക്ഷി ബന്ധങ്ങളും പങ്കിട്ട താൽപ്പര്യങ്ങളും നിരവധിയാണ്. അതുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ എല്ലാ കരാറുകളെയും അതിനാൽ തങ്ങൾ ബഹുമാനിക്കുന്നു. റഷ്യയുമായുള്ള ബന്ധം നിലനിൽത്തുന്നതിനായി പ്രവർത്തിക്കുമെന്നും അൽ-ഷറ പുടിനോട് പറഞ്ഞു. അതേസമയം, മോസ്കോയും ഡമാസ്കസും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെ പ്രശംസിച്ച പുടിൻ, ഇരുപക്ഷത്തിനുമിടയിൽ രസകരവും ഉപയോഗപ്രദവുമായ നിരവധി പദ്ധതികളുമായി പ്രവർത്തിക്കാൻ റഷ്യ തയ്യാറാണെന്ന് പറഞ്ഞു.ഏകദേശം 14 വർഷത്തെ ആഭ്യന്തര യുദ്ധത്തിൽ യുദ്ധനിരകളിൽ എതിർവശങ്ങളിലായിരുന്നിട്ടും, ഇരു



ഭരണകൂടങ്ങളും പരസ്പരം പ്രായോഗിക സമീപനമാണ് സ്വീകരിച്ചത്. യുദ്ധത്താൽ തകർന്ന ഒരു രാജ്യത്തെ നയിക്കുന്ന പുതിയ സിറിയൻ സർക്കാരിനെ സംബന്ധിച്ചിടത്തോളം, സാമ്പത്തിക ഇളവുകൾ നേടാനുള്ള പ്രതീക്ഷയിൽ, വിദേശനയം പുനർനിർമ്മിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും റഷ്യയുമായുള്ള ബന്ധം നിലനിർത്തുന്നത് പ്രധാനമാണ്.മാത്രവുമല്ല സിറിയയിൽ റഷ്യയുടെ സൈനിക അടിത്തറ നിലനിർത്താൻ പുടിൻ ആഗ്രഹിക്കുന്നുമുണ്ട്. പ്രധാനമായും മെഡിറ്ററേനിയനിലേക്ക് റഷ്യയ്ക്ക് പ്രവേശനം നൽകുന്നതിനും ആഫ്രിക്കയിലെ കൂലിപ്പടയാളി പ്രവർത്തനങ്ങൾക്ക് പുനർവിതരണം ചെയ്യാൻ അനുവദിക്കുന്നതിനുമായി നിർമ്മിച്ച അതിന്റെ ടാർട്ടസ് നാവിക താവളവും ഖൈമിം വ്യോമതാവളവും. സിറിയൻ തീരത്തെ തന്ത്രപ്രധാനമായ താവളങ്ങളിൽ റഷ്യ സാന്നിധ്യം നിലനിർത്തിയിട്ടുണ്ട്. കൂടാതെ സുപ്രധാന ഔട്ട്പോസ്റ്റുകൾ നിലനിർത്തുന്നതിനും രാജ്യത്ത് സാമ്പത്തിക, ഊർജ്ജവുമായി ബന്ധപ്പെട്ട താൽപ്പര്യങ്ങൾ പിന്തുടരുന്നതിനുമുള്ള ഒരു കരാർ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് ക്രെംലിൻ വ്യക്തമാക്കിയിട്ടുണ്ട്. ക്രെംലിൻ സ്വതന്ത്രമായി നിയന്ത്രിക്കുന്ന മേഖലയിലെ റഷ്യയുടെ ഏക നാവിക താവളമാണ് ടാർട്ടസ്.




## ഉക്രെയ്നിൽ വാഹനമോടിക്കുന്നവർ ദിവസവും രാവിലെ 9 മണിക്ക് അവരുടെ കാറുകൾ നിർത്തുന്നത് എന്തുകൊണ്ട്?

കീവ്: ഉക്രെയ്നിൽ വാഹനമോടിക്കുന്നവർ എല്ലാ ദിവസവും രാവിലെ 9 മണിക്ക് അവരുടെ കാറുകൾ നിർത്തും. അതിന് പിന്നിൽ ശക്തമായൊരു കാരണമുണ്ട്. വ്യോമാക്രമണ സൈറണുകൾ, ഡ്രോൺ എഞ്ചിനുകൾ, ഇടയ്ക്കിടെയുള്ള മിസൈൽ സ്ഫോടനങ്ങൾ എന്നിവയുടെ ഭയാനകമായ ശബ്ദങ്ങൾ നിറഞ്ഞ ഒരു അസാധാരണ രാത്രിയുടെ നടക്കുന്ന സംഭവത്തിന് ശേഷം, കീവിലെ പലരും ഒരു നിമിഷത്തെ നിശബ്ദതയിൽ ആശ്വാസം കണ്ടെത്തുന്നു. റഷ്യൻ അധിനിവേശത്തിൽ നിന്ന് മുക്തമായി അവർ എന്തിനാണ് ജീവിക്കുന്നത് എന്നതിന്റെ ഓർമ്മപ്പെടുത്തലായാണ് ഈ ഒരു മിനിറ്റ് പ്രവർത്തിക്കുന്നത്.എല്ലാ ദിവസവും രാവിലെ 9 മണിക്ക്, ഉക്രെയ്നിന്റെ തിരക്കേറിയ തലസ്ഥാനത്തെ തിരക്കേറിയ സമയത്ത്, സാധാരണക്കാർ അവരുടെ പ്രവർത്തനങ്ങൾ നിർത്തി, നിശ്ചലരായി, തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ വീരന്മാരെ നിശബ്ദമായി ആദരിക്കുന്നു. വീടിനകത്തോ തെരുവുകളിലോ ആകട്ടെ, തിരക്കേറിയ റെസ്റ്റോറന്റുകളിലെ സെർവറുകൾ, ഷോപ്പിംഗ് സെന്ററുകളിലെ റീട്ടെയിൽ തൊഴിലാളികൾ, ഒരു കോഫി കിയോസ്ക്കിന് ചുറ്റുമുള്ള പൊലീസ് ഉദ്യോഗസ്ഥർ, നഗരത്തിലെ പ്രധാന തെരുവായ ക്രെസ്ചാറ്റിക്കിലൂടെ വാഹനമോടിക്കുന്നവർ തുടങ്ങി എല്ലാവരും കഴിഞ്ഞ മാസം അവസാനം മുതൽ ആദരാഞ്ജലികൾ അർപ്പിക്കാൻ ഇങ്ങനെ നിൽക്കുന്നത് തുടരുന്നു.ചില യാത്രക്കാർ വാഹനങ്ങളിൽ നിന്ന് ഇറങ്ങി റോഡിന്റെ മധ്യത്തിൽ ഗൗരവത്തോടെ തല കുനിച്ച് നിൽക്കുന്നതും കാണാം. യുദ്ധകാല ഉക്രെയ്നിന്റെ പല വശങ്ങളെയും പോലെ നിശബ്ദതയുടെ മിനിറ്റ്, ദേശീയ ഐക്യത്തിന്റെ പ്രതീകമായി ആരംഭിച്ചെങ്കിലും പെട്ടെന്ന് ഒരു സാമൂഹിക ബാധ്യതയായി, വളർന്നുവരുന്ന ദേശീയ പാരമ്പര്യമായി അത് പരിണമിച്ചിരിക്കുകയാണെന്നും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു.

# നിലവിലെ ഭരണത്തിൻ കീഴിൽ വെനിസ്വേല അപകടത്തിലാണെന്ന് നൊബേൽ സമ്മാന ജേതാവ് മച്ചാഡോ

കാരക്കാസ്: വെനിസ്വേല പ്രതിപക്ഷ നേതാവും സമാധാനത്തിനുള്ള നോബൽ സമ്മാന ജേതാവുമായ മരിയ കൊറീന മച്ചാഡോ ഞായറാഴ്ച എൻപിആറിന്റെ വീക്കെൻഡ് എഡിഷന് നൽകിയ അഭിമുഖത്തിൽ തന്റെ രാജ്യം അപകടത്തിലാണെന്നും വെനിസ്വേലയുടെ സ്വേച്ഛാധിപതിയായ പ്രസിഡന്റ് നിക്കോളാസ് മഡുറോയെ പുറത്താക്കണമെന്നും ആവശ്യപ്പെട്ടു.വെനിസ്വേലയുടെ അതിർത്തിക്കുള്ളിൽ ഒളിച്ചിരിക്കുമ്പോൾ തന്നെ, വലതുപക്ഷ നേതാവ് മഡുറോയെ നിയമവിരുദ്ധനും ശക്തനും ആണെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ ഭരണകൂടം വോട്ടെടുപ്പിൽ കൃത്രിമം കാണിച്ചുവെന്നതിന് സ്ഥിരമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും മൂന്നാം തവണയും അധികാരത്തിലെത്തിയ വ്യക്തിയാണെന്നും മച്ചാഡോ വ്യക്തമാക്കി.ഇതിൽ താൻ വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നത്, 2024 ജൂലൈ 28 ന് വെനിസ്വേലൻ ജനത ഭരണമാറ്റത്തിന് ഉത്തരവിട്ടിരുന്നു, കഴിഞ്ഞ വർഷത്തെ വിവാദപരവും സൂക്ഷ്മ നിരീക്ഷണം നടത്തിയതുമായ തിരഞ്ഞെടുപ്പിനെ ഉദ്ധരിച്ച് ശനിയാഴ്ച എൻപിആറിന്റെ ആയിഷ റാസ്കോയ്ക്ക് നൽകിയ അഭിമുഖത്തിൽ മച്ചാഡോ പറഞ്ഞു. എന്നാൽ ഇപ്പോൾ ഭരണകൂടത്തിന്റെ ആഖ്യാനം മഡുറോ പോയാൽ വെനിസ്വേലയിൽ കുഴപ്പങ്ങൾ വരുമെന്നാണ്. അത് തികച്ചും തെറ്റാണെന്നും വെനിസ്വേല ഇപ്പോൾ വലിയ അപകടത്തിലാണെന്നാണ് മച്ചാഡോ വ്യക്തമാക്കുന്നത്.മധുറോയുടെ ഭരണകൂടം മത്സരത്തിൽ നിന്ന് വിലക്കിയിരുന്ന മച്ചാഡോ, വെനിസ്വേല ഒരു രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ, അഞ്ചിലൊന്നിൽ കൂടുതൽ നിവാസികളെ രാജ്യം വിട്ട് പോകാൻ നിർബന്ധിതരാക്കിയതിനാൽ, അതിനെ നയിക്കാനുള്ള മത്സരത്തിൽ പ്രതിപക്ഷ സ്ഥാനാർത്ഥി എഡ്മുണ്ടോ ഗോൺസാലസിനെ പിന്തുണച്ചിരുന്നു.1990 കളുടെ അവസാനത്തിൽ അധികാരത്തിൽ വന്നതിനുശേഷം ശക്തമായ യുണൈറ്റഡ് സോഷ്യലിസ്റ്റ് പാർട്ടി ഓഫ് വെനിസ്വേല (പിഎസ്യുവി) യുടെ ഏറ്റവും കടുത്ത വിമർശകരിൽ ഒരാളാണ് മച്ചാഡോ. വെനിസ്വേലൻ നാഷണൽ അസംബ്ലിയിലെ മുൻ നിയമസഭാംഗമായ മച്ചാഡോയെ വെടിവയ്ക്കകൊൻ ഉത്തരവ് ഇട്ടിട്ടുണ്ട്. ഇതെല്ലാം 2013 ൽ പിഎസ്യുവി സ്ഥാപകൻ ഹ്യൂഗോ ഷാവേസിന്റെ പിൻഗാമിയായി അധികാരമേറ്റ മച്ചാഡോയെ ഒളിവിൽ പാർപ്പിക്കാൻ നിർബന്ധിച്ചു.പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തങ്ങൾ വൻ ഭൂരിപക്ഷത്തിൽ വിജയിച്ചു, യഥാർത്ഥ ടാലി ഷീറ്റുകളു



ടെ 85% ത്തിലധികം ഉപയോഗിച്ച് തങ്ങൾ അത് തെളിയിച്ചു. ലോകം മുഴുവൻ അത് അറിയാം. മഡുറോയുടെ സഖ്യകക്ഷികൾക്ക് പോലും അദ്ദേഹം പരാജയപ്പെട്ടുവെന്ന് അറിയാമെന്നും മച്ചാഡോ കൂട്ടിച്ചേർത്തു.



### ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമ വിലക്ക് നവംബർ 23 വരെ നീട്ടി പാക്കിസ്ഥാൻ

ഇന്ത്യൻ വിമാനങ്ങൾക്ക് പാക്കിസ്ഥാൻ ഏർപ്പെടുത്തിയ വ്യോമഗതാഗത വിലക്ക് നവംബർ 23 വരെ നീട്ടി. ഈ മാസം 23ന് അവസാനിക്കേണ്ടിയിരുന്ന വിലക്കാണ് നീട്ടിയത്.പാക്കിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യ ഏർപ്പെടുത്തിയ വിലക്കും നീട്ടിയേക്കും.ഏപ്രിൽ 23നാണ് പാക്കിസ്ഥാൻ ആദ്യമായി വ്യോമപാത അടച്ചത്. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് സിന്ധു നദീജല കരാർ ഇന്ത്യ റദ്ദാക്കിയതിനു ശേഷമാണ് പാക്കിസ്ഥാൻ വ്യോമപാത അടയ്ക്കാൻ തീരുമാനിച്ചത്.ഇതിനു മറുപടിയായി ഇന്ത്യയും ഏപ്രിൽ 30ന് പാക്കിസ്ഥാൻ വിമാനങ്ങൾക്ക് വ്യോമപാത അടയ്ക്കുകയായിരുന്നു.നൂറ്റിയമ്പതോളം ഇന്ത്യൻ വിമാനങ്ങളാണ് ഓരോ ദിവസവും പാക്കിസ്ഥാന്റെ വ്യോമപാതയിലൂടെ ദിനംപ്രതി മറ്റു രാജ്യങ്ങളിലേക്കു പോയിരുന്നത്.പാക്കിസ്ഥാൻ വ്യോമമേഖല അടച്ചിരിക്കുന്നത് ഡൽഹി അടക്കമുള്ള ഉത്തരേന്ത്യൻ വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകളെയാണ് കാര്യമായി ബാധിക്കുന്നത്

# പാക്-അഫ്ഗാൻ ഏറ്റുമുട്ടൽ: 48 മണിക്കൂർ വെടിനിർത്തലിന് ധാരണ

ഇസ്ലാമാബാദ്: നിരവധി പേർക്ക് ജീവൻ നഷ്ടമായ ഏറ്റുമുട്ടലിന് പിന്നാലെ 48 മണിക്കൂർ താത്കാലിക വെടിനിർത്തലിന് സമ്മതിച്ച് പാകിസ്താനും അഫ്ഗാനിസ്താനും. ബുധനാഴ്ച വൈകുന്നേരം ഇരു രാജ്യങ്ങളുടെയും അതിർത്തിയിൽ നടന്ന അക്രമണത്തിൽ ആറ് പാകിസ്താൻ സൈനികർക്കും 15-ഓളം അഫ്ഗാൻ പൗരൻമാർക്കും ജീവൻ നഷ്ടമാകുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് ഇരു രാജ്യങ്ങളും വെടിനിർത്തലിന് സമ്മതിച്ചത്. ഇന്ത്യൻ സമയം വൈകുന്നേരം 6:30 ന് വെടിനിർത്തൽ പ്രാബല്യത്തിൽ വന്നു. സങ്കീർണ്ണവും എന്നാൽ, പരിഹരിക്കാവുന്നതുമായ പ്രശ്നത്തിന് ക്രിയാത്മകമായ പരിഹാരം കണ്ടെത്താൻ ഇരുപക്ഷവും ചർച്ചയിലൂടെ ആത്മാർഥമായ ശ്രമങ്ങൾ നടത്തുമെന്ന് പാകിസ്ഥാൻ വൃത്തങ്ങളെ ഉദ്ധരിച്ച് റോയിറ്റേഴ്സ് റിപ്പോർട്ട് ചെയ്തു.അഫ്ഗാനിസ്താൻ വെടിനിർത്തൽ ആവശ്യപ്പെട്ടതായി പാകിസ്ഥാൻ അവകാശപ്പെട്ടു.



# ചൈന ചാരക്കേസ്: പ്രധാന സാക്ഷി മൊഴികൾ പുറത്തുവിട്ട് ബ്രിട്ടീഷ് സർക്കാർ

ലണ്ടൻ: പിൻവലിച്ച ചൈന ചാരക്കേസിലെ പ്രധാന സാക്ഷി മൊഴികൾ പുറത്തുവിട്ട് സർക്കാർ. ബീജിംഗിന്റെ ഇന്റലിജൻസ് ഏജൻസികൾ 'യുകെയുടെ താൽപ്പര്യങ്ങൾക്കും സുരക്ഷയ്ക്കും ഹാനികരമാണെന്ന്' യുകെയുടെ ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് പറഞ്ഞിട്ടും, ചൈനയ്ക്ക് വേണ്ടി ചാരവൃത്തി നടത്തിയെന്ന് ആരോപിക്കപ്പെട്ട രണ്ട് ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കെതിരായ കേസ് തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി ക്രൗൺ പ്രോസിക്യൂഷൻ ഉപേക്ഷിച്ചിരുന്നു. ഈ കേസുമായി ബന്ധപ്പെട്ട സാക്ഷി മൊഴികളാണ് പുറത്തുവിട്ടത്.

കേസ് എന്തുകൊണ്ട് പിൻവലിച്ചു എന്നതിനെക്കുറിച്ചുള്ള തർക്കത്തിൽ ഒരു രൂപരേഖ തയ്യാറാക്കുന്നതിനായി ബുധനാഴ്ച രാത്രി കെയർ സ്റ്റാർമർ മൂന്ന് സാക്ഷി മൊഴികൾ പുറത്തുവിട്ടു. അവരിൽ ഒരാൾ മറ്റേയാൾക്ക് 'നിങ്ങൾ ഇപ്പോൾ ചാര പ്രവർത്തന മേഖലയിലാണ്' എന്ന് സന്ദേശത്തിൽ പറയുന്നുണ്ട്. ഓഗസ്റ്റിൽ പ്രസിദ്ധീകരിച്ച മൂന്നാം സാക്ഷി മൊഴി



ചൈന ഉയർത്തുന്ന വെല്ലുവിളിയെക്കുറിച്ചുള്ള യുകെയുടെ വീക്ഷണം വീണ്ടും വ്യക്തമാക്കി. എന്നാൽ രണ്ടാമത്തെ രണ്ട് പ്രസ്താവനകൾ സർക്കാർ 'ചൈനയുമായി ഒരു നല്ല സാമ്പത്തിക ബന്ധം പിന്തുടരാൻ പ്രതിജ്ഞാബദ്ധമാണെന്ന്' വ്യക്തമാക്കുന്നതായിരുന്നു.മുൻ പാർലമെന്ററി ഗവേഷകനായ ക്രിസ്റ്റഫർ കാഷിനും ക്രിസ്റ്റഫർ ബെറിക്കും എതിരായ കുറ്റങ്ങൾ പ്രോസിക്യൂട്ടർമാർക്ക് ബീജിംഗ് 'യുകെയുടെ ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാണ്' എന്നതിന് തെളിവ് ലഭിക്കാത്തതിനാൽ പ്രോസിക്യൂട്ടർമാർ പിന്മാറി. ബുധനാഴ്ച കൺസർവേറ്റീവുകളുടെ സമ്മർദ്ദത്തെത്തുടർന്ന്, ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മാത്യു കോളിൻസ് എഴുതിയ മൂന്ന് സാക്ഷി മൊഴികൾ സർക്കാർ തെളിവുകൾ ആണെന്നും അത് പ്രസിദ്ധീകരിക്കുമെന്നും സ്റ്റാർമർ വ്യക്തമാക്കിയിരുന്നു.ഓഗസ്റ്റിൽ എഴുതിയ മൂന്നാമത്തെ പ്രസ്താവന, പബ്ലിക് പ്രോസിക്യൂഷൻസ് ഡയറക്ടർ സ്റ്റീഫൻ പാർക്കിൻസൺ ആവശ്യപ്പെട്ട പ്രത്യേക ഭീഷണി ഭാഷയോട് അടുത്തുനിൽക്കുന്നുവെന്നാണ് വിവരം. ചൈനയുടെ ഇന്റലിജൻസ് സർവീസുകൾ വളരെ കഴിവുള്ളവയാണെന്നും ചൈനീസ് രാജ്യത്തിന്റെ താൽപ്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും യുകെയുടെ താൽപ്പര്യങ്ങൾക്കും സുരക്ഷയ്ക്കും ദോഷം വരുത്തുന്നതിനുമായി അവർ യുകെയ്ക്കെതിരെ വലിയ തോതിലുള്ള ചാരവൃത്തി പ്രവർത്തനങ്ങൾ നടത്തുന്നു എന്നുമാണ് അതിൽ വിശേഷിപ്പിച്ചിരിക്കുന്നത്.


# യുകെയിൽ എ-ലെവൽ സ്റ്റാൻഡേർഡ് ഇംഗ്ലീഷ് ജനുവരി 8 മുതൽ നിർബന്ധമാക്കി സർക്കാർ

ലണ്ടൻ: യുകെ സർക്കാർ അവതരിപ്പിക്കാൻ പോകുന്ന കർശനമായ പുതിയ നിയമങ്ങൾ പ്രകാരം യുകെയിലേക്ക് വരുന്ന കുടിയേറ്റക്കാർക്ക് എ-ലെവൽ നിലവാരത്തിലേക്ക് ഇംഗ്ലീഷ് സംസാരിക്കേണ്ടി വരും. 2026 ജനുവരി 8 മുതൽ പ്രാബല്യത്തിൽ വരുന്ന മാറ്റങ്ങൾ പ്രകാരം ചില ബിരുദധാരികളെയും അതിവേഗം വളരുന്ന ബിസിനസുകളിൽ ജോലി ചെയ്യുന്ന ആളുകൾക്കുള്ള സ്കിൽഡ് വർക്കർ അല്ലെങ്കിൽ സ്കെയിൽ-അപ്പ് വിസകൾക്ക് അപേക്ഷിക്കുന്നവരെയും ഇത് ബാധിക്കും.യുകെയിലേക്കുള്ള കുടിയേറ്റത്തിന്റെ വരവ് കുറയ്ക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമാണ് പുതിയ നിയമമെന്നാണ് മെയ് മാസത്തിലെ ഉത്തരവിൽ ആഭ്യന്തര സെക്രട്ടറി ഷബാന മഹമൂദ് പറഞ്ഞത്. നിങ്ങൾ ഈ രാജ്യത്തേക്ക് വരുകയാണെങ്കിൽ, നിങ്ങൾ തങ്ങളുടെ ഭാഷ പഠിക്കുകയും അതിന് നിങ്ങളുടെ പങ്ക് വഹിക്കുകയും വേണം. ഈ രാജ്യത്തേക്ക് വന്ന് സംഭാവന നൽകുന്നവരെ ഈ രാജ്യം എപ്പോഴും സ്വാഗതം ചെയ്തിട്ടുണ്ടെന്നും മഹമൂദ് കൂട്ടിച്ചേർത്തു.എന്നാൽ തങ്ങളുടെ ഭാഷ പഠിക്കാതെ, തങ്ങളുടെ ദേശീയ ജീവിതത്തിന് സംഭാവന നൽകാൻ കഴിയാത്ത കുടിയേറ്റക്കാർ ഇവിടെ വരുന്നതിനെ അംഗീകരിക്കാനാവില്ലെന്നും അവർ പറഞ്ഞു. ഹോം ഓഫീസ് അംഗീകൃത ദാ




താക്കളിൽ അപേക്ഷകരുടെ സ്പീക്കിംഗ്, ലിസണിംഗ്, റീഡിംഗ്, റൈറ്റിംഗ് എന്നിവയിൽ നേരിട്ട് പരിശോധന നടത്തും. വിസ പ്രക്രിയയുടെ ഭാഗമായി അവരുടെ ഫലങ്ങൾ പരിശോധിക്കും. സ്കിൽഡ് വർക്കർ, സ്കെയിൽ-അപ്പ്, ഹൈ പോട്ടൻഷ്യൽ വ്യക്തിഗത (HPI) വിസകൾക്ക് അപേക്ഷിക്കുന്നവർ B2 ലെവലിൽ എത്തേണ്ടതുണ്ട് - GCSEക്ക് തുല്യമായ നിലവിലെ ആ സ്റ്റാൻഡേർഡിൽ നിന്ന് ഒരു പടി കൂടി ഇത് ഉയർന്നതാണ്.സ്കിൽഡ് വർക്കർ വിസയിൽ യുകെയിലേക്ക് വരുന്നതിന്, കുടിയേറ്റക്കാർ സർക്കാർ അംഗീകൃത തൊഴിലുടമയ്ക്ക് വേണ്ടി ജോലി ചെയ്യുകയും പ്രതിവർഷം കുറഞ്ഞത് £41,700 സമ്പാദിക്കുകയും വേണം. അതിവേഗം വളരുന്ന യുകെ ബിസിനസിനായി ജോലി ചെയ്യാൻ വരുന്ന കുടിയേറ്റക്കാർക്ക് സ്കെയിൽ-അപ്പ് വിസയാണ് നൽകുന്നത്.

# INDIAN CONSULATE HIGHLIGHTS ALARMING HEART DISEASE RISK IN INDIANS; NEW BOOK OFFERS HOPE AND PREVENTION STRATEGIES




*Chicago, October 7, 2025* — The Indian Consulate in Chicago marked World Heart Day on October 7 with a landmark conference addressing the growing epidemic of heart disease among Indians—an issue that continues to claim lives at younger ages and lower body weights than in most other populations worldwide.

Delivering the keynote address, Dr. Enas A. Enas, a trailblazing cardiologist and founder of the CADI Research Foundation, presented a compelling account of why Indians remain uniquely vulnerable to coronary artery disease (CAD). Drawing on more than five decades of research, he highlighted the paradox that Indians suffer heart attacks earlier and more severely—often despite having cholesterol and body weights considered normal by international standards.

"Thirty percent of all heart disease deaths under age 50 occur in India, though the nation represents only 18 percent of the global population," Dr. Enas emphasized. "In contrast, just two percent occur in the United States."

The conference, held as part of the Consulate's observance of World Heart Day, drew physicians, community leaders, and public health advocates from across the Midwest. The Consul General of India, Mr. Somnath Ghosh, opened the event with remarks underscoring the importance of preventive health and awareness among the Indian diaspora. He was joined by distinguished speakers Dr. Vemuri S. Murthy, an expert in resuscitation science and community health, and Dr. Bellur S. Prabhakar, Professor Emeritus at the University of Illinois at Chicago. Both echoed the urgent need to address cardiovascular disease in Indian populations through education, early screening, and policy initiatives.

All three speakers paid tribute to Dr. Enas's pioneering work, noting that his warnings—once met with skepticism—are now recognized globally. "What was dismissed 40 years ago as alarmist is now accepted as scientific fact," said Dr. Murthy. "Dr. Enas has changed how we understand heart disease in Indians."

In his presentation, Dr. Enas outlined several "risk enhancers" that go beyond traditional factors such as smoking, obesity, and high blood pressure. Chief among them is lipoprotein(a), a genetically determined cholesterol particle that is significantly more potent and dangerous than LDL cholesterol. Elevated levels of Lp(a) are found in about 25% of Indians, compared with 20% of Whites and 10% of Chinese. According to Dr. Enas, elevated Lp(a) doubles the risk of heart attack and quadruples it when combined with diabetes or high LDL cholesterol.

"We can't change our genes," he said, "but we can act early—through screening, lifestyle, and treatment—to prevent early heart attacks and deaths. Awareness is our first line of defense."

## A Book that Builds on a Lifelong Mission

The conference also coincided with the upcoming release of Dr. Enas's new book, *Treatise on Heart Disease in Indians*, coauthored with Dr. Basil Varkey, Professor Emeritus at the Medical College of Wisconsin. The book, to be released later this month in London, England, is the first comprehensive volume dedicated to understanding and combating the world's highest rates of premature and severe coronary artery disease among Indians and South Asians.

Dr. Enas is recognized globally for his pioneering research linking heart disease in Indians to metabolic and genetic factors, particularly elevated Lp(a). Over his illustrious career, he has authored more than 100 scientific papers, delivered over 1,000 lectures worldwide, and received numerous awards, including the Most Distinguished Physician Award from the American Association of Physicians of Indian Origin (AAPI).

His coauthor, and editor of the book Dr. Basil Varkey, is a prolific writer, accomplished editor, and award-winning medical educator. A Distinguished Service Awardee of the Medical College of Wisconsin and past Governor of the American College of Chest Physicians, Dr. Varkey brings decades of clinical experience, research and teaching excellence to the collaboration.

## Key Insights from the Book

Designed for both medical professionals and the general public, *Treatise on Heart Disease in Indians* combines cutting-edge science with practical strategies for prevention and treatment. The book explores why heart attacks occur 10 to 15 years earlier in Indians and provides evidence-based recommendations for reducing risk through lifestyle, early detection, and medical management.

## Among its most important insights:

- Global Progress vs. Indian Stagnation: While countries such as the U.S., U.K., and Finland have cut heart disease deaths by up to 79%, Indians continue to face escalating rates. Prevention, early detection, and control of risk factors remain critical gaps.




- The Indian Paradox: Indians face double the risk of heart disease despite equal or lower levels of cholesterol, blood pressure and obesity. A threefold higher prevalence of diabetes and genetic factors such as elevated Lp(a) are major drivers of this disparity.
- Earlier and More Severe Disease: Indians often develop heart attacks 10–15 years earlier than Western counterparts, with multiple blockages even at normal body weights and cholesterol levels.
- The Power of Early Detection: New tools like the coronary artery calcium (CAC) "Heart Scan" can detect silent disease and predict risk more accurately than traditional stress tests or angiography, decades before a heart attack.
- The Prime Importance of Prevention: The American Heart Association's "Life's Essential 8" framework—maintaining a healthy diet, regular exercise, adequate sleep, optimal weight, controlled blood pressure and cholesterol, limited blood sugar, and avoiding tobacco—can change the trajectory of heart disease and reduce premature deaths. In India, however, control of diabetes (20%), blood pressure (15%), and cholesterol (5–10%) remains very poor, compared with the WHO-recommended target of 50%.

## A Call to Action

Dr. Enas noted that while obesity has doubled in many countries, nations such as Finland and the United States have simultaneously reduced death rates from heart disease by nearly 80%. "In these countries, heart attacks have been postponed by 20 to 30 years—so that most occur after retirement rather than during the most productive working years," he explained. "That's the kind of shift we must aim for among Indians worldwide."

The message emerging from both the conference and the forthcoming book is clear: heart disease in Indians is not an inescapable fate, but a preventable condition. By identifying high-risk individuals early, promoting a healthy diet and other lifestyles, and implementing community-wide prevention programs, millions of premature deaths could be avoided.

As the event concluded, Consul General Somnath Ghosh thanked Dr. Enas and his colleagues for their lifelong commitment to advancing cardiovascular health among Indians and the broader South Asian community. "This is not just a medical issue—it's a matter of public health, family well-being, and national productivity," Mr. Ghosh said. "Through knowledge and collaboration, we can change the trajectory of this epidemic."

The Chicago conference and the release of Treatise on Heart Disease in Indians together mark a pivotal moment in the global understanding of cardiovascular risk in Indians—transforming decades of research into a powerful call to action.

"Heart disease in Indians is early, aggressive, and deadly," said Dr. Enas. "But it is also largely preventable. The time to act is now."

For additional information, please visit www.cadiresearch.org. The forthcoming volume, *Treatise on Heart Disease in Indians*, will be available globally through Amazon upon its release in November 2025.